# സ്വർഗ്ഗതീരമണയുന്നവർ

## പ്രൊഫ. എം.വൈ. യോഹന്നാൻ

Publisher

**ഫീലിയോ ബുക്ക്സ്**

കോലഞ്ചേരി – 682 311

# സ്വർഗ്ഗതീരമണയുന്നവർ

**പ്രൊഫ. എം.വൈ. യോഹന്നാൻ**
റിട്ടയേഡ് പ്രിൻസിപ്പൽ,
സെന്റ് പീറ്റേഴ്സ് കോളേജ്, കോലഞ്ചേരി
●
മേച്ചങ്കര, കടയിരുപ്പ് പി.ഒ.,
കോലഞ്ചേരി - 682311, കേരളം.
ഫോൺ: (0484) 2689489, 2689889
E-mail: profmyyohannan@crfgospel.org
**Website: www.crfgospel.org**

●

Publisher:
**ഫീലിയോ ബുക്ക്സ്**
**കോലഞ്ചേരി – 682 311**

●

Cover Design
Lijo Puthusseril

●

Printed at
Viani Printings, Kochi - 682 018
●
Price: ` 70
●

All rights reserved with the publisher

# ആമുഖം

ബിൽ, സമർത്ഥനായ ഒരു യുവാവായിരുന്നു. ഒരു ദിവസം അയാൾ തന്റെ മേലുദ്യോഗസ്ഥനെ വിളിച്ചു: “നിങ്ങ ളുടെ കമ്പനിയിൽ വിശ്വസ്തനായ, കഠിനാദ്ധ്വാനിയായ, ജോലിയിൽ നല്ല മികവും തികവുമുള്ള ഒരു മാനേജരെ ആവ ശ്യമുണ്ട് എന്ന് ഞാൻ മനസ്സിലാക്കുന്നു. ആ സ്ഥാനത്തേയ്ക്ക് ഞാൻ ഒരു അപേക്ഷ അയയ്ക്കുവാൻ ആഗ്രഹിക്കുന്നു.” ഉടൻതന്നെ മറുപടി വന്നു: “നിങ്ങൾ പറഞ്ഞ യോഗ്യതക ളെല്ലാം ഉള്ള ഒരു നല്ല മാനേജർ ഇപ്പോൾ ഞങ്ങൾക്കുണ്ട്. അദ്ദേഹം വളരെ പ്രശംസാർഹമായ ജോലി ചെയ്യുന്ന ആളാണ്. അതിരിക്കട്ടെ, നിങ്ങളുടെ ശബ്ദം എനിക്ക് വളരെ പരിചിതമാണല്ലോ. എന്താ നിങ്ങളുടെ പേര്?” “ഇത് ഞാനാണ്, ബിൽ. എന്നെക്കുറിച്ചുള്ള അങ്ങയുടെ അഭിപ്രായം അറിയുന്ന തിനുവേണ്ടി ചോദിച്ചതാണ്.”

ഈ സംഭവം അൽപം ഭാവനാപരമാണെന്ന് തോന്നും. എന്നാൽ നാം കൂടെക്കൂടെ നമ്മെത്തന്നെ ശോധനചെയ്യേണ്ട താണ്. പുന:പരിശോധനകൾ എല്ലാവർക്കും ആവശ്യമാണ്. നാം ധരിക്കുന്നതുപോലെ ആയിരിക്കണമെന്നില്ല ആദ്ധ്യാത്മി കമായും സാംസ്ക്കാരികമായും മറ്റുമുള്ള നമ്മുടെ നിലവാരം.

എബ്രായലേഖനം രണ്ടാം അദ്ധ്യായം ഒന്നാം വാക്യ ത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:

> *“അതുകൊണ്ട് നാം വല്ലപ്പോഴും ഒഴുകിപ്പോകാതി രിക്കേണ്ടതിന് കേട്ടത് അധികം ശ്രദ്ധയോടെ കരുതിക്കൊൾവാൻ ആവശ്യമാകുന്നു.”*

Living Bible – ൽ നാം കാണുന്നത്: “We must listen very carefully to the truths we have heard, or we may drift away from them.”

Drift എന്ന വാക്ക് അലാറം പോലെ നമ്മുടെ ഹൃദയ ത്തിൽ മുഴങ്ങേണ്ടതാണ്. ഒരൊറ്റ ദിവസംകൊണ്ടല്ല വളരെ സാവധാനത്തിൽ നാം തെന്നിമാറി എന്ന തോന്നൽ ഉണ്ടാ കാത്ത വിധത്തിൽ ആണ് പലപ്പോഴും തിരിച്ചൊഴുക്കുകൾ ഉണ്ടാകുന്നത്. നിരന്തരം സ്വയം പരിശോധിച്ചില്ലെങ്കിൽ പിന്നെ തിരിച്ചുവരാൻ പറ്റാത്ത രീതിയിൽ നാം അനർത്ഥത്തിൽ ആയി പ്പോകും. അതുകൊണ്ടാണ് സങ്കീർത്തനക്കാരനായ ദാവീദ് പ്രാർത്ഥിച്ചത്:

> *“ഞാൻ എന്റെ നിഷ്ക്കളങ്കതയിൽ നടക്കുന്നു. ഞാൻ ഇളകാതെ യഹോവയിൽ ആശ്രയിക്കുന്നു. യഹോവേ, എന്നെ പരീക്ഷിച്ച് ശോധനചെയ്യേണമേ; എന്റെ അന്തരംഗവും എന്റെ ഹൃദയവും പരിശോ ധിക്കണമേ.”* *സങ്കീർത്തനം 26 : 1, 2*

ഇംഗ്ലീഷ് വേദപുസ്തകത്തിൽ നാം ഇങ്ങനെ വായിക്കു ന്നു.

> *"I have tried to keep your laws and have trusted you without wavering. Cross-Examine me, O Lord.... test my motives and affections too. For I have taken your loving kindness and your truth as my ideals."*

Cross-Examine എന്ന വാക്ക് ശ്രദ്ധേയമാണ്. എന്താണ് Cross-Examine ചെയ്യേണ്ടത്. നമ്മുടെ ജീവിതത്തിലെ ഉദ്ദേശ ങ്ങളും ലക്ഷ്യങ്ങളും എന്ത് എന്ന് വീണ്ടും വീണ്ടും തിരിഞ്ഞു നോക്കുക. നമ്മുടെ താത്പര്യങ്ങളും വീക്ഷണങ്ങളും ശരി യായി തന്നെയാണോ എന്ന് പുന:പരിശോധന ചെയ്യുക. അല്ലെങ്കിൽ, നമ്മുടെ ജീവിതനിലവാരം ആത്മീയമായും സാംസ്ക്കാരികമായും ഇടിഞ്ഞു പോകുന്നത് നാം അറിയുക

യില്ല.

അനേകരും ജീവിതത്തിൽ ഒരു സമർപ്പണം എടുക്കുകയും വീണ്ടുംജനനം അനുഭവിക്കുകയും ചെയ്തവരാണ്. എന്നാൽ കാലം കഴിയുംതോറും അറിയാതെ അറിയാതെ ലോകമയത്വം നമ്മിൽ കലർന്ന് ആത്മാവിന്റെ ലഹരിപ്പിക്കുന്ന ആദ്യസ്നേഹം വിട്ട് അധ:പതിക്കുന്നത് കാണാം. അവസാനം നിത്യജീവനെക്കുറിച്ചുള്ള നല്ല ഉറപ്പ് പുലർത്തിക്കൊണ്ടിരിക്കുകയും ഒടുവിൽ മഹാ വിനാശത്തിൽച്ചെന്ന് ചാടുകയും ചെയ്യും.

ആ അപകടം മനസ്സിലാക്കിയതുകൊണ്ടാണ് ദാവീദ്, 139-ാം സങ്കീർത്തനത്തിൽ പ്രാർത്ഥിക്കുന്നത്: "ദൈവമേ, എന്നെ ശോധനചെയ്ത് എന്റെ ഹൃദയത്തെ അറിയേണമേ; വ്യസനത്തിനുള്ള മാർഗ്ഗം എന്നിൽ ഉണ്ടോ എന്ന് നോക്കി, (Is there any wicked way in my life) ശാശ്വതമാർഗ്ഗത്തിൽ എന്നെ നടത്തേണമേ" എന്ന്.

ഈ കാര്യം ദൈവജനത്തെ ഓർമ്മപ്പെടുത്തുവാൻ അഗാധമായ ആഗ്രഹവും ആവേശവും എന്റെ ഹൃദയത്തിൽ ലഭിച്ചതാണ് ഈ പുസ്തകം എഴുതുവാൻ കാരണമായത്. അനേകം വിശ്വാസികൾ ലോകത്തിന്റേയും ജഡത്തിന്റേയും സ്വയത്തിന്റേയും മായാവലയത്തിൽ കുടുങ്ങിപ്പോയിക്കൊണ്ടിരിക്കുന്നു. താൻ വീണതോ താണതോ അറിയാതെ ശത്രുവായ പൈശാചികൻ ക്ഷുദ്രം ചെയ്ത് മയക്കിയ അനുഭവത്തിൽ ജീവിക്കുന്നു. എനിക്ക് നിത്യജീവൻ തീർച്ചയായിട്ടും ലഭിക്കും എന്ന ഭോഷ്ക്കായ ചിന്തയ്ക്ക് വശംവദരായി ഒരു കാലത്ത് ലഭിച്ച കൃപ നഷ്ടപ്പെട്ടതറിയാതെ സ്വയസംതൃപ്തിയിൽ ജീവിക്കുന്നു.

ഈ പുസ്തകം വായിക്കുന്ന എന്റെ പ്രിയ സഹോദരങ്ങൾ ഈ ആത്മീയ അത്യാഹിതത്തിൽനിന്ന് രക്ഷപ്പെടണം എന്ന അഭിവാഞ്ഛയോടെ ഈ ഗ്രന്ഥം നിങ്ങളുടെ കൈയി

ലേക്ക് തരുന്നു. ഇതിന്റെ രചനയ്ക്ക് പിന്നിൽ കഠിനാദ്ധ്വാനം ചെയ്ത അനേകം സുമനസ്സുകളുണ്ട്. അവരുടെ അക്ഷീണ പരിശ്രമംകൊണ്ടാണ് ഈ പുസ്തകം പ്രകാശം കാണുന്നത്. അവരോടെല്ലാവരോടുമുള്ള നന്ദി ഞാനിവിടെ പ്രകാശിപ്പിക്കുകയാണ്. നിത്യജീവന്റെ സൗഭാഗ്യം ഇത് വായിക്കുന്ന ഓരോരുത്തർക്കും ലഭിക്കട്ടെ എന്ന പ്രാർത്ഥനയോടും ആശിസ്സോടും കൂടി ഇത് നിങ്ങൾക്കായി കൈമാറുന്നു.

എന്ന്, നിങ്ങളുടെ വിനീത സഹോദരൻ,

**എം.വൈ. യോഹന്നാൻ.**

# ഒന്ന്

*"ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം: നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യ കാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നിട യിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയിർക്കു കയും നാം രൂപാന്തരപ്പെടുകയും ചെയ്യും."*

*1 കൊരിന്ത്യർ 15 : 51, 52*

പതിനാല് വർഷം മുൻപ് അപ്പൊസ്തലനായ പൗലൊസ് മൂന്നാം സ്വർഗ്ഗത്തോളം എടുക്കപ്പെട്ടു. അന്ന് പൗലൊസ്ശ്ലീഹായ്ക്ക് ചില ആത്മീയമർമ്മങ്ങൾ വെളിപ്പെട്ടുകിട്ടി. അന്ന് വെളിപ്പെട്ടുകിട്ടിയ മർമ്മങ്ങൾ തിരുവചനത്തിൽ രേഖപ്പെടു ത്തിയിട്ടുണ്ട്.

നാം എല്ലാവരും നിദ്രകൊള്ളുകയില്ല; നാം എല്ലാവരും മരിക്കുകയില്ല. ഈ ഭൂമിയിൽ ജനിച്ച മനുഷ്യൻ മരിക്കില്ലേ? അപ്പൊസ്തലൻ പറയുന്നു: ഇല്ല. നാം എല്ലാവരും മരിക്കയില്ല. 'നാം എല്ലാവരും' എന്നു പറയുന്നത് കൊരിന്ത്യസഭയിലുള്ള വിശുദ്ധന്മാരെക്കുറിച്ചാണ്.

വാങ്ങിപ്പോയ വിശുദ്ധന്മാർ അക്ഷയരായി ഉയിർത്തെഴു ന്നേൽക്കും. ജീവനോടെയിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തര പ്പെടും. ഒരു വലിയ കാഹളധ്വനി മുഴങ്ങും.

*"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള ത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരി*

*കയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ച് ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും." 1 തെസ്സലൊനീക്യർ 4 : 16, 17*

അപ്പൊസ്തലൻ തെസ്സലൊനിക്യർക്ക് എഴുതിയ ലേഖനത്തിൽ പറയുന്നു, കാഹളധ്വനി മാത്രമല്ല, കർത്താവിന്റെ ഗംഭീരനാദവും പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദവും മുഴങ്ങും. ഇവിടെ മൂന്നുകാര്യം പറയുന്നുണ്ട്. എന്നാൽ കൊരിന്ത്യർക്ക് ലേഖനമെഴുതുമ്പോൾ കാഹളത്തിന്റെ കാര്യം മാത്രമേ പറയുന്നുള്ളൂ.

മരിച്ച വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. ജീവനോടെയിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും.

*"കാഹളം ധ്വനിക്കും; മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും. ഈ ദ്രവത്വമുള്ളത് അദ്രവത്വത്തെയും ഈ മർത്യമായത് അമർത്യത്വത്തെയും ധരിക്കേണം." 1 കൊരിന്ത്യർ 15 : 52, 53*

ഈ ദ്രവിക്കുന്നത്, മണ്ണോടുമണ്ണ് ചേർന്ന് പൊടിയായി തീരുന്നത് അദ്രവത്വത്തെ ധരിക്കും; ഒരിക്കലും ദ്രവിക്കാത്ത ഒരു രൂപം ധരിക്കും. മൺമയനായ മനുഷ്യന്റെ മർത്യശരീരം മരണമുള്ളതാണ്; ക്ഷയിക്കുന്നതും ദ്രവിച്ചു പോകുന്നതുമാണ്. എന്നാൽ ദ്രവിക്കാത്ത ഒരു ശരീരം, ഉയിർത്തെഴുന്നേല്പിന്റെ ശരീരം, പുനരുത്ഥാനശരീരം നാം പ്രാപിക്കും.

ഇന്നത്തെ നമ്മുടെ ദ്രവത്വമുള്ള ശരീരം ഒരു പക്ഷേ, കത്തിച്ചാമ്പലായി പോയാലും സമുദ്രത്തിന്റെ അന്തർഭാഗത്തേക്ക് താണുപോയാലും ഒരു പൊടിപോലും ബാക്കിയില്ലാതെ എല്ലാം ധൂളിയായി പോയാലും, ഈ ധൂളികളെല്ലാം ചേർന്ന് ഒരിക്കൽ പഴയരൂപത്തോടെ, ആത്മശരീരം പ്രാപിച്ച്

ഉയിർത്തെഴുന്നേൽക്കും. ഭൂമിയിൽ ജീവിച്ചിരിക്കുന്ന വിശുദ്ധന്മാർ കാഹളനാദം മുഴങ്ങുമ്പോൾ രൂപാന്തരപ്പെടും.

ഞാനെഴുതിയ, 'മരിക്കാത്ത മനുഷ്യനുണ്ടോ?', 'മരണാനന്തരാവസ്ഥ' എന്നീ പുസ്തകങ്ങളിൽ ഇതിനെക്കുറിച്ച് വിശദമായി പ്രസ്താവിച്ചിട്ടുണ്ട്. ആ പുസ്തകങ്ങൾ വായിക്കുന്നത് നല്ലതാണ്.

ഈ ഭൂമിയിൽ ജീവനോടെയിരിക്കുന്ന വിശുദ്ധന്മാർ, കർത്താവിന്റെ രണ്ടാമത്തെ വരവിൽ രൂപാന്തരപ്പെടുകയാണ്. ശരീരം, ഛായ എല്ലാം അങ്ങനെതന്നെ. പക്ഷേ, ആൾ രൂപാന്തരപ്പെടും. ആ ശരീരത്തിന് വേണമെങ്കിൽ ഭക്ഷണം കഴിക്കാം, കഴിക്കാതിരിക്കാം. വാതിലും ജനലും അടച്ചിട്ടിരിക്കുന്ന മുറിയിൽ പ്രവേശിക്കാം. അടുത്ത സെക്കന്റിൽ, ദൂരെദൂരെ മൈലുകൾ മൈലുകൾക്കപ്പുറത്ത് ചെല്ലാം. രൂപാന്തരപ്പെട്ട ശരീരം കർത്താവായ യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റ ആ തിരുശരീരം പോലെയാണ്. കർത്താവ്, ശിഷ്യന്മാർ കൊടുത്ത വറുത്തമീനും തേൻകട്ടയും തിന്നു.

സെഹിയോൻ മാളികയിൽ വാതിലും ജനലും അടച്ചിരിക്കുമ്പോൾ കർത്താവായ യേശുക്രിസ്തു ആ മാളികമുറിയിലേക്ക് കടന്നുചെന്നു. നിരാശരായി, ദുഃഖിതരായി മനസ്സും മുഖവും വാടിയിരിക്കുന്ന ശിഷ്യന്മാരുടെ അടുക്കലേക്ക് ചെന്ന് "നിങ്ങൾക്കു സമാധാനം" എന്നുപറഞ്ഞു. വാതിൽ തുറന്നു വേണമെങ്കിൽ കർത്താവിനു കടന്നു ചെല്ലാം. പഴയശരീരം വാതിലും ജനലും അടച്ചിരിക്കുന്ന മുറിക്കകത്ത് പ്രവേശിക്കില്ല. എന്നാൽ പുനരുത്ഥാനശരീരത്തിന് വാതിലും ജനലും അടച്ചിരുന്നാലും അകത്ത് പ്രവേശിക്കാം. പുനരുത്ഥാനശരീരം നമുക്ക് ലഭിക്കും. നാം എല്ലാവരും നിദ്രകൊള്ളുകയില്ല. നാം എല്ലാവരും ഈ ഭൂമിയിൽനിന്ന് വാങ്ങിപ്പോവുകയില്ല. നാം എല്ലാവരും മരിക്കുകയില്ല.

മരിക്കുക എന്നുള്ള പദം പ്രയോഗിക്കുന്നതുതന്നെ

സൂക്ഷിച്ചുവേണം. വാസ്തവത്തിൽ വിശുദ്ധന്മാരെ സംബന്ധിച്ച് മരിക്കുക എന്നു പറയാൻ പാടില്ല. വാങ്ങിപ്പോവുക എന്നേ പറയാൻ പറ്റൂ. ഒരു വിശ്വാസി വാങ്ങിപ്പോവുകയാണ്. വേദപുസ്തകപ്രകാരം പറയുന്ന വാക്ക് വാങ്ങിപ്പോവുക എന്നാണ്. മരിച്ചുപോവുക എന്നു പറഞ്ഞാൽ അത് ഒരു പടി കൂടി കടന്ന്, ആത്മാവിൽ മരിക്കുക എന്നാണ്.

ഈ ഭൂമിയിൽനിന്നു വാങ്ങിപ്പോകുന്ന വിശുദ്ധന്മാർ ഉയിർത്തെഴുന്നേല്ക്കും. ജീവനോടെയിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും.

ഭൂമിയിൽ ജീവനോടെയിരിക്കുന്ന വിശുദ്ധന്മാരുടെ കാര്യത്തിൽ കർത്താവിന്റെ രണ്ടാമത്തെവരവിൽ മരണം നീങ്ങും. അവർക്കു മരിക്കേണ്ടി വരില്ല. അഥവാ, അവർ ഈ ഭൂമിയിൽ ജീവിച്ചിരിക്കുമ്പോൾ തന്നെ രൂപാന്തരപ്പെടുകയാണ്.

നാം ഓരോരുത്തരും കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ടവരായി, തിരുരക്തത്താൽ പാപമോചനം പ്രാപിച്ചവരായി, ഈ ഭൂമിയിൽ വിശുദ്ധരായി ജീവിക്കുന്നു എങ്കിൽ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിൽ ഈ ഭൂമിയിൽ ജീവനോടെയിരിക്കുന്ന നാം രൂപാന്തരപ്പെടുകയേ ഉള്ളൂ, മരിക്കുകയില്ല.

എന്നാൽ കടന്നുപോയ വിശുദ്ധന്മാരോ, അവർ ഉയിർത്തെഴുന്നേൽക്കും. ഈ ഉയിർത്തെഴുന്നേൽപ്പ് എന്നു പറയുന്നത് അന്നത്തെ കൊരിന്ത്യസഭയിലെ ചില വിശ്വാസികൾക്ക് മനസ്സിലായില്ല. ഉയിർത്തെഴുന്നേൽക്കുമോ? എങ്ങനെ? കർത്താവ് ഉയിർത്തെഴുന്നേറ്റു എന്ന് അവർക്കറിയാം. എന്നാൽ എല്ലാ വിശ്വാസികളും ഉയിർത്തെഴുന്നേൽക്കുമോ? അവർക്ക് സംശയമായിരുന്നു. അതുകൊണ്ട് അപ്പൊസ്തലൻ അവരോടു പറയുകയാണ്:

*"ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു എന്നു*

*പ്രസംഗിച്ചുവരുന്ന അവസ്ഥയ്ക്ക് മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നത് എങ്ങനെ? മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല. ക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ ഞങ്ങളുടെ പ്രസംഗം വ്യർത്ഥം; നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. മരിച്ചവർ ഉയിർക്കുന്നില്ല എന്നുവരികിൽ ദൈവം ഉയിർപ്പിച്ചിട്ടില്ലാത്ത ക്രിസ്തുവിനെ അവൻ ഉയിർപ്പിച്ചു എന്നു ദൈവത്തിനു വിരോധമായി സാക്ഷ്യം പറകയാൽ ഞങ്ങൾ ദൈവത്തിന്നു കള്ളസാക്ഷികൾ എന്നു വരും. മരിച്ചവർ ഉയിർക്കുന്നില്ല എങ്കിൽ ക്രിസ്തുവും ഉയിർത്തിട്ടില്ല. ക്രിസ്തു ഉയിർത്തിട്ടില്ല എങ്കിൽ നിങ്ങളുടെ വിശ്വാസം വ്യർത്ഥമത്രേ; നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. ക്രിസ്തുവിൽ നിദ്രകൊണ്ടവരും നശിച്ചു പോയി. നാം ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വെച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരത്രേ.” 1 കൊരിന്ത്യർ 15 : 12 – 19*

നിങ്ങൾ എന്താണ് മരിച്ചവരുടെ പുനരുത്ഥാനമില്ല എന്ന് പറയുന്നത്? കൊരിന്ത്യസഭയിലുള്ള നിങ്ങൾ വിശ്വാസികളല്ലേ? നിങ്ങൾക്ക് എല്ലാ കൃപാവരവുമുണ്ടല്ലോ. പ്രവചനവരമുണ്ട്, രോഗശാന്തിവരമുണ്ട്, ഭൂതങ്ങളുടെമേൽ അധികാരമുണ്ട്, അന്യഭാഷാവരമുണ്ട്, അങ്ങനെ എന്തെല്ലാം! കൃപാവരങ്ങൾ ഒൻപതും നിങ്ങൾക്കുണ്ടല്ലോ. ആത്മാവിന്റെ വരങ്ങളും ആത്മാവിന്റെ ഫലങ്ങളും ചിലർക്കുണ്ട്. എന്നിട്ടും നിങ്ങളെന്താണ് ഇങ്ങനെപറയുന്നത്?

മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു നിങ്ങളിൽ ചിലർ പറയുന്നത് എന്തുകൊണ്ടാണ്? വചനം അറിയാത്തതുകൊണ്ടല്ലേ? നിങ്ങൾക്ക് വചനം അറിഞ്ഞുകൂടാ. മരിച്ചവർ

ഉയിർത്തെഴുന്നേല്ക്കും.

മരിച്ചവരുടെ പുനരുത്ഥാനമില്ലെങ്കിൽ ക്രിസ്തുവും ഉയിർത്തെഴുന്നേറ്റിട്ടില്ല. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു എന്ന് നിങ്ങൾക്കറിയാം.

യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റിട്ടില്ലെങ്കിൽ പിന്നെ ഞങ്ങളെന്തിനാണ് പ്രസംഗിക്കുന്നത്? ഞങ്ങളുടെ പ്രസംഗവും നിങ്ങളുടെ വിശ്വാസവും വ്യർത്ഥം. നമ്മുടെ വിശ്വാസ ജീവിതം, ക്രിസ്തീയജീവിതം വ്യർത്ഥമായിപ്പോയി. മരിച്ചവർ ഉയിർത്തെഴുന്നേൽക്കും എന്നുള്ളതാണ് നമ്മുടെ വിശ്വാസം. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റു. വിശുദ്ധന്മാർ എല്ലാവരും ഉയിർത്തെഴുന്നേൽക്കും, സംശയിക്കേണ്ട.

ദൈവം കർത്താവായ യേശുക്രിസ്തുവിനെ ഉയിർത്തെഴുന്നേൽപ്പിച്ചു എന്നു ഞങ്ങൾ വിശ്വസിക്കുന്നു. ഞങ്ങൾ അത് പ്രസംഗിക്കുന്നു. എന്നാൽ അങ്ങനെയൊരു സംഭവം ഉണ്ടായിട്ടില്ലായെങ്കിൽ പിന്നെ ഞങ്ങളുടെ പ്രസംഗം വ്യർത്ഥമായിപ്പോയില്ലേ? ഞങ്ങൾ കള്ളസ്സാക്ഷികളായിപ്പോയില്ലേ?

എന്തുകൊണ്ടാണ് നിങ്ങൾക്ക് വിശ്വാസം വരാത്തത്? കാരണം, ഇന്നും നിങ്ങൾ നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു. മാത്രമല്ല, നിങ്ങൾ ഈ ആയുസ്സിൽ മാത്രം ക്രിസ്തുവിൽ പ്രത്യാശ വച്ചിരിക്കുന്നു. ഈ ഭൂമിയിലെ കാര്യങ്ങളേ നിങ്ങൾക്ക് വിഷയമായിട്ടുള്ളൂ. ഈ ഭൂമിയിലെ ജീവിതം മാത്രം നിങ്ങളുടെ ലക്ഷ്യമായിരിക്കുന്നു. ഈ ഭൂമിയിൽ സുഖമായി ജീവിക്കണം; സന്തോഷമായി, സുഭിക്ഷമായി, സമൃദ്ധമായി, ഐശ്വര്യമായി ജീവിക്കണം. ഇതാണ് നിങ്ങളുടെ ലക്ഷ്യം. അതുകൊണ്ടാണ് നിങ്ങൾക്ക് വിശ്വസിക്കാൻ സാധിക്കാത്തത്. നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരിക്കുന്നു.

ഈ ആയുസ്സിൽ മാത്രം പ്രത്യാശവച്ചിരിക്കുന്നു. ഈ ആയുസ്സിലെ കാര്യങ്ങൾ നോക്കണ്ട എന്നല്ല; തീർച്ചയായിട്ടും

ഈ ഭൂമിയിലെ കാര്യങ്ങൾ നോക്കിയേ പറ്റൂ. നമ്മുടെ ശരീരത്തിന്റെ ആവശ്യങ്ങൾ നിർവ്വഹിച്ചല്ലേ പറ്റൂ. നമ്മുടെ ശരീരത്തിന് വിശപ്പുണ്ട്, ഭക്ഷണം കഴിക്കണം, വസ്ത്രം വേണം, നമുക്ക് കിടപ്പാടം വേണം. ഇതൊന്നും തെറ്റല്ല; അത്യാവശ്യവുമാണ്. പക്ഷേ, ഇതിൽ മാത്രം പ്രത്യാശ വച്ചിരിക്കരുത്. നാം ഈ ഭൂമിയിൽ മാത്രം പ്രത്യാശ വച്ചിരിക്കുന്നു എങ്കിൽ സകല മനുഷ്യരിലും അരിഷ്ടന്മാരും ഏറ്റവും നിർഭാഗ്യവാന്മാരുമായിരിക്കും.

അനന്തമായ നിത്യതയ്ക്കുവേണ്ടി നാം ഒരുങ്ങണം. നിത്യമായ സ്വർഗ്ഗീയ സൗഭാഗ്യത്തിനുവേണ്ടി, നിത്യമായ സ്വർഗ്ഗീയ സന്തോഷത്തിനുവേണ്ടി, നിത്യസ്വർഗ്ഗത്തിനുവേണ്ടി നാം ഒരുങ്ങണം. ആ ഒരുക്കവും ലക്ഷ്യവും നമുക്കു വരികയാണെങ്കിൽ ഉയിർത്തെഴുന്നേല്പ് എന്നുള്ളത് നമ്മുടെ ചിന്താവിഷയമായിരിക്കും.

പ്രിയപ്പെട്ടവരേ, നാം എല്ലാവരും ഇന്നു ശരീരത്തിൽ ജീവനോടെ ഇരിക്കുന്നു. എന്നാൽ കർത്താവായ യേശുക്രിസ്തു വരാൻ താമസിക്കുന്നു എങ്കിൽ നമ്മിൽ അനേകരും ഒരുപക്ഷേ, എല്ലാവരും മരിക്കും. ഈ ഭൂമിയിൽനിന്നു വാങ്ങിപ്പോയിക്കഴിഞ്ഞാൽ കർത്താവിന്റെ രണ്ടാമത്തെ വരവിൽ വിശ്വാസികളായി മരിച്ചുപോയവർ മാത്രം ഉയിർത്തെഴുന്നേൽക്കും.

അല്ലാത്തവരോ? അവർ അപ്പോൾ ഉയിർത്തെഴുന്നേല്ക്കുകയില്ല. വിശുദ്ധന്മാർ മാത്രം ഉയിർത്തെഴുന്നേൽക്കുന്ന ആ ഉയിർത്തെഴുന്നേല്പാണ് ഒന്നാമത്തെ പുനരുത്ഥാനം. എത്രമനോഹരമായാണ് നമ്മുടെ പിതാക്കന്മാർ പാടിയിട്ടുള്ളത്!

മൃതരേ ജീവിപ്പിപ്പാനെഴുന്നെള്ളും രാജാ!
മുകിലഴകിൻമേലാഘോഷിതനായീടുന്നു
നയവാന്മാർ തൻ മുൻ കൊമ്പിൻ നാദം കേട്ടി–
ട്ടങ്കിയണിഞ്ഞെതിരേല്പാനായ് പോയീടുന്നു.

മരിച്ചവരെ ഉയിർത്തെഴുന്നേല്പിക്കാൻ വരുന്ന രാജാവായ കർത്താവായ യേശുക്രിസ്തു മേഘങ്ങളുടെ ശോഭയിന്മേൽ ആഘോഷ സമന്വിതം എഴുന്നള്ളി വരുന്നു. നയവാൻ, വിശുദ്ധൻ ആരാണ്?

നയവാൻ പനപോലെ തളിർത്തിടുമേ ഹാലേലൂയ്യാ
വളരുമവൻ ലെബനോന്റെ കാരകിൽപോൽ
വൃദ്ധതയിലുമവർ തളിരിട്ടുതഴച്ചിടുമേ ഹാലേലൂയ്യാ
വർദ്ധിക്കുമവർക്കു തുഷ്ടിപുഷ്ടികളും.

അങ്ങനെയുള്ള വിശുദ്ധന്മാർ മാത്രം, നീതിമാന്മാർ മാത്രം അങ്കിയണിഞ്ഞ്, മഹിമാവിൻ നീരാളം – സ്വർഗ്ഗീയ വസ്ത്രം – ധരിച്ച്, പ്രാക്കളെപോലെ പറന്നുയരും.

ഇന്ന് ഏറ്റവും ഗൗരവമായി നാം ചിന്തിക്കണം. യേശുക്രിസ്തു വീണ്ടും വരുമ്പോൾ ഞാൻ ഉയിർത്തെഴുന്നേൽക്കുമോ? ആ കാഹളനാദം കേൾക്കുമോ? ഞാൻ ഈ ഭൂമിയിൽനിന്ന് വാങ്ങിപ്പോയെങ്കിൽ, കല്ലറയിൽനിന്ന് ഞാൻ ഉത്ഥാനം ചെയ്യുമോ? ഈ ശരീരം പൊടിഞ്ഞ് മണ്ണോടു മണ്ണായി ചേർന്നെങ്കിൽ തന്നെയും രൂപാന്തരപ്പെട്ട ശരീരമായി ഉയിർത്തെഴുന്നേല്ക്കുമോ?

കർത്താവിന്റെ രണ്ടാമത്തെവരവിൽ ഉയിർത്തെഴുന്നേല്ക്കാനുള്ള ഭാഗ്യം എനിക്കുണ്ടോ? അതിനുള്ള യോഗ്യത ഞാൻ പ്രാപിച്ചുവോ? ഞാനൊരു വിശുദ്ധനായോ?

പ്രിയപ്പെട്ടവരേ, ഇത് വളരെ ഗൗരവമുള്ള ചോദ്യമാണ്. കാരണം, ഒരു ദിവസം നാം കടന്നുപോകും, സംശയമില്ല. ഇവിടെ എന്തെല്ലാമുണ്ടെങ്കിലും എല്ലാം വിട്ടുപോകും. ഉയർന്ന ഡിഗ്രികളുണ്ട്, ഉയർന്ന വിദ്യാഭ്യാസമുണ്ട്, നല്ല പാണ്ഡിത്യമുണ്ട്, മക്കളുണ്ട്, വീടുണ്ട്, സൗകര്യങ്ങളുണ്ട്, ചുറ്റുപാടുകളുണ്ട്, എല്ലാ സാഹചര്യങ്ങളുമുണ്ട്. എല്ലാം ശരി. പക്ഷേ, ഏതെല്ലാം നിലവാരത്തിലുള്ള മനുഷ്യനാണെങ്കിലും ഒരു ദിവസം കടന്നു പോകും.

ഞാൻ കടന്നുപോയാൽ യേശുക്രിസ്തുവിന്റെ രണ്ടാമത്തെവരവിൽ കർത്താവിന്റെ ഗംഭീരനാദവും പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദവും ദൈവത്തിന്റെ കാഹളവും കേൾക്കുമോ? ഞാൻ വിശുദ്ധന്മാരുടെ നിരയിൽ ഉയിർത്തെഴുന്നേല്ക്കുമോ?

സ്തോത്രം! മൃതജീവപ്ര-ദനേ!
കബറീന്നേറ്റിടുന്നോ-നേ!
നിൻ പ്രേഷകതാതനുമ-മലൻ
റൂഹായ്ക്കും ഹാലേലൂയ്യാ.

മൃതന്മാർക്ക്, മരിച്ചവർക്ക് ജീവൻ നൽകുന്നവനേ, കബറുകളിൽനിന്ന് ഉയിർത്തെഴുന്നേൽപ്പിക്കുന്നവനേ നിനക്കു സ്തോത്രം. നിന്നെ അയച്ച പിതാവിനു സ്തുതി. അമലനായ റൂഹായ്ക്കും സ്തുതി. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റവരിൽ ആദ്യഫലമാണ്.

സഹോദരങ്ങളേ, ഈ ഒരു യാഥാർത്ഥ്യത്തെ നാം എല്ലാവരും നേരിടേണ്ടിവരും. നമ്മുടെ പൂർവ്വികന്മാർ കടന്നുപോയി. അവർ നിദ്രകൊള്ളുന്നു. നമ്മുടെ പ്രിയപ്പെട്ട മാതാവ്, പിതാവ് അല്ലെങ്കിൽ നമ്മുടെ അപ്പന്റെ അപ്പനോ, അപ്പന്റെ അമ്മയോ, അല്ലെങ്കിൽ നമ്മുടെ സഹോദരങ്ങൾ, നമ്മുടെ പ്രിയപ്പെട്ടവർ, നമ്മെ സ്നേഹിച്ചവർ, നമ്മെ വാത്സല്യപൂർവ്വം തഴുകിയവർ, നമ്മെ വളർത്തിയവർ, നമ്മുടെ നന്മ ആഗ്രഹിച്ചവർ കടന്നുപോയി. ഒരു ദിവസം ഞാനും കടന്നുപോകും.

ഈ ഒരു യാഥാർത്ഥ്യം നിങ്ങളുടെ മനസ്സിൽ സജീവമാകട്ടെ. ആ യാഥാർത്ഥ്യത്തിനു മുന്നിൽ വിനയപൂർവ്വം നിന്നുകൊണ്ട് ഇപ്പോൾ കർത്താവിനോടു പറയൂ: കർത്താവേ, എനിക്കൊരു വിശുദ്ധനാകണം. എന്റെ കറകളെല്ലാം നീ കഴുകിത്തരണം. അതിനുവേണ്ടിയാണല്ലോ നീ കുരിശിൽ മരിച്ചത്. ഞാൻ വിശ്വസിക്കുന്നു. എന്റെ കറകൾ കഴുകി എന്നെ വിശുദ്ധീകരിക്കാനാണല്ലോ നീ തിരുരക്തം ചിന്തിയത്.

വിശുദ്ധന്മാരുടെ നിരയിൽ ഞാനും നില്ക്കണമെന്നാഗ്രഹിക്കുന്നതുകൊണ്ടാണല്ലോ ഈ വചനം വായിക്കാൻ എനിക്കിടയായത്. എന്നെക്കുറിച്ച് നിനക്ക് വലിയ പ്രതീക്ഷയുണ്ടല്ലോ. കർത്താവേ, ഞാൻ ഇപ്പോൾ തിരുമുമ്പാകെ വന്നുനിൽക്കുന്നത് പാപിയായിട്ടാണ്; തകർന്നവനായിട്ടാണ്; ഉടഞ്ഞ പാത്രമായിട്ടാണ്.

ഞാൻ നിന്റെ കൃപയിൽ ശരണപ്പെട്ടുകൊണ്ട് യാചിക്കുന്നു. നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ. എന്റെ പുറമല്ല, എന്റെ അകവും ഹൃദയവും കഴുകണമേ. അവിടെയുള്ള അഹങ്കാരവും ദുഷിച്ച വികാരങ്ങളും സ്വാർത്ഥതയും സ്വയവും കോപസ്വഭാവവും മാറ്റിത്തരണമേ. കർത്താവേ, എന്റെ ഹൃദയത്തിൽ ഇന്നും അടിഞ്ഞുകിടക്കുന്ന ദുർമ്മോഹങ്ങളെല്ലാം ഒന്നു ദൂരീകരിച്ചുതരണമേ.

മറ്റാരുമറിയാത്ത ചില ദുഷ്പ്രേരണകൾ എന്റെ അകത്തുണ്ട്. അതും മാറ്റിത്തരണമേ. വേറെ ആർക്കും അറിഞ്ഞുകൂടാത്ത, എന്റെ ജീവിതത്തിൽ സംഭവിച്ചുപോയ ചില മാലിന്യങ്ങൾ, ഇന്നോർക്കുമ്പോൾ ലജ്ജതോന്നുന്ന ചില മാലിന്യങ്ങൾ, അവയെല്ലാം എന്നിൽനിന്ന് കഴുകി മാറ്റണമേ. നിന്റെ ചങ്കിലെ ചോരയാൽ, നീ എനിക്കുവേണ്ടി ഒഴുക്കിയ ആ പരിശുദ്ധരക്തത്താൽ ഇപ്പോൾ നാഥാ, നീ എന്നെ കഴുകണമേ.

എന്റെ ദുശ്ശീലങ്ങളോടും ദുഃസ്വഭാവങ്ങളോടും പാപത്തിന്റെയും പിശാചിന്റെയും സകല തിന്മകളോടും പൈശാചികശക്തികളോടും ഞാൻ യാത്രപറയുന്നു. ഞാൻ സാത്താനെ ഉപേക്ഷിക്കുന്നു, മിശിഹാതമ്പുരാനെ എന്റെ ഹൃദയത്തിലേക്ക് സ്വീകരിക്കുന്നു. ഇപ്പോൾ കർത്താവേ, നീ എന്റെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരണമേ.

# രണ്ട്

നാം ചിന്തിച്ചു വരുന്നത് പുനരുത്ഥാനശരീരത്തെക്കുറിച്ചാണ്. യേശുക്രിസ്തു മരിച്ചവരിൽ ആദ്യഫലമായി ഉയിർത്തെഴുന്നേറ്റു.

ഈ ഭൂമിയിലെ മരണംകൊണ്ട് നമ്മുടെ ആയുസ്സും ജീവിതവും തീരുകയല്ല. നാം ഓരോരുത്തരും ഉയിർത്തെഴുന്നേൽക്കും. അനന്തകാലം നാം ക്രിസ്തുവിനോടുകൂടെ വസിക്കും. അന്ന് നമ്മുടെ ശുശ്രൂഷ എന്തായിരിക്കും? കർത്താവ് നമ്മെ ഏതെങ്കിലും ശുശ്രൂഷ ഏല്പിക്കുന്നുണ്ടോ? ഈ ഭൂമിയിൽ ശുശ്രൂഷ ചെയ്തവരായ നാം, കർത്താവിന്റെ വേല ചെയ്തവരായ നാം അവിടെ നിഷ്ക്രിയരായിട്ടിരിക്കാൻ കർത്താവ് അനുവദിക്കുമോ? നമുക്കറിഞ്ഞുകൂടാ.

നമ്മുടെ ബുദ്ധിയിൽ ഒതുങ്ങുന്ന കാര്യങ്ങളല്ല അതൊന്നും. നാം ഊഹിച്ചു പറയേണ്ട കാര്യങ്ങളുമല്ല. പക്ഷേ, നാം പുനരുത്ഥാനശരീരം പ്രാപിച്ച്, ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരായി ക്രിസ്തുവിനോടു കൂടെയായിരിക്കും, സംശയമില്ല.

ഈ പുനരുത്ഥാനശരീരം ആർക്കാണ് ലഭിക്കുന്നത്?

1. വിശുദ്ധന്മാർക്കു ലഭിക്കും.

*"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു."*

*വെളിപ്പാട് 20 : 6*

2. ക്രിസ്തുവിന്നുള്ളവർക്ക്.

Those who belong to Christ –ക്രിസ്തുവിന്റെ സ്വന്തമായിട്ടുള്ളവർ– ക്രിസ്തുവിന്റെ ownership – ൽ ഉള്ളവർക്ക് ലഭിക്കും.

നമ്മുടെ ഈ ശരീരം ഇന്ന് ക്രിസ്തുവിന് സ്വന്തമായി തീർന്നിട്ടില്ല. പിശാചിന് നമ്മുടെ ഓരോ അവയവത്തിലും അവകാശമുണ്ട്. നമ്മുടെ കണ്ണിൽ, കൈയിൽ, കാലിൽ, നാവിൽ, ബുദ്ധിയിൽ, കാതുകളിൽ, ത്വക്കിൽ, അങ്ങനെ എല്ലാ അവയവങ്ങളിലും പിശാചിന് അവകാശമുണ്ട്. നമ്മുടെ ബുദ്ധിയിൽ നാം ചിന്തിച്ച ചില വൈരാഗ്യചിന്തകൾ, പകയും വിദ്വേഷവും, ചിലരോടുള്ള മുൻവിധിയും നീരസവും, ചില കാര്യങ്ങളിലുള്ള കടുംപിടുത്തവും ദുശ്ശാഠ്യവും, ചില അഹങ്കാര ചിന്തകൾ, തന്നിഷ്ടങ്ങൾ, സ്വാർത്ഥതകൾ, കോപിച്ചു വിറയുന്ന സ്വഭാവം, അമ്മയോടാണെങ്കിലും അപ്പനോടാണെങ്കിലും മടിയില്ലാതെ, ഒട്ടും പേടിയില്ലാതെ കോപിക്കുന്ന സ്വഭാവം, ഇവയിലെല്ലാം പിശാചിന് അവകാശമുണ്ട്.

ഇന്ന് സാത്താന്റെ കൈവശമുള്ളവരായ നാം ക്രിസ്തുവിന്റെ കൈവശമായിത്തീരണം. ഇന്ന് സാത്താൻ കൈയടക്കി വച്ചിരിക്കുന്നതായ നമ്മുടെ ശരീരം ക്രിസ്തുവിന്റേതായി മാറണം. ഇന്ന് പിശാച് എന്റേത് എന്ന് അവകാശം പറഞ്ഞുകൊണ്ട്, നമ്മുടെ പാപം ഊന്നിയൂന്നിപ്പറഞ്ഞ് നമ്മുടെമേൽ അവകാശം സ്ഥാപിച്ചുകൊണ്ട് നില്ക്കുകയാണ്. നമ്മുടെ ജീവിതത്തിൽ വന്നുപോയ പാപങ്ങൾ നാം മറന്നുപോയിക്കാണും. പക്ഷേ, പിശാച് മറന്നിട്ടില്ല. അവൻ അവകാശം പറഞ്ഞുകൊണ്ടു നില്ക്കുകയാണ്.

അപ്പനോടു ധിക്കാരമായി പെരുമാറിയത്, അമ്മയെ വേദനിപ്പിക്കുന്ന രീതിയിൽ സംസാരിച്ചതോ പെരുമാറിയതോ, സ്വന്തം ഭാര്യയെ തല്ലിയതോ ഉപദ്രവിച്ചതോ ആ സാധുവിന്റെ ഹൃദയം മുറിപ്പെടുത്തിയതോ, സ്വന്തം ഭർത്താവിനോടു ധിക്കാരവും അനുസരണക്കേടും കാണിച്ചതോ, സ്വന്തം ശരീരം തിന്മക്കു വിട്ടുകൊടുത്തതോ കോപാക്രാന്തമായി സംസാരിച്ച

തോ, എന്തെല്ലാം? അനേകം പാപങ്ങൾ! ഇങ്ങനെ ഓരോ പാപവുംമൂലം നമ്മുടെ ശരീരത്തിൽ പിശാച് അവകാശം പറയുന്നു.

എങ്ങനെ ഈ പിശാചിന്റെ അവകാശത്തിൽ നിന്നു രക്ഷ പ്രാപിക്കാം?

> *"നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ നമ്മോടു പാപങ്ങളെ ക്ഷമിച്ച് സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു."*
>
> *1 യോഹന്നാൻ 1 : 9*

എന്തൊരു ഭാഗ്യം! ഒന്നുമാത്രം ചെയ്താൽ മതി. പാപങ്ങൾ എണ്ണിയെണ്ണി കണ്ടുപിടിച്ച്, അതിനെയോർത്ത് അനുതപിച്ച്, അയ്യോ, തെറ്റുപറ്റിപ്പോയല്ലോ കർത്താവേ, ക്ഷമിക്കണമേ എന്നു നൊന്തുനിലവിളിച്ച്, ഇനിമേൽ പാപമൊന്നും വരികയില്ല എന്നു ദൈവത്തോടു വാക്കുപറഞ്ഞ്, അങ്ങനെ പാപങ്ങൾ ഏറ്റുപറഞ്ഞുപേക്ഷിച്ചാൽ, കർത്താവിന്റെ രക്തം സകലപാപവും ക്ഷമിക്കും; തിരുരക്തം പാപങ്ങളെ കഴുകും.

> *"തന്റെ ലംഘനങ്ങളെ മറയ്ക്കുന്നവന്നു ശുഭം വരികയില്ല; അവയെ ഏറ്റുപറഞ്ഞ് ഉപേക്ഷിക്കുന്നവന്നോ കരുണ ലഭിക്കും."*
>
> *സദൃശവാക്യങ്ങൾ 28 : 13*

ക്രൂരമായ വാക്കുകൾ, സ്വന്തം ഭർത്താവിനോടോ ഭാര്യയോടോ പറഞ്ഞിട്ടുണ്ടാവും; ആ ഹൃദയം നൊമ്പരപ്പെട്ടു കാണും; സ്നേഹമുള്ളതുകൊണ്ടു മറന്നുപോയിരിക്കാം. എങ്കിലും കൂരമ്പുപോലെ തറയ്ക്കുന്ന ആ വാക്കുകളിൽ പിശാച് കടിച്ചുതൂങ്ങി നില്ക്കുകയാണ്.

ഓർമ്മവച്ചകാലം മുതലുള്ള നമ്മുടെ ജീവിതത്തിലേക്ക് തിരിഞ്ഞു നോക്കുക. ഓരോന്നും എണ്ണിയെണ്ണി കണ്ടുപിടിക്കുക. ഞാൻ എല്ലാ പാപവും ചെയ്തുപോയി എന്നു പറ

ഞ്ഞാലൊന്നും സത്യകുമ്പസാരമാവുകയില്ല.

സത്യകുമ്പസാരമാവണമെങ്കിൽ, ഇന്ന പാപം ഇന്ന സമയത്ത് ഇന്ന വിധത്തിൽ ചെയ്തു എന്നു പറയണം.

പണ്ട് ഒരാൾ വിദേശത്തുനിന്ന് എന്റെ വീട്ടിൽ വന്നപ്പോൾ പറഞ്ഞു: എനിക്ക് കുമ്പസാരിക്കാനൊന്നും അറിഞ്ഞുകൂടാ. ഞാൻ വേറൊരു സഭയിൽ ജനിച്ചയാളാണ്. ഞാൻ അച്ചനോടുപറഞ്ഞു: വ്യഭിചാരവും കൊലപാതകവും ഒഴിച്ച് ബാക്കി എല്ലാ പാപവും ഞാൻ ചെയ്തുപോയി എന്ന്. വളരെ സുഖം! എളുപ്പം പണികഴിഞ്ഞു!

> *"യോശുവ ആഖാനോട്: മകനേ, യിസ്രായേലിന്റെ ദൈവമായ യഹോവയ്ക്ക് മഹത്വം കൊടുത്ത് അവനോടു ഏറ്റുപറക; നീ എന്തു ചെയ്തു എന്നു പറക; എന്നോടു മറച്ചുവയ്ക്കരുത് എന്നു പറഞ്ഞു. ആഖാൻ യോശുവയോട്: ഞാൻ യിസ്രായേലിന്റെ ദൈവമായ യഹോവയോടു പിഴച്ചു ഇന്നിന്നതു ചെയ്തിരിക്കുന്നു സത്യം. ഞാൻ കൊള്ളയുടെ കൂട്ടത്തിൽ വിശേഷമായോരു ബാബിലോന്യ മേലങ്കിയും ഇരുന്നൂറു ശേക്കെൽ വെള്ളിയും അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടിയും കണ്ടു, മോഹിച്ചു, എടുത്തു; അവ എന്റെ കൂടാരത്തിന്റെ നടുവിൽ നിലത്തു കുഴിച്ചിട്ടിരിക്കുന്നു; വെള്ളി അടിയിൽ ആകുന്നു എന്ന് ഉത്തരം പറഞ്ഞു"* *യോശുവ 7 : 19 – 21*

ആഖാൻ കുറെ സാധനങ്ങൾ മോഷ്ടിച്ചു. ആഖാൻമൂലം യിസ്രായേൽ ജനത്തിന് ശാപം വന്നു. ഒരാൾ ചെയ്ത പാപംമൂലം യിസ്രായേൽജനത്തിനൊക്കെയും ശാപം വന്നു. അപ്പോൾ ആഖാനെ പിടികൂടി കൊണ്ടുവന്ന് യോശുവയുടെ മുമ്പിൽ നിറുത്തി.

യോശുവ ആഖാനോടു പറഞ്ഞു: "ദൈവത്തിന് മഹത്വം കൊടുത്ത് നിന്റെ പാപം ദൈവത്തോട് ഏറ്റുപറയുക. ദൈവ

ത്തോട് നീ എങ്ങനെയാണ് ഏറ്റു പറയേണ്ടത്? നിന്റെ പാപം എന്തെല്ലാമാണെന്ന് ഏറ്റു പറയുക. ദൈവത്തോട് ഏറ്റു പറഞ്ഞതുകൂടാതെ ദൈവത്തിനും നിനക്കും മദ്ധ്യസ്ഥനായി നില്ക്കുന്ന ദൈവത്തിന്റെ പ്രവാചകനായ, ദൈവത്തിന്റെ അഭി ഷിക്തനായ, ദൈവത്തിന്റെ പുരോഹിതനായ എന്നോടും നീ പറയുക. ഒന്നും മറച്ചു വയ്ക്കരുത്." അതാണ് കുമ്പസാരം.

അപ്പോൾ ആഖാൻ എങ്ങനെയാണ് ഏറ്റുപറഞ്ഞത്?

"ഞാൻ ദൈവത്തോടു പിഴച്ചു പോയി. ഇന്നിന്ന കാര്യ ങ്ങൾ എനിക്കു വന്നുപോയി. ഒരു വിശേഷമായ ബാബി ലോന്യ മേലങ്കി, ഇരുന്നൂറു ശേക്കെൽ വെള്ളി, അമ്പതു ശേക്കെൽ തൂക്കമുള്ള ഒരു പൊൻകട്ടി, ഇത്രയും ഞാൻ കണ്ടു, മോഹിച്ചു, എടുത്തു. ഞാൻ അത് ഇന്നിടത്തു മറച്ചുവച്ചിരിക്കു ന്നു." ഇതാണ് ഏറ്റുപറച്ചിൽ. അപ്പോഴാണ് കുമ്പസാരം പൂർണ്ണ മാവുന്നത്.

ഇപ്പോൾ ഇതുവായിക്കുന്ന എന്റെ സഹോദരീ സഹോദ രങ്ങളേ, നിങ്ങൾ ശ്രദ്ധിക്കൂ. നിങ്ങൾ ഒരു ശരിയായ ഏറ്റുപറച്ചി ലിന് തയ്യാറാവണം. കഴിഞ്ഞകാലജീവിതത്തിൽ ഏതെല്ലാം തരത്തിലുള്ള തെറ്റുകളിൽ വീണുപോയി എങ്കിലും നിങ്ങൾക്ക് രക്ഷപ്പെടാം. ആരും നഷ്ടപ്പെട്ടുപോകേണ്ട കാര്യമില്ല. സ്വർഗ്ഗ രാജ്യത്തിൽ നിന്നകന്നു പോകേണ്ട കാര്യമില്ല. ഇപ്പോൾതന്നെ നിങ്ങൾക്കു ദൈവത്തോട് ഏറ്റുപറയാം.

നിങ്ങൾ ചില ദിവസങ്ങൾ ഉപവാസത്തോടെ, ഭക്ഷണം വേണ്ട, ഭൗതികസുഖങ്ങൾ വേണ്ട എന്നുവച്ച് മാറിയിരിക്കണം. ശരിയായ ഒരു ഏറ്റുപറച്ചിലിന് തയ്യാറാകുന്നതിനുവേണ്ടി മാറി യിരുന്ന് ചിന്തിക്കണം. എന്തൊക്കെ തെറ്റുകൾ പറ്റിപ്പോയി?

ഏതൊക്കെ പാപങ്ങളാണ് വന്നുപോയത്? പണസംബ ന്ധമായ ക്രമക്കേടുകൾ, ഞാനതു തിരുത്തും; പ്രായശ്ചിത്തം ചെയ്യും. പാപത്തെയോർത്തു ദുഃഖിച്ചാൽ മാത്രം പോരാ. ഒരാൾക്കു നഷ്ടം വരുത്തി; എനിക്കു തെറ്റുപറ്റിപ്പോയി എന്നു പറഞ്ഞാലൊന്നും ദൈവം ക്ഷമിക്കില്ല. ഏതെല്ലാം രീതിയിൽ

ആ ആൾക്കു നഷ്ടം വരുത്തിയോ ആ നഷ്ടം നികത്തണം. ഇല്ലെങ്കിൽ ആ പാപം ക്ഷമിച്ചുകിട്ടുകയില്ല. എല്ലാറ്റിനും ദൈവി കമായ വ്യവസ്ഥയുണ്ട്.

ഒരാളുടെ വാഴയോ തെങ്ങോ അടയ്ക്കാമരമോ റബ്ബറോ വെട്ടിക്കളഞ്ഞു. എന്നിട്ട് മിടുക്കനായി നടന്നിട്ട് കാര്യമില്ല. അതിനുള്ള പ്രായശ്ചിത്തം ചെയ്തേ പറ്റൂ. ഇല്ലെങ്കിൽ ദൈവസ ന്നിധിയിൽ മോചനം കിട്ടുകയില്ല, ഉറപ്പാണ്. അങ്ങനെ തിരിഞ്ഞു നോക്കി എന്തൊക്കെ പറ്റിയെന്ന് ദൈവസന്നിധിയി ലിരുന്ന് ആലോചിക്കണം.

അതുകൊണ്ടല്ലേ ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷി പ്പിൽ വരുന്ന ഒരു യുവാവ്, എറണാകുളത്ത് മാർക്കറ്റ് റോഡിൽ, അവൻ മുമ്പ് ജോലി ചെയ്തിരുന്ന സ്ഥാപനത്തിന്റെ ഉടമസ്ഥനായ ഒരു സേഠിന്റെയടുത്ത് ചെന്ന്, “ഞാൻ കള്ളക്ക ണക്കെഴുതി ഇത്രയും രൂപ എടുത്തുപോയി, ക്ഷമിക്കണം, ഞാൻ രൂപ കൊണ്ടുവന്നിട്ടുണ്ട്” എന്നു പറഞ്ഞ് രൂപ തിരികെ കൊണ്ടുപോയി കൊടുത്തത്. അദ്ദേഹം അത് വാങ്ങിയില്ല: മോനേ, നന്നായി, നിനക്കിങ്ങനെ തോന്നിയല്ലോ എന്നു പറ ഞ്ഞു.

കോലഞ്ചേരി, സെന്റ് പീറ്റേഴ്സ് കോളേജിൽ ഒരു വിദ്യാർത്ഥി, പ്രീഡിഗ്രി ക്ലാസ്സിൽ പഠിച്ചപ്പോൾ അവിടെ NCC പരേഡിന് വന്നസമയം കോളേജ് കാന്റീനിൽ നിന്ന് ഒരു റോൾ ഹോസ് കൊണ്ടുപോയി. ഏതാനും വർഷംകഴിഞ്ഞ് അവൻ ഡിഗ്രിക്കു പഠിക്കുമ്പോൾ – അന്ന് ഞാൻ പ്രിൻസിപ്പലാണ് – അവൻ വന്നു പറഞ്ഞു: സാറേ, എനിക്ക് ഒരബദ്ധം പറ്റി. ഞാൻ പ്രീഡിഗ്രിക്കു പഠിച്ചപ്പോൾ ഒരു റോൾ ഹോസ് മോഷ്ടിച്ചു കൊണ്ടുപോയി. ഇപ്പോഴും അത് വീട്ടിലിരിപ്പുണ്ട്, ഉപയോഗി ച്ചിട്ടൊന്നുമില്ല. ഇനി എന്താണ് വേണ്ടത്?

ഞാൻ ചോദിച്ചു: “എന്താണ് നിനക്കങ്ങനെതോന്നാൻ കാരണം?” “സാറേ, വചനം കേട്ടപ്പോൾ എനിക്കു തോന്നി അത് എന്റെ കൈയിലിരുന്നാൽ ദോഷമാണെന്ന്.”

ഞാൻ അവനോടത് തിരികെ കൊണ്ടുവരാൻ പറഞ്ഞു, അവൻ കൊണ്ടുവന്നു.

അന്ന് ഓഫീസ് സ്റ്റാഫ് എല്ലാവരും വന്നപ്പോൾ എല്ലാവരേയും അകത്തേക്കു വിളിച്ചിട്ടു ഞാൻ ചോദിച്ചു: "നിങ്ങൾക്കാർക്കെങ്കിലും പരിചയമുണ്ടോ ഇത്?" "സാറേ ഇത് രണ്ടുമൂന്നുവർഷം മുമ്പ് നമ്മുടെ കാന്റീനിൽ നിന്നു മോഷണം പോയതാണല്ലോ! ഇത് എങ്ങനെയാണ് ഇപ്പോൾ കിട്ടിയത്?" ഞാൻ പറഞ്ഞു. "ഇതാണ് സുവിശേഷത്തിന്റെ ശക്തി!"

പ്രായശ്ചിത്തം ചെയ്തേ പറ്റൂ. തിരിച്ചുകൊടുത്തേ പറ്റൂ. ഇല്ലെങ്കിൽ നമുക്കു മോചനം കിട്ടുകയില്ല. മോചനം കിട്ടണമോ? തിരുത്തേണ്ടതു തിരുത്തണം; നിങ്ങൾക്കു രക്ഷപ്പെടാം. ജീവിതത്തിലേക്കു തിരിഞ്ഞുനോക്കി ഓരോന്നോരോന്ന് കണ്ടുപിടിക്കണം.

ഒരാൾ എന്റെ അടുക്കൽ വന്നുപറഞ്ഞു: സാറേ ഞാൻ കൈക്കൂലി വാങ്ങി. അന്ന് കുറെ മദ്യപിച്ചുകളഞ്ഞു, കുറെ മുടിച്ചു കളഞ്ഞു. ഇപ്പോൾ എങ്ങനെ തിരിച്ചു കൊടുക്കും? കൈക്കൂലി വാങ്ങിയവരൊക്കെ ഓഫീസിൽനിന്ന് പോയി. ഞാൻ എങ്ങനെ തിരുത്തും?

ഞാൻ പറഞ്ഞു: തിരുത്താം; പ്രാർത്ഥിക്ക്; എങ്ങനെതിരുത്താമെന്നുള്ളത് ദൈവം തന്നെ കാണിച്ചുതരും. പ്രിയപ്പെട്ടവരേ, എത്രയോപേർ അപ്പന്റെയും അമ്മയുടെയും കാൽക്കൽ വീണ് മാപ്പുചോദിച്ചിട്ടുണ്ട്. അദ്ധ്യാപകരുടെ കാൽക്കൽ വീണ് മാപ്പുചോദിച്ചിട്ടുണ്ട്.

ഞാൻ വിദേശത്ത് ഒരു രാജ്യത്ത് ചെന്നപ്പോൾ നല്ല പക്വമതിയായ ഒരു മനുഷ്യൻ വന്നിട്ട് എന്റെ കാൽക്കൽ വീണ് എന്റെ കാൽതൊട്ടിട്ട് പറഞ്ഞു: "സാർ ക്ഷമിക്കണം. കോളേജിൽ സാർ പഠിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഞാൻ സാറിനെ കളിയാക്കിയിട്ടുണ്ട്."

ഞാൻ പറഞ്ഞു: "എന്റെ മോനേ, എനിക്കൊരു വഴക്കുമി

ല്ല. എത്രയോപേർ കളിയാക്കുന്നു. ആ കൂട്ടത്തിൽ നീയും കളിയാക്കി അത്രയല്ലേയുള്ളൂ. സാരമില്ല."

പ്രിയപ്പെട്ടവരേ, തിരുത്തണം. തിരുത്തേണ്ടത് തിരുത്താതെ മോചനം കിട്ടുകയില്ല. അങ്ങനെ പാപം എണ്ണിയെണ്ണി കണ്ടുപിടിച്ച്, പാപം ഇനിമേൽ വരികയില്ല എന്നു തീരുമാനിച്ച്, പാപം ഏറ്റുപറയണം. അപ്പോൾ പാപമോചനം കിട്ടും. അതിന് വില കൊടുക്കണം. ഇത്തിരി കഷ്ടപ്പെടണം. പാപം മോചിച്ചു കിട്ടുക. അതിനുവേണ്ടി പ്രാർത്ഥിച്ചിരിക്കുക, ഓരോന്ന് കണ്ടുപിടിക്കുക; ഏറ്റുപറയുക. അതൊക്കെ വിഷമമല്ലേ? വിഷമമാണെങ്കിൽ വേണ്ട, നിനക്കു പാപമോചനം കിട്ടുകയില്ല. പാപമോചനം കിട്ടണമെങ്കിൽ അതിനുള്ള risk എടുക്കണം. അതിനുള്ള cost കൊടുക്കണം.

ഒരു കാര്യം ഉറപ്പാണ്. പാപക്ഷമ കിട്ടിക്കഴിഞ്ഞാൽ എന്തൊരു സമാധാനം! ഹൃദയത്തിൽ എന്തൊരു സ്വാതന്ത്ര്യം! അകത്തു നല്ല പ്രസന്നത! എന്തൊരു പ്രാഗത്ഭ്യം! എന്റെ പാപം കർത്താവ് ക്ഷമിച്ചുതന്നു! എന്തൊരു ധൈര്യം!

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് ഈ ധൈര്യം കിട്ടണം. എന്റെ യേശു, തന്റെ രക്തത്താൽ എന്റെ പാപങ്ങൾ കഴുകിത്തന്നു. ഈ ഒരുറപ്പ് കിട്ടുന്നതാണ് ഏറ്റവും വലിയ ഭാഗ്യം. ഇന്ന് ഈ ഭൂമിയിൽനിന്നു കടന്നുപോയാൽ നിന്റെ സന്നിധിയിൽ ഞാനെത്തും. കാരണം, എന്റെ പാപം നീ ക്ഷമിച്ചു തന്നു.

ഈയൊരുറപ്പ്, പ്രാഗത്ഭ്യം, ധൈര്യം നാം നേടണം. അതാണ് ക്രിസ്തീയജീവിതം. അതുകൊണ്ടാണ് ദാവീദ് പറഞ്ഞത്:

> *"ലംഘനം ക്ഷമിച്ചും പാപം മറച്ചും കിട്ടിയവൻ ഭാഗ്യവാൻ. യഹോവ അകൃത്യം കണക്കിടാതെയും ആത്മാവിൽ കപടം ഇല്ലാതെയും ഇരിക്കുന്ന മനുഷ്യൻ ഭാഗ്യവാൻ."*
>
> *സങ്കീർത്തനം 32 : 1*

ലംഘനം ക്ഷമിച്ചു കിട്ടുകയാണ്. ഞാൻ നുണപറഞ്ഞു; അത് ക്ഷമിച്ചുതന്നു. ഞാനൊരാൾക്കു നഷ്ടം വരുത്തി; അത് ക്ഷമിച്ചു തന്നു. ഞാൻ അരുതാത്ത ഒരു കാര്യം പറയുകയോ ചെയ്യുകയോ ചെയ്തു; കർത്താവ് ക്ഷമിച്ചുതന്നു. എന്നാൽ ആ ലംഘനം വരുന്നതിന്, ആ തെറ്റ് വരുന്നതിനു കാരണമായ ഒരു പാപസ്വഭാവം, പാപപ്രവണത എന്റെ ഹൃദയത്തിലുണ്ട്. ആ പ്രകൃതി രക്തത്തിലുള്ള പ്രകൃതിയാണ്.

എന്റെ കാപട്യം, വ്യാജഭാവം, കോപ സ്വഭാവം, അത് പാപത്തിന്റെ സ്വഭാവമാണ്. കോപസ്വഭാവമുള്ളതുകൊണ്ട് ഞാൻ കോപിച്ചു സംസാരിച്ചു. ചിലരെ തരംതാഴ്ത്തി സംസാരിച്ചു. എനിക്ക് വ്യാജഭാവമുള്ളതുകൊണ്ട് ഞാൻ നുണപറഞ്ഞു. ആ കാപട്യം അല്ലെങ്കിൽ വ്യാജഭാവം മറച്ചുതന്നു, ലംഘനം ക്ഷമിച്ചുതന്നു;

ഈ പാപസ്വഭാവത്തിൽനിന്നു പാപത്തിന്റെ മുള, ലംഘനത്തിന്റെ മുള മുളച്ചു വരാം. പാപത്തിന്റെ പ്രവണത –sinful nature– എന്റെ രക്തത്തിൽ ഉള്ളിടത്തോളം ഏതു സമയത്തും പുതിയ മുള പൊട്ടിവരാം. പക്ഷേ, ഇതുവരെ മുളച്ചു വന്ന പാപത്തിന്റെ ലംഘനങ്ങൾ എല്ലാം കർത്താവ് മായിച്ചു തന്നു.

ഈ ഒരു മഹാഭാഗ്യം നാം നേടണം. ഈ ഭാഗ്യം കിട്ടിക്കഴിഞ്ഞാൽ നാം തീജ്ജ്വാലകളായി മാറും; നാം തീപ്പൊരികളായി ചിതറും. നാം ക്രിസ്തുവിന് പ്രയോജനമുള്ളവരായിത്തീരും. നമ്മിൽക്കൂടി ദൈവരാജ്യം ഭൂമിയിൽ വരും. നാം ചലിക്കുന്നിടത്തെല്ലാം ദൈവം നമ്മോടുകൂടെ ഉണ്ടായിരിക്കും. നാം ജോലിചെയ്യുന്ന സ്ഥാപനത്തിൽ, നാം പ്രവർത്തിക്കുന്ന രംഗത്ത് യേശു നമ്മോടുകൂടെ ഉണ്ടായിരിക്കും. അവിടെ സഭാമാറ്റമില്ല. സമുദായമാറ്റമില്ല. മതംമാറ്റമില്ല. അവിടെ സ്നേഹം മാത്രം. ഗോഗുൽത്തായിലെ സ്നേഹം; കാൽവറിക്രൂശിലെ സ്നേഹം; അവിടെ യേശുവിന്റെ സ്വഭാവം മാത്രം.

ദാവീദ്രാജാവ് പാപം ചെയ്തപ്പോൾ തന്റെ പാപം ദുഃഖത്തോടെ ഏറ്റുപറഞ്ഞു. പാപത്തെയോർത്ത് കരഞ്ഞുകൊണ്ടു

പറഞ്ഞു:

"ദൈവമേ, നിന്റെ കൃപയിൻ പ്രകാരം എന്നോടു കരുണ ചെയ്യണമേ. നിന്റെ അനുഗ്രഹത്തിന്റെ ബഹുത്വത്തിൻ പ്രകാരം എന്റെ ലംഘനങ്ങളെ മായിച്ചു കളയണമേ. നിന്നോടല്ലോ ഞാൻ പാപം ചെയ്തത്. നിനക്ക് അനിഷ്ടമായുള്ളത് ഞാൻ ചെയ്തുപോയിരിക്കുന്നു. ഞാൻ അകൃത്യത്തിൽ ഉരുവായി. പാപത്തിൽ എന്റെ അമ്മ എന്നെ ഗർഭം ധരിച്ചു. എന്റെ കർത്താവേ, രക്ഷയുടെ സന്തോഷം എനിക്കു മടക്കിത്തരണമേ. എന്റെ വായ് അടഞ്ഞുപോയല്ലോ. എന്റെ അധരങ്ങളെ തുറക്കണമേ. സ്തുതിക്കാൻ പറ്റുന്നില്ല. എനിക്കു പഴയ സ്തുതി മടക്കിത്തരണമേ. കർത്താവേ, തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ തരണമേ. തകർന്നതും നുറുങ്ങിയതുമായ ഹൃദയത്തെ നീ നിരസിക്കുകയില്ലല്ലോ."

"കർത്താവേ, ഞാനൊരാൾ മൂലം യെരൂശലേമിന്റെ മതിലെല്ലാം ഇടിഞ്ഞുപോയി. യെരൂശലേമിന്റെ മതിലുകളെ പുതുക്കി പണിയണമേ." ദാവീദിരുന്ന് കരഞ്ഞുകരഞ്ഞു പ്രാർത്ഥിക്കുകയാണ്.

> *"ഞാൻ മരുഭൂമിയിലെ വേഴാമ്പൽപോലെ ആകുന്നു; ശൂന്യസ്ഥലത്തെ മൂങ്ങാപോലെ തന്നേ. ഞാൻ ഉറക്കിളെച്ചിരിക്കുന്നു; വീട്ടിന്മുകളിൽ തനിച്ചിരിക്കുന്ന കുരികിൽപോലെ ആകുന്നു."*
>
> *സങ്കീർത്തനങ്ങൾ 102 : 6, 7*

ഞാൻ മീവൽപക്ഷിയോ കൊക്കോ എന്നപോലെ ചിലച്ചു. ഞാൻ പകച്ചു നോക്കി; ആരേയും കണ്ടില്ല. ആരുമില്ല എന്റെ വേദനകാണാൻ. ഏകാകിയായി രാത്രിയുടെ നിശ്ശബ്ദയാമങ്ങളിൽ ഞാനിരുന്ന് കരയുകയാണ്. എന്റെ പാപത്തെയോർത്ത് നെടുവീർപ്പിട്ട് കരയുകയാണ്.

ദൈവമേ, ദാവീദിനേയും അവന്റെ സകല കഷ്ടതയേയും ഓർക്കേണമെ. ഞാൻ നിന്നോട് ഒരു നേർച്ചനേരുകയാണ്. നിന്നോട് ഒരുവാക്കു പറയുകയാണ്. ഇനി ഞാൻ

എന്റെ കൂടാരവീട്ടിൽ കടക്കണമെങ്കിൽ, എന്റെ പാപം ക്ഷമിച്ചു കിട്ടണം. അല്ലാതെ ഞാൻ കൂടാരവീട്ടിൽ കടക്കയില്ല. എന്റെ ശയ്യമേൽ കയറി കിടക്കുകയില്ല. എന്റെ കണ്ണിന് ഞാൻ ഉറക്കം കൊടുക്കുകയില്ല. എന്റെ കൺപോളയ്ക്ക് ഞാൻ മയക്കം കൊടുക്കുകയില്ല.

> *"യഹോവേ, ദാവീദിനെയും അവന്റെ സകല കഷ്ടതയെയും ഓർക്കേണമേ. അവൻ യഹോവ യോടു സത്യം ചെയ്ത് യാക്കോബിന്റെ വല്ലഭന്നു നേർന്നത് എന്തെന്നാൽ: ഞാൻ യഹോവയ്ക്കു ഒരു സ്ഥലം, യാക്കോബിന്റെ വല്ലഭന്ന് ഒരു നിവാസം കണ്ടെത്തുംവരെ ഞാൻ എന്റെ കൂടാരവീട്ടിൽ കട ക്കയില്ല; എന്റെ ശയ്യമേൽ കയറി കിടക്കുകയുമില്ല. ഞാൻ എന്റെ കണ്ണിന്നു ഉറക്കവും എന്റെ കൺപോളയ്ക്കു മയക്കവും കൊടുക്കയില്ല."*
>
> *സങ്കീർത്തനങ്ങൾ 132 : 1 – 5*

ഈ മഹാഭാഗ്യം ലഭിച്ച് കർത്താവിന്റെ രണ്ടാമത്തെ വര വിൽ ആ സ്വർഗ്ഗീയ കാഹളധ്വനി കേട്ടുകൊണ്ട് വിശുദ്ധന്മാർ പറന്നുയരുമ്പോൾ, പ്രധാനദൂതനായ മീഖായേലിന്റെ ശബ്ദം കേട്ട്, ദൈവത്തിന്റെ കാഹളധ്വനി കേട്ടുകൊണ്ട് നമുക്കും പറ ക്കണം.

നമ്മുടെ ജീവിതം കർത്താവിന്റെ കരങ്ങളിലേക്കു കൊടു ക്കാം. ഇപ്പോൾ ദൈവത്തോട് വാക്കു പറയാം.

നാഥാ! ഇപ്പോൾ ഞാനായിരിക്കുന്നപ്രകാരം എന്നെ നിന്റെ കരങ്ങളിലേക്കു തരുന്നു. ഞാൻ ആകേണ്ടതുപോലെ എന്നെ നീ ആക്കിത്തീർക്കണമേ. എനിക്കുവേണ്ടി കുരിശിൽ ദിവ്യജീവൻ അർപ്പണം ചെയ്തവനേ, എനിക്കുവേണ്ടി പുണ്യ നിണം ചിന്തിയവനേ, നിനക്കുമാത്രമേ എന്നെ രൂപാന്തരപ്പെടു ത്താൻ സാധിക്കുകയുള്ളൂ. യേശുവേ, നീ എന്റെ പ്രാർത്ഥന കേൾക്കണമേ.

നിന്റെ ക്രൂശിൻചുവട്ടിലേക്കു ഞാനിതാ എന്നെത്തന്നെ

അർപ്പണം ചെയ്യുന്നു. യേശുനാഥാ, എന്നോടു നീ മനസ്സലിയണമേ.

പ്രിയപ്പെട്ടവരേ, നിങ്ങൾ പ്രാർത്ഥിക്കുമോ? കർത്താവിന്റെ കൈകളിലേക്കു നിങ്ങളുടെ ജീവിതം കൊടുക്കുമോ? കർത്താവിനോടു നിങ്ങൾ വാക്കു പറയുമോ?

സ്വർഗ്ഗീയവിശുദ്ധന്മാരുടെ നിരയിലേക്ക് വരുവാൻ നിങ്ങൾ നിങ്ങളെത്തന്നെ ഒരുക്കുമോ? എല്ലാം മാറിമറയും. എല്ലാവരും മാറിമറയും. മാറാത്തവൻ യേശു മാത്രം! യേശുവിന്റെ രാജ്യം മാത്രം! യേശുവിന്റെ സ്നേഹം മാത്രം! ആ സ്നേഹം അവസാനത്തോളം നമ്മുടെ പുറകെനിന്നു വിളിച്ചുകൊണ്ടിരിക്കും. ആ സ്നേഹം നമ്മുടെ ഹൃദയവാതിൽക്കൽ വന്നു മുട്ടിക്കൊണ്ടിരിക്കും.

ദൈവപൈതലേ, ഇപ്പോൾ യേശുനാഥൻ നിന്റെ ഹൃദയവാതിൽക്കൽവന്ന് മുട്ടിക്കൊണ്ടിരിക്കയാണ്. യേശുവിന്റെ ആണിപ്പാടുള്ള കരത്തിൽനിന്ന് ഓരോ പ്രാവശ്യം മുട്ടുമ്പോഴും തിരുരക്തത്തുള്ളികൾ നിന്റെ ഹൃദയത്തിലേക്കുവന്നു പതിഞ്ഞുകൊണ്ടിരിക്കുകയാണ്.

ആ തിരുരക്തം നിന്നെ വീണ്ടെടുക്കും. ശുദ്ധീകരിക്കും. നിന്നെ കഴുകും. ഇപ്പോൾത്തന്നെ അവന്റെ കരങ്ങളിലേക്ക് നിങ്ങളെ കൊടുക്കൂ. ഒരു വാക്കുമാത്രം പറയൂ. യേശുവേ, ഇന്നുമുതൽ ഞാൻ നിന്റെ വക.

നമുക്കു പ്രാർത്ഥിക്കാം. കാരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, തിരുവചനങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. എല്ലാവരെയും തൊടണമേ. എല്ലാവരെയും അനുഗ്രഹിക്കണമേ. എല്ലാവരുടെമേലും തൃക്കരം വയ്ക്കണമേ. നന്മകളാൽ നിറയ്ക്കണമേ. യേശുവിൻ നാമത്തിൽ തന്നേ, ആമ്മേൻ.

## മൂന്ന്

*"എന്നാൽ ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി മരിച്ചവരുടെ ഇടയിൽനിന്നു ഉയിർത്തിരിക്കുന്നു. മനുഷ്യൻമൂലം മരണം ഉണ്ടാകയാൽ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യൻമൂലം ഉണ്ടായി. ആദാമിൽ എല്ലാവരും മരിക്കുന്നതുപോലെ ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ഓരോരുത്തനും താന്താന്റെ നിരയിലത്രേ; ആദ്യഫലം ക്രിസ്തു; പിന്നെ ക്രിസ്തുവിന്നുള്ളവർ അവന്റെ വരവിങ്കൽ; പിന്നെ അവസാനം."*

*1 കൊരിന്ത്യർ 15 : 20 – 23*

ക്രിസ്തുവിൽ എല്ലാവരും ജീവിപ്പിക്കപ്പെടും. ക്രിസ്തുവിനുള്ളവർ അവന്റെ വരവിങ്കൽ ഉയിർത്തെഴുന്നേൽക്കും.

*"എഴുതുക, ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ."* *വെളിപ്പാട് 14 : 13*

ക്രിസ്തുവിൽ മരിച്ചാൽ ക്രിസ്തുവിൽ ഉയിർക്കും. ക്രിസ്തുവിൽ മരിക്കുന്നവരാണ് ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽക്കുന്നത്. ക്രിസ്തുവിന്നുള്ളവരും ക്രിസ്തുവിലുള്ളവരും ഉയിർത്തെഴുന്നേൽക്കും.

ഈയൊരു വലിയ പദവി എനിക്കുവേണ്ടി കരുതിയിരിക്കുന്നു. നിത്യതയിലേക്കു ചെല്ലുമ്പോഴാണ് നാം ഇതെല്ലാമറിയുന്നത്. എന്തായിരിക്കും നമുക്കു ലഭിക്കുന്ന മഹാസൗഭാഗ്യങ്ങൾ? മരണം കഴിഞ്ഞ് നിത്യതയിലേക്കു ചെല്ലുമ്പോൾ

എല്ലാം നാം കാണും. നാം അത്ഭുതപരതന്ത്രരായി തീരും.

> *"ദൈവം തന്നെ സ്നേഹിക്കുന്നവർക്ക് ഒരുക്കീട്ടുള്ളത് കണ്ണ് കണ്ടിട്ടില്ല, ചെവി കേട്ടിട്ടില്ല, ഒരു മനുഷ്യന്റെയും ഹൃദയത്തിൽ തോന്നീട്ടുമില്ല."*
>
> *1 കൊരിന്ത്യർ 2 : 9*

ഭക്തനായ ഒരു മനുഷ്യൻ മരണത്തോടടുത്തു കിടക്കുകയാണ്. അദ്ദേഹത്തോട് വേറൊരാൾ ചോദിച്ചു: "ദൈവവുമായി നിരപ്പായിട്ടാണോ കടന്നുപോവുന്നത്?" ഉടനെ മരിക്കാൻ കിടക്കുന്നയാൾ തിരിച്ചു ചോദിച്ചു: "ഞങ്ങൾ തമ്മിൽ പിണങ്ങിയത് എനിക്കോർമ്മയില്ലല്ലോ." എന്നുപറഞ്ഞാൽ, ഞങ്ങൾ എന്നും നിരപ്പാണ്. ദൈവവും ഞാനുമായി നിരപ്പിലാണ്. ദൈവവും ഞാനുമായി പിണങ്ങിയത് എനിക്കോർമ്മയില്ല. അത്ര ദൃഢമായ, അത്ര ഉറപ്പേറിയ ബോദ്ധ്യം!

ദൈവവും ഞാനും ഒന്നാണ്. യേശുക്രിസ്തുവിന്റെ രക്തത്താൽ എന്നെ വിലയ്ക്കു വാങ്ങി. ഞാൻ യേശുവിന്റെ വകയാണ്. ഞാൻ യേശുവിന്റെ സമ്പത്താണ്. യേശു എന്നെ തന്റെ തിരുമാറിൽ അടക്കിപ്പിടിച്ചിരിക്കുകയാണ്. യേശുവിന്റെ ഭവനത്തിൽ എന്നെ ചേർത്തിരിക്കുകയാണ്.

ഇതു കേട്ടയാൾ അമ്പരപ്പോടെ ചിന്തിച്ചു: "എന്റെ ദൈവമേ, ഇദ്ദേഹത്തിന്റെ വിശ്വാസത്തിന്റെ ഉറപ്പ് എത്ര മനോഹരമാണ്!"

നമുക്ക് ഈ ഉറപ്പേറിയ വിശ്വാസം വേണം. ദൈവവുമായി ഞാൻ പിണങ്ങിയിട്ടില്ല. ദൈവം ദു:ഖിക്കുന്നതൊന്നും എന്റെ ജീവിതത്തിൽ വന്നിട്ടില്ല. ഞാൻ മൂലം ആരും ദു:ഖിക്കേണ്ടി വന്നിട്ടില്ല. എന്റെ വീട്ടിൽ ഞാൻ മൂലം ആർക്കും ഒരു ദു:ഖം വന്നിട്ടില്ല. ഞാൻ മൂലം ആർക്കും കണ്ണീരണിയേണ്ടി വന്നിട്ടില്ല. ഈ ഒരു ഉറപ്പ് നമുക്ക് വേണം. ഒരാൾക്ക് ഏതെങ്കിലും തരത്തിൽ ദോഷം വന്നാൽ നമുക്ക് സഹിക്കുകയില്ല. കാരണം, നാം എല്ലാവരേയും സ്നേഹിക്കുന്നു;

ക്രിസ്തു, എല്ലാവരേയും സ്നേഹിക്കുന്നു.

എതിർക്കുന്നവരേയും ദുഷ്ടന്മാരേയും പാപികളേയും ക്രിസ്തു സ്നേഹിക്കുന്നു. ക്രിസ്തു സ്നേഹമാണ്. ക്രിസ്തുവിന്റെ ആത്മാവാണ് നമ്മിൽ തുടിക്കുന്നത്. നമ്മുടെ ഉള്ളത്തിൽ സ്പന്ദിച്ചു കൊണ്ടിരിക്കുന്നത് ക്രിസ്തുവിന്റെ സ്നേഹമാണ്. ക്രിസ്തുവിന്റെ ഉൾതുടിപ്പുകളാണ്.

നാം എപ്പോഴും ദൈവവുമായി നിരപ്പായിരിക്കണം. ഒരിക്കലും അകന്നിരിക്കരുത്. ആ ഒരു അനുഭവത്തിലേക്ക് ഇതുവരേയും വന്നിട്ടില്ലെങ്കിൽ ഇന്ന് ഈ വാക്കുകളെ വായിക്കുമ്പോൾ ആ അനുഭവത്തിലേക്ക് വരണം. ദൈവവുമായി നിരപ്പാകണം; ഐക്യമാകണം. ഏതെങ്കിലും കാര്യത്തിൽ ദൈവവുമായി നിരപ്പില്ലാതെ അകൽച്ചയിൽ കഴിയുന്നുണ്ടോ? ചിന്തിച്ചാൽ നമുക്കു മനസ്സിലാവും. എന്തെല്ലാം സംഭവങ്ങളാണ് ജീവിതത്തിലുള്ളത്! സംഭവബഹുലമായ ഒരു ജീവിതമല്ലേ നാം പിന്നിട്ടത്! ചിന്തിച്ചുനോക്കൂ. കഴിഞ്ഞ കാലങ്ങളിൽ ഏതെല്ലാം സംഭവപരമ്പരകളിലൂടെ നാം കടന്നു വന്നവരാണ്!

നമ്മുടെ ജീവിതത്തിൽ എന്തെല്ലാം തെറ്റുകൾ സംഭവിച്ചു പോയിട്ടുണ്ട്. നാം മൂലം ആർക്കെല്ലാം ദു:ഖം വന്നിട്ടുണ്ട്; നഷ്ടം വന്നിട്ടുണ്ട്; ആരുടെയെല്ലാം ഉള്ളത്തെ നാം വേദനിപ്പിച്ചിട്ടുണ്ട്. ഒരുപക്ഷേ മാതാപിതാക്കളെ ദു:ഖിപ്പിച്ചിട്ടുണ്ടാകും. മാതാപിതാക്കൾ നിങ്ങളെ നോക്കി നെടുവീർപ്പിട്ടിട്ടുണ്ടാകും. എന്റെ ദൈവമേ, ഇങ്ങനെയൊക്കെ സംഭവിച്ചുപോയല്ലോ എന്നോർത്ത് കരഞ്ഞിട്ടുണ്ടാവും. എന്താണ് ഇതിനൊരു പോംവഴി എന്നോർത്ത് നിങ്ങളെ നോക്കി മാതാപിതാക്കൾ വേദനിച്ചിട്ടുണ്ടാവും. ഇല്ലേ? ചിന്തിച്ചാൽ എത്രയെത്ര തെറ്റുകൾ നമുക്കു വന്നുപോയിട്ടുണ്ട്!

നമ്മുടെ സഹോദരങ്ങൾ എത്രമാത്രം വേദനിച്ചിട്ടുണ്ടാവും? ഒരു വീട്ടിൽ തന്നെ ഭാര്യയുടെ സ്വഭാവദൂഷ്യംമൂലം അല്ലെങ്കിൽ അവളുടെ കോപാക്രാന്തമായ പെരുമാറ്റം മൂലം

ഭർത്താവ് എത്രമാത്രം വിങ്ങിക്കാണും, വേദനിച്ചുകാണും, വിഷമിച്ചുകാണും! ഭർത്താവിന്റെ ക്രൂരമായ സമീപനം കൊണ്ട്, പീഡിപ്പിക്കുന്നതുകൊണ്ട് ഭാര്യ എത്ര വേദനിച്ചുകാണും?

ഈ അടുത്ത സമയത്ത് പത്രത്തിൽ വായിച്ചു, ഒരു മനുഷ്യൻ മദ്യപിച്ചു വന്ന് എന്നും ഭാര്യയെ തല്ലുമായിരുന്നു പോലും. എന്തിനാ തല്ലുന്നത്? പ്രത്യേകിച്ച് കാരണമൊന്നുമില്ല, തല്ലുന്നു. അത് അവന്റെ അവകാശമാണ്. ഭാര്യ ഒരു അടിമയാണ്. തല്ലുകൊള്ളേണ്ട അടിമ: നാം വളർത്തുന്ന ഒരു കാളയെയോ പോത്തിനെയോ നാം തല്ലുന്നത് വേറെ ആരേയും ബോധിപ്പിക്കേണ്ട കാര്യമില്ലല്ലോ. അത് തെറ്റു ചെയ്തിട്ടാവണമെന്നില്ല. എന്നതുപോലെ പൂർണ്ണ സ്വാതന്ത്ര്യം ഭാര്യയെ തല്ലുവാൻ!

ഈ വ്യവസ്ഥിതിയെല്ലാം മാറണ്ടേ? ഭാര്യയെ ഉപദ്രവിക്കുന്നു. ഭാര്യയുടെ മൃദുലഹൃദയത്തെ നൊമ്പരപ്പെടുത്തുന്നു. തെറ്റാണ്. ഇതെല്ലാം ചെയ്തുകൊണ്ട് ദൈവരാജ്യത്തിൽ പോകാനൊക്കുകയില്ല. ഒരു ദൈവരാജ്യമുണ്ട്. ഒരു നരകവുമുണ്ട്. ഭാര്യയെ ഉപദ്രവിച്ചിട്ട് നരകത്തിൽ പോവുകയല്ലാതെ വേറെ പോംവഴിയൊന്നുമില്ല.

ഒരു മനുഷ്യൻ ഭാര്യയെ കഠിനമായി മർദ്ദിച്ചുകൊണ്ടിരുന്നു. ഒരു ദിവസം ആ ഭാര്യ കെട്ടിത്തൂങ്ങി മരിച്ചു കിടക്കുന്നു. അപ്പോൾ ആളുകൾ വിചാരിച്ചു അവൾ ആത്മഹത്യ ചെയ്തു എന്ന്. ഭർത്താവും അങ്ങനെ പറഞ്ഞു പരത്തി. പോസ്റ്റുമോർട്ടം കഴിഞ്ഞു. ശവശരീരം അടക്കം ചെയ്യാൻ തുടങ്ങുകയാണ്. അപ്പോൾ അവരുടെ മകൾ, നാല് വയസ്സുള്ള ഒരു കൊച്ചു പെൺകുട്ടി ഉറക്കെ എല്ലാവരും കേൾക്കെ വിളിച്ചുപറഞ്ഞു: “അപ്പൻ എന്റെ അമ്മയെ തല്ലിക്കൊന്നിട്ട് കെട്ടിത്തൂക്കിയതാണ്” എന്ന്. അങ്ങനെ കുട്ടി വിളിച്ചുപറഞ്ഞപ്പോഴേക്കും ആളുകൾ ബഹളം വച്ചു. അവനെ തടഞ്ഞു നിറുത്തി. പോലീസിനെവരുത്തി. പോലീസ് അവനെ അറസ്റ്റു ചെയ്തു. പത്ര

ത്തിൽ വായിച്ചതാണ്.

മനുഷ്യൻ ക്രൂരനായിപ്പോകുന്നു! മനുഷ്യൻ മൃഗമായിപ്പോകുന്നു! മൃഗം! മൃഗീയ സ്വഭാവം! എത്രയോ ഭയാനകമാണിത്! ഒരിക്കലും നാം ഒരാളെ നൊമ്പരപ്പെടുത്തിക്കൂടാ. ശരീരത്തിലും മനസ്സിലും നൊമ്പരപ്പെടുത്തരുത്. ദൈവവുമായി നിരപ്പിലാണെങ്കിൽ അങ്ങനെ ചെയ്യാനൊന്നും നമുക്ക് തോന്നുകയില്ല. ദൈവവുമായിട്ട് നിരപ്പാകേണ്ട ആവശ്യമുണ്ടെന്ന് ബോദ്ധ്യം വന്നാൽ ഒരിക്കലും അരുതായ്കകൾ നമ്മുടെ ജീവിതത്തിൽ വരികയില്ല. നാം ഒരു കാരണവശാലും ഭാര്യയെയോ ഭർത്താവിനെയോ നൊമ്പരപ്പെടുത്തരുത്.

നിങ്ങൾ മദ്യപിക്കരുത്. സ്നേഹിതരേ പറയട്ടെ, ഇന്ന് മദ്യം ഒരു ശാപമായി തീർന്നിരിക്കുന്നു. മദ്യം ഒരു വിഷമാണ്. ഈ വിഷം കുടിച്ച് അനേകർ നശിക്കുന്നു. ഈ വിഷം ചെല്ലുമ്പോഴാണ് അനേകർ മൃഗങ്ങളായി തീരുന്നത്. മൃഗീയമായ വാസനകൾ, മൃഗീയമായ ചിന്തകൾ ഉണർന്നു പൊങ്ങുന്നു. മൃഗീയമായ ചിന്താഗതികൾ! മൃഗത്തിന് അമ്മയെന്നോ പെങ്ങളെന്നോ ചേട്ടനെന്നോ വ്യത്യാസമില്ലല്ലോ. അതുപോലെ പ്രവർത്തിക്കുന്ന അനേകം മനുഷ്യരുണ്ട്. മനുഷ്യൻ മൃഗമായി പോകരുത്.

മനുഷ്യൻ ജീവനുള്ള ദൈവത്തിന്റെ ഛായയിൽ നിർമ്മിക്കപ്പെട്ടവനാണ്. ദൈവത്തിന്റെ സ്വരൂപമുള്ളവനാണ്. ദൈവത്തിന്റെ സ്വഭാവമുള്ളവനായി വളരേണ്ടവനാണ്. ദൈവത്തിന്റെ സ്നേഹമുള്ളവനായിരിക്കേണ്ടവനാണ്. നമ്മിൽ നിന്ന് ബഹിർഗമിക്കുന്നത്, നമ്മിൽനിന്ന് പുറത്തുവരുന്നത് സ്നേഹമായിരിക്കണം. നമ്മുടെ സ്വഭാവത്തിൽ സ്നേഹം അലിഞ്ഞിരിക്കണം. മറ്റുള്ളവർ വേദനിക്കുമ്പോൾ നമ്മുടെ ഉള്ളം വിങ്ങണം. മറ്റുള്ളവർ ദു:ഖിക്കുന്ന സമയത്ത് നമ്മുടെ ഉള്ളം ദു:ഖിക്കണം. ആരുമാകട്ടെ, എത്ര നിഷ്ഠൂരനും ദുഷ്ടനുമായ മനുഷ്യനായിക്കൊള്ളട്ടെ, വേദന വരുമ്പോൾ നമ്മുടെ ഉള്ളം വേദനിക്കണം. അവിടെയാണ് ക്രിസ്തുവിന്റെ സ്നേഹം. അതാണ്

ക്രിസ്തുവിന്റെ സ്വഭാവം.

ദൈവത്തോടു നിരപ്പായിരിക്കണം. ദൈവത്തോടു നിരപ്പാകുന്നതാണ് ക്രിസ്തുവിൽ ആകുക എന്നു പറയുന്നത്. To be in Christ. ക്രിസ്തുവിലാകണം. അങ്ങനെയുള്ളവരാണ് ക്രിസ്തുവിന്നുള്ളവരാകുന്നത്. ക്രിസ്തുവിന്റെ അവകാശത്തിൽ, ക്രിസ്തുവിന്റെ ഉടമസ്ഥതയിലുള്ളവർ. നാം ക്രിസ്തുവിന്നുള്ളവരായിരിക്കണം.

പ്രിയപ്പെട്ടവരേ, നിങ്ങളുടെ ജീവിതത്തിൽ ഈ രണ്ടു കാര്യങ്ങൾ നല്ല ഉറപ്പോടെ പറയാൻ പറ്റുമോ? ഞാൻ ക്രിസ്തുവിന്നുള്ളവനാണ് എന്ന് കരുതുവാൻ സാധിക്കുന്നുണ്ടോ?

ഡയോജനീസ് എന്നുപറയുന്ന ഒരു വലിയ ചിന്തകനുണ്ടായിരുന്നു. ഏഥൻസിലെ ചിന്തകന്മാരിൽ പ്രസിദ്ധനായിരുന്നു അദ്ദേഹം. ഏഥൻസിലെ ബുദ്ധിജീവികളെ പഠിപ്പിക്കുന്ന ഒരു നല്ല താത്വികാചാര്യനുമായിരുന്നു. ഡയോജനീസിന്റെ കാലത്താണ് മഹാനായ അലക്സാണ്ടർ ചക്രവർത്തിയുടെ അപ്പനായ ഫിലിപ്പ് രാജാവ് വാണിരുന്നത്.

ഫിലിപ്പ് രാജാവ് ഒരു ദിവസം കൊട്ടാരത്തിന്റെ അടുക്കലുള്ള ഒരു തെരുവിൽ കൂടി ഒരു കുതിരപ്പുറത്തു കയറിപ്പോകുകയായിരുന്നു. അപ്പോഴുണ്ട് ഈ ഡയോജനീസ് ഒരു ഭാഗത്തിരുന്ന് എന്തോ ചെയ്യുന്നു. രാജാവ് നോക്കിയപ്പോൾ അദ്ദേഹം ഉണങ്ങിയ അസ്ഥികൾ പരിശോധിക്കുകയാണ്. എവിടുന്നു കിട്ടി ഈ ഉണങ്ങിയ അസ്ഥികൾ? രാജാവിന് അത്ഭുതം തോന്നി. എന്തിനാണ് ഈ ഉണങ്ങിയ അസ്ഥികൾ പരിശോധിക്കുന്നത്? എത്രയോ നാളുകൾക്ക് മുമ്പ് മരിച്ചുപോയ ആളുകളുടെ ഉണങ്ങിയ അസ്ഥികൾ എന്തിനാണ് പരിശോധിക്കുന്നത്? രാജാവിന് മനസ്സിലായില്ല.

ഫിലിപ്പ് രാജാവ് ചോദിച്ചു: “അങ്ങ് താത്വികാചാര്യനാണല്ലോ. എന്തിനാണ് ഈ അസ്ഥികൾ പരിശോധിക്കുന്നത്?” അദ്ദേഹം പറഞ്ഞു: “മറ്റൊന്നിനുമല്ല, രാജാവിന്റെ അസ്ഥികളും

അടിമകളുടെ അസ്ഥികളും ഒരുപോലെയാണോ എന്ന് നോക്കിയതാണ്. രാജാവിന്റെ അസ്ഥികൾക്കും അടിമകളുടെ അസ്ഥികൾക്കും വ്യത്യാസമുണ്ടോ എന്നു നോക്കുകയാണ്." രാജാവ് അമ്പരന്നു നോക്കി: "എന്നിട്ട് എന്തു മനസ്സിലായി?"

"രാജാവിന്റെ അസ്ഥികൾക്കും അടിമയുടെ അസ്ഥികൾക്കും വ്യത്യാസമൊന്നുമില്ല." എന്നിട്ട് പറഞ്ഞു: "രാജാവേ, അങ്ങ് ഈ കുതിരയുടെ പുറത്തു കയറിപ്പോകുമ്പോൾ എത്രയോ അടിമകൾ താഴെവീണ് ഞെരിഞ്ഞമരുന്നുണ്ടാവും! എത്രയോ അടിമകളെ തട്ടിത്തകർത്തിട്ടാണ് അങ്ങ് പോകുന്നത്! ആരു മരിച്ചാലെന്ത്? ആർക്ക് ദോഷം വന്നാലെന്ത്? അങ്ങ് അധികാരമുള്ള ആളല്ലേ? അങ്ങേയ്ക്ക് അടിമകളെ എന്തും ചെയ്യാം. എന്നാൽ ഓർത്തുകൊള്ളണം. അങ്ങയുടെ അസ്ഥികളും ഈ മരിച്ചു വീഴുന്ന അസ്ഥികളും എല്ലാം ഒന്നുപോലെ തന്നെയാണ്. ഒരുദിവസം എല്ലാം ഒരുമിച്ചു കിടക്കും"

ഡയോജനീസ് പിന്നെയും പറഞ്ഞു: "രാജാവേ, ഒരു ദിവസം അങ്ങും അടിമയും ഈ ഭൂമിയിൽ നിന്ന് കടന്നു പോകും. അപ്പോഴാണ് അറിയുന്നത് നിങ്ങൾ മൂലം എത്രയോ പേര് അടിമത്വത്തിൽ ഞെരിഞ്ഞു പോയിട്ടുണ്ടെന്ന്." രാജാവ് ഈറനണിഞ്ഞ കണ്ണുകൾ തുടച്ചുകൊണ്ട് ആ കുതിരപ്പുറത്തു കയറിപ്പോയി.

ഏതെല്ലാം നിലവാരത്തിൽ ജീവിച്ചവനാണെങ്കിലും മരണമെന്ന ഒരു യാഥാർത്ഥ്യത്തെ നേരിടുമ്പോൾ തുല്യനാണ്, മാറ്റമില്ല. എത്ര പണ്ഡിതനാണെങ്കിലും പാമരനാണെങ്കിലും, എത്ര അഭ്യസ്തവിദ്യനാണെങ്കിലും നിരക്ഷരകുക്ഷിയാണെങ്കിലും, എത്ര സമ്പന്നനാണെങ്കിലും ദരിദ്രനാണെങ്കിലും മരണമെന്ന യാഥാർത്ഥ്യത്തെ നേരിടുമ്പോൾ ഒരുപോലെ. ഭൂമിയിൽ ജീവിച്ച കാലങ്ങൾ എങ്ങനെയായിരുന്നു? അത് അപ്പോഴാണ് നിർണ്ണയിക്കപ്പെടുന്നത്. നാം ദൈവത്തോടുള്ള നിരപ്പിലാണോ?

ഈ ഫിലിപ്പ് രാജാവിന്റെ മകനായ അലക്സാണ്ടർ ദി

ഗ്രേറ്റ് മരണത്തെക്കുറിച്ച് ചിന്തിച്ച ഒരു മനുഷ്യനാണ്. മരണത്തെ അതിജീവിക്കാൻ ആഗ്രഹിച്ച മനുഷ്യനാണ്. പക്ഷേ, മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അലക്സാണ്ടർ ദി ഗ്രേറ്റ് ഈ ഭൂമിയിൽ നിന്ന് കടന്നുപോയി. ലോകം മുഴുവൻ വെട്ടിപ്പിടിക്കാനാണ് അദ്ദേഹം ഒരുങ്ങിയത്. ലോകം മുഴുവൻ തന്റെ സാമ്രാജ്യത്തിൽ ചേർക്കാനാണ് അദ്ദേഹം ജൈത്രയാത്രയ്ക്ക് ഒരുങ്ങി പുറപ്പെട്ടത്. എന്നാൽ യാത്രാമദ്ധ്യത്തിൽ തന്നെ അദ്ദേഹം രോഗിയായിത്തീർന്നു. മുപ്പത്തിമൂന്നാമത്തെ വയസ്സിൽ അദ്ദേഹം മരിച്ചു.

ഇന്നും അലക്സാണ്ടർ ദി ഗ്രേറ്റ് എന്നുപറയുമ്പോൾ ലോകം ഉറ്റുനോക്കുന്ന ഒരു വലിയ വ്യക്തിത്വമാണ്. പക്ഷേ, അലക്സാണ്ടറും മരിച്ചു മണ്ണടിഞ്ഞു. മഹാന്മാർ ഈ ഭൂമിയിൽ നിന്നും ഓരോരുത്തരായി കടന്നുപോയി. നാമും മാറ്റപ്പെടും. അതിനുമുമ്പ് നാം ക്രിസ്തുവിലായിരിക്കണം. നാം ക്രിസ്തുവിന്നുള്ളവരായിരിക്കണം. ദൈവത്തോടു നിരപ്പു പ്രാപിക്കണം. എങ്കിൽ മാത്രമേ നാം ക്രിസ്തുവിൽ, ക്രിസ്തുവിന്നുള്ളവരുടെ നിരയിൽ ഉയിർത്തെഴുന്നേൽക്കുകയുള്ളൂ. ഞാനും നിങ്ങളും ആ ഒരു നല്ല ദിവസത്തിനു വേണ്ടി കാത്തിരിക്കുകയാണ്.

വാങ്ങിപ്പോയ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുന്ന കൂട്ടത്തിൽ ഞാനും ഉയിർത്തെഴുന്നേൽക്കണം. അന്ന് വിശുദ്ധന്മാരുടെ നിരയിൽ നിൽക്കണം. ഇല്ലെങ്കിൽ പത്തോ എഴുപതോ അല്ലെങ്കിൽ എൺപതോ അല്ല അതിൽ കൂടുതലോ കുറവോ വർഷങ്ങൾ ഈ ഭൂമിയിൽ ജീവിച്ചിരുന്നാലും പ്രയോജനപ്പെടുകയില്ല. വെറും താത്ക്കാലികമായ ജീവിതം! പ്രതാപമുണ്ട്, ഐശ്വര്യമുണ്ട്. അനേകർ വന്നു തൊഴുതു വണങ്ങുന്ന കാലമുണ്ട്. പറയുന്നതെന്തും ചെയ്തുതരാൻ താല്പര്യത്തോടെ വിനയത്തോടെ നിൽക്കുന്ന ആളുകളുണ്ട്. പക്ഷേ, ഇതെല്ലാം വെറും താത്ക്കാലികം.

ഇന്ന് പലരും നമ്മെ നോക്കി കൈകൂപ്പും. ചിലർ നാം

വരുമ്പോൾ എഴുന്നേറ്റു നിൽക്കും. വളരെ ഭയഭക്തിയോടെ ബഹുമാനത്തോടെ നിൽക്കും, ശരിയാണ്. പക്ഷേ, ഇതെല്ലാം കഴിഞ്ഞ് ഞാനെന്ന് പറയുന്ന ഈ മനുഷ്യൻ ഈ ഭൂമിയിൽ നിന്നു മാറ്റപ്പെടും. ഞാൻ അതിനു മുമ്പ് ക്രിസ്തുവിലാകണം. Be in Christ. ഞാൻ ക്രിസ്തുവിനുള്ളവനായിത്തീരണം. ക്രിസ്തുവിനുള്ളവരും ക്രിസ്തുവിലുള്ളവരും വിശുദ്ധന്മാരുടെ നിരയിൽ ഉയിർത്തെഴുന്നേൽക്കും.

1. ക്രിസ്തുവിലുള്ളവർ.
2. ക്രിസ്തുവിന്നുള്ളവർ.
3. കാത്തിരിക്കുന്നവർ.

അവർ വിശുദ്ധന്മാരുടെ നിരയിൽ പ്രത്യക്ഷപ്പെടും, വിശുദ്ധന്മാരുടെ നിരയിൽ ചേരും. വിശുദ്ധന്മാരുടെ നിരയിൽ ഉയിർത്തെഴുന്നേൽക്കും.

> *"ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കയാൽ ക്രിസ്തുവും അങ്ങനെതന്നേ അനേകരുടെ പാപങ്ങളെ ചുമപ്പാൻ ഒരിക്കൽ അർപ്പിക്കപ്പെട്ടു തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും."*
>
> *എബ്രായർ 9 : 27, 28*

കാത്തിരിക്കുന്നവരുടെ രക്ഷയ്ക്കായിട്ടാണ് അവൻ വരുന്നത്. തനിക്കുവേണ്ടി കാത്തിരിക്കുന്നവർ ആരുണ്ട്? കർത്താവിന്റെ രണ്ടാമത്തെ വരവിനുവേണ്ടി ആകാംക്ഷയോടെ, അത്യന്തം ഉത്സാഹത്തോടെ, പ്രസരിപ്പോടെ കാത്തിരിക്കുന്നവർ ആരുണ്ട്? നമ്മിൽ പലരും ഇതെല്ലാം കേൾക്കുകയും വായിക്കുകയും ചെയ്യുന്നുണ്ടെങ്കിലും നാം വിട്ടുകളയുകയാണ്. ഒരിക്കലും കേട്ടു വിട്ടുകളയരുത്. നാം ഒരു ചെവിയിൽ ക്കൂടി കേട്ടു മറുചെവിയിൽക്കൂടി കടന്നുപോകേണ്ട കാര്യങ്ങളല്ല ഇത്. നമ്മുടെ ഹൃദയത്തിൽ സംഗ്രഹിക്കേണ്ടതാണ്.

കർത്താവിന്റെ ഗംഭീരനാദം മുഴങ്ങുമ്പോൾ, പ്രധാനദൂതന്റെ ശബ്ദം മുഴങ്ങുമ്പോൾ, ദൈവത്തിന്റെ കാഹളം മുഴങ്ങുമ്പോൾ, വിശുദ്ധന്മാരായി കടന്നുപോയവർ ഉയിർത്തെഴുന്നേൽക്കുന്ന ആ ദിവസത്തിൽ ഞാനും നിങ്ങളും ഉയിർത്തെഴുന്നേറ്റ് കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടേണ്ടവരാണ്. നമ്മുടെ ഓരോരുത്തരുടെയും ലക്ഷ്യം അതായിരിക്കണം.

കാത്തുനിൽക്കുന്നവർക്കു മാത്രമേ വിശുദ്ധന്മാരുടെ നിരയിൽ ഉയിർത്തെഴുന്നേൽക്കാൻ സാധിക്കുകയുള്ളൂ. പാപികൾ അവിടെത്തന്നെ കിടക്കും. മാനസാന്തരപ്പെടാത്തവർ കല്ലറയിൽ, ശവക്കുഴിയിൽത്തന്നെ കിടക്കും. എന്നാൽ മാനസാന്തരപ്പെട്ട് വീണ്ടുംജനനം അനുഭവിച്ച്, കർത്താവായ യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ, യേശുക്രിസ്തുവിന്റെ ക്രൂശുമരണത്താൽ വീണ്ടെടുക്കപ്പെട്ടവർ, യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ടവർ, യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ രക്ഷിക്കപ്പെട്ടവർ, ഉയിർത്തെഴുന്നേൽക്കും. അവർ അന്ന് ഉയിർത്തെഴുന്നേൽക്കുന്നത് യേശുക്രിസ്തുവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്നവർ ആയിരുന്നതുകൊണ്ടാണ്.

ക്രിസ്തുവിനുള്ളവർ ഉയിർത്തെഴുന്നേൽക്കും. ക്രിസ്തുവിലുള്ളവർ ഉയിർത്തെഴുന്നേൽക്കും. കാത്തിരിക്കുന്നവർ ഉയിർത്തെഴുന്നേൽക്കും.

> *"തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും"* *എബ്രായർ 9 : 28*

യേശുക്രിസ്തു രണ്ടാമതു വരുന്നതു തനിക്കുവേണ്ടി ആരെല്ലാം കാത്തിരിക്കുന്നുവോ അവരെ സ്വർഗ്ഗമഹോന്നതങ്ങളിലേക്കു സ്വീകരിക്കാനാണ്.

> *"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാ*

*നദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്നു ഇറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോട് ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങളിൽ എടുക്കപ്പെടും; ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും."*

*1 തെസ്സലോനീക്യർ 4 : 16, 17*

സ്നേഹിതരേ, ഇന്ന് ഈ സമയത്ത് കർത്താവായ യേശു വീണ്ടും വരുന്നുവെങ്കിൽ, നാം ഇപ്പോൾ ജീവനോടെ ഇരിക്കുകയാണ്. നമ്മിൽ യേശുക്രിസ്തുവിന്റെ ആത്മാവു വസിക്കുന്നവർ മാത്രം, യേശുക്രിസ്തുവുമായി നിരപ്പായിരിക്കുന്നവർ മാത്രം, യേശുക്രിസ്തുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർ മാത്രം, യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വിശുദ്ധരായിത്തീർന്നവർ മാത്രം പറന്നുയരും. അല്ലാത്തവരെല്ലാം ഇവിടെ ശേഷിക്കും.

യേശുവിന്റെ സന്നിധിയിലേക്ക് പറന്നുയരുന്ന നീതിമാന്മാരുടെ കൂട്ടത്തിൽ, വിശുദ്ധന്മാരുടെ കൂട്ടത്തിൽ, രക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിൽ ഞാൻ കാണുമോ?

നാം ക്രിസ്തുവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്നവരാകണം. ക്രിസ്തുവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്നവർ കർത്താവിന്റെ വരവിങ്കൽ പറന്നുയരും. യേശുവിന്റെ വരവിനുവേണ്ടി കാത്തിരിക്കുന്നു. പിതാക്കന്മാർ നിഖ്യാവിശ്വാസ പ്രമാണത്തിൽ പറഞ്ഞല്ലോ.

"ജീവനുള്ളവരേയും മരിച്ചവരേയും ന്യായംവിധിപ്പാൻ തന്റെ വലിയ മഹത്വത്തോടെ ഇനിയും വരുവാനിരിക്കുന്നവനും."

ഇതെല്ലാം നാം കേട്ടിട്ടുള്ളതാണ്; നാം പറഞ്ഞിട്ടുള്ളതാ

ണ്; നാം അനുദിനം ചൊല്ലുന്നതാണ്. ജീവനുള്ളവരേയും മരിച്ചവരേയും ന്യായംവിധിക്കുന്ന ഒരു ദിവസമുണ്ട്. കർത്താവായ യേശുക്രിസ്തു വീണ്ടും വരും. മഹത്വത്തോടെ, തേജോമയനായി എഴുന്നള്ളി വരും. മുൾമുടിയേറ്റു കടന്നുപോയവൻ രാജകിരീടംചൂടി മടങ്ങിവരും. അടിയേറ്റു, തുപ്പലേറ്റു, കുരിശു വഹിച്ചു, യാതനയേറ്റു, കഷ്ടതയേറ്റു കടന്നുപോയി. ആ കുരിശിലെ യാഗത്തിന്റെ ഭയാനകമായ വേദനയിൽ പിടഞ്ഞുപിടഞ്ഞ് കർത്താവായ യേശു ഈ ഭൂമിയിൽനിന്ന് കടന്നുപോയി. കർത്താവ് ഒടുക്കം കരഞ്ഞത് ഇങ്ങനെയാണ്.

"എന്റെ ദൈവമേ, എന്റെ ദൈവമേ, നീയെന്നെ കൈവിട്ടതെന്ത്?"

പ്രിയപ്പെട്ടവരേ, എന്നാൽ രാജകിരീടം ചൂടി രാജാധിരാജൻ വീണ്ടും വരും. മഹത്വത്തിന്റെ തേജോമയമായ പ്രത്യക്ഷതയോടെ അവൻ വീണ്ടും വരും. തനിക്കായി കാത്തു നിൽക്കുന്നവരുടെ രക്ഷയ്ക്കായി വീണ്ടും പ്രത്യക്ഷനാകും.

ഇപ്പോൾ നിങ്ങൾ ചിന്തിക്കണം. കർത്താവേ, എനിക്ക് ഇനിയുള്ള ആയുസ്സിൽ യേശുവിന്റെ വരവിനുവേണ്ടി കാത്തിരിക്കണം. യേശുവിനുള്ളവനായി, യേശുവിലുള്ളവനായി, യേശുക്രിസ്തുവിന്റെ വരവിനായി കാത്തിരിക്കുന്നവനായി ഇനിയുള്ള ദിവസങ്ങൾ എനിക്ക് ജീവിക്കണം.

നിങ്ങളുടെ ജീവിതം സമർപ്പിക്കാൻ തോന്നുന്നുണ്ടോ? പാപത്തോട് യാത്രപറയാൻ തോന്നുന്നുണ്ടോ? ആ തിരുരക്തത്താൽ കഴുകൽ കിട്ടണമെന്നു നിങ്ങൾക്കാഗ്രഹമുണ്ടോ?

യേശുക്രിസ്തുവിന്റെ രക്തം! പാപിയെ വീണ്ടെടുക്കുന്ന രക്തം! അശുദ്ധനെ വിശുദ്ധനാക്കുന്ന രക്തം! ഏതു മഹാപാപിയേയും രൂപാന്തരപ്പെടുത്തുന്ന രക്തം! ഏതു നീതികെട്ടവനേയും നീതിമാനാക്കുന്ന രക്തം! നമ്മെ സ്നേഹിക്കുന്ന കർത്താവായ യേശുവിന്റെ പുണ്യനിണം! ആ തിരുരക്തം നിങ്ങളെ സമീപിക്കുകയാണ്. വേണമെങ്കിൽ നിങ്ങൾക്കു സ്വീകരിക്കാം.

ആ തിരുരക്തം നിങ്ങളുടെ തലമേൽ വയ്ക്കുവാൻ, നിങ്ങളുടെ നെറ്റിമേൽ പുരട്ടുവാൻ യേശുവിനു മനസ്സാണ്. വേണമെങ്കിൽ നിങ്ങൾക്കു വിനയപ്പെടാം.

കർത്താവേ, ഇനിയുള്ള കാലം ഇതുവരെ ജീവിച്ചതുപോലെയാവില്ല. I will never be the same. പഴയതുപോലെ ആയിരിക്കില്ല. ഞാനൊരു പുതിയ മനുഷ്യനായിരിക്കും. തീർച്ചയായും ഇനിയുള്ളകാലം ഞാൻ യേശുവിന്റെ വകയായി ജീവിക്കും. യേശുവിനോടു നിരപ്പുള്ളവനായി ജീവിക്കും. യേശുക്രിസ്തുവിൽ, യേശുക്രിസ്തുവിന്നുള്ളവനായി ഞാൻ ജീവിക്കും. യേശുക്രിസ്തുവിന്റെ വരവിനായി ഞാൻ കാത്തിരിക്കും. നാഥാ! നിന്റെ രണ്ടാമത്തെ വരവിൽ എന്നെക്കൂടി ചേർത്തുകൊള്ളണമേ.

നമുക്കു പ്രാർത്ഥിക്കാം. കരുണയുള്ള കർത്താവേ, നിന്റെ മഹത്വമേറിയ വചനങ്ങൾക്കായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. ഈ വചനം വായിച്ച നിന്റെ പ്രിയമക്കളെ എല്ലാവരേയും അവിടുന്ന് തൊടണമേ, അനുഗ്രഹിക്കണമേ, ആശീർവ്വദിക്കണമേ. അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി എല്ലാവരേയും ഒരുക്കണമേ. യേശുക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണമേ, ആമ്മേൻ.

# നാല്

*"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു."*

*വെളിപ്പാട് 20 : 6*

വിശുദ്ധന്മാർക്കാണ് ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുകിട്ടുന്നത്. യാതൊരു അശുദ്ധനും അവിടെ വന്നുചേരുകയില്ല. യാതൊരു അശുദ്ധനേയും സ്വീകരിക്കുകയില്ല.

*"അനീതി ചെയ്യുന്നവൻ ഇനിയും അനീതി ചെയ്യട്ടെ; അഴുക്കുള്ളവൻ ഇനിയും അഴുക്കാടട്ടെ; നീതിമാൻ ഇനിയും നീതി ചെയ്യട്ടെ; വിശുദ്ധൻ ഇനിയും തന്നെ വിശുദ്ധീകരിക്കട്ടെ. ഇതാ, ഞാൻ വേഗം വരുന്നു; ഓരോരുത്തന്നും അവനവന്റെ പ്രവൃത്തിക്കു തക്കവണ്ണം കൊടുപ്പാൻ പ്രതിഫലം എന്റെ പക്കൽ ഉണ്ട്. ഞാൻ അല്ഫയും ഒമേഗയും ഒന്നാമനും ഒടുക്കത്തവനും ആദിയും അന്തവും ആകുന്നു. ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽകൂടി നഗരത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ. നായ്ക്കളും ക്ഷുദ്രക്കാരും ദുർന്നടപ്പുകാരും കൊലപാതകന്മാരും ബിംബാരാധികളും ഭോഷ്കി ൽ പ്രിയപ്പെടുകയും അതിനെ പ്രവർത്തിക്കയും ചെയ്യുന്ന ഏവനും പുറത്തു തന്നേ."* *വെളിപ്പാട് 22 : 11 – 15*

വെളിപ്പാട്പുസ്തകത്തിൽ വ്യക്തമായി എല്ലാത്തിന്റെ

യും പരിസമാപ്തി കുറിച്ചുകൊണ്ട് പറയുകയാണ്, ആരെല്ലാം അകത്ത് ആരെല്ലാം പുറത്ത് എന്ന്. പാപികളേവരും പുറത്താ യിപ്പോകും. അന്ന്, രണ്ടു ചേരിയായി തിരിയും. അതുവരെയും ഒന്നിച്ചാണ്. പക്ഷേ, അന്ന് ഒരു വിഭാഗം ആളുകൾ അകത്തും ഒരു വിഭാഗം ആളുകൾ പുറത്തും ആകും. വിശുദ്ധന്മാർ അക ത്ത് സ്വീകരിക്കപ്പെടും; വിശുദ്ധന്മാർ കൈക്കൊള്ളപ്പെടും; വിശുദ്ധന്മാർക്കു മാത്രമേ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളൂ.

കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനു രണ്ടു പതനങ്ങൾ, ഘട്ടങ്ങൾ ഉണ്ട്:-

1. മേഘ പ്രത്യക്ഷത
2. മഹത്വ പ്രത്യക്ഷത

വിശുദ്ധന്മാരുടെ ഉൽപ്രാപണം നടക്കുന്ന സമയം, വിശു ദ്ധന്മാർ ഉത്ഥാനം ചെയ്യുന്ന സമയം, അത് മേഘപ്രത്യക്ഷതയാ ണ്. കർത്താവ് മേഘം വരെയേ വരുന്നുള്ളൂ. ആകാശമേഘ ങ്ങളുടെ ശോഭയിന്മേൽ അവിടുന്ന് വെളിപ്പെടും.

"ഖേദം വേണ്ടാ മശിഹായിൽ മൃതി പൂണ്ടോരേ!
ആസന്നം പ്രതിഫലമേകും പുനരു-ത്ഥാനദിനേ
കേടെന്യേ കബറുകളീന്നും - നിങ്ങളെഴുന്നേ-
റ്റതിവേഗം രാജാത്മജനെയെതിരേല്പ്പാനെത്തും
മഹിമാവിൻ-നീരാളം ചാർത്തി
തിരുമുമ്പിൽ-സ്തുതി പാടും നിങ്ങൾ
കനിവാലാദാം സുതജീവപ്രദനേ! കൃപ ചെയ്ക."

ആദാമിന്റെ മക്കൾക്ക് ജീവൻ പ്രദാനം ചെയ്യുന്നവനേ, ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. മൺമറഞ്ഞുപോയ അനേകമ നേകം വിശുദ്ധന്മാർ അന്ന് ഉയിർത്തെഴുന്നേൽക്കും. അവ രുടെ ഭൗതികശരീരം പൊളിഞ്ഞുപോകും; ഉതിർന്നുപോകും; കൂടാരമാകുന്ന ഭൗമഭവനം അഴിഞ്ഞുപോകും. കൈപ്പണിയ ല്ലാത്ത നിത്യഭവനം നമുക്കു ലഭിക്കും. അന്ന് മഹിമാവിൻ

നീരാളം - മഹിമയുടെ തേജസ്സിന്റെ വസ്ത്രം ധരിക്കും.

വിശുദ്ധന്മാർ പറന്നുയരുമ്പോൾ നാമും ആ കൂട്ടത്തിൽ പറന്നുയരണം. ഇന്നെന്നപോലെ ഒരു ദിവസം ഇതെല്ലാം സംഭവിക്കും. അന്ന് നാം അമ്പരപ്പിലാവാൻ പാടില്ല. അയ്യോ! ഞാൻ തെറ്റിപ്പോയല്ലോ, ഞാൻ ഒരുങ്ങിയില്ലല്ലോ, ഞാൻ കരുതേണ്ടതുപോലെ കരുതിയില്ലല്ലോ എന്നു പറയാൻ പറ്റില്ല.

ഇന്നു നാം ഒരുങ്ങണം. ഇന്നു നാം കരുതണം. ഇന്ന് കർത്താവ് സൗജന്യമായി തരുന്ന കല്യാണവസ്ത്രം കൈനീട്ടി വാങ്ങണം. ഇന്ന് കല്യാണവസ്ത്രം തരുന്ന ഒരു ബൂത്ത് ഉണ്ട്. അവിടെ കഴിഞ്ഞകാലങ്ങളൊന്നും നോക്കുകയേയില്ല. യേശുക്രിസ്തുവിന്റെ ക്രൂശുമരണത്തിൽ വിശ്വസിക്കുകയും പാപിയെ വീണ്ടെടുക്കാൻ വന്ന യേശുക്രിസ്തു എനിക്കു വേണ്ടിയാണ് ക്രൂശുമരണം വരിച്ചതെന്നു വിശ്വസിക്കുകയും എന്റെ പാപങ്ങളെല്ലാം യേശുക്രിസ്തു ഏറ്റെടുത്തു എന്ന് അംഗീകരിക്കുകയും വിശ്വസിക്കുകയും ചെയ്ത്, യേശുവേ, നിന്റെ തിരുരക്തത്താൽ എന്നെ കഴുകണമേ എന്ന് പ്രാർത്ഥിക്കുന്ന എല്ലാവർക്കും അന്ന് വിശുദ്ധീകരണം കിട്ടുകയാണ്. നീതിയിൻ വസ്ത്രം, കല്യാണവസ്ത്രം സൗജന്യമായി കിട്ടുകയാണ്. അവിടെ കണ്ടുകാഴ്ചയൊന്നും വേണ്ട. യാതൊരു സമ്മാനമോ വിലയോ കൊടുക്കേണ്ട.

> *"വിശ്വസിക്കുന്നവർക്ക് അവൻ തന്റെ രക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ പരസ്യമായി നിറുത്തിയിരിക്കുന്നു."* *റോമർ 3 : 25*

യേശുക്രിസ്തുവിന്റെ രക്തത്തിൽ, ക്രൂശുമരണത്തിൽ വിശ്വസിച്ചാൽ മാത്രം മതി. ചരിത്രത്തിന്റെ മദ്ധ്യത്തിൽ, ഈ പ്രപഞ്ചത്തിന്റെ മദ്ധ്യത്തിൽ ഭൂമിയിലേക്ക് എഴുന്നള്ളിവന്ന് രണ്ടു കൊള്ളക്കാരുടെ മദ്ധ്യത്തിൽ യേശുക്രിസ്തു ക്രൂശിക്കപ്പെട്ടത് എനിക്കുവേണ്ടിയാണെന്ന് വിശ്വസിക്കുക. എന്റെ ഓരോ പാപത്തിനും വേണ്ടിയുള്ള ശിക്ഷയാണ് യേശു

ക്രിസ്തു ക്രൂശിൽ വഹിച്ചതെന്നു വിശ്വസിക്കുക. പാപപ്രകൃതിയുള്ള മനുഷ്യസ്വഭാവത്തിന് രൂപാന്തരം വരുത്തുവാൻ വേണ്ടിയാണ് യേശുക്രിസ്തു ക്രൂശിൽ മരിച്ചതെന്ന് വിശ്വസിക്കുക. വിശ്വസിക്കുന്നവർക്ക് തന്റെ തിരുരക്തംമൂലം പ്രായശ്ചിത്തമാകുവാൻ ദൈവം അവനെ ക്രൂശിന്മേൽ പരസ്യമായി നിറുത്തിയിരിക്കുന്നു. വിശ്വസിച്ചാൽ മാത്രം മതി.

രാജാവിന്റെ കല്യാണസദ്യയ്ക്ക് അനേകർ ക്ഷണിക്കപ്പെട്ടു. എല്ലാവരും വന്നു. കല്യാണശാല വിരുന്നുകാരെക്കൊണ്ട് നിറഞ്ഞു. വിരുന്നുകാരെ നോക്കുവാൻ യജമാനൻ വിരുന്നുശാലയിലേക്ക് വന്നു. അപ്പോഴുണ്ട് അവിടെ ഒരാൾ കല്യാണവസ്ത്രം ധരിക്കാതെ ഇരിക്കുന്നു. എങ്ങനെയായിരിക്കും കടന്നുവന്നത്? പുറത്ത് ബൂത്തുണ്ട്. അവിടെച്ചെന്ന് സൗജന്യമായി കൈനീട്ടി വാങ്ങിയാൽ മതി, വസ്ത്രം കിട്ടും. പക്ഷേ, ഇയാൾ പോയില്ല. അയാൾ വിചാരിച്ചു: എല്ലാവരും കടക്കുന്നു, എനിക്കും കടക്കാം. വന്നു, കടന്നു.

യജമാനൻ അടുക്കലേക്കു ചെന്നു: സ്നേഹിതാ, നീ എന്താണ് കല്യാണവസ്ത്രം ധരിക്കാതെ ഈ വിരുന്നുശാലയ്ക്കകത്ത് വന്നത്? അവന് ഉത്തരംമുട്ടിപ്പോയി. അവന് ഒന്നും പറയാനില്ല. എങ്ങനെ വന്നു എന്ന് പറയാനില്ല. ഒരു ന്യായവും പറയാനില്ല. എല്ലാം മിണ്ടടങ്ങിപ്പോയി. മിണ്ടാനൊന്നുമില്ല. പറയാൻ ഒരു മറുപടിയും ഇല്ല. ഒരു ന്യായീകരണവുമില്ല. യജമാനൻ തന്റെ ദാസന്മാരോട് പറഞ്ഞു:

> *“ഇവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും.” മത്തായി 22 : 13*

സൗജന്യമായി തരുന്നത് സ്വീകരിക്കാത്തവന് ഏറ്റവും പുറത്തുള്ള ഇരുട്ടാണ് കിട്ടാൻ പോകുന്നത്. അവൻ കൈനീട്ടി സൗജന്യമായി കിട്ടുന്നത് സ്വീകരിക്കാൻ മനസ്സില്ലാതെ നിന്നു. മറ്റുള്ളവർ സൗജന്യമായി കല്യാണവസ്ത്രം വാങ്ങി പുതച്ചു

കൊണ്ട് അകത്തു ചെന്നു. ഇവൻ കല്യാണവസ്ത്രം ഇല്ലാതെ അകത്തു ചെന്നു. അവൻ കല്യാണവസ്ത്രത്തിന്, ക്രിസ്തുവിന്റെ നീതിയിൽ വസ്ത്രത്തിന്, ക്രിസ്തുവിന്റെ ദേഹമെന്ന തിരശ്ശീല ചിന്തിയ ആ വിശുദ്ധ വസ്ത്രത്തിന് വില കൊടുത്തില്ല.

ദേഹമെന്ന തിരശ്ശീലചീന്തി, തന്റെ തിരുശരീരം മുറിക്കപ്പെട്ട് കർത്താവ് നമുക്ക് കല്യാണവസ്ത്രം തന്നു. എന്നാൽ അവനത് വിശ്വാസമില്ല. സൗജന്യമായി സ്വീകരിക്കാൻ മനസ്സില്ല. അവന്റെ ധാരണ വേറെ എന്തെല്ലാമോ നന്മപ്രവൃത്തികൾ, പുണ്യപ്രവൃത്തികൾ ചെയ്താൽ രക്ഷ കിട്ടും എന്നാണ്. അഗതികൾക്ക് ആഹാരം കൊടുത്താൽ രക്ഷ കിട്ടും എന്നാണ്. അതെല്ലാം രക്ഷിക്കപ്പെട്ടവന്റെ പ്രവൃത്തിയാണ്.

അഗതികൾക്ക് സഹായം ചെയ്യുക; പാവപ്പെട്ടവരെ, രോഗികളെ സഹായിക്കുക; ആഹാരമില്ലാത്തവന് ആഹാരം കൊടുക്കുക; തീർച്ചയായിട്ടും ഇതെല്ലാം ചെയ്യണം. രക്ഷ അനുഭവിച്ചവൻ, രക്ഷിക്കപ്പെട്ടവൻ, രക്ഷ ഹൃദയത്തിലും ജീവിതത്തിലും ലഭിച്ചവൻ തീർച്ചയായും ഉപകാരപ്രവൃത്തികളും മനോഗുണപ്രവൃത്തികളും ചെയ്തിരിക്കും. എന്നാൽ മനോഗുണപ്രവൃത്തികൾ ചെയ്ത് സ്വർഗ്ഗരാജ്യത്തിൽ പോകാമെന്ന് ആരും ധരിക്കണ്ട.

പ്രിയപ്പെട്ടവരേ, ശവശരീരത്തിൽ ആഭരണങ്ങൾ അണിയിക്കുന്നതു പോലെയാണ് അതെല്ലാം. ശവശരീരത്തിൽ ആഭരണങ്ങൾ അണിയിക്കുന്നു. വിശിഷ്ടവസ്ത്രങ്ങൾ ധരിപ്പിക്കുന്നു. എന്തു പ്രയോജനം? പ്രിയപ്പെട്ടവരേ, മരിച്ച ശരീരത്തിനു വേണ്ടത് ജീവനാണ്. പുറമെ അനേകം നേർച്ചകളും കാഴ്ചകളും വഴിപാടുകളും അർപ്പിക്കുന്നു. നല്ല നല്ല കാര്യങ്ങൾ ചെയ്യുന്നു. പക്ഷേ, ഇതെല്ലാം രക്ഷ അനുഭവിച്ചതിനുശേഷം ചെയ്യേണ്ട കാര്യങ്ങളാണ്. യേശുവുമായി നിരപ്പില്ലാതെ ഇതെല്ലാം ചെയ്താൽ, എല്ലാം പൂജ്യമാണ്.

ഞാനൊരു നല്ല പ്രവൃത്തി ചെയ്യുമ്പോൾ അത് നാലു പേരറിയണമെന്നും മറ്റുള്ളവർ കാണത്തക്കവണ്ണം ഫോട്ടോ എടുക്കണമെന്നും അത് പത്രത്തിൽ വരണമെന്നും ആഗ്രഹിക്കുമ്പോൾ, എന്റെ സ്വയത്തെ (ego, self) യാണ് ഞാൻ പോഷിപ്പിക്കുന്നത്. എന്റെ നല്ല പ്രവൃത്തി, എന്റെ പ്രാർത്ഥന നാലു പേരു കാണണം. ഞാൻ ചെയ്ത മനോഗുണപ്രവൃത്തികൾ, ഞാൻ സാധുക്കളെ സഹായിച്ചത് കുറെ പേർ കാണണം. അങ്ങനെ ആളുകൾ എന്നെ പ്രശംസിക്കണം എന്നുള്ള ആഗ്രഹം എന്റെ ഉള്ളിൽ വരുന്നുണ്ടെങ്കിൽ ഞാൻ എത്ര അല്പനാണ്! ഞാൻ എത്ര നിസ്സാരനാണ്! പ്രിയപ്പെട്ടവരേ, ഈ പുണ്യപ്രവൃത്തി കൊണ്ടൊന്നും രക്ഷപ്പെടുകയില്ല.

ഒരുത്തൻ കല്യാണവസ്ത്രം ധരിക്കാതെ അകത്തുവന്നു. സ്നേഹിതാ, നീ കല്യാണവസ്ത്രം ധരിക്കാതെ അകത്തു വന്നതെങ്ങനെ? അവന് ഉത്തരം മുട്ടിപ്പോയി. പറയാൻ മറുപടിയില്ല. ഉത്തരം മുട്ടിപ്പോകുന്ന ഒരു സമയമുണ്ട്, മറക്കരുത്. മറുപടി പറയാൻ നിർവ്വാഹമില്ലാത്ത ഒരു സമയമുണ്ട്. അന്ന് ഒന്നും പറയാനാകാതെ നിൽക്കും. അപ്പോഴാണ് കാര്യങ്ങൾ ശരിയായി വെളിപ്പെടുന്നത്. അപ്പോൾ നാം അമ്പരപ്പിലാകും.

അയ്യോ! അബദ്ധം പറ്റിപ്പോയല്ലോ! നല്ല നല്ല കാലങ്ങൾ നഷ്ടപ്പെടുത്തിപ്പോയല്ലോ! എനിക്ക് ദൈവം വചനം തന്ന സമയങ്ങളുണ്ടല്ലോ. കർത്താവ് സുബോധം തന്ന സമയങ്ങളുണ്ടല്ലോ. ദൈവത്തിന്റെ ജീവനുള്ള വചനങ്ങൾ തന്ന സമയങ്ങളുണ്ടല്ലോ. എല്ലാം നഷ്ടപ്പെട്ടുപോയല്ലോ! കർത്താവേ, എല്ലാം നഷ്ടപ്പെടുത്തിക്കളഞ്ഞല്ലോ.

അപ്പോഴാണ് നാം അമ്പരപ്പിലാവുന്നത്. അപ്പോഴാണ് നാം അനുതപിക്കുന്നത്. പക്ഷേ, സമയം കഴിഞ്ഞുള്ള അനുതാപം പ്രയോജനം വരുത്തുകയില്ല. സമയം കഴിഞ്ഞ് അനുതപിച്ചതുകൊണ്ടു പ്രയോജനമില്ല. അവന് ഉത്തരം മുട്ടിപ്പോയി. രാജാവ് കല്പിച്ചു.

*“ഇവനെ കൈയും കാലും കെട്ടി ഏറ്റവും പുറത്തുള്ള ഇരുട്ടിൽ തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും.”*

*മത്തായി 22 : 13*

ഏറ്റവും പുറത്തുള്ള ഇരുട്ട്! Outer Darkness! ഞാൻ ഞെട്ടലോടെ ചിന്തിച്ച ഒരു കാര്യമുണ്ട്. അവൻ വിരുന്നുകാരുടെകൂടെ സഞ്ചരിച്ചു; കല്യാണശാലയ്ക്കകത്തു വന്നു; വിരുന്നുശാലയ്ക്കകത്ത്, വിരുന്നുകാരുടെ കൂടെ ഇരുന്നു. പക്ഷേ, കല്യാണവസ്ത്രം ഉണ്ടായിരുന്നില്ല. അവൻ ഒരു അന്യായപ്രവൃത്തിയോ പാപമോ മോഷണമോ കൊലപാതകമോ വ്യഭിചാരമോ കവർച്ചയോ ചെയ്തതായിട്ട് കാണുന്നില്ല. ആ മനുഷ്യൻ കല്യാണവസ്ത്രം സൗജന്യമായി കിട്ടുന്നത് നിഷേധിച്ചു എന്നു മാത്രം. സൗജന്യമായിതരുന്ന ഒരു ബൂത്ത് അവന്റെ വീടിന്റെ അടുത്തുതന്നെ ഉണ്ടായിരുന്നു. പക്ഷേ, അവൻ തിരിഞ്ഞു നോക്കിയില്ല. അവൻ ഏറ്റവും പുറത്തേക്കുള്ള ഇരുട്ടിലേക്ക് പോയി.

ഇതുപോലെ ഞാൻ ഭയന്ന മറ്റൊരു കാര്യമുണ്ട്. അഞ്ചു താലന്തു ലഭിച്ചവൻ അഞ്ചു താലന്തും രണ്ടു താലന്തു ലഭിച്ചവൻ രണ്ടു താലന്തും നേടി. ഒരു താലന്തു ലഭിച്ചവൻ അതു വിനിമയം ചെയ്തില്ല; വ്യാപാരം ചെയ്തില്ല; ലാഭം ഉണ്ടാക്കിയില്ല. അവൻ യജമാനൻ വന്ന് കണക്കുതീർത്തപ്പോൾ തനിക്കു കിട്ടിയ താലന്ത് തിരികെ കൊണ്ടുവന്നു. നിന്റേതിതാ, എടുത്തു കൊൾക എന്ന് അവൻ പറഞ്ഞു.

*“എന്നാൽ കൊള്ളരുതാത്ത ദാസനെ ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളിക്കളവിൻ; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും.”*

*മത്തായി 25 : 30*

അയ്യോ! കഷ്ടം! അവനും പാപമൊന്നും ചെയ്തതായിട്ട് കാണുന്നില്ല. അവന് കിട്ടിയ താലന്ത് അവൻ മറച്ചുവച്ചു.

അവൻ ഒളിച്ചുവച്ചു. ഞാൻ ഈ കൂട്ടായ്മയിലാണെന്നു പറഞ്ഞാൽ ഒരു മോശമല്ലേ? ആളുകൾ എന്തു വിചാരിക്കും? പള്ളിക്കാർക്ക് എന്നോടു ബഹുമാനം കുറഞ്ഞു പോവില്ലേ? പള്ളിയിലുള്ള സ്ഥാനമാനങ്ങൾ പോവില്ലേ? എന്നെല്ലാം ചിന്തിച്ചു.

പ്രിയപ്പെട്ടവരേ, സംഭവിക്കുന്നതെന്താണ്? താലന്ത് ഒളിച്ചുവച്ചാൽ, കിട്ടിയ താലന്തു മറച്ചുവച്ചാൽ സംഭവിക്കാൻ പോകുന്നത് ഏറ്റവും പുറത്തുള്ള ഇരുട്ടിലേയ്ക്ക് തള്ളപ്പെടുന്ന ഭയാനകമായ ശിക്ഷാവിധിയാണ്. ചിന്തിച്ചു നോക്കൂ: എന്റെ കർത്താവേ, എനിക്കു കിട്ടിയ താലന്തുകൾ വല്ലതും ഞാൻ മറച്ചു വച്ചുവോ? നീ എന്നെ ഭരമേല്പിച്ച കൃപകൾ ഏതെങ്കിലും ലോകബഹുമാന്യതയ്ക്കുവേണ്ടിയോ ലോകപ്രീതിയ്ക്കുവേണ്ടിയോ ഒളിച്ചുവച്ചുവോ?

സ്നേഹിതരേ, നിങ്ങൾ ചിന്തിക്കുവിൻ. ഏറ്റവും പുറത്തുള്ള ഇരുട്ടിലേക്കു തള്ളപ്പെടാതിരിക്കണമെങ്കിൽ ഇന്ന് കല്യാണവസ്ത്രം വാങ്ങിക്കൊള്ളണം. മഹിമാവിൻ നീരാളം പുതച്ചുകൊള്ളണം. നീതിയിൻവസ്ത്രം ധരിച്ചുകൊള്ളണം. എല്ലാം സൗജന്യമാണ്.

> *"ഒരു വ്യത്യാസവുമില്ല; എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു, അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്."* *റോമർ 3 : 23, 24*

നിത്യനായ പിതാവിന്റെ കൃപയാൽ, ക്രിസ്തു ക്രൂശിൽ നിർവ്വഹിച്ച വീണ്ടെടുപ്പു മരണംമൂലം സൗജന്യമായ നീതീകരണം ലഭിക്കും. പത്തു പൈസ മുടക്കണ്ട; ഒരു സംഭാവനയും കൊടുക്കണ്ട; നാം ഒന്നും ചെയ്യണ്ട.

ഒരിക്കൽ ഒരു ഖനിതൊഴിലാളി, തോമസ് കാംബൽ എന്ന വിശുദ്ധനായ ദൈവപുരുഷന്റെ അടുക്കൽ ചെന്നു. സംസാ

രിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹം പറഞ്ഞു: "സൗജന്യമായിട്ടാണ് രക്ഷ." കാംബൽ ഇതു പറഞ്ഞപ്പോൾ ഖനി തൊഴിലാളിക്ക് ഒന്നും മനസ്സിലായില്ല."അപ്പോൾ ആത്മാവിന്റെ രക്ഷകിട്ടാൻ ഞാൻ ഒന്നും ചെയ്യണ്ട എന്നോ? ഒരു പൈസയും മുടക്കണ്ട എന്നോ?" അവൻ ചോദിച്ചു.

"വേണ്ട. നീ ഒന്നും ചെയ്യണ്ട"

"എനിക്കൊന്നും മനസ്സിലാവുന്നില്ല. ഞാൻ ഒന്നും ചെയ്യാതെ എന്റെ പാപം മോചിച്ചു കിട്ടുന്നത് എങ്ങനെയാണ്? ഞാൻ ഒന്നും ചെയ്യണ്ടേ?"

"വേണ്ട മോനേ, ഒന്നും വേണ്ട. അത് മുഴുവനും സൗജന്യമാണ്. സൗജന്യമാണ് ദൈവസ്നേഹം, ദൈവകൃപ." അദ്ദേഹം പറഞ്ഞുകൊടുത്തു:

*"അവന്റെ കൃപയാൽ ക്രിസ്തുയേശുവിങ്കലെ വീണ്ടെടുപ്പുമൂലം സൗജന്യമായത്രേ നീതീകരിക്കപ്പെടുന്നത്." റോമർ 3 : 24*

എന്നിട്ടും അവന് മനസ്സിലാവുന്നില്ല. കാംബൽ വിശദീകരിച്ചുകൊടുത്തു:

കാംബൽ ചോദിച്ചു: നിന്റെ തൊഴിലെന്താണ്? "ഞാനൊരു ഖനി തൊഴിലാളിയാണ്." അവൻ പറഞ്ഞു. "ഈ ഖനിയിലേക്ക് നീ പോകുന്നതെങ്ങനെയാണ്?"

"ഖനി, അങ്ങ് വളരെ വളരെ ആഴങ്ങളിലാണ്. ഞാൻ പോകുന്നത് ഒരു elevator-ൽ ആണ്. താഴോട്ടു പോകുന്നതും പൊങ്ങിവരുന്നതും ആ യന്ത്രസംവിധാനത്തിൽ തന്നെയാണ്."

"അപ്പോൾ ഇത്രയും ആഴത്തിലേക്ക് പോകുന്നതിന് നിനക്ക് ഒരു ചെലവുമില്ലേ?"

"ഞാനെന്തിനാണ് ചെലവു ചെയ്യുന്നത്? അത് കമ്പനി ചെയ്യും. കമ്പനി എന്നെ അങ്ങോട്ടു വിടുന്നതിനുള്ള യന്ത്രസജ്ജീകരണമൊരുക്കിയിട്ടുണ്ട്. അതിൽ ഞാൻ താഴോട്ടു പോ

കും."

"അപ്പോൾ നിന്നെ താഴെ നിന്ന് മുകളിലേക്ക് പൊക്കിക്കൊണ്ടു വരാൻ നീ ഒന്നും ചെയ്യണ്ട എന്നാണോ പറയുന്നത്? ഒരു വിലയും കൊടുക്കണ്ടേ?"

"വേണ്ട, ഞാൻ ഈ ഖനിയിലെ തൊഴിലാളിയാണ്. എനിക്ക് താഴെനിന്ന് പൊങ്ങിവരാൻ ആ യന്ത്രസജ്ജീകരണമുണ്ട്. ആ elevator-ൽ ഞാൻ മുകളിലേക്കുവരും."

"അതിന് നീ ഒട്ടും അദ്ധ്വാനിക്കണ്ടേ?"

"വേണ്ട. ഞാൻ elevator-ൽ കയറിനിന്നാൽ മതി. അതു മാത്രമേ എനിക്കു ചുമതലയുള്ളൂ."

ഉടനെ കാംബൽ പറഞ്ഞുകൊടുത്തു: "മകനേ, നിനക്കു മനസ്സിലായോ? നീ ഒന്നും ചെയ്യാതെ അഗാധങ്ങളിലേക്കു പോകും. നീ ഒന്നും ചെയ്യാതെ അഗാധങ്ങളിൽനിന്ന് മേലോട്ടു കയറി വരും. അത് നിന്റെ പരിശ്രമം കൊണ്ടല്ല. നിന്റെ പൈസ മുടക്കിയതുകൊണ്ടല്ല. വേറൊരാൾ നിനക്കുവേണ്ടി ചെയ്തു. നിന്നെ താഴോട്ടുകൊണ്ടുപോകാനും മുകളിലേക്കു കൊണ്ടുവരാനും ഒരാൾ നിനക്കുവേണ്ടി പൈസ ചെലവു ചെയ്തു. അതു മനസ്സിലായോ?"

"ഉവ്വ്, അതെനിക്കു മനസ്സിലായി."

"എന്നതുപോലെ നിന്നെ പാപത്തിൽനിന്ന് ഉദ്ധരിക്കാൻ, പിശാചിന്റെ കൈയിൽ നിന്ന് വിടുവിക്കാൻ യേശുക്രിസ്തു നിനക്കുവേണ്ടി വിലകൊടുത്തു."

"യേശുക്രിസ്തുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തം! ജീവരക്തം!" അവന് രക്ഷയുടെ മർമ്മം മനസ്സിലായി.

എന്റെ ബഹുമാന്യ സഹോദരീ സഹോദരങ്ങളേ, യേശുക്രിസ്തു നിങ്ങൾക്കുവേണ്ടി വില കൊടുത്തിരിക്കുന്നു. നീതിയിൻവസ്ത്രം നിങ്ങൾക്കു തരുവാൻ, കല്യാണവസ്ത്രം നിങ്ങ

ളെ പുതപ്പിയ്ക്കുവാൻ കർത്താവ് വില കൊടുത്തിരിക്കുന്നു. നിങ്ങൾ ഒന്നും ചെയ്യേണ്ടതില്ല. സൗജന്യമായി വിശ്വാസത്താൽ ഏറ്റുവാങ്ങിയാൽ മതി.

നമ്മുടെ പേരിൽ  വലിയൊരു കടം കടയിലെ കണക്കുബുക്കിലുണ്ടായിരുന്നു. വലിയൊരു തുകയാണ്. ആരു തീർക്കും? നമ്മുടെ ആയുസ്സിൽ തീർക്കാൻ സാധിക്കയില്ല. യജമാനൻ വന്ന് ആ കണക്കുബുക്കിൽനിന്ന് നിന്റെ പേരിലെഴുതപ്പെട്ടിരുന്ന ആ കടച്ചീട്ട് കീറിക്കളഞ്ഞു. അകൃത്യങ്ങളുടെ എല്ലാ ലിസ്റ്റും കീറിക്കളഞ്ഞു. കൊലൊസ്യർ രണ്ടാം അദ്ധ്യായത്തിൽ പറയുന്നു:

> *“അതിക്രമങ്ങൾ ഒക്കെയും നമ്മോടു ക്ഷമിച്ച ചട്ടങ്ങളാൽ നമുക്ക് വിരോധവും പ്രതികൂലവുമായിരുന്ന കൈയെഴുത്ത് മായിച്ച് ക്രൂശിൽ തറച്ചു നടുവിൽനിന്ന് നീക്കിക്കളഞ്ഞു.”  കൊലൊസ്യർ 2 : 14*

നീ നോക്കുമ്പോൾ നിന്റെ പാപങ്ങളെല്ലാം കുരിശിൽ തറയ്ക്കപ്പെട്ടു കിടക്കുന്നു. നിന്റെ പേരിൽ പുസ്തകത്തിലുണ്ടായിരുന്ന ലിസ്റ്റ് ഇപ്പോൾ കുരിശിൽ തറച്ച് പരസ്യമായ കാഴ്ചയാക്കി വച്ചിരിക്കുന്നു. സാത്താന്റെ തല അവൻ ചതച്ചു. സാത്താന്റെ എല്ലാ ശക്തികളും അവൻ ക്ഷയിപ്പിച്ചു. അങ്ങനെ അവൻ നമുക്ക് മോചനം തന്നിരിക്കുന്നു.

സ്നേഹിതരേ, ഈ സൗജന്യമായവസ്ത്രം വേണമോ നിങ്ങൾക്ക്? അതിന് പത്തു ദിവസമോ, ഇരുപത്തൊന്നു ദിവസമോ ഉപവാസമെടുക്കണ്ട. നാൽപ്പതു ദിവസം നോമ്പു നോക്കണ്ട. പലദിവസങ്ങൾ അതിനുവേണ്ടി ജാഗരിച്ചിരിക്കേണ്ട. നോമ്പും ഉപവാസവും നല്ലതാണ്. പക്ഷേ, വേണമെന്നില്ല. ഇതു കിട്ടുന്നതിനായി ക്രിസ്തു നിനക്കുവേണ്ടി എല്ലാം ചെയ്തിരിക്കുന്നു. നീ എല്ലാം കൈനീട്ടി വാങ്ങുക.

നാഥാ! ഞാനിതാ ഒരു പാപിയായ മനുഷ്യൻ. കർത്താവേ, നന്മപറയാൻ, അവകാശം പറയാൻ ഒന്നുമില്ല. നീതിപറ

യാൻ ഒന്നുമില്ല. നിന്റെ മുമ്പാകെ ഞാൻ ഇതാ പിടിക്കപ്പെട്ടു വന്നിരിക്കുന്നു. എന്നോടു മനസ്സലിയണമേ. എന്റെ പാപങ്ങളും അകൃത്യങ്ങളും കണക്കിടരുതേ.

കർത്താവേ, എന്നെ നിന്റെ തിരുവസ്ത്രത്താൽ പൊതിയണമേ. ആ തിരുരക്തത്താൽ എന്നെ പൊതിയണമേ. എന്റെ അകൃത്യങ്ങളും പാപങ്ങളും മറയ്ക്കണമേ. എന്നെ വിശുദ്ധീകരിക്കണമേ. വിശുദ്ധന്മാർ മാത്രം പറന്നുയരുന്ന സമയത്ത് ഞാനും ആ കൂട്ടത്തിൽ പറന്നുയരുവാൻ തക്കവണ്ണം എന്നെ നീ രൂപാന്തരപ്പെടുത്തണമേ.

*"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു."*

*വെളിപ്പാട് 20 : 6*

വിശുദ്ധന്മാരുടെ നിരയിൽ നിൽപ്പാൻ എനിക്കു ഭാഗ്യം തരണമേ. യേശുക്രിസ്തുവിൽ ഉള്ളവർ, യേശുക്രിസ്തുവിനുള്ളവർ, കാത്തിരിക്കുന്നവർ, വിശുദ്ധന്മാർ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരാകും.

## അഞ്ച്

*"എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ; അതേ, അവർ തങ്ങളുടെ പ്രയത്നങ്ങളിൽനിന്നു വിശ്രമിക്കേണ്ടതാകുന്നു; അവരുടെ പ്രവൃത്തി അവരെ പിന്തുടരുന്നു."*

*വെളിപ്പാട് 14 : 13*

ക്രിസ്തുവിൽ മരിച്ചാൽ മാത്രമേ ക്രിസ്തുവിൽ ഉയിർത്തെഴുന്നേൽക്കാൻ സാധിക്കുകയുള്ളൂ. ഒരു വിശ്വാസിയുടെ പ്രത്യാശ, കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിൽ ക്രിസ്തുവിന്റെ സന്നിധിയിലേക്ക് പറന്നുയരും എന്നുള്ളതാണ്. യേശുക്രിസ്തുവിന്റെ പുനരാഗമനം ഓരോ വിശ്വാസിയുടെയും മഹത്വകരമായ പ്രത്യാശയാണ്.

യേശുക്രിസ്തുവിന്റെ രണ്ടാമത്തെവരവിൽ വിശുദ്ധന്മാർമാത്രം പറന്നുയരും. ജീവനോടെയിരിക്കുന്ന വിശുദ്ധന്മാർ രൂപാന്തരപ്പെടും. വാങ്ങിപ്പോയ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. ഉയിർത്തെഴുന്നേൽക്കുന്നത് ആരെല്ലാമാണെന്ന് തിരുവചനം വ്യക്തമായി പറയുന്നു.

1. യേശുക്രിസ്തുവിലുള്ളവർ ഉയിർത്തെഴുന്നേൽക്കും – Those who are in Christ.
2. ക്രിസ്തുവിനുള്ളവർ ഉയിർത്തെഴുന്നേൽക്കും– Those who belong to Christ.
3. കാത്തിരിക്കുന്നവർ ഉയിർത്തെഴുന്നേൽക്കും.
4. ഒരുങ്ങിയിരിക്കുന്നവർ ഉയിർത്തെഴുന്നേൽക്കും.

*“സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ വിളക്ക് എടുത്തുംകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചുപേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്ക് എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു. പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കംപിടിച്ചു ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേൽപ്പാൻ പുറപ്പെടുവിൻ എന്ന് ആർപ്പുവിളി ഉണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിയിച്ചു. എന്നാൽ ബുദ്ധിയില്ലാത്തവർ ബുദ്ധിയുള്ളവരോട്: ഞങ്ങളുടെ വിളക്ക് കെട്ടുപോകുന്നതുകൊണ്ട് നിങ്ങളുടെ എണ്ണയിൽ കുറെ ഞങ്ങൾക്കു തരുവിൻ എന്നു പറഞ്ഞു. ബുദ്ധിയുള്ളവർ: ഞങ്ങൾക്കും നിങ്ങൾക്കും പോരാ എന്നു വരാതിരിപ്പാൻ നിങ്ങൾ വിൽക്കുന്നവരുടെ അടുക്കൽ പോയി വാങ്ങിക്കൊൾവിൻ എന്ന് ഉത്തരം പറഞ്ഞു. അവർ വാങ്ങുവാൻ പോയപ്പോൾ മണവാളൻ വന്നു; ഒരുങ്ങിയിരുന്നവർ അവനോടുകൂടെ കല്യാണസദ്യയ്ക്കു ചെന്നു; വാതിൽ അടയ്ക്കയും ചെയ്തു. അതിന്റെ ശേഷം മറ്റെ കന്യകമാരും വന്നു: കർത്താവേ, കർത്താവേ ഞങ്ങൾക്കു തുറക്കേണമേ എന്നു പറഞ്ഞു. അതിന്നു അവൻ: ഞാൻ നിങ്ങളെ അറിയുന്നില്ല എന്നു സത്യമായിട്ടു നിങ്ങളോടു പറയുന്നു എന്നു പറഞ്ഞു. ആകയാൽ നാളും നാഴികയും നിങ്ങൾ അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ.”*

*മത്തായി 25 : 1 – 13*

പത്തുകന്യകമാരുടെ ഉപമയിൽ അഞ്ചു കന്യകമാർ ബുദ്ധിയുള്ളവരും അഞ്ചുകന്യകമാർ ബുദ്ധിയില്ലാത്തവരുമായിരുന്നു. അവർ എല്ലാവരും കർത്താവിന്റെ വരവിൽ വിശ്വസിച്ചവരായിരുന്നു. മണവാളൻ വരും എന്ന് വിശ്വാസമുള്ളവർ! ക്രിസ്തു വരുന്ന സമയത്ത് അവനെ എതിരേൽക്കണമെന്ന് ആഗ്രഹമുള്ളവർ! അതിനുവേണ്ടി തയ്യാറായിട്ടാണ് പത്തുപേരും ഇരുന്നത്.

എല്ലാവരും ക്രിസ്ത്യാനികളായിരുന്നു. വേദപുസ്തകം അറിയുന്നവരായിരുന്നു. വചനം അറിയാവുന്നവരായിരുന്നു. പലകാര്യങ്ങളിൽ അവരെല്ലാം തുല്യരായിരുന്നു. മണവാളൻ വരാൻ താമസിച്ചപ്പോൾ അവർ ഒരുമിച്ചു തന്നെയാണ് കിടന്നുറങ്ങിയത്. മണവാളൻ വരുന്നു എന്ന ആർപ്പുവിളി ഉണ്ടായപ്പോൾ ഒരുമിച്ചുതന്നെയാണ് ഉണർന്നത്. പക്ഷേ, അഞ്ചുപേർ ബുദ്ധിയുള്ളവരായിരുന്നു. അഞ്ചുപേർ ബുദ്ധിയില്ലാത്തവരായിരുന്നു. ഓർക്കുക, നാം ക്രിസ്തീയ ജീവിതത്തിൽ ബുദ്ധിയുള്ളവരാണോ?

എന്താണ് ബുദ്ധി? വിളക്കിൽ എണ്ണ വറ്റുന്നതനുസരിച്ച് എണ്ണ പകരാൻ എണ്ണ കരുതിയിരിക്കണം. വിളക്ക് കത്തിക്കൊണ്ടിരിക്കയാണ്. കത്തിക്കൊണ്ടിരിക്കുന്ന വിളക്കിൽ എണ്ണവറ്റിപ്പോകാൻ സാദ്ധ്യതയുണ്ട്. എണ്ണവറ്റുമ്പോൾ ഓടിനടക്കാതെ, എപ്പോഴും എണ്ണ കരുതിയിരിക്കണം. പാത്രത്തിൽക്കൂടി കരുതിയിരിക്കണം. ഇപ്പോഴുള്ള ഈ എണ്ണ വറ്റിപ്പോകാൻ സാദ്ധ്യതയുണ്ട് എന്ന് അറിവുള്ളവരാണ് ബുദ്ധിയുള്ളവർ!

ഇപ്പോഴുള്ള കൃപ, ജീവൻ, മാറിപ്പോകാൻ സാദ്ധ്യതയുണ്ട്. ഇപ്പോഴുള്ള വിശ്വാസം, ഇപ്പോഴുള്ള ദൈവത്തിന്റെ സാന്നിദ്ധ്യം, ഇപ്പോഴുള്ള പ്രകാശം, ഇപ്പോഴുള്ള പരിശുദ്ധാത്മാവ് നഷ്ടപ്പെട്ടുപോകാൻ സാദ്ധ്യതയുണ്ട് എന്ന് ഗ്രഹിക്കുന്നതാണ്, ആ ഒരു ബോധം ഉണ്ടാകുന്നതാണ് ബുദ്ധി.

അനേകം വിശ്വാസികളും ഈ ബോധം ഇല്ലാത്തവരാണ്.

ജീവിതത്തിലൊരു സമർപ്പണം എടുത്തവരാണ് പലരും. എന്നാൽ ഇന്ന് എനിക്കുള്ള ദൈവകൃപ നഷ്ടപ്പെട്ടു പോകുവാൻ സാദ്ധ്യതയുണ്ട് എന്ന കാര്യം പലരും ചിന്തിക്കാറില്ല.

ഞാൻ ദൈവത്തിന്റെ കൃപ പ്രാപിച്ചു, ദൈവത്തിനായി ജീവിതം സമർപ്പിച്ചു. ഇനി അപ്പോഴപ്പോൾ വരുന്ന ചില പാപങ്ങൾ, അത് ബലഹീനതകളല്ലേ? ബലഹീനനല്ലാത്ത മനുഷ്യൻ ആരാ ഉള്ളത്? മാനുഷികമായ ബലഹീനതകളെല്ലാം എനിക്കുമുണ്ട്. ദൈവം സ്നേഹമല്ലേ? ദൈവം അത് ക്ഷമിക്കും. ഇങ്ങനെയുള്ള അലംഭാവത്തിൽ കഴിയുന്നവരാണ് അനേകം വിശ്വാസികളും.

ആത്മീയത്തെക്കുറിച്ചുള്ള ഗൗരവബോധമില്ല. എനിക്ക് കിട്ടിയ കൃപ നഷ്ടപ്പെടുവാൻ സാധ്യതയുണ്ട് എന്നുള്ള ചിന്തയില്ല. എന്റെ ഉള്ളിൽ തുടിക്കുന്ന ജീവൻ കെട്ടുപോകാൻ ഇടയുണ്ട് എന്ന ചിന്തയില്ല. ഇന്ന് കത്തിക്കൊണ്ടിരിക്കുന്നല്ലോ എന്ന സംതൃപ്തി മാത്രമേയുള്ളൂ. ആഴത്തിലുള്ള ക്രിസ്തീയ ജീവിതത്തിന്റെ മർമ്മത്തിലേക്ക് കടന്ന് ചെല്ലുവാനുള്ള മനസ്സില്ല. അതിനുള്ള ഭാഗ്യം ലഭിച്ചിട്ടില്ല. നമ്മിൽ പലരും അങ്ങനെയാണ്.

ആത്മീയജീവിതത്തിന്റെ ആഴങ്ങൾ നാം കാണുന്ന ഈ ബാഹ്യമായ ആത്മീയമല്ല. അതിനപ്പുറത്ത് ആന്തരികമായ, ആഴമേറിയ ആത്മിക അനുഭവങ്ങളുണ്ട്, അനുഭൂതികളുണ്ട്. ഇതു ഗ്രഹിക്കുമ്പോഴാണ് നമ്മുടെ ജീവിതം ചൈതന്യമുള്ളതായി, കരുത്തുള്ളതായി തീരുന്നത്. അപ്പോൾ നമുക്ക് പ്രാഗത്ഭ്യമുണ്ടാവും, ധൈര്യമുണ്ടാവും.

എന്തു വന്നാലെന്താണ്? എന്തെല്ലാം സംഭവിച്ചാലെന്താണ്? ആപത്തു വന്നാലെന്ത്, ഏറ്റവും പ്രിയപ്പെട്ടവർ എന്റെ എതിരാളികളായി തീർന്നാലെന്ത്? പ്രതിസന്ധികൾ ജീവിതത്തിൽ വന്നാലെന്ത്? അത്യാഹിതങ്ങൾ വന്നാലെന്ത്? ഞാൻ യേശുവിന്റെ കൈകളിലാണ്. ജീവിതം ഒരിക്കലായി ഞാൻ

യേശുവിനായി കൊടുത്തതാണ്. ആ ഒരു ഉറപ്പ് നമുക്കുണ്ടോ?

ഒരുപക്ഷേ, ഇന്ന ആണ്ട്, ഇന്ന മാസം, ഇന്ന തീയതി ഞാൻ യേശുക്രിസ്തുവിനു ജീവിതം കൈമാറി, മാനസാന്തരപ്പെട്ടു എന്നു പറയാനുള്ള ഒരു ദിവസം കാണണമെന്നില്ല. പലപ്പോഴായി കിട്ടിയ അനുഭവമായിരിക്കും. ചിലർക്ക് പ്രത്യേക ദിവസമോ പ്രത്യേക സമയമോ പ്രത്യേക മുഖാന്തരമോ കാണും. ഓരോരുത്തർക്കും ഓരോ വിധത്തിലായിരിക്കും.

എങ്ങനെയായാലും ശരി ഈ ജീവിതം യേശുക്രിസ്തുവിന്റെ കരങ്ങളിലായിരിക്കണം. ഈ ജീവിതത്തിന്റെ ഉത്തരവാദിത്തം യേശുവിന്റെ കരങ്ങളിലായിരിക്കണം. എന്റെ ജീവിതം യേശുവിനെ ഞാൻ ഭരമേല്പിച്ചു. യേശു എന്റെ ഹൃദയത്തിൽ വസിക്കുന്നുണ്ട്. എന്റെ കാര്യങ്ങൾ ഇനി നിയന്ത്രിക്കുന്നത് യേശുവാണ്. എന്നെ ഭരിക്കാൻ ഞാൻ യേശുവിനെ ഏല്പിച്ചു കൊടുത്തു. ഇനി എന്റെമേൽ എനിക്ക് അധികാരമില്ല, അവകാശമില്ല.

ഒരു ഭൂമി വിറ്റുകഴിഞ്ഞാൽ വാങ്ങുന്നയാൾക്ക് ആ ഭൂമിയുടെ പൂർണ്ണ ഉത്തരവാദിത്തവും അവകാശവും ഇരിക്കുന്നതുപോലെ എന്റെ ജീവിതം ഞാൻ യേശുവിനു കൊടുത്തു. യേശു എന്നെ വിലയ്ക്കു വാങ്ങിക്കഴിഞ്ഞു. യേശു കൊടുത്ത വില തന്റെ തിരുരക്തമാണ്.

യേശുവിന്റെ തിരുരക്തം കൊടുത്ത് എന്നെ വിലയ്ക്കു വാങ്ങിയതുകൊണ്ട് ഞാൻ ഇനി യേശുവിന്റേതാണ്, എന്റേതല്ല. എന്റെമേൽ അവകാശമുള്ളത് എന്തെല്ലാമുണ്ടോ അതെല്ലാം വിട്ടു. ഞാൻ യേശുവിന്റെ കൈകളിലായി. ഈ ഒരു ഉറപ്പ് തീർച്ചയായിട്ടും നമുക്ക് വേണം. ക്രിസ്തീയജീവിതത്തിന്റെ ആരംഭം അതാണ്. ഈ ഉറപ്പില്ലാത്ത ജീവിതം, ക്രിസ്തീയജീവിതമല്ല.

ക്രിസ്തുവിന് എന്നെ ഞാൻ കൊടുത്തു. ക്രിസ്തുവിന് ഞാൻ എന്നെ കൈമാറി. ക്രിസ്തുവിന്റെ കൈകളിലേയ്ക്ക്

ഞാൻ എന്റെ ജീവിതം ഭരമേൽപിച്ചു. യേശു എന്റെ നാഥനാണ്; യേശു എന്റെ രക്ഷകനാണ്; എന്റെ ഉടയവനാണ്; എന്റെ ഉടമസ്ഥനാണ്. ഞാൻ അപ്പനുള്ള മകനാണ്, മകളാണ്. ഞാൻ യേശുവിന്റെ കൈകളിലാണ്.

എന്നെ നയിക്കാൻ യേശുവുണ്ട്. എനിക്കൊരു കർത്താവുണ്ട്. എന്റെ കർത്താവും രക്ഷിതാവും രക്ഷകനും യജമാനനുമായി ഞാൻ യേശുവിനെ സ്വീകരിച്ചിരിക്കുന്നു. ഞാൻ യേശുവിനെ കൈക്കൊണ്ടിരിക്കുന്നു. യേശു എന്റെ വകയാണ്. ഈ ഒരു ഉറപ്പേറിയ നിർണ്ണയം നിങ്ങൾക്കു ലഭിച്ചാൽ നിങ്ങൾ ഭാഗ്യശാലികളായി. മഹാഭാഗ്യം! അനുഗ്രഹത്തിന്റെ പൂർത്തീകരണമല്ല, അനുഗ്രഹത്തിന്റെ ആരംഭമായി.

ജീവിതം ഒരിയ്ക്കലായിട്ടു ഞാൻ യേശുവിനു കൊടുത്തു എന്നുള്ള ഉറപ്പുണ്ടോ? ഈ ഒരുറപ്പ് കിട്ടിക്കഴിഞ്ഞാൽ ഒരു ശിശുവായി ജനിച്ച അനുഭവം കിട്ടുകയാണ്. അതാണ് വീണ്ടുംജനനാനുഭവം എന്നുപറയുന്നത്. തികഞ്ഞു എന്നല്ല. ഒരു ശിശു ജനിച്ചാൽ തികഞ്ഞോ? ഇനി എന്തുമാത്രം വളർച്ചയാണ് ആ കുഞ്ഞിനു വേണ്ടിയിരിക്കുന്നത്! ആ കുട്ടി ഇനി രക്ഷയ്ക്കായി വളരുവാൻ ദിനംപ്രതി വചനം എന്ന മായമില്ലാത്ത പാൽ കുടിക്കണം.

> *“ആകയാൽ സകലദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെപ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ.”*
>
> *1 പത്രോസ് 2 : 1, 2*

രക്ഷയ്ക്കായി വളരണം. രക്ഷിക്കപ്പെട്ടു എന്നു പറയുമ്പോൾപോലും ഓർത്തുകൊള്ളണം, ആരംഭംകുറിച്ചു എന്നേ അതിനർത്ഥമുള്ളൂ. വചനം മായമില്ലാത്ത പാലാണ്. ഇന്ന് പലയിടത്തും നിർഭാഗ്യവശാൽ മായം കലർത്തിയ

പാലാണ് കൊടുക്കുന്നത്. ചില സ്വാർത്ഥ താത്പര്യങ്ങൾ കലർത്തിയ പാൽ. പണപ്പിരിവിനു വേണ്ടിയുള്ള വചനശുശ്രൂഷകൾ! മനുഷ്യനെ വിഭ്രമിപ്പിക്കുന്ന ചില അടയാളങ്ങളും അത്ഭുതങ്ങളും. ആളുകളെ വികാരാധീനരാക്കിത്തീർക്കുന്ന ചില ബഹളങ്ങളും ഒച്ചപ്പാടുകളും. ഇതൊന്നുമല്ല സുവിശേഷം! ഇതൊന്നുമല്ല വചനം!

വചനം നിർമ്മലമാണ്. നിർമ്മല സുവിശേഷമാണ്. എന്താണ് വചനം?

> *"ദാവീദിന്റെ സന്തതിയായി ജനിച്ച് മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റിരിക്കുന്ന യേശുക്രിസ്തുവിനെ ഓർത്തുകൊൾക. അത് ആകുന്നു എന്റെ സുവിശേഷം."* *2 തിമൊഥെയൊസ് 2 : 8*

കുറെ ആശയങ്ങളുടെ സംഹിതയോ ചില മതചിന്തകളോ മതപരമായ പ്രമാണങ്ങളോ തത്വചിന്തകളോ അല്ല സുവിശേഷം. എന്താണ് സുവിശേഷം? ക്രിസ്തു! ക്രിസ്തു മാത്രം! ക്രിസ്തു എന്ന വ്യക്തി! ഒരു കൂട്ടായ്മയോ സഭയോ അല്ല സുവിശേഷം. യേശുക്രിസ്തുവിനെ ലോകത്തിനു കാണിച്ചു കൊടുക്കുക, അതാണ് സുവിശേഷവേല.

കഥകളോ തത്വചിന്തകൾ പറയുന്നതോ കുറെ ആശയങ്ങൾ പ്രകാശിപ്പിക്കുന്നതോ അല്ല സുവിശേഷം. സുവിശേഷം എന്നത് യേശുക്രിസ്തു എന്ന പരമോന്നത പരിശുദ്ധനെ, ആ നിത്യയുഗപുരുഷനെ, യുഗവിധാതാവിനെ, സർവ്വ പ്രപഞ്ചത്തിന്റെയും അധിപതിയായവനെ ലോകത്തിനു കാണിച്ചു കൊടുക്കുക എന്നതാണ്.

എന്റെ ജീവിതത്തിന്റെ ഓരോ സെക്കന്റും എന്റെ സ്വഭാവംകൊണ്ട്, പെരുമാറ്റംകൊണ്ട്, എന്റെ സംസാരംകൊണ്ട്, മനോഭാവങ്ങൾകൊണ്ട്, ഇടപാടുകൾകൊണ്ട്, എന്റെ പണസംബന്ധമായ കാര്യങ്ങളിൽ, കുടുംബജീവിതത്തിൽ, ഭാര്യാഭർതൃബന്ധത്തിൽ മാതാപിതാക്കളും മക്കളും തമ്മിലുള്ള

ബന്ധത്തിൽ, ഓഫീസിൽ ജോലിചെയ്യുന്ന കാര്യങ്ങളിൽ, എന്നുവേണ്ട എല്ലായിടത്തും യേശുക്രിസ്തുവിനെപ്രതിബിംബിക്കുക.

പറയാൻ എളുപ്പമാണ്. നാം അനുഭവിച്ചു തുടങ്ങുമ്പോഴാണ് അതിന്റെ പ്രയാസങ്ങൾ അറിയുന്നത്. എന്തുമാത്രം ക്ലേശകരമായ, വിഘ്നങ്ങളുള്ള, പ്രതിസന്ധികളുള്ള കാര്യം! വിശ്വാസജീവിതത്തിൽനിന്ന് നമ്മെ തകർക്കാനും തളർത്താനും ഉടച്ചുകളയുവാനും പിശാചു വരും.

*"ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞ് ചുറ്റിനടക്കുന്നു."*

*1 പത്രോസ് 5 : 8*

സാത്താൻ ചുറ്റിത്തിരഞ്ഞു നടക്കുകയാണ്. ആരെ വിഴുങ്ങണം? നമ്മെ വിഴുങ്ങാൻ പിശാച്, സിംഹത്തെപ്പോലെ നടക്കുന്നു. അതുകൊണ്ട് ജീവനുള്ള ക്രിസ്തുവിനെ ഈ ലോകത്തിനു കാണിച്ചുകൊടുക്കണം. അതാണ് സുവിശേഷം.

നമ്മുടെ സംസാരം ക്രിസ്തുവിന് അനുയോജ്യമായിരിക്കണം. ക്രിസ്തു സത്യമാണ്. നമ്മിൽനിന്ന് സത്യമേ വരാവൂ. ഒരല്പംപോലും നുണകലർത്തി പറയാൻ പാടില്ല. അർദ്ധസത്യങ്ങൾ പറയാൻ പാടില്ല. ഞാൻ പറയുന്നത് സത്യമാണ് എന്ന് പറയുമ്പോൾ സത്യം എന്നു മറ്റുള്ളവരും ചിന്തിച്ചുകൊള്ളും എന്നുവിചാരിച്ച് പറയാൻ പാടില്ല.

സത്യം സത്യമായിരിക്കണം. Straight forward ആയിരിക്കണം. ആർജ്ജവമുള്ള, നല്ല ചൊവ്വേയുള്ള ചിന്തയായിരിക്കണം. അവിടെ വക്രതയും സൂത്രവും കൗശലവും പാടില്ല. ജീവിതം ക്രിസ്തുമയമായിരിക്കണം. ക്രിസ്തുവിനെ പ്രതിബിംബിക്കുന്നതായിരിക്കണം. ക്രിസ്തു സദൃശമായിരിക്കണം. അങ്ങനെയാണ് പുണ്യവാന്മാരായ വിശുദ്ധപിതാക്കന്മാർ ജീവിച്ചത്.

നാം അതൊരു വെല്ലുവിളിയായിട്ടെടുക്കണം. കർത്താവേ! പൂർവ്വികപുണ്യപിതാക്കന്മാർ അങ്ങനെ ജീവിച്ചു. എന്നാൽ എന്തുകൊണ്ട് ഈ തലമുറയിൽ അതു സാദ്ധ്യമായിക്കൂടാ? അതാണ് വെല്ലുവിളി. ഈ തലമുറയിൽ എനിക്കത് സാധിക്കണം. പൂർവ്വികപുണ്യപിതാക്കൾ ജീവിച്ച വഴിയിൽ, അവർ ക്രിസ്തുവിന്റെ ഛായ അനുഭവിച്ച വഴിയിൽ എനിക്കും ജീവിക്കണം.

ഈ ഒരു വ്യക്തമായ ബോദ്ധ്യവും ഉറപ്പും നമുക്കു കിട്ടണം. അതിനുള്ളതായ വാഞ്ഛ നമ്മുടെ ഹൃദയത്തിൽ വരണം. വേറെ ലാക്കില്ല, ലക്ഷ്യമില്ല. ജീവിതം മുഴുവൻ സുവിശേഷമയം. വേറെ ഉദ്ദേശമില്ല. അങ്ങനെവേണം നമ്മുടെ സുവിശേഷവേലകൾ.

ക്രിസ്തുവിനെ കാണിച്ചുകൊടുക്കണം. അങ്ങനെയുള്ളവരിൽ നിന്നുകൊണ്ട് കർത്താവ് അത്ഭുതം പ്രവർത്തിക്കും. അവർ യുഗങ്ങളുടെ ശില്പികളായി മാറും. അവർ യുഗങ്ങളെ മെനഞ്ഞെടുക്കും. അവർ യുഗങ്ങളുടെ വിധികർത്താക്കളായി മാറും.

ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾ നിങ്ങളും ഓർക്കണം. കർത്താവേ, ഇങ്ങനെയെല്ലാമുണ്ടോ ജീവിതം? ഇങ്ങനെയുണ്ടെങ്കിൽ ആ ഉന്നതമായ, ഉദാത്തമായ ക്രിസ്തീയജീവിതത്തിന്റെ അത്ഭുതകരമായ അനുഭവത്തിലേക്ക് എനിക്കുയരണം. എനിക്ക് വളരണം. എനിക്ക് സുവിശേഷത്തിന്റെ വക്താവായി, സുവിശേഷത്തിന്റെ പ്രഖ്യാതാവും പ്രഘോഷകനും ആയിത്തീരണം.

ഇന്ന് ക്രിസ്തീയജീവിതം നയിക്കുന്നു എന്നു ഭാവിക്കുന്ന, രക്ഷിക്കപ്പെട്ടു, മാനസാന്തരപ്പെട്ടു, വീണ്ടെടുക്കപ്പെട്ടു, വീണ്ടുംജനിച്ചു എന്നു പറയുന്ന അനേകമാളുകളുടെയും വിളക്കിൽ എണ്ണ വറ്റിയിരിക്കുകയാണ്. കത്തുന്നില്ല. വിളക്കുണ്ട്, തിരിയുണ്ട്. ആ വിളക്കിൽ കത്താനുള്ള എല്ലാ സൗകര്യങ്ങളു

മുണ്ട്. പക്ഷേ, എണ്ണ വറ്റിപ്പോയി. വിളക്കു കത്തുന്നുണ്ടായിരുന്നു. എന്നാൽ ഇന്ന് കത്തുന്നില്ല. കെട്ടുപോയത് അറിഞ്ഞില്ല.

“എന്നിലെ ദീപം നീ കെടുത്തിയോ” എന്ന് മലയാള കവി പാടിയിട്ടുണ്ട്. ആ സഹൃദയനായ കവിയുടെ ഹൃദയത്തിൽ നിറഞ്ഞുനിന്ന ആശയത്തിന്റെ പൊരുളിങ്ങനെ അനുഭവസമ്പത്താക്കി മനുഷ്യഹൃദയങ്ങളിലേക്ക് സംവേദനം ചെയ്യുകയാണ്. എന്നിലെ ദീപം കെടുത്തിയോ? എന്നിലെ ദീപം കെട്ടുപോയോ? നിങ്ങൾ ചിന്തിക്കണം. എന്റെ ദീപം കത്തിയിരിക്കുന്നുണ്ടോ? എനിക്ക് ഒരിക്കൽ കർത്താവ് കത്തിച്ചുതന്ന ദീപം അതുപോലെ കത്തിയിരിക്കുന്നുണ്ടോ? തെളിഞ്ഞ് വിളങ്ങി കത്തിജ്ജ്വലിച്ചുകൊണ്ടിരിക്കുകയാണോ? ദീപം എപ്പോഴും കത്തിയിരിക്കണം.

ഒന്നാം നൂറ്റാണ്ടിലെ വളരെ ആത്മനിറവുണ്ടായിരുന്ന സഭയായിരുന്നു എഫെസൊസ് സഭ. അപ്പൊസ്തലനായ പൗലോസ് സഞ്ചരിച്ച സ്ഥലങ്ങളിൽ സ്ഥാപിച്ച സഭകളിൽ ഏറ്റവും ആത്മനിറവുള്ളതായിരുന്നു എഫെസൊസ് സഭ. എഫെസ്യലേഖനം വായിക്കുമ്പോൾ കാണാം.

പക്ഷേ, ഒന്നാം നൂറ്റാണ്ടിന്റെ അവസാനകാലമായപ്പോഴേയ്ക്കും യോഹന്നാൻ ശ്ലീഹാ വെളിപ്പാടു പുസ്തകം എഴുതുമ്പോൾ പറയുകയാണ്:

> *“നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്ന് ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ട്. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക.”*
>
> *വെളിപ്പാട് 2 : 4*

ആദ്യസ്നേഹം നഷ്ടപ്പെട്ടു; ആദ്യത്തെ കൃപ നഷ്ടപ്പെട്ടുപോയി; വിളക്കു കെട്ടുപോയി. വിളക്ക് അതിന്റെ സ്ഥാനത്ത് ഇപ്പോൾ ഇല്ല. അയ്യോ! കഷ്ടം! വിളക്കുണ്ടായിരുന്നു. വിളക്കിൽ എണ്ണയുണ്ടായിരുന്നു. വിളക്ക് കത്തിയിരുന്നു. പക്ഷേ,

ആദ്യസ്നേഹം വിട്ടുപോയി, നഷ്ടപ്പെടുത്തിക്കളഞ്ഞു എന്ന ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ട്.

സഹോദരങ്ങളേ, ആത്മീയജീവിതത്തിൽ മാനസാന്തര പ്പെട്ടതിനുശേഷം പത്തൊമ്പതു കൊല്ലം കഴിഞ്ഞപ്പോഴാണ് ഈ വാക്യം എന്നെ തടഞ്ഞുനിറുത്തിയത്. ഈ വാക്യം എന്റെ ഹൃദയത്തിൽ നൊമ്പരമായി, വേദനയായി ഊറിയൂറി വന്നു. എനിക്ക് സ്വസ്ഥതയില്ലാത്തതുപോലെയായി. ഞാൻ കർത്താ വിനോടു പറഞ്ഞു: കർത്താവേ, എനിക്ക് ആദ്യസ്നേഹത്തി ലേക്കു മടങ്ങിവരണം.

1973 മെയ് മാസം 10-ാം തീയതി വ്യാഴാഴ്ച രാത്രി ഞങ്ങ ളുടെ ഇടവകയായ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി യിൽ ഞാൻ പ്രസംഗിച്ചശേഷം തിരികെവന്ന് അന്ന് രാത്രിയി ലിരുന്ന് എന്റെ ജീവിതമാകെ പരിശോധിച്ചു. ഓരോന്നോ രോന്ന് കുറിച്ചുവച്ചു: തെറ്റുകൾ പറ്റിയത് എന്തെല്ലാം? വീഴ്ചപറ്റിയത് എവിടെയെല്ലാം? പ്രകടമായ പാപങ്ങളൊന്നും വന്നില്ല. പക്ഷേ, എന്റെ ആദ്യസ്നേഹം നഷ്ടപ്പെട്ടുപോയിരു ന്നു.

ഞാൻ തകർന്നു; അനുതപിച്ചു; ആരും അറിഞ്ഞില്ല, രാത്രിയുടെ യാമങ്ങളിലിരുന്ന് ഞാൻ കരഞ്ഞു.

കർത്താവേ, എന്റെ ആദ്യസ്നേഹം നഷ്ടപ്പെട്ടുപോയ ല്ലോ. എന്റെ ആദ്യത്തെ വീര്യം പോയല്ലോ? ദീപം കെട്ടുപോയ ല്ലോ. കർത്താവേ, ദീപം തെളിച്ചു തരണമേ. പരിശുദ്ധാത്മാവ് മന്ദം മന്ദം, ഊതിയൂതി കത്തിയ്ക്കാൻ തുടങ്ങി. എണ്ണ കുറേശ്ശെക്കുറേശ്ശെയായി ഇറ്റിറ്റു വീഴാൻ തുടങ്ങി. എങ്ങനെ യാണ് വിവരിക്കേണ്ടത് എന്ന് എനിക്കറിയില്ല. ഞാൻ മഹാപാ പിയാണെന്ന് ഏറ്റുപറഞ്ഞു.

ഞാൻ പത്തൊമ്പതു കൊല്ലം സുവിശേഷം പ്രസംഗിച്ച് ഓടിനടന്നു. പക്ഷേ, എന്റെ ആദ്യസ്നേഹം കുറഞ്ഞുപോയത് ഞാനറിഞ്ഞില്ല. കർത്താവേ, എന്റെ വീര്യം കെട്ടുപോയത്,

വായ്ത്തല മടങ്ങിപ്പോയത് ഞാൻ അറിഞ്ഞില്ല. വാളിന്റെ, വാക്കത്തിയുടെ വായ്ത്തല മടങ്ങിപ്പോയി. വെട്ടിക്കൊണ്ടിരുന്നു പക്ഷേ, മൂർച്ചയില്ലാതായിപ്പോയി. ഒന്നും മുറിയുന്നില്ല. ഞാൻ ദൈവത്തോടു പറഞ്ഞു. കർത്താവെന്നെ ആദ്യസ്നേഹത്തിലേക്ക് മടക്കിക്കൊണ്ടുവന്നു.

എന്റെ ബഹുമാന്യ സഹോദരങ്ങളേ, ഇന്ന് ആദ്യസ്നേഹത്തിലേക്കു മടങ്ങിവരാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? എന്തെങ്കിലും ദൈവത്തോടു പറയണമെന്നു തോന്നുന്നുണ്ടോ? എണ്ണ വേണമെന്നും പാത്രത്തിൽ എണ്ണ കരുതണമെന്നും നിങ്ങൾക്കാഗ്രഹമുണ്ടോ? യേശു വരുമ്പോൾ എണ്ണയുള്ളവരായി, കത്തുന്ന വിളക്കുമായി അവനെഎതിരേൽക്കണമെന്ന് നിങ്ങൾക്കാഗ്രഹമുണ്ടോ? എങ്കിൽ ഇതാ, യേശു നിങ്ങളുടെ അരികിൽ വന്നു നിൽക്കുന്നു. യേശു നിങ്ങളുടെ നേരെ കൈനീട്ടി നിൽക്കുന്നു. കൊടുക്കൂ, ഏൽപിക്കൂ നിങ്ങളുടെ ജീവിതം.

എന്റെ യേശുവേ, നഷ്ടങ്ങൾ ഏറെ സംഭവിച്ചുപോയി. വേലയുടെ ബാഹുല്യത്തിൽ, വേല ചെയ്തു വേല ചെയ്ത് ധൃതിപിടിച്ച് ഓടിയപ്പോൾ ജീവിത വിശുദ്ധിയുടെ കാമ്പ് നഷ്ടപ്പെടുത്തിക്കളഞ്ഞു. ജീവിതത്തെ ശുദ്ധീകരിക്കാൻ ഞാൻ മറന്നുപോയി. കർത്താവേ, ഇന്ന് എന്നെ കഴുകണമേ. നിന്റെ ആണിപ്പാടുള്ള കരം എന്റെമേൽ വരണമേ. എന്നെ വിശുദ്ധീകരിക്കണമേ. നഷ്ടപ്പെട്ടുപോയ വീര്യം, ദൈവസ്നേഹം, ജീവിതവിശുദ്ധി, തീക്ഷ്ണത, എരിവ് തിരിച്ചു തരണമേ.

യേശുവേ, ഇന്ന് നിന്റെ സുവിശേഷത്തിന്റെ തീ എന്നിൽ ആളിക്കത്തുവാൻ തക്കവണ്ണം എന്റെ ഹൃദയത്തിലേക്കു തീ പടർന്നു കയറണമേ. എന്റെ ഹൃദയത്തിൽ തീ ആളിയാളി കത്തിപ്പടരണമേ. നാഥാ! നിന്റെ പരിശുദ്ധാത്മാവിന്റെ അഭിഷേകത്തിന്റെ തീജ്ജ്വാല എന്റെ മേൽ പകർന്ന് ഇന്ന് എന്നെ ഒരു പുതിയ മനുഷ്യനാക്കി മാറ്റണമേ. എന്നെ നവീകരിക്കണമേ. എന്നെ നീ അനുഗ്രഹിക്കണമേ.

നമുക്കു പ്രാർത്ഥിക്കാം. കാരുണ്യവാനേ, മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ അനുഗൃഹീത സമയങ്ങൾക്കായി സ്തോത്രം. അവിടുന്ന് ഞങ്ങളുടെ കൂടെയുള്ളതിനായി, അർഹതയില്ലാത്ത അനുഗ്രഹങ്ങൾ തരുന്നതിനായി സ്തോത്രം. ആദ്യസ്നേഹം എന്ത് എന്ന് ഓർമ്മയിൽ തരുന്നതിനായി സ്തോത്രം! ആദ്യസ്നേഹത്തിന്റെ മധുരിമയിലേക്കു മടക്കി വരുത്താൻ കൃപ ചെയ്യുന്നതിനായി സ്തോത്രം. എല്ലാവരേയും തൊടണമേ. തലോടണമേ. അനുഗ്രഹിക്കണമേ. യേശുവിന്റെ രണ്ടാമത്തെ വരവിനു വേണ്ടി ഒരുക്കണമേ. യേശുക്രിസ്തുവിന്റെ ജയകരമായ നാമത്തിൽ തന്നേ, ആമ്മേൻ.

# ആറ്

*'സ്വർഗ്ഗരാജ്യം മണവാളനെ എതിരേൽപ്പാൻ വിളക്കു എടുത്തുംകൊണ്ടു പുറപ്പെട്ട പത്തു കന്യകമാരോടു സദൃശം ആകും. അവരിൽ അഞ്ചുപേർ ബുദ്ധിയില്ലാത്തവരും അഞ്ചു പേർ ബുദ്ധിയുള്ളവരും ആയിരുന്നു. ബുദ്ധിയില്ലാത്തവർ വിളക്കു എടുത്തപ്പോൾ എണ്ണ എടുത്തില്ല. ബുദ്ധിയുള്ളവരോ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണയും എടുത്തു."*

*മത്തായി 25 : 1 – 4*

ബുദ്ധിയില്ലാത്തവർ പാത്രം ഉണ്ടായിരുന്നിട്ടും വിളക്കോടുകൂടെ പാത്രത്തിൽ എണ്ണ എടുത്തില്ല. റിസേർവ് ഓയിൽ കരുതുവാൻ അവരുടെ കൈയിൽ പാത്രം ഉണ്ടായിരുന്നു. അവർ സംതൃപ്തരാണ്. മറ്റുള്ളവരുടെ കൈയിൽ പാത്രമുണ്ട്, ഞങ്ങളുടെ കൈയിലും പാത്രമുണ്ട്. ഞങ്ങളുടെ പാത്രത്തിൽ എണ്ണയുണ്ടോ? അത് അവർ ശ്രദ്ധിച്ചില്ല.

ഇന്ന്, പുറമേയുള്ളതെല്ലാമുണ്ട്. നല്ല മനോഹരമായ പ്രാർത്ഥനകളുണ്ട്; കാവ്യോചിതമായ പ്രെമിയോനുകളുണ്ട്; കാവ്യമാധുര്യമുള്ള ധ്യാനാത്മകമായ സെദറാകളുണ്ട്; അത്യന്തം ശ്രുതിമധുരവും ഗഹനവും നല്ല കാവ്യാത്മകത്വം തുളുമ്പുന്ന സുന്ദരമായ ഗാനങ്ങളുണ്ട്. കോരിത്തരിപ്പിക്കുന്ന ഗീതങ്ങൾ! പുളകം കൊള്ളിക്കുന്ന പ്രാർത്ഥനകൾ! എന്തിനാണ് കുറവ്? പാത്രമുണ്ട് പക്ഷേ, എണ്ണയില്ല.

പുറമെയുള്ള ചട്ടംകെട്ടുകളുണ്ട്; അനുഷ്ഠാനങ്ങളുണ്ട്; ആചാരങ്ങളുണ്ട്; പ്രാർത്ഥനകളുണ്ട്; നമസ്ക്കാരങ്ങൾ എല്ലാ

മുണ്ട്. പക്ഷേ, അകത്ത് കരുത്തില്ല. അകത്ത് എണ്ണയില്ലാത്ത പാത്രങ്ങൾ. അവർ പാത്രമെടുത്തു; പക്ഷേ, എണ്ണയെടുത്തില്ല. കഷ്ടമായിപ്പോയി! അവർ അത്രയ്ക്കും ചിന്തിച്ചില്ല. അവർ ബുദ്ധിയില്ലാത്തവരായിരുന്നു. എന്നാൽ ബുദ്ധിയുള്ളവർ വിളക്കോടുകൂടെ പാത്രത്തിൽ എണ്ണ എടുത്തു. എണ്ണ കരുതണം എന്ന ബോധം അവർക്കുണ്ടായിരുന്നു.

ഏതു സമയത്തും ഇപ്പോൾ വിളക്കിലുള്ള എണ്ണ തീർന്നു പോകാമെന്നും വിളക്ക് കെട്ടുപോകുമെന്നും അവർക്കറിയാമായിരുന്നു. വലിയ ഒരു അറിവാണത്. ഇന്നുള്ള ആത്മാവ് ഏതു സമയത്തും എന്നെ വിട്ടുപോകാൻ സാദ്ധ്യതയുണ്ട്. അപ്പൊസ്തലനായ പൗലോസ് പറയുന്നു.

*"ആത്മാവിനെ കെടുക്കരുത്. പ്രവചനം തുച്ഛീകരിക്കരുത്."* *1 തെസ്സലൊനീക്യർ 5 : 19, 20*

*"ദൈവത്തിന്റെ പരിശുദ്ധാത്മാവിനെ ദു:ഖിപ്പിക്കരുത്; അവനാലല്ലോ നിങ്ങൾക്ക് വീണ്ടെടുപ്പുനാളിന്നായി മുദ്രയിട്ടിരിക്കുന്നത്."* *എഫെസ്യർ 4 : 30*

വീണ്ടെടുപ്പുനാളിനായി മുദ്രയിട്ടിരിക്കുന്നത് പരിശുദ്ധാത്മാവിനാലാണ്. പരിശുദ്ധാത്മാവ് നമ്മുടെ ഹൃദയത്തിൽ ഞരങ്ങി കരഞ്ഞുകൊണ്ടിരിക്കുവാൻ ഇടവരുത്തരുത്. നമ്മുടെ കോപസ്വഭാവം കണ്ട് പരിശുദ്ധാത്മാവ് ഞരങ്ങരുത്. നമ്മുടെ വാശിയും പിണക്കവും കണ്ട് പരിശുദ്ധാത്മാവ് അവിടെ ശ്വാസംമുട്ടി ഇരിക്കുവാൻ ഇടവരുത്തരുത്. കുറെ നേരം ഇരിക്കും. പക്ഷേ, നിർവ്വാഹമില്ലാതാകുമ്പോൾ ആത്മാവ് വിട്ടുപോകും.

യെഹസ്ക്കേൽപ്രവചനം എട്ടാം അദ്ധ്യായവും ഒമ്പതാം അദ്ധ്യായവും വായിക്കുമ്പോൾ കാണാം, ദൈവാലയത്തിൽ കത്തിക്കൊണ്ടിരുന്നതായ ധൂപം ദൈവാലയത്തിൽനിന്നു മാറി ഉമ്മരപ്പടിയിലേയ്ക്ക് പോകുന്നു. ഉമ്മരപ്പടിയ്ക്കൽനിന്ന് മാറി ഗോപുരത്തിലേയ്ക്ക് (Gate) പോകുന്നു. പിന്നെ അത് ദൂരെ ദൂരെ മാറി അങ്ങ് പർവ്വതത്തിലേയ്ക്ക് പോകുന്നു. തേജസ്സ്

മാറി മാറി പോവുകയാണ്.

സഹോദരങ്ങളേ, നിങ്ങൾ ചിന്തിക്കൂ. ഈ തേജസ്സ് നിങ്ങളിൽനിന്നും മാറി മാറി പോകുന്നുണ്ടോ? തേജസ്സ് കെട്ടുപോകുന്നുണ്ടോ? ദൂരെദൂരെ പോയിരിക്കുകയാണ് ദൈവതേജസ്സ്. ദൈവാലയത്തിന്റെ അകത്ത് കത്തിക്കൊണ്ടിരുന്ന ദീപത്തിൽ നിന്നും പൊങ്ങുന്നതായ ധൂപപടലം അവിടെനിന്നും പോയി. ഒരു സമയത്ത് കത്തിക്കൊണ്ടിരുന്നു. അതിൽ എണ്ണയുണ്ടായിരുന്നു. എന്നാൽ അവിടെനിന്ന് മാറി ദൂരെ ദൂരെ പോയ്ക്കൊണ്ടിരിക്കുന്നു.

വേദപുസ്തകം വായിക്കുമ്പോൾ കർത്താവുപറഞ്ഞ ധൂർത്തപുത്രന്റെ ഉപമ കാണാം (ലൂക്കോസ് 15). ധൂർത്തപുത്രൻ അപ്പൻ കൊടുത്തതെല്ലാം സ്വരൂപിച്ച് ദൂരദേശത്തേയ്ക്ക് യാത്രയായി. ഓരോ ദിവസവും ചെല്ലുമ്പോൾ അവൻ അകലേയ്ക്ക് മാറുകയാണ്.

അനേകം ദൈവമക്കളും ഓരോ ദിവസം കഴിയുമ്പോഴേയ്ക്കും ദൂരേയ്ക്ക് പോകുകയാണ്. വചനം ഇടയ്ക്ക് കേൾക്കുന്നുണ്ട്. അപ്പോൾ ചെറിയ ചലനമുണ്ടായാലും പിന്നെയും ദൂരവേ പൊയ്ക്കൊണ്ടിരിക്കുകയാണ്. ഓരോ ചുവട്‌വയ്പിലും അപ്പന്റെ വീട്ടിൽനിന്ന് അകലേയ്ക്ക് പോവുകയാണ്. സ്നേഹിതരേ, ഇന്ന് നിങ്ങൾ അപ്പന്റെ വീടിനോട് അടുത്താണോ, അകലെയാണോ?

ഓരോ മണിക്കൂർ കഴിയുന്തോറും ഞാൻ അപ്പന്റെ വീട്ടിൽനിന്നും അകന്നു കൊണ്ടിരിക്കുകയാണോ? ഞാൻ ദുർന്നടപ്പുകാരുടെ അടുക്കലേയ്ക്കടുത്തുകൊണ്ടിരിക്കുകയാണോ? എന്റെ ജീവിതം തകർന്ന് നശിച്ചുകൊണ്ടിരിക്കുകയാണോ? ഓരോ ദിവസം കഴിയുന്തോറും വിശ്വാസം കുറഞ്ഞു കുറഞ്ഞു വരികയാണോ? കഴിഞ്ഞ ആണ്ട് ഉണ്ടായിരുന്നതിനേക്കാൾ വിശ്വാസം ഇന്ന് കുറഞ്ഞിരിക്കുകയാണോ അതോ കൂടിയിരിക്കുകയാണോ? മുമ്പ്, പാപം എന്നുപറയുമ്പോൾ ഞെട്ടിയിരുന്നു. അയ്യോ! കോപം വന്നുപോയല്ലോ,

കർത്താവേ, ക്ഷമിക്കണമേ എന്ന് ഉള്ളം നടുങ്ങിയിരുന്ന ഒരു കാലമുണ്ട്. ഒരു പാപം വരുമ്പോൾ അയ്യോ! കർത്താവേ, ക്ഷമിക്കണമേ എന്ന് നിലവിളിക്കുന്ന കാലമുണ്ടായിരുന്നു. ഇന്ന് എങ്ങനെയിരിക്കുന്നു?

ഏതെങ്കിലും കാര്യത്തിൽ ഒരു തെറ്റുപറ്റിക്കഴിയുമ്പോൾ, ഒരുപക്ഷേ ഒരു വാക്കിലായിരിക്കാം, ഒരു മനോഭാവത്തിലായിരിക്കാം, അതിന്റെ തീവ്രമായ വേദന ശമിക്കുന്നതുവരെയും ഉപവാസമെടുക്കുവാനുള്ള താല്പര്യമുണ്ടായിരുന്നു. എനിക്ക് ഭക്ഷണം വേണ്ട, ജീവിതസുഖങ്ങൾ ഒന്നും വേണ്ട, എന്റെ ജീവിതം ശരിയാകണം. എന്റെ ജീവിതം ശരിയായിട്ടേ ഞാൻ ഇനി ഭക്ഷണം കഴിക്കുന്നുള്ളു. ഇങ്ങനെ നിർബ്ബന്ധമുണ്ടായിരുന്ന ഒരു കാലമുണ്ടായിരുന്നില്ലേ? എന്നാൽ ഇന്ന് എങ്ങനെയുണ്ട്?

ഇന്ന് ഉപവാസം മറന്നുപോയിരിക്കുന്നു. പ്രാർത്ഥന മറവിയിലേയ്ക്ക് മാറിപ്പോയിരിക്കുന്നു. ജീവിതത്തിന്റെ വിശുദ്ധി നഷ്ടപ്പെട്ടുപോയിരിക്കുന്നു. ആത്മീയതീക്ഷ്ണത കുറഞ്ഞുപോയിരിക്കുന്നു. ദൈവമക്കളോടുള്ള സ്നേഹം വറ്റിപ്പോയിരിക്കുന്നു. കൂട്ടായ്മയിലുള്ള വിടവുകൾ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഐക്യം കുറഞ്ഞുപോയിരിക്കുന്നു. സ്നേഹം വറ്റിപ്പോയിരിക്കുന്നു. പാത്രത്തിൽ എണ്ണ കരുതിക്കൊള്ളണം. റിസേർവ് ഓയിൽ കരുതികൊള്ളണം.

ഒരുനാൾ ഈ വാക്കുകൾ നിങ്ങളുടെ ചെവിയിൽ മുഴങ്ങി കേൾക്കുന്ന ഒരു സമയം വരും. അയ്യോ! സമയം നഷ്ടപ്പെട്ടുപോയല്ലോ! അന്ന് കരയാൻ ഇടവരരുത്. എന്റെ ജീവിതം ഞാൻ തിരുത്തിയില്ലല്ലോ! കർത്താവേ, ക്ഷമിക്കണമേ. ഓരോ നിമിഷം ചെല്ലുന്തോറും അപ്പന്റെ വീട്ടിൽനിന്നും അകന്നകന്ന് പോകുന്നു. എണ്ണ, വറ്റി വറ്റി പോകുന്നു. വറ്റിക്കൊണ്ടിരിക്കുമ്പോൾ വേഗം റിസേർവ് ഓയിൽ എടുത്ത് ഒഴിക്കണം.

ബുദ്ധിയില്ലാത്തവരോ എണ്ണ എടുത്തില്ല. നിങ്ങൾക്ക്

കർത്താവിനോട് പറയാം. കർത്താവേ, ഇന്ന് തിരുമുമ്പാകെ വരുമ്പോൾ, നല്ലത് എന്നുപറഞ്ഞ് വരുവാൻ ഒന്നുമില്ല. പ്രാർത്ഥനാജീവിതം എന്ന് പറയാൻ, ത്യാഗോജ്ജ്വലമായ ജീവിതം എന്നു പറയാൻ എന്റെ കൈയിൽ ഒന്നുമില്ല. ഞാൻ യേശുവിനെപ്രതി ഒന്നും കൈവിട്ടുകളഞ്ഞില്ല. സുഖഭോഗങ്ങളെല്ലാം കൂടെ വച്ചുകൊണ്ടിരുന്നു. അതിന്റെകൂടെ പേരിനൊരു സുവിശേഷ വേലയും.

ഞാൻ കുറ്റവാളിയായി പിടിക്കപ്പെട്ട് ഇതാ വന്നിരിക്കുന്നു. എന്നെ സ്നേഹിക്കുന്ന, എനിക്കുവേണ്ടി ആണി അടിച്ച് തകർന്ന ആ തൃക്കരങ്ങൾ ഇപ്പോൾ എന്റെ നേരെ ഒന്നു നീട്ടി, എന്റെ പാപം ഓർക്കാതെ, എന്റെ പിന്മാറ്റം ഓർക്കാതെ എന്നെ ഒന്നു തൊടണമേ. ഞാൻ ആ തൃക്കരം ഒന്നു മുത്തിക്കോട്ടെ? ഞാൻ ആ തൃപ്പാദം ഒന്നു ചുംബിച്ചോട്ടേ? കർത്താവേ, നീ എന്നോട് മനസ്സലിയണമേ. എന്റെമേൽ തൃക്കരം വയ്ക്കണമേ. എന്നെ അനുഗ്രഹിക്കണമേ.

ആരാധ്യൻ യേശുപരാ!
വണങ്ങുന്നു ഞാൻ പ്രിയനെ
തേജസ്സെഴും നിൻ മുഖമെൻ
ഹൃദയത്തിനാനന്ദമേ
സന്നിധിയിൽ വസിച്ചോട്ടെ
പാദങ്ങൾ ചുംബിച്ചോട്ടെ

യേശുക്രിസ്തുവിന്റെ തൃക്കരം സ്പർശിക്കുന്ന അനുഭവം നിങ്ങൾ പ്രാപിക്കുക. ഈ വചനം വായിക്കുമ്പോൾതന്നെ നിങ്ങളുടെ ഹൃദയം വാഞ്ഛിക്കുക, കർത്താവേ, പഴയ സന്തോഷത്തിലേക്ക്, പഴയ വിശുദ്ധിയിലേക്ക്, പഴയ തീക്ഷ്ണതയിലേക്ക് എനിക്ക് മടങ്ങിവരണം. പഴയ എരിവിലേക്ക്, പഴയ ജീവിത ദർശനത്തിലേയ്ക്ക് എനി ക്ക് മടങ്ങിവരണം. പഴയ കാല ജീവിതത്തിന്റെ പ്രശോഭിതമായ അവസ്ഥയിലേക്ക് എനിക്ക് മടങ്ങിവരണം. പഴയകാല ജീവിതസമർപ്പണത്തിലേയ്ക്ക് എനിക്ക് മടങ്ങിവരണം. കർത്താവേ, ആഴമേറിയ

ജീവിതാനുഭവങ്ങൾ എനിക്ക് തരണം.

ബുദ്ധിയുള്ളവർ പാത്രത്തിൽക്കൂടി എണ്ണ എടുത്തു. വിളക്കിൽ എണ്ണയുണ്ട്, പാത്രത്തിൽ എണ്ണയുണ്ട്. എല്ലാവരുടെയും വിളക്ക് കത്തിക്കൊണ്ടിരിക്കുകയാണ്. പത്തുപേരുടെ വിളക്കിലും എണ്ണയുണ്ട്. മണവാളൻ വരുവാൻ താമസിക്കുന്നു എന്ന് മനസ്സിലായി. അവർ പരസ്പരം ആലോചിച്ചു, നമുക്കൊന്നുറങ്ങിയാലോ? മണവാളൻ വരുമ്പോൾ ആർപ്പുവിളി ഉണ്ടാകുമല്ലോ? അപ്പോൾ നമുക്കെഴുന്നേറ്റു വിളക്കു തെളിച്ചാൽ മതിയല്ലോ? പത്തുപേരും ഒരുമിച്ച് കിടന്നുറങ്ങി. അർദ്ധരാത്രിയ്ക്ക് മണവാളൻ വരുന്നു എന്നുള്ള ആർപ്പുവിളിയുണ്ടായി. പെട്ടെന്നാണ് ആ വലിയ ആഘോഷസ്വരം പത്തുപേരും കേട്ടത്. പത്തുപേരും ഞെട്ടി ഉണർന്നു.

> *"പിന്നെ മണവാളൻ താമസിക്കുമ്പോൾ എല്ലാവരും മയക്കംപിടിച്ചു ഉറങ്ങി. അർദ്ധരാത്രിക്കോ മണവാളൻ വരുന്നു; അവനെ എതിരേല്പാൻ പുറപ്പെടുവിൻ എന്നു ആർപ്പുവിളി ഉണ്ടായി. അപ്പോൾ കന്യകമാർ എല്ലാവരും എഴുന്നേറ്റു വിളക്കു തെളിയിച്ചു."* *മത്തായി 25 : 5 – 7*

"They trimmed their lamps." അവരുടെ വിളക്കിന്റെ നാട നീട്ടിക്കൊടുത്തു. അതിന്റെ കരിഞ്ഞ അറ്റം മുറിച്ചുകളഞ്ഞു. അപ്പോഴാണ് മനസ്സിലായത്, ഇത്രയുംനേരം കത്തിക്കൊണ്ടിരുന്നെങ്കിലും ആളിക്കത്താൻ തിരി നീട്ടിയപ്പോൾ, കത്താൻ എണ്ണയില്ല. അഞ്ചുപേരുടെ വിളക്ക് കെട്ടുപോയി. മറ്റ് അഞ്ചുപേരുടെ വിളക്ക് നന്നായി കത്തുന്നു. കാരണം അവർ എണ്ണ ഒഴിച്ചു കൊടുത്തു. ഒഴിച്ചുകൊടുക്കാൻ പാത്രത്തിൽ എണ്ണയുണ്ട്.

എന്റെ സഹോദരരേ, ഇന്നുള്ള ആത്മീയതീക്ഷ്ണത കൊണ്ട്, ആത്മീയ നിലവാരംകൊണ്ട്, ആത്മീയകാഴ്ചപ്പാടുകൊണ്ട് നാം തൃപ്തരാകരുത്. കർത്താവേ, എനിക്ക് ആത്മീയജീവിതത്തിന്റെ ആഴങ്ങളിലേയ്ക്ക് നീങ്ങണമല്ലോ? ഇനി പഴ

യതുപോലെ ജീവിക്കുന്നില്ല. ഇനി ഞാൻ ചിന്തയില്ലാത്തവണ്ണം ജീവിക്കയില്ല. കരുതലില്ലാത്തവനായി ജീവിക്കയില്ല. ഓരോ സെക്കന്റും വിലയേറിയത്. ഓരോ നിമിഷം കഴിയുന്തോറും ഞാൻ എന്റെ ജീവിതാവസാനത്തോട് അടുക്കുന്നു.

കർത്താവേ, ഇനി ഒരുപക്ഷേ, എനിക്ക് തിരിയുവാൻ അവസരം കിട്ടിയില്ലെങ്കിലോ? ഇനി ജീവന്റെ വചനം കേൾക്കാൻ എനിക്കവസരം കിട്ടിയില്ലെങ്കിലോ? ജീവന്റെ ആത്മാവ് ഇനി എന്നോട് വാദിച്ചില്ലെങ്കിലോ? ഇന്ന് ആത്മാവ് വാദിച്ചുകൊണ്ടുനിൽക്കുന്നു. എന്റെ അരികത്തുവന്ന് കെഞ്ചിക്കൊണ്ട് നിൽക്കുന്നു. എന്നിലേക്ക് കടന്നുവരാൻ ദാഹിച്ചുകൊണ്ടിരിക്കുന്നു. ഇത് ഇനി സംഭവിച്ചില്ലെങ്കിലോ?

കൃപയുടെ വാതിൽ അടഞ്ഞു പോയാലോ? പെട്ടകത്തിന്റെ വാതിൽ അടച്ചു കളഞ്ഞാലോ? പെട്ടകത്തിൽ കടക്കാൻ പറ്റാതെ വന്നാലോ? എല്ലാവരും പുറത്തുനിന്ന് വിളിക്കുന്നു. ഞങ്ങൾക്കും തുറക്കണമേ എന്നുപറഞ്ഞ് നിലവിളിക്കുന്നു. കൃപയുടെവാതിൽ അടയുന്നതിനുമുമ്പ് എനിക്ക് ഈ രക്ഷ തരണം. കൃപയുടെ വാതിൽ പൂട്ടാറായിരിക്കുന്നു. ഇന്ന് കൃപാസനത്തിൽ ഇരിക്കുന്നവൻ ന്യായാസനത്തിലേയ്ക്ക് മാറുവാൻ പോകുന്നു.

വർഷങ്ങൾക്കുമുമ്പ് എന്റെ ജീവിതം ഞാൻ നിനക്കായി തന്നതാണ്. പക്ഷേ, എന്റെ കാഴ്ചപ്പാടുകൾ ഇരുണ്ടുപോയിരിക്കുന്നു. എന്റെ കർത്താവേ, എനിക്ക് പാപബോധം കിട്ടുന്നില്ല. എന്റെ ഹൃദയം തകരുന്നില്ല. എന്റെ ഉള്ള് ഉടയുന്നില്ല. എന്റെ മനസ്സ് പൊടിയുന്നില്ല. കർത്താവേ, തകർച്ച (brokenness) നഷ്ടപ്പെട്ടുപോയിരിക്കുന്നു; അനുതാപം നഷ്ടപ്പെട്ടുപോയിരിക്കുന്നു; ഒരു സമയത്തുണ്ടായിരുന്ന തീക്ഷ്ണത കുറഞ്ഞുപോയിരിക്കുന്നു.

ഇപ്പോൾ കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ വന്ന് ആവസിക്കണമേ. നിന്റെ വരവിനുമുമ്പ് എനിക്ക് ഈ കൃപയുടെ പെട്ടകത്തിൽ പ്രവേശിക്കണം. അല്ലെ

ങ്കിൽ ഞാൻ ഏറ്റവും ദൗർഭാഗ്യമനുഭവിക്കുന്നവനായി തീരും. കർത്താവേ, ആ മഹാവലിയ നഷ്ടം എനിക്കുവരരുത്. എന്റെ മുമ്പിൽവന്ന് നാളുകളായി വാദിച്ചുകൊണ്ടിരുന്ന ആത്മാവ്, കെഞ്ചിക്കൊണ്ടിരുന്ന ആത്മാവ് ദു:ഖിതനായി തിരിച്ചുപോകാൻ ഇടവരല്ലേ. ഇതാ ഞാൻ എന്നെ നിനക്കുതരുന്നു.

ഈ നിസ്സാരമായ ആയുസ്സ്, ഇനി എത്ര എന്ന് എനിക്കറിഞ്ഞുകൂടാ. ഉള്ള ആയുസ്സ് നിന്റെ കരങ്ങളിലേയ്ക്ക് ഇതാ വച്ചുമാറ്റുന്നു. ഇന്ന് ഞാൻ കേൾക്കുന്ന വചനം എന്റെ ജീവിതത്തിലെ ഒടുവിലത്തെ അവസരമാണോ എന്ന് എനിക്കറിഞ്ഞുകൂടാ. നാഥാ! നീ എന്നോട് മനസ്സലിയണം. എന്റെ പാപങ്ങൾ ഓർക്കല്ലേ, എന്റെ അകൃത്യങ്ങൾ ഓർക്കല്ലേ.

സഹോദരീ സഹോദരന്മാരേ, കഴിഞ്ഞകാല പാപങ്ങളെ ഓർത്ത് നെടുവീർപ്പിടുവിൻ.

*എന്നാൽ ഇപ്പോഴെങ്കിലും നിങ്ങൾ പൂർണ്ണഹൃദയത്തോടും ഉപവാസത്തോടും കരച്ചലോടും വിലാപത്തോടും കൂടെ എങ്കലേക്കു തിരിവിൻ എന്നു യഹോവയുടെ അരുളപ്പാട്. വസ്ത്രങ്ങളെയല്ല ഹൃദയങ്ങളെ തന്നേ കീറി നിങ്ങളുടെ ദൈവമായ യഹോവയുടെ അടുക്കലേക്കു തിരിവിൻ; അവൻ കൃപയും കരുണയും ദീർഘക്ഷമയും മഹാദയയുമുള്ളവനല്ലോ; അവൻ അനർത്ഥത്തെക്കുറിച്ച് അനുതപിക്കും.”* *യോവേൽ 2 : 12, 13*

വസ്ത്രമല്ല കീറേണ്ടത്, ഹൃദയങ്ങളെ കീറുക. ഹൃദയം മുറിയട്ടെ. ഹൃദയത്തിൽ നിന്ന് ജീവരക്തം ഒഴുകട്ടെ. ഹൃദയത്തിൽനിന്ന് ജീവരക്തം ഒഴുകുന്നതിന്റെ പ്രതീകമായി കണ്ണിൽനിന്നും കണ്ണുനീർ പ്രവാഹം, നിന്റെ ജീവിതത്തിൽ നിന്നും പാപക്കറകൾ കഴുകാനായി ഒഴുകിവരട്ടെ.

ദൈവപൈതലേ, നിന്റെ ജീവിതം യേശുവിന് കൈമാറുവാൻ, യേശുവിന്റെ കൈകളിലേയ്ക്ക് ഈ നിസ്സാരജീവിതം കൊടുക്കുവാൻ നിനക്ക് തോന്നുന്നുണ്ടോ? നിനക്കുവേണ്ടി

ആണിയേറ്റ് തകർന്ന കരങ്ങൾ! നിനക്കുവേണ്ടി രക്തംചിന്തിയ കരങ്ങൾ! മകനേ, നിനക്കുവേണ്ടി ഏറ്റവും തീക്ഷ്ണമായ വേദനയനുഭവിച്ച കരങ്ങൾ! പിച്ചിച്ചീന്തിയ കരങ്ങൾ! ഇപ്പോൾ നിന്റെ നേരെ നീട്ടിയിരിക്കുന്നു.

മകനേ, നീ എന്റെ കരങ്ങളെ കാണൂ. നിനക്കുവേണ്ടി യല്ലേ ഞാൻ അടിയേറ്റത്, ഞാൻ കുരിശിൽകിടന്ന് പിടഞ്ഞത്, മുഖത്ത് തുപ്പലേറ്റത്? ഞാൻ പാപം ചെയ്തില്ലല്ലോ. എന്നെ വിധിച്ച പീലാത്തോസ്പോലും പറഞ്ഞത് ഇവൻ നീതിമാനാ ണ് ഇവനിൽ ഞാൻ ഒരു കുറ്റവും കാണുന്നില്ല എന്നാണ്. പീലാത്തോസ് മൂന്നുവട്ടം പറഞ്ഞല്ലോ? വിധിച്ച ന്യായാധിപതി പറയുന്നു: ഇവനിൽ ഒരു കുറ്റവും കാണുന്നില്ല എന്ന്.

എന്നെ ഒറ്റിക്കൊടുത്ത ഘാതകനായ യൂദാ പറയുന്നു: ഞാൻ കുറ്റമില്ലാത്ത രക്തത്തെ ഒറ്റിക്കൊടുത്തു എന്ന്. എന്നെ ക്രൂശിൽ തൂക്കിയ ശതാധിപൻ പറയുന്നു: ഇവൻ നീതിമാനാ യിരുന്നു സത്യമെന്ന്. നിങ്ങൾ ഇതെല്ലാം അറിഞ്ഞില്ലേ? ഞാൻ പാപം ചെയ്തിട്ടല്ലല്ലോ അടിയേറ്റത്. എന്റെ മുഖത്ത് തുപ്പലേ റ്റത് എന്തിനുവേണ്ടി? നിന്റെ നാവ് അരുതാത്തത് പറഞ്ഞ തിനുള്ള ശിക്ഷ ഞാൻ ഏൽക്കുകയായിരുന്നു. നിന്റെ കണ്ണ് അരുതാത്തത് കണ്ടതിന് ഞാൻ ശിക്ഷ ഏൽക്കുകയായിരുന്നു.

മകളേ, നീ ഗ്രഹിക്കുന്നുണ്ടോ, നിന്റെ പാപം ഞാൻ ഏറ്റു. നിന്റെ പാപത്തിനുള്ള ശിക്ഷ ഞാൻ വഹിച്ചു. ഞാൻ നിനക്കുവേണ്ടി എല്ലാ ശിക്ഷയും ഏറ്റുവാങ്ങി. എന്തിനു വേണ്ടി? നരകശിക്ഷയിൽനിന്ന് നിനക്ക് മോചനം തരാൻ. നിന ക്കുവേണ്ടി ഞാൻ ഇതെല്ലാം സഹിച്ചു. നീ എനിക്കുവേണ്ടി എന്തു ചെയ്തു?

കർത്താവേ, ഇത്രയും കാലം ഞാൻ നഷ്ടപ്പെടുത്തിക്കള ഞ്ഞു. ഇനിയുള്ള ആയുസ്സിന്റെ ഓരോ സെക്കന്റും നിനക്കു വേണ്ടി ഞാൻ ഇതാ വേർതിരിക്കുന്നു. കർത്താവേ, എനിക്ക് സ്വന്തമായി ഒരു ജീവിതമില്ല, സ്വന്തമായി ഒരു ഭാവിയില്ല, സ്വന്ത മായി ഒരു നാളെയില്ല. എല്ലാം യേശുവേ നിനക്കു മാത്രം.

*"ആകയാൽ നിങ്ങൾ തിന്നാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദൈവത്തിന്റെ മഹത്വ ത്തിന്നായി ചെയ്‌വിൻ."* *1 കൊരിന്ത്യർ 10 : 31*

*"വാക്കിനാലോ ക്രിയയാലോ എന്തു ചെയ്താലും സകലവും കർത്താവായ യേശുവിന്റെ നാമത്തിൽ ചെയ്തും അവൻ മുഖാന്തരം പിതാവായ ദൈവ ത്തിന്നു സ്തോത്രം പറഞ്ഞുംകൊണ്ടിരിപ്പിൻ."*
*കൊലൊസ്സ്യർ 3 : 17*

നിങ്ങൾ ഹൃദയം ക്രിസ്തുവിന് കൊടുപ്പിൻ. യേശുവി നോട് വാക്കുപറയുവിൻ. യേശുവേ, എന്നോട് മനസ്സലിയണ മേ. എന്റെമേൽ തൃക്കരം വയ്ക്കണമേ. എന്നെ കഴുകണമേ. തിരുരക്തത്താൽ എന്നെ മുദ്ര അണിയിക്കണമേ. പാപക്കറ കൾ നീക്കണമേ. എന്നെ വിശുദ്ധീകരിക്കണമേ. നിന്റെ സന്നി ധിയിലേയ്ക്ക് ചേരുവാൻ എന്നെ യോഗ്യനാക്കിത്തീർക്കണമേ.

യേശുവേ, നിന്റെ രണ്ടാമത്തെ വരവിൽ വിളക്കുകത്തിച്ച് ഒരുങ്ങി നിൽക്കുന്ന മണവാട്ടിയെപ്പോലെ, മണവാളനെ എതി രേൽപ്പാൻ ഒരുങ്ങിയിരിക്കുന്ന മണവാട്ടിയെപ്പോലെ, ആ വിശുദ്ധ കന്യകമാരെപ്പോലെ ഞാനും ഇതാ ഒരുങ്ങുന്നു. എന്റെ ജീവിതം ഞാൻ ഇതാ തരുന്നു. ഇപ്പോൾ എന്നെ അണി യിച്ചൊരുക്കണമേ. നാഥാ! എനിക്ക് ആടയാഭരണങ്ങൾ തരണ മേ. എന്നെ വിശുദ്ധീകരിക്കണമേ. എന്റെ വിളക്ക് കത്തിച്ച് തര ണമേ. എന്റെ വിളക്കിൽ എണ്ണ പകർന്ന് തരണമേ. പരിശുദ്ധാ ത്മാവിന്റെ എണ്ണ എന്റെ ഹൃദയത്തിലേക്ക് പകർന്ന് എന്നെ ഇന്ന് ആത്മാവിൽ നിറയ്ക്കണമേ. ആത്മാവിന്റെ തീയാൽ എന്നെ ജ്വലിപ്പിക്കണമേ. ആത്മാവിന്റെ തീ എന്റെ സിരക ളിൽക്കൂടി പായണമേ. ആത്മാവിന്റെ തീയുടെ ജ്വാലയാൽ ഞാൻ ഇന്ന് കത്തിയെരിഞ്ഞ് തീരട്ടെ.

# ഏഴ്

*“മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല. ഇത് ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു; അവരുടെമേൽ രണ്ടാം മരണത്തിന്ന് അധികാരം ഇല്ല; അവർ ദൈവത്തിന്നും ക്രിസ്തുവിന്നും പുരോഹിതന്മാരായി ക്രിസ്തുവിനോടുകൂടെ ആയിരം ആണ്ടു വാഴും.” വെളിപ്പാട് 20 : 5, 6*

വിശുദ്ധന്മാരുടെ പുനരുത്ഥാനമാണ് ഒന്നാമത്തെ പുനരുത്ഥാനം. ക്രിസ്തുവിൽ വാങ്ങിപ്പോയവരുടെ പുനരുത്ഥാനമാണ് ഒന്നാമത്തെ പുനരുത്ഥാനം.

പുനരുത്ഥാനം അഥവാ ഉയിർത്തെഴുന്നേൽപ്പ് രണ്ട് ഘട്ട ങ്ങളായിട്ടുണ്ട്.

1. വിശുദ്ധന്മാരുടെ പുനരുത്ഥാനം
2. പാപികളുടെ പുനരുത്ഥാനം

വിശുദ്ധന്മാരുടെ പുനരുത്ഥാനത്തിൽ പങ്ക് കിട്ടുന്നത് ഭാഗ്യകരമായ ഒരനുഭവമാണ്.

നാം എല്ലാവരും ഈ ഭൂമിയിൽ നിന്നും കടന്നുപോകും. നാം ഈ ഭൂമിയിൽ നിന്നും മാറ്റപ്പെട്ടതിന് ശേഷം, നമ്മുടെ മൺമയമായ ശരീരം മണ്ണോടു മണ്ണ് ലയിച്ചതിന് ശേഷം നാം ഒരുനാൾ ഉയിർത്തെഴുന്നേൽക്കും. ഉയിർത്തെഴുന്നേൽക്കു ന്നത് ഒന്നാമതാണോ രണ്ടാമതാണോ എന്ന് തീരുമാനിക്കേ

ണ്ടത് നാം തന്നെയാണ്. ഒന്നാമത്തെ പുനരുത്ഥാനത്തിലാണോ രണ്ടാമത്തെ ഉയിർത്തെഴുന്നേൽപ്പിലാണോ ഞാൻ ഉയിർത്തെഴുന്നേൽക്കുന്നതെന്ന് തീരുമാനിക്കാനുള്ള അവകാശം നമുക്ക് തന്നെയാണ്. അത് അവനവന് തീരുമാനിക്കാം.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കു വേണമെങ്കിൽ ഞാൻ ഒരു വിശുദ്ധനായിത്തീർന്നേ പറ്റുകയുള്ളൂ. വിശുദ്ധന്മാരുടെ പുനരുത്ഥാനം ലഭിക്കുന്നത് ആർക്കെല്ലാം?

1. ക്രിസ്തുവിലുള്ളവർക്ക്, ക്രിസ്തുവിൽ വാങ്ങിപോയവർക്ക്– In Christ.
2. ക്രിസ്തുവിനുള്ളവർക്ക്, ക്രിസ്തുവിന് അവകാശമുള്ളവർക്ക് – Those who belong to Christ.
3. കാത്തിരിക്കുന്നവർക്ക്.
4. ഒരുങ്ങിയിരിക്കുന്നവർക്ക്.
5. വിശുദ്ധന്മാർക്ക്.

കർത്താവ് മദ്ധ്യാകാശത്തിൽ വരുമ്പോൾ വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കും. ക്രിസ്തുവിനുള്ളവർ ഉയിർത്തെഴുന്നേൽക്കും, കാത്തിരിക്കുന്നവർ ഉയിർത്തെഴുന്നേൽക്കും, ഒരുങ്ങിയിരിക്കുന്നവർ ഉയിർത്തെഴുന്നേൽക്കും.

എങ്ങനെയാണ് ഒരുങ്ങിയിരിക്കേണ്ടത്? ബുദ്ധിയുള്ള കന്യകമാർ ഒരുങ്ങിയിരുന്നു. അവരുടെ പാത്രത്തിലുംകൂടെ എണ്ണയുണ്ടായിരുന്നു. അവർ മണവാളനോടു കൂടെ മണവറയിൽ പ്രവേശിച്ചു. എന്നാൽ ഒരുക്കമില്ലാത്തവർ വെളിയിൽ നിൽക്കേണ്ടി വന്നു. പാത്രത്തിൽ എണ്ണ കരുതാത്തവർ പുറത്തു നിന്ന് കരയേണ്ടി വന്നു. അവർക്കുവേണ്ടി വാതിൽ തുറന്നു കിട്ടിയില്ല. സ്വർഗ്ഗീയ വാതിൽ, മണവറയുടെ വാതിൽ അവർക്കുവേണ്ടി തുറന്നില്ല.

ഈ ഭൂമിയിലെ നമ്മുടെ ജീവിതകാലത്ത് നാം ഓരോരുത്തരും വിശുദ്ധരായി തീരണം എന്നാണ് നമ്മുടെ കർത്താവ്

ആഗ്രഹിക്കുന്നത്. അതിനുവേണ്ടി മാത്രമാണ് കരുണയുള്ള കർത്താവ് നമ്മിൽ ആശവെച്ച് ഈ വചനം തരുന്നത്. ഈ ഭൂമിയിൽ ജീവിക്കുന്ന കാലം വിലപ്പെട്ടതാണ്. ഭൗതികജീവിതം വിലയേറിയതാണ്. ഈ ജീവിതം നഷ്ടപ്പെടുത്തുവാനുള്ളതല്ല.

ഒരു പ്രസിദ്ധനായ സാഹിത്യകാരനും, അദ്ധ്യാപകനുമായിരുന്നു, ഡോ. സുകുമാർ അഴീക്കോട്. അദ്ദേഹം ഒരിക്കൽ പറഞ്ഞു:

“ജനനം എന്ന മൂന്നക്ഷരം കൊണ്ട് ആരംഭിച്ച്, മരണം എന്ന മൂന്നക്ഷരത്തിൽ അവസാനിക്കുന്ന ഒന്നല്ല, ജീവിതം എന്ന മൂന്നക്ഷരം.”

അദ്ദേഹം വീണ്ടും പറഞ്ഞു:

“ജീവിതം ജീവിക്കുവാനുള്ളതാണ്
ജീവിതം തികവിലേക്കുള്ള പ്രയാണമാണ്.”

ഈ ഭൂമിയിലെ ആയുഷ്ക്കാലത്ത് നാം തികവിൽ എത്തിച്ചേരണം; പൂർണ്ണതയിൽ എത്തിച്ചേരണം, നാം വിശുദ്ധരായി തീരണം. നമ്മുടെ ജീവിതത്തിൽ വിശുദ്ധി സമ്പാദിക്കണം. വിശുദ്ധി സമ്പാദിക്കുക എന്നുള്ളത് വളരെ ലളിതമായ കാര്യമാണ്. വളരെ പ്രയാസമുള്ള കാര്യവുമാണ്. ലളിതം എന്ന് പറയാൻ കാരണം അതിനുവേണ്ടി ഒരു പൈസയും മുടക്കണ്ട, സൗജന്യമാണത്.

വിശുദ്ധീകരണം ദൈവത്തിന്റെ പരിശുദ്ധാത്മാവ് തരുന്ന സൗജന്യമായ ഒരു അനുഗ്രഹമാണ്. നമുക്ക് ഒരു പൈസ മുടക്കുമില്ല. നമ്മുടെ ജിവിതത്തിൽ വിശുദ്ധീകരണത്തിനുള്ള ദാഹവും വാഞ്ഛയും ഉണ്ടായാൽ മതി. ക്രിസ്തുവിലുള്ള വിശ്വാസം, പരിശുദ്ധാത്മാവിലുള്ള വിശ്വാസം, ദൈവസ്നേഹത്തിലുള്ള വിശ്വാസം, ഈ വിശ്വാസത്തിന്റെ കെട്ടുറപ്പുണ്ടായാൽ മതി, നമുക്ക് വിശുദ്ധീകരണം അനുഭവിക്കാം. വിശുദ്ധീകരണം – Edification, Sanctification, Purification എന്നു പറയാം.

അപ്പൊസ്തലനായ പൗലോസ് ഒരു വിശുദ്ധനായിരുന്നു.

ജീവിതത്തിൽ വിശുദ്ധിയെക്കുറിച്ചുള്ള അപ്പൊസ്തലന്റെ കാഴ്ചപ്പാട് തന്റെ ലേഖനങ്ങൾ വായിക്കുമ്പോൾ മനസ്സിലാകും. ആദ്യകാലങ്ങളിൽ അപ്പൊസ്തലൻ പറഞ്ഞു, ഞാൻ വിശുദ്ധന്മാരിൽ ഒരുവനാണ് എന്ന്. രണ്ടാമത് അപ്പൊസ്തലൻ പറഞ്ഞു, ഞാൻ ദൈവം തിരഞ്ഞെടുത്ത അപ്പൊസ്തലന്മാരിൽ ഒരുവനാണെന്ന്. മൂന്നാമത്, മരണത്തോടടുത്ത് കിടക്കുമ്പോൾ, ജയിലിൽ കിടക്കുമ്പോൾ അപ്പൊസ്തലൻ പറഞ്ഞു, ഞാൻ പാപികളിലേക്കും ഒന്നാമനാണ് എന്ന്.

വിശുദ്ധിയുടെ വളർച്ച സ്വയം കണ്ടെത്തുന്നതാണ്. നമുക്ക് ശരിയായ വെളിവുണ്ട് എന്ന് പറയുന്നത് നമ്മെത്തന്നെ കാണുന്നതാണ്. എന്റെ ആത്മാവിന്റെ യഥാർത്ഥ അവസ്ഥ എങ്ങനെയാണ് എന്ന് ഞാൻ തന്നെ ഗ്രഹിക്കണം. ദൈവത്തിന്റെ വചനം കേൾക്കുമ്പോൾ നമുക്ക് നമ്മെത്തന്നെ ഒന്ന് self-assess ചെയ്യുവാൻ സാധിക്കും. നമ്മെത്തന്നെ ഒന്ന് കണക്കുകൂട്ടാൻ സാധിക്കും. ദൈവത്തിന്റെ വചനപ്രകാരം എന്റെ ജീവിതം എവിടെ നിൽക്കുന്നു?

ഒരു സംഭവം വായിച്ചു. ഒരു വീട്. ആ വീടിന്റെ തൊട്ടടുത്ത് ഒരു വാടക വീടുണ്ട്. ഈ വീട്ടിൽ ഭാര്യയുണ്ട്, ഭർത്താവുണ്ട്, കുഞ്ഞുങ്ങളുണ്ട്. കുഞ്ഞുങ്ങൾ സ്കൂളിൽ പോകും. ഭർത്താവ് ഓഫീസിൽ പോകും. ഭാര്യ വീട്ടിലെ കാര്യങ്ങളെല്ലാം നോക്കും. അടുത്ത വീട്ടിൽ വാടകയ്ക്ക് പുതിയ താമസക്കാർ വന്നു. ഭാര്യ വീട്ടിൽ നിന്നുകൊണ്ട് വാടക വീട്ടിലേയ്ക്ക് നോക്കി. അപ്പോൾ അഴയിൽ തുണികളെല്ലാം വിരിച്ചിട്ടിരിക്കുന്നു. ഈ സ്ത്രീ ഒരു ദിവസം ഭർത്താവിനോട് പറഞ്ഞു:

“നമ്മുടെ അടുത്ത് വാടകയ്ക്ക് വന്നിരിക്കുന്നവർ തീരെ ശ്രദ്ധയില്ലാത്തവരാണ്. അവരുടെ തുണികൾ വിരിച്ചിട്ടിരിക്കുന്നത് എത്ര മോശമായിട്ടാണ്. വൃത്തികെട്ട തുണികൾ. ഒന്ന് കഴുകിയിട്ട് വിരിച്ചിടാമായിരുന്നല്ലോ. ഒരു വിവേകവുമില്ലാത്തവർ. ഒരു വൃത്തിയില്ലാത്തവർ. തുണി കഴുകിയിട്ടല്ല തോരാനിട്ടിരിക്കുന്നത്.”

ഭർത്താവ് ഒന്നും മിണ്ടിയില്ല.

അടുത്ത ദിവസവും ഭാര്യ പറഞ്ഞു: "വളരെ മോശം; വാടകയ്ക്കു വന്ന സ്ത്രീയ്ക്ക് ഒരു ഉത്തരവാദിത്വവുമില്ല, ചുമതലാബോധവുമില്ല. എല്ലാം കറ പിടിച്ച് മുഷിഞ്ഞ തുണികൾ."

ഭർത്താവ് അന്നും ഒന്നും മിണ്ടിയില്ല.

മൂന്നാം ദിവസം സ്ത്രീ പറഞ്ഞു: "കേട്ടോ, ഒരു വ്യത്യാസം വന്നിട്ടുണ്ട്. കാര്യമായി വ്യത്യാസം വന്നിട്ടുണ്ട്. ആ വാടകക്കാർ ഇപ്പോൾ നന്നായിട്ട് കഴുകിയാണ് ഇടുന്നത്. ഇപ്പോൾ കണ്ടാൽ ഒരു ചന്തമുണ്ട്. തുണി എല്ലാം നന്നായി കഴുകാൻ അവർക്ക് അറിയാം. ഒരുപക്ഷേ നാം നമ്മുടെ വീട്ടിലെ തുണികളെല്ലാം ഇടുന്നത് കണ്ടിട്ടായിരിക്കും അയൽപക്കത്ത് താമസിക്കുന്നവർ വൃത്തിയായിട്ട് തോരാൻ ഇട്ടിരിക്കുന്നത്."

അപ്പോൾ ഭർത്താവ് പറഞ്ഞു: "അതല്ല കാരണം. നമ്മുടെ വീട്ടിൽ നിന്നും അങ്ങോട്ട് നോക്കിയത് ജനലിൽ കൂടിയല്ലേ. നമ്മുടെ ജനലിൽ അഴുക്കുണ്ടായിരുന്നു. ഞാൻ ഇന്ന് രാവിലെ ജനലെല്ലാം നല്ലതുപോലെ തുടച്ചു. നമ്മുടെ ജനലിൽ അഴുക്കുണ്ടായിരുന്നതുകൊണ്ട് അവിടെയുള്ള തുണികൾ വൃത്തികെട്ടതായി തോന്നിയതാണ്. തുണികൾ വൃത്തിയുള്ള തുണികളാണ്. പക്ഷേ, കുഴപ്പം നമ്മുടെ പക്ഷത്തായിരുന്നു. നമ്മുടെ ജനലിന്റെ ഗ്ലാസ്സിലാണ് അഴുക്കുണ്ടായിരുന്നത്. ആ ഗ്ലാസ്സിലെ അഴുക്ക് തുടച്ച് മാറ്റിയപ്പോൾ അങ്ങോട്ട് നോക്കുമ്പോൾ ഒരു വൃത്തികേടും കാണാനില്ല."

പ്രിയപ്പെട്ടവരേ, നാം ഇങ്ങനെയാണ്. നമ്മുടെ കുറവുകൾ നാം കാണാറില്ല. നമ്മുടെ കുറവുകൾ എങ്ങനെയെന്ന് നാം നോക്കാറില്ല. നമ്മുടെ കുറവുകൾ കാണാൻ നമ്മുടെ കണ്ണുകൾ തുറക്കാറില്ല. മറ്റുള്ളവരുടെ കുറവുകൾ നാം കാണും. മറ്റുള്ളവരുടെ കുറവുകൾ നാം വിധിക്കുകയും ചെയ്യും. പക്ഷേ, എന്റെ ജീവിതത്തിൽ എന്താണ് തിരിത്തുവാനുള്ളത്, എന്റെ ജീവിതത്തിൽ എന്താണ് കുറവുള്ളത്, നാം പലപ്പോഴും അത് ചിന്തിക്കാറില്ല.

നമ്മുടെ ജീവിതത്തിലേക്ക് നാം തിരിഞ്ഞു നോക്കണം. എവിടെയെല്ലാം എനിക്കു തിരുത്തുവാനുണ്ട്? അങ്ങനെ ശുദ്ധീകരണം പ്രാപിച്ചാണ് ആത്മീയജീവിതം കെട്ടിപ്പടുക്കേണ്ടത്. ആത്മീയജീവിതം ഒരു വളർച്ചയാണ്. ഒറ്റ ദിവസം കൊണ്ട് പൂർത്തിയാകുകയില്ല. ഏതാനും നാളുകൾകൊണ്ടും പൂർത്തിയാകുകയില്ല. ഇത് മരണത്തോളമുള്ള ഒരു പ്രക്രിയയാണ്. മരണത്തോളം നാം ജാഗരൂകരായി വിശുദ്ധീകരണം അനുഭവിക്കേണ്ടതാണ്.

നമ്മുടെ ജീവിതത്തിൽ എത്ര വിശുദ്ധി അനുഭവിച്ചാലും യേശുവിന്റെ വിശുദ്ധിയോട് നാം അടുത്ത് ചെല്ലുകയില്ല. യേശുക്രിസ്തു വിശുദ്ധന്മാരിൽ പരിശുദ്ധനാണ്. യേശുക്രിസ്തു തേജോമയനാണ്, മഹത്വപൂർണ്ണനാണ്; നിത്യപരിശുദ്ധനാണ്. നിത്യപരിശുദ്ധനായ യേശുക്രിസ്തുവിന്റെ ആളത്വത്തോട് ചേർന്ന് വരുവാൻ നമുക്ക് സാധിക്കയില്ല. പക്ഷേ, നമുക്ക് ഒരു കാര്യം പ്രാർത്ഥിക്കാൻ പറ്റും. എന്റെ കർത്താവേ, നിന്റെ ആ വിശുദ്ധ സ്വഭാവത്തോട് അനുരൂപപ്പെട്ടു വരുവാൻ എന്നെ നീ വിശുദ്ധീകരിക്കണമേ.

നിന്റെ പരിശുദ്ധാത്മാവ് എനിക്ക് വെളിവ് തരണമേ. പരിശുദ്ധാത്മാവ് എന്റെ ഹൃദയത്തിൽ വ്യാപരിച്ച് എനിക്ക് ശുദ്ധീകരണം തരണമേ. കർത്താവേ, എന്റെ ആയുഷ്ക്കാലംകൊണ്ട് എനിക്ക് സാധിച്ച് കിട്ടേണ്ടത് ഒരു ശുദ്ധിമതിയായിത്തീരുക, ഒരു വിശുദ്ധനായിത്തീരുക എന്നതാണ്. എന്റെ ജീവിതത്തിൽ അത് സാധിച്ചില്ല എങ്കിൽ കനത്ത നഷ്ടമായിരിക്കും. വിശുദ്ധി അനുഭവിച്ചില്ലെങ്കിൽ അക്കരെ കടന്നുചെല്ലുമ്പോൾ ഞാൻ ഏറ്റവും നിരാശനായി പോകും. തന്നയുമല്ല, ഒന്നാമത്തെ പുനരുത്ഥാനത്തിൽ എനിക്ക് പങ്ക് ലഭിക്കാതെ പോകും.

> *"ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നേ."* *1 തെസ്സലൊനീക്യർ 4 : 3*

വിശുദ്ധിയാണ് ദൈവം നമ്മെക്കുറിച്ചാഗ്രഹിക്കുന്നത്. നമ്മെ തേച്ചു മിനുക്കി, ഉരച്ച് മിനുസപ്പെടുത്തി, ആ അനുഭവ

ത്തിൽ നമ്മെ ആക്കിത്തീർക്കുക എന്നതാണ് കർത്താവിന്റെ പരിശുദ്ധാത്മാവ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

ഇന്ന് അനേകമാളുകളും ധരിച്ചുവച്ചിരിക്കുന്നത്, ഞാൻ എന്റെ ജീവിതം കർത്താവിന് സമർപ്പിച്ചു, എന്റെ ജീവിതം കർത്താവിന് കൊടുത്തു, അതുകൊണ്ട് എനിക്കിനി കുഴപ്പമൊന്നുമില്ല, എനിക്ക് കർത്താവിന്റെ വേല ചെയ്യാം, ഞാൻ മാനസാന്തരപ്പെട്ടതാണ്, അതുകൊണ്ട് എനിക്ക് വേലചെയ്യാൻ തടസ്സമൊന്നുമില്ല എന്നെല്ലാമാണ്. ഒരിക്കൽ കർത്താവിന് സമർപ്പിച്ചതാണെങ്കിൽപോലും നമ്മുടെ ജീവിതം പരിപൂർണ്ണമായി വിശുദ്ധമായിട്ടില്ല. വിശുദ്ധീകരണം അനുഭവിച്ചിട്ടില്ല.

ജോൺ വെസ്ലി എന്ന് പറയുന്ന മഹാനായ സുവിശേഷകൻ ഒരിക്കൽ പറഞ്ഞു: 'I went to America to convert the Christians there but who will convert me." അമേരിക്കയിലുള്ള ക്രിസ്ത്യാനികളെ മാനസാന്തരപ്പെടുത്തുവാൻ ഞാൻ അമേരിക്കയിൽ പോയി. പക്ഷേ, എന്നെ ആരു മാനസാന്തരപ്പെടുത്തും?"

ഈ വാക്കുകൾ വായിക്കുന്ന അനേകം പേർ മാനസാന്തരപ്പെട്ടവരാണ് പക്ഷേ, വിശുദ്ധീകരണം അനുഭവിച്ചിട്ടില്ല. ആഴത്തിലുള്ള കഴുകൽ അനുഭവിച്ചിട്ടില്ല. ആന്തരികമായ കഴുകൽ പ്രാപിക്കണം. നാം ശുദ്ധീകരണം അനുഭവിക്കണം.

എന്റെ ആത്മീയജീവിതത്തെക്കുറിച്ച് എനിക്ക് അതൃപ്തി തോന്നിയത് മുപ്പത്തിആറാമത്തെ വയസ്സിലാണ്. ഞാൻ സുവിശേഷകനായിരുന്നു, ദൈവത്തിന്റെ വേല ചെയ്യുന്നവനായിരുന്നു. പക്ഷേ, ഞാൻ അനേകം കാര്യങ്ങളിൽ ശുദ്ധീകരണം പ്രാപിക്കേണ്ടിയിരിക്കുന്നു എന്ന് എനിക്ക് മനസ്സിലായി. ഞാൻ വചനം പറയാൻ ഓടുന്നുണ്ട്. നിസ്വാർത്ഥമായ ലക്ഷ്യത്തോടുകൂടി തന്നെയാണ് വചനം പറയുന്നത്. സുവിശേഷവേല ആഗ്രഹത്തോടുകൂടിയാണ് ചെയ്യുന്നത്. പക്ഷേ, ഞാൻ അറിഞ്ഞില്ല എന്റെ ജീവിതത്തിൽ ശുദ്ധീകരണം പ്രാപിച്ചില്ല, എന്റെ ആളത്വം രൂപാന്തരപ്പെട്ടില്ല എന്ന്.

ആ കാലങ്ങളിൽ പരിശുദ്ധാത്മാവ് എന്റെ ഉള്ളത്തിൽ വന്ന് ഓരോന്ന് മനസ്സിലാക്കി തന്നുകൊണ്ടിരുന്നു. വേദപുസ്തകത്തിൽ ഓരോ ഭാഗങ്ങൾ വായിക്കുമ്പോൾ അതിലെല്ലാം പുതിയ അർത്ഥങ്ങൾ കിട്ടുകയാണ്. "പത്രോസ് എഴുന്നേറ്റു യോപ്പയിലേയ്ക്ക് പോയി" എന്നു വായിച്ചപ്പോൾ ഞാൻ കുറെ നേരം ചിന്തിച്ചു. പത്രോസ് ഇരിക്കയായിരുന്നു. പത്രോസ് എഴുന്നേറ്റുപോയി.

എനിക്ക് അത് പുതിയ അനുഭൂതി തന്നു. പത്രോസ് എഴുന്നേറ്റു, ഞാനും എഴുന്നേൽക്കേണ്ടിയിരിക്കുന്നു. ഞാൻ കിടക്കുകയാണ്, ഞാൻ തളർന്നിരിക്കുകയാണ്, ഞാൻ വിശുദ്ധി അനുഭവിച്ചിട്ടില്ല. പത്രോസ് എഴുന്നേറ്റു എന്ന ഒരൊറ്റ വാക്യത്തിൽക്കൂടി അരിച്ചരിച്ച് വന്നു ആത്മാവിന്റെ ആലോചനകൾ.

വീണ്ടും ഞാൻ മലപ്രസംഗത്തിന്റെ അവസാനഭാഗം വായിച്ചു.

> *"കർത്താവേ, കർത്താവേ, നിന്റെ നാമത്തിൽ ഞങ്ങൾ പ്രവചിക്കയും നിന്റെ നാമത്തിൽ ഭൂതങ്ങളെ പുറത്താക്കുകയും നിന്റെ നാമത്തിൽ വളരെ വീര്യപ്രവൃത്തികൾ പ്രവർത്തിക്കയും ചെയ്തില്ലയോ എന്നു പലരും ആ നാളിൽ എന്നോടു പറയും. അന്നു ഞാൻ അവരോട്: ഞാൻ ഒരുനാളും നിങ്ങളെ അറിഞ്ഞിട്ടില്ല; അധർമ്മം പ്രവർത്തിക്കുന്നവരേ, എന്നെ വിട്ടു പോകുവിൻ എന്നു തീർത്തു പറയും."*
>
> *മത്തായി 7 : 22, 23*

എന്നെ അത് വല്ലാതെ ചിന്തിപ്പിച്ചു. കർത്താവിന്റെ വചനം പറയുന്നു, കർത്താവേ, കർത്താവേ എന്ന് വിളിക്കുന്നുണ്ട്. കർത്താവിന്റെ വേല ചെയ്തു. പ്രാർത്ഥിച്ചപ്പോൾ ചിലരിൽ നിന്നും ഭൂതങ്ങൾ പുറത്തായി. തന്നെയുമല്ല ചില അത്ഭുതങ്ങളും അടയാളങ്ങളും നടന്നു. രോഗികൾക്ക് സൗഖ്യം വന്നു. വചനം കേട്ട ചിലർക്ക് മാനസാന്തരം വരികയും ചെയ്തു.

പക്ഷേ, അധർമ്മം ജീവിതത്തിൽ നിന്നും പോയില്ല. പാപം ജീവിതത്തിൽ നിന്നും പോയില്ല.

അന്തരാത്മാവിൽ പാപം, അകത്ത് അശുദ്ധി, ചിന്തയിൽ അശുദ്ധി, ചിന്തയിൽ അരുതാത്ത വികാരങ്ങൾ, ജീവിതത്തിൽ ഒരിക്കലും വരരുതാത്ത കാര്യങ്ങൾ, വൈരാഗ്യം, പക, വിദ്വേഷം, ചിലരെക്കുറിച്ചുള്ള മുൻവിധികൾ, ഇഷ്ടക്കേടുകൾ, ചില കാര്യങ്ങളിലുള്ള കടുംപിടിത്തങ്ങൾ, നിർബ്ബന്ധബുദ്ധികൾ, ഇതെല്ലാം ജീവിതത്തിലുണ്ടായിരുന്നു.

ചിലപ്പോഴെല്ലാം എനിക്ക് എന്നെത്തന്നെ നിയന്ത്രിക്കാൻ പറ്റാത്ത കോപമുണ്ടായിരുന്നു. അതിനെല്ലാം ഞാൻ ന്യായീകരണം കണ്ടെത്തിക്കൊണ്ടിരുന്നു. ഞാൻ മാനസാന്തരപ്പെട്ടവനായിരുന്നുതാനും. മുപ്പത്തിയാറാമത്തെ വയസ്സിൽ ഈ വാക്യം വായിച്ച് ഞാൻ നെടുവീർപ്പിട്ടു. ഞാൻ അമ്പരപ്പിലായി. അപ്പോഴാണ് ഞാൻ വീണ്ടും വായിക്കുന്നത്.

> *"എങ്കിലും നിന്റെ ആദ്യസ്നേഹം വിട്ടുകളഞ്ഞു എന്നു ഒരു കുറ്റം നിന്നെക്കുറിച്ചു പറവാനുണ്ട്. നീ ഏതിൽ നിന്നു വീണിരിക്കുന്നു എന്ന് ഓർത്ത് മാനസാന്തരപ്പെട്ട് ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്ക് അതിന്റെ നിലയിൽ നിന്നു നീക്കുകയും ചെയ്യും." വെളിപ്പാട് 2: 4, 5*

എനിക്കു മനസ്സിലായി, ആദ്യകാലത്തുണ്ടായിരുന്ന എരിവ് കുറഞ്ഞുപോയി എന്ന്. ആദ്യകാലത്തുണ്ടായിരുന്ന തീക്ഷ്ണത കുറഞ്ഞുപോയി. ദൈവവേലയ്ക്കു വേണ്ടിയുള്ള വാഞ്ഛ കുറഞ്ഞുപോയി. ആദ്യകാലത്ത് ഒരു ചെറിയ നീരസം വരുമ്പോഴേയ്ക്കും ദൈവസന്നിധിയിൽ ഇരുന്ന് കരയുമായിരുന്നു. അത് മാറിപ്പോയി. ഇപ്പോൾ വലിയ ഗൗരവം തോന്നുന്നില്ല. ആദ്യസ്നേഹം കുറഞ്ഞുപോയി.

എന്റെ ബഹുമാന്യ സഹോദരി സഹോദരന്മാരേ, നിങ്ങൾ നോക്കൂ, നിങ്ങൾക്ക് ശുദ്ധീകരണം ലഭിക്കണ്ടേ?

ശുദ്ധീകരണം അനുഭവിച്ച് വിശുദ്ധരായി തീരണ്ടേ? ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്ക് നിങ്ങൾക്ക് കിട്ടണ്ടേ? വിശുദ്ധരായിത്തീരുവിൻ.

ഒരു കറയും കളങ്കവുമില്ലാതെ, അഴുക്കിന്റെ ഒരംശംപോലുമില്ലാതെ നാം പൂർണ്ണ വിശുദ്ധരാകുവാൻ കർത്താവ് ആഗ്രഹിക്കുന്നു. നമ്മുടെ മനോഭാവംപോലും വിശുദ്ധമായിത്തീരണം. നമ്മുടെ ചിന്താഗതികൾ വിശുദ്ധമായിത്തീരണം. നമ്മുടെ ലക്ഷ്യങ്ങൾ, ലാക്കുകൾ വിശുദ്ധമായിത്തീരണം. നമ്മുടെ പ്രതീക്ഷകൾ വിശുദ്ധമായിത്തീരണം. വിശുദ്ധിയുടെ പര്യായമായി നാം തീരണം. ഇത് നിസ്സാരമായ കാര്യമല്ല.

നിങ്ങൾ ഇപ്പോൾ കർത്താവിനോട് പറയണം. നാഥാ! എനിക്ക് ഒരു ശുദ്ധിമതിയായിത്തീരണം. ഇത്രയും കാലം ഞാൻ വിശുദ്ധി അനുഭവിച്ചില്ല. ഇത്രയും കാലം ഞാൻ കോപത്തിന് അടിമയായിരുന്നു, അഴുക്കിന് അടിമയായിരുന്നു. അശുദ്ധവികാരങ്ങളും മ്ലേച്ഛവികാരങ്ങളും എന്റെ ജീവിതത്തിലുണ്ടായിരുന്നു. എന്റെ ഒരവയവത്തിന്മേലും എനിക്ക് നിയന്ത്രണമുണ്ടായിരുന്നില്ല. എനിക്ക് ദ്രവ്യാഗ്രഹമുണ്ടായിരുന്നു. എനിക്ക് മറ്റുള്ളവർ തരണം തരണം എന്നല്ലാതെ അവർക്ക് കൊടുക്കണം എന്ന് തോന്നിയിരുന്നില്ല. കർത്താവേ, തെറ്റുപറ്റിപ്പോയി.

“ദൈവത്തിന്റെ ഇഷ്ടമോ നിങ്ങളുടെ ശുദ്ധീകരണം തന്നെ.” ശുദ്ധീകരണം പ്രാപിക്കുക. യേശുക്രിസ്തു നമ്മെക്കുറിച്ചാഗ്രഹിക്കുന്നത് നാം വിശുദ്ധരായിത്തീരണം എന്നുള്ളതാണ്. വിശുദ്ധന്മാർക്ക് മാത്രമാണ് സ്വർഗ്ഗരാജ്യത്തിൽ അവകാശം. വിശുദ്ധന്മാർ മാത്രമേ അവിടെ കടന്നു ചെല്ലുകയുള്ളൂ.

*“എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ” വെളിപ്പാട് 14 : 13*

യേശുക്രിസ്തുവിൽ മരിക്കണമെങ്കിൽ യേശുക്രിസ്തുവിൽ ജീവിക്കണം. യേശുക്രിസ്തുവിൽ ജീവിക്കണമെങ്കിൽ യേശുക്രിസ്തുവിൽ വിശുദ്ധരായിത്തീരണം.

*“എല്ലാവരോടും സമാധാനം ആചരിച്ച് ശുദ്ധീകരണം പ്രാപിപ്പാൻ ഉത്സാഹിപ്പിൻ. ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല.”*

*എബ്രായർ 12 : 14*

എല്ലാവരോടും സമാധാനമായിരിക്ക. ആരോടും പിണങ്ങരുത്. ആരോടും അകൽച്ച പാടില്ല. ആരെയും തരംതാഴ്ത്തി കാണരുത്. എല്ലാവരെയും നാം ബഹുമാനിച്ചുകൊള്ളണം. കഴിവുള്ള ഉപകാരം ചെയ്തുകൊള്ളണം. നമ്മെത്തന്നെ മറന്ന് നാം ഉപകാരം ചെയ്യണം. നമ്മുടെ സ്വന്തം നന്മകൾ മറന്ന് മറ്റുള്ളവരുടെ നന്മ ആഗ്രഹിക്കണം. നമ്മെ ഉപദ്രവിച്ചവരുടെയും, നമ്മെ വെറുത്തവരുടെയും നന്മ നാം ആഗ്രഹിക്കണം. അവർക്ക് ഒരു തിന്മയും വരരുതേ എന്ന് നാം ആഗ്രഹിക്കണം.

നമ്മെ ഏതെങ്കിലും കാര്യത്തിൽ വിഷമിപ്പിക്കുകയോ പ്രയാസപ്പെടുത്തുകയോ ചെയ്തവരെക്കുറിച്ചും നമ്മെക്കുറിച്ച് ഇല്ലാത്തത് പറഞ്ഞവരെക്കുറിച്ചും, അവർക്ക് ഒരു പ്രയാസം വരുമ്പോൾ നമ്മുടെ ഉള്ള് നോവണം. നമ്മുടെ ഹൃദയം നോവണം. അവർ നമ്മെ ഉപദ്രവിച്ചു എന്ന് തോന്നുകയില്ല. അത് അവന് വരേണ്ടതാണ് എന്ന് നമുക്കു തോന്നുകയില്ല. നമ്മുടെ ഹൃദയം സ്നേഹംകൊണ്ട് നിറയണം. സ്നേഹത്തിന്റെ പര്യായമായി നാം മാറണം.

ഗോഗുൽത്തായിലെ കുരിശിൽ കാണിച്ചുതന്ന ആ മഹത്തായ സ്നേഹം ഇന്ന് ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ നിങ്ങൾക്ക് പ്രാപിക്കാം. സ്നേഹം തരാനാണ് കർത്താവ് വന്നിരിക്കുന്നത്. സ്നേഹത്തിൽ വിശുദ്ധിയുണ്ട്, വിശ്വാസമുണ്ട്, അനുസരണമുണ്ട്. സ്നേഹത്തിൽ നന്മകളുണ്ട്, സർവ്വ സമ്പത്തുമുണ്ട്.

നമ്മുടെ കുടുംബങ്ങൾ സ്നേഹത്തിന്റെ പ്രതീകങ്ങളായി മാറണം. നമ്മുടെ കുടുംബങ്ങളിൽ സ്നേഹം വാഴണം. ഭാര്യാഭർത്തൃബന്ധത്തിൽ സ്നേഹം നിറയണം. ഭാര്യയുടെ കഴിവുകേടിൽ അസംതൃപ്തി തോന്നരുത്. ഭർത്താവിനെ നാം

താങ്ങണം. മക്കളിൽ ആരെങ്കിലും ഏതെങ്കിലും തരത്തിൽ കുറവുള്ളവരാണെങ്കിൽ അവരെ പ്രോത്സാഹിപ്പിക്കണം; അവരെ നിരുത്സാഹപ്പെടുത്തരുത്. നമ്മുടെ ജീവിതത്തിന്റെ മാറ്ററുരയ്ക്കുന്നത് സ്നേഹമാണ്.

ജീവിതം സ്നേഹത്തിൽ അധിഷ്ഠിതമായിരിക്കണം. സ്നേഹം വിനിമയം ചെയ്യുക. സ്നേഹം വില്ക്കുക, കൈമാറ്റം ചെയ്യുക. സ്നേഹത്താൽ നിറയുക. സ്നേഹത്താൽ വിശുദ്ധി പ്രാപിക്കുക. ഗോഗുൽത്തായിലെ സ്നേഹം! തന്റെ തിരുരക്തം ചിന്തിയ സ്നേഹം! തിരുരക്തത്തിന്റെ അത്ഭുത സ്നേഹം!

കർത്താവേ, പാപിയെ വീണ്ടെടുക്കുന്ന സ്നേഹം, പാപിയെ സ്നേഹിക്കുന്ന സ്നേഹം, ആ സ്നേഹമല്ലോ എന്റെ മുമ്പിൽ വന്നു നിൽക്കുന്നത്, എന്റെ മുമ്പിൽ വന്നു കെഞ്ചുന്നത്. യേശുവേ, ഞാൻ ഇതാ എന്റെ ഹൃദയം നിനക്കായി തുറന്നു തരുന്നു. നിത്യസ്നേഹമായ യേശുവേ, നീ എന്റെ ഹൃദയത്തിലേയ്ക്ക് വരണമേ. എന്നെ ഒരു വിശുദ്ധനാക്കിത്തീർക്കണമേ. എന്നെ ഒരു ശുദ്ധിമതിയായിത്തീർക്കണമേ. കർത്താവേ, പുണ്യവാന്മാരായ പരിശുദ്ധപിതാക്കന്മാർ അനുഭവിച്ച വിശുദ്ധിയുടെ തേജസ്സിന്റെ മണ്ഡലത്തിലേയ്ക്ക് എന്നെ ഉയർത്തണമേ. നിങ്ങൾ പ്രാർത്ഥിക്കൂ, സമർപ്പിക്കൂ.

കാരുണ്യവാനേ, മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, സ്നേഹത്താൽ നിന്റെ മക്കളെ നിറയ്ക്കണമേ. ഓരോ കുടുംബത്തിലും സ്നേഹം വാഴണമേ. അങ്ങനെ വിശുദ്ധിയുടെ അനുഭവത്തിൽ ഈ മക്കൾ നിന്നെ സ്തുതിപ്പാൻ ഇടയാക്കണമേ. വിശുദ്ധിയുടെ സ്തുതി, വിശുദ്ധിയുടെ കൈകൾ, വിശുദ്ധിയുടെ അവയവങ്ങൾ, അങ്ങനെ വിശുദ്ധരായിത്തീരുന്ന മഹാഭാഗ്യം ഓരോരുത്തർക്കും നൽകണമേ. അനുഗ്രഹിക്കണമേ. യേശുവിൻ നാമത്തിൽ തന്നേ, ആമ്മേൻ.

# എട്ട്

വെളിപ്പാട് പുസ്തകം ബൈബിളിലെ ഒടുവിലത്തെ പുസ്തകമാണ്. സകലത്തിന്റെയും സമാപ്തി കാണിക്കുന്ന, വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് ഏറ്റവും വിശദമായി പ്രസ്താവിക്കുന്ന പ്രവചനഗ്രന്ഥം. പഴയ നിയമത്തിൽ ദാനിയേൽ പ്രവാചകന്റെ പുസ്തകവും പുതിയ നിയമത്തിൽ വെളിപ്പാടു പുസ്തകവും പ്രവചനഗ്രന്ഥങ്ങളാണ്.

വരാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ച് പറയുന്ന പുസ്തകങ്ങൾ. പലതും നമുക്ക് മനസ്സിലാകുകയില്ല. എന്നാൽ ഒന്ന് മനസ്സിലാകും. എല്ലാം അവസാനിക്കും. ഇന്ന് നാം കാണുന്ന ഭൂമി തകർന്നുപോകും.

> *"ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞുപോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും."* 2 പത്രോസ് 3 : 10

> *"ചൂളപോലെ കത്തുന്ന ഒരു ദിവസം വരും; അപ്പോൾ അഹങ്കാരികളൊക്കെയും സകല ദുഷ്പ്രവൃത്തിക്കാരും താളടിയാകും; വരുവാനുള്ള ആ ദിവസം വേരും കൊമ്പും ശേഷിപ്പിക്കാതെ അവരെ ദഹിപ്പിച്ചുകളയും എന്ന് സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു." മലാഖി 4 : 1*

ഭൂമിയ്ക്ക് അടിയിലുള്ളതും ശേഷിക്കയില്ല, ഭൂമിയ്ക്ക് മീതെയുള്ളതും ശേഷിക്കയില്ല. എല്ലാം ദഹിച്ചു പോകും.

അതിനുശേഷം ഒരു പുതിയ ആകാശവും പുതിയ ഭൂമിയും ഉണ്ടാകും.

> *"ഞാൻ പുതിയ ആകാശവും പുതിയ ഭൂമിയും കണ്ടു; ഒന്നാമത്തെ ആകാശവും ഒന്നാമത്തെ ഭൂമിയും ഒഴിഞ്ഞുപോയി; സമുദ്രവും ഇനി ഇല്ല. പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം ഭർത്താവിന്നായി അലങ്കരിച്ചിട്ടുള്ള മണവാട്ടിയെപ്പോലെ ഒരുങ്ങി സ്വർഗ്ഗത്തിൽനിന്നു, ദൈവസന്നിധിയിൽനിന്നു തന്നേ, ഇറങ്ങുന്നത് ഞാൻ കണ്ടു. സിംഹാസനത്തിൽ നിന്നൊരു മഹാശബ്ദം പറയുന്നതായി ഞാൻ കേട്ടത്: ഇതാ, മനുഷ്യരോടു കൂടെ ദൈവത്തിന്റെ കൂടാരം; അവൻ അവരോടുകൂടെ വസിക്കും; അവർ അവന്റെ ജനമായിരിക്കും; ദൈവം താൻ അവരുടെ ദൈവമായി അവരോടു കൂടെ ഇരിക്കും. അവൻ അവരുടെ കണ്ണിൽ നിന്നു കണ്ണുനീർ എല്ലാം തുടച്ചുകളയും."*
>
> *വെളിപ്പാട് 21 : 1 – 4*

ഇന്ന് നമുക്ക് ദു:ഖമുണ്ട്, കണ്ണുനീരുണ്ട്, കരച്ചിലുണ്ട്. ആരുണ്ട് ദു:ഖിക്കാത്തവർ? ഓരോരുത്തരും വിങ്ങിക്കഴിയുകയല്ലേ? പ്രശ്നങ്ങളുടെ നീർച്ചുഴിയിൽപ്പെട്ട് പലരും കറങ്ങുകയല്ലേ? ഏതു വീട്ടിലാണ് സമാധാനമുള്ളത്? എല്ലാമുണ്ടെന്നു തോന്നും. പക്ഷേ, സമാധാനം മാത്രമില്ല. വരുമാനമുണ്ട്, ആരോഗ്യമുണ്ട്, നല്ല വീടുണ്ട്, നല്ല ഭാര്യയുണ്ട് അല്ലെങ്കിൽ നല്ല ഭർത്താവുണ്ട്, നല്ല മക്കളുണ്ട്; മറ്റുള്ളവർ നോക്കുമ്പോൾ ഒന്നിനും കുഴപ്പമില്ല. പക്ഷേ, ആ വീട്ടിലോ, അകം നീറുകയാണ്.

അവിടെ പരസ്പരം സ്നേഹമില്ല, ഐക്യമില്ല. പരസ്പരം സംശയമാണ്. സമാധാനത്തിനും സ്നേഹത്തിനും പഞ്ഞം. അനേകം വീടുകളും സമാധാനത്തിനും സ്നേഹത്തിനും പഞ്ഞമുള്ള വീടുകളാണ്. ഭാഗ്യവശാൽ, ക്രിസ്തുവുള്ള വീടുകളിൽ സ്നേഹമുണ്ട്, സമാധാനമുണ്ട്. ക്രിസ്തു വസിക്കുന്ന

ഭവനങ്ങൾ! എന്തൊരു മഹാഭാഗ്യമാണത്!

ഇന്ന് എത്രയോ ആളുകൾ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കുന്നു. മരിക്കണം എന്ന ചിന്ത. ഏതോ ഒരു ഡിപ്രഷന് അടിമപ്പെട്ട് മനുഷ്യൻ മരിക്കാൻ ഒരുമ്പെടുന്നു. മരിച്ചാൽ മതി എന്ന ചിന്ത. ജീവിക്കുവാനുള്ള ആശ പോകുന്നു. ഇന്ന് മനുഷ്യൻ ഭാരപ്പെട്ട് ഉഴലുകയാണ്. അനേക ഭവനങ്ങൾ ഇന്ന് നരകമാണ്. നരകമായ ഭവനം സ്വർഗ്ഗമാക്കാനാണ് കർത്താവായ യേശുക്രിസ്തു ഈ ഭൂമിയിലേയ്ക്ക് വന്നത്.

1969–ൽ നീൽ ആംസ്ട്രോങ്ങ് ചന്ദ്രനിൽ കാലു കുത്തി, “Praise the Lord” എന്ന് പറഞ്ഞു. വെറും മുപ്പത്തിനാല് വയസ്സ് മാത്രം പ്രായമുണ്ടായിരുന്ന റഷ്യൻ ബഹിരാകാശ സഞ്ചാരിയായ യൂറി ഗഗാറിൻ ബഹിരാകാശം മുഴുവൻ സഞ്ചരിച്ച് വന്ന് പരിഹാസസ്വരത്തിൽ പറഞ്ഞു: “ഞാൻ അവിടെയെല്ലാം നോക്കി, ഒരു ദൈവത്തെ കണ്ടില്ല” എന്ന്. പരിഹസിച്ച് പറഞ്ഞതാണ്. അധികംനാൾ അദ്ദേഹം ജീവിച്ചിരുന്നില്ല. ഒരു ആക്സിഡന്റിലൂടെ കടന്നുപോയി. 1971–ൽ ഇർവിൻ ചന്ദ്രനിൽ ചെന്നു. ചന്ദ്രനിലൂടെ അദ്ദേഹം നടന്നു. ബൈബിൾ വിടർത്തി വായിച്ചു:

> *“ഞങ്ങളുടെ കർത്താവായ യഹോവേ, നിന്റെ നാമം ഭൂമിയിലൊക്കെയും എത്ര ശ്രേഷ്ഠമായിരിക്കുന്നു! നീ ആകാശത്തിൽ നിന്റെ തേജസ്സു വച്ചിരിക്കുന്നു. നിന്റെ വൈരികൾ നിമിത്തം, ശത്രുവിനെയും പകയനെയും മിണ്ടാതാക്കുവാൻ തന്നേ, നീ ശിശുക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു ബലം നിയമിച്ചിരിക്കുന്നു. നിന്റെ വിരലുകളുടെ പണിയായ ആകാശത്തെയും നീ ഉണ്ടാക്കിയ ചന്ദ്രനെയും നക്ഷത്രങ്ങളെയും നോക്കുമ്പോൾ, മർത്യനെ നീ ഓർക്കേണ്ടതിന്ന് അവൻ എന്ത്? മനുഷ്യപുത്രനെ സന്ദർശിക്കേണ്ടതിന്ന് അവൻ എന്തുമാത്രം?”*
>
> *സങ്കീർത്തനങ്ങൾ 8 : 1 – 4*

ഇർവിൻ തിരിച്ചുവന്ന്, സുഹൃത്തുക്കൾ എല്ലാം നിറഞ്ഞ വലിയ ഒരു സമൂഹത്തിൽ നിന്നുകൊണ്ട് പ്രസംഗിച്ചു: ഞാൻ ചന്ദ്രനിൽ പോയി മടങ്ങി വന്നിരിക്കുന്നു. എല്ലാം ദൈവത്തിന്റെ കരുണ. ഞാൻ ചന്ദ്രനിൽ കാലുകുത്തി നടന്നു എന്നത് നിങ്ങൾക്കൊരത്ഭുതമാണ്. പക്ഷേ, അതിലും വലിയ അത്ഭുതം നിത്യനായ ദൈവം സ്വർഗ്ഗത്തിൽ നിന്നും ഭൂമിയിലേയ്ക്കിറങ്ങി വന്ന് ഈ ഭൂമിയിലൂടെ സഞ്ചരിച്ചു എന്നതാണ്!

വെളിപ്പാട് പുസ്തകം ഒന്നാം അദ്ധ്യായത്തിലും ഇരുപത്തിരണ്ടാം അദ്ധ്യായത്തിലും ഏതാണ്ട് ഒരേ ആശയം ഉള്ള ഒരു വാക്യമുണ്ട്, ആരാണ് ഭാഗ്യവാൻ എന്ന്?

> *"ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യവാന്മാർ". വെളിപ്പാട് 1 : 3*
>
> *"ഇതാ, ഞാൻ വേഗത്തിൽ വരുന്നു; ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു." വെളിപ്പാട് 22 : 7*

ഈ വചനം വായിച്ച് അനേകരെ കേൾപ്പിക്കണം. അനേകർ കേൾക്കട്ടെ. വായിച്ച് കേൾപ്പിക്കുന്നവൻ ഏകവചനമാണ്. കേൾക്കുന്നവരും പ്രമാണിക്കുന്നവരും ബഹുവചനമാണ്. ഒരാൾ വായിച്ച് കേൾപ്പിക്കുന്നു. അനേകർ കേൾക്കുന്നു, അനേകർ വചനം പ്രമാണിക്കുന്നു.

പലരും ദൈവത്തിന്റെ വേല ചെയ്യുക എന്നത് താണ കാര്യമായിട്ടാണ് കരുതുന്നത്. ഭാഗ്യവശാൽ എനിക്ക് ബൈബിൾ എന്നും ഒരു ആവേശമായിരുന്നു. ആരുടെയും മുമ്പിൽ ബൈബിൾ പിടിച്ച് നടക്കാൻ എനിക്ക് ഒരു നാണവും തോന്നിയിട്ടില്ല. കാരണം എന്നെ ഉയർത്തിയത് ഈ ബൈബിൾ ആണ്.

എനിക്ക് ആശ തന്നത്, മുമ്പോട്ട് ഗതി തന്നത്, ഉദ്ധാരണം

തന്നത് ഈ വേദപുസ്തകമാണ്. വേദപുസ്തകത്തിലെ വചനങ്ങളാണ് എനിക്ക് പ്രത്യാശ നൽകിയത്, വിശ്വാസം തന്നത്, മാറ്റം തന്നത്. ജീവിതത്തിലെ കേടുകളും നിരാശകളും നീക്കിത്തന്നത് ഈ വചനമാണ്. വചനം ജീവനാണ്, ശക്തിയാണ്, കൃപയാണ്.

*"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയിരുന്നു."* *യോഹന്നാൻ 1 : 1*

*"വചനം ജഡമായി തീർന്നു, കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു."*
*യോഹന്നാൻ 1 : 14*

ഈ വചനം കർത്താവായ യേശുക്രിസ്തു തന്നെയാണ്. ഇത് വാസ്തവമായ വിശ്വാസത്തോടെ വായിക്കുമെങ്കിൽ നിങ്ങൾ അത്ഭുതപ്പെടും. കർത്താവേ, എവിടെനിന്നാണ് ഈ സമാധാനം ഒഴുകി വരുന്നത്. മനസ്സ് പാരവശ്യപ്പെട്ട് നിങ്ങൾ വിതുമ്പാൻ തുടങ്ങും. കാരണം നിങ്ങളുടെ ഹൃദയത്തിന് ആശ്വാസം കിട്ടും. തേനിലും തേൻകട്ടയിലും മധുരമായ വചനം! ഈ വചനം നമ്മെ അനുഗ്രഹിക്കുന്ന വചനമാണ്. നമ്മെ മുന്നോട്ട് തള്ളിവിടുന്ന, നമ്മുടെ അലസതകൾ മാറ്റുന്ന, അശുദ്ധി മാറ്റുന്ന വചനമാണ്. നമ്മുടെ അവിശ്വാസം മാറ്റുന്ന വചനമാണ്. ഈ വചനം നമ്മെ രൂപാന്തപ്പെടുത്തുന്ന വചനമാണ്.

"മധുരം മധുരം മനോഹരം നൽ
തേനിലും മധുരം തിരുവചനം
മേൽത്തരമാം പൊന്നതിനോടതുല്യം
തങ്കവും അതിനൊടു സമമല്ല"

മധുരമാണ് ഈ വചനം. നിങ്ങൾ അനേകംപേർ ഇതനുഭവിക്കുന്നുണ്ട്. വചനം വായിച്ച് നിങ്ങൾക്ക് ശക്തി കിട്ടുന്നു. നിങ്ങളുടെ വഴികൾ തെളിഞ്ഞുകിട്ടുന്നു. അടഞ്ഞുപോയ

വാതിലുകൾ തുറന്നു കിട്ടുന്നു. ജീവിതത്തിലെ നിരാശാകര മായ സാഹചര്യങ്ങൾ മാറിക്കിട്ടുന്നു. മുന്നോട്ടൊരു ഗതി കിട്ടു ന്നു. ജീവിക്കാൻ പ്രതീക്ഷ കിട്ടുന്നു. വചനം നമ്മെ അനുഗ്രഹി ക്കുന്നതാണ്.

ഒരിക്കൽ ഒരു സ്ത്രീ തെരുവ് അടിച്ചുകൊണ്ട് നിൽക്കുക യായിരുന്നു. അമേരിക്കയിലെ ഷിക്കാഗോയിൽ ആണ്. അപ്പോൾ ഒരു ചെറുപ്പക്കാരൻ അതുവഴി പോകുകയാണ്. അവന്റെ ജോലി ചെരുപ്പ് കടയിലാണ്. അവൻ സ്ത്രീയോടു ലോഹ്യം ചോദിച്ചു: “വല്യമ്മേ, എന്താണ് വിശേഷം?” “മകനേ, യേശുക്രിസ്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചു, യേശു ക്രിസ്തു നിനക്കും വേണ്ടിയും ക്രൂശിൽ മരിച്ചു. ഇതല്ലാതെ എന്താണ് വിശേഷം?”

ഈ വല്യമ്മ പറഞ്ഞത് നിസ്സാരമെന്ന് നമുക്ക് തോന്നാം. പക്ഷേ, അവന്റെ ഉള്ളത്തെ അത് ഇളക്കിമറിച്ചുകൊണ്ടിരുന്നു. “യേശുക്രിസ്തു എനിക്കുവേണ്ടി മരിച്ചു.” അന്ന് കടയിൽ പോയിരുന്നിട്ട് അവനൊന്നും ചെയ്യാൻ പറ്റിയില്ല. ആ വാക്കു കൾ അവനെ ക്രിസ്തുവിലേക്ക് നയിച്ചു. ആ ചെറുപ്പക്കാര നാണ് പിന്നീട് സുവിശേഷ പ്രസംഗത്തിന്റെ കൊടുമുടിയിൽ കയറിയ ഡി.എൽ. മൂഡി! ഒരു പാവപ്പെട്ട വൃദ്ധ സ്ത്രീ പറഞ്ഞ ഒറ്റ വാക്ക്: “യേശുക്രിസ്തു എനിക്കുവേണ്ടി മരിച്ചു, നിനക്കു വേണ്ടിയും മരിച്ചു; അല്ലാതെന്താ മോനെ വിശേഷം!” നിസ്സാര മെന്ന് തോന്നാം പക്ഷേ, ആ വാക്ക് ഹൃദയത്തിൽ തറഞ്ഞു.

നാം ദൈവത്തിന്റെ വചനത്തെ ആസ്പദമാക്കി പറയുന്ന വാക്കുകൾ ചിലരെ ജീവിപ്പിക്കും, ചിലർക്ക് ചൈതന്യം കൊടു ക്കും, പുനരുദ്ധാരണം കൊടുക്കും. ചിലർക്ക് ഉത്സാഹം കൊടുക്കും.

പരീക്ഷ തോറ്റ് നിരാശപ്പെട്ടിരിക്കുന്ന ഒരു കുട്ടി വീണ്ടും പരീക്ഷ എഴുതി പിന്നെയും തോറ്റു. മനസ്സ് ഉഷ്ണിച്ചിരിക്കുക യാണ്. അപ്പനും അമ്മയും അവനെ വഴക്ക് പറഞ്ഞില്ല. അവനെ തരംതാഴ്ത്തിയുമില്ല. കാരണം, അവർ മാനസാന്തരപ്പെട്ടവരാ

യിരുന്നു. മോനെ, സാരമില്ല, മോൻ പ്രാർത്ഥിച്ചോ, ഞങ്ങളും പ്രാർത്ഥിക്കാം. കർത്താവ് മോന് ബുദ്ധി തരും. നീ ഉത്സാഹിച്ചോളൂ, അടുത്ത പ്രാവശ്യം നിനക്ക് ജയിക്കാം. എന്നിട്ട് അവന് പറഞ്ഞുകൊടുത്തു:

*"ഞാൻ ജീവനുള്ളവരുടെ ദേശത്ത് യഹോവയുടെ നന്മ കാണുമെന്ന് വിശ്വസിച്ചില്ലെങ്കിൽ കഷ്ടം! യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വയ്ക്കുക."*

*സങ്കീർത്തനങ്ങൾ 27 : 13, 14*

വചനം കൊടുത്തപ്പോഴേയ്ക്കും അവന്റെ മനസ്സ് പൂവിടരുന്നത് പോലെ വിടർന്നു. വചനം നമ്മെ പ്രോത്സാഹിപ്പിക്കും! വചനം നമ്മെ enlighten (പ്രകാശം) ചെയ്യും! വചനം നമ്മെ empower (ശക്തി) ചെയ്യും. വചനത്തിന്റെ ശക്തി! വചനം നമ്മെ അനുഗ്രഹിക്കും! വചനം നമ്മെ ഉത്സാഹിപ്പിക്കും!

കാലം ഇനി ഏറെയില്ല.

*"ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയും രാത്രിയിലെ ഒരു യാമംപോലെയും മാത്രം ഇരിക്കുന്നു."* *സങ്കീർത്തനങ്ങൾ 90 : 4*

ആയിരം സംവത്സരം മൂന്നു മണിക്കൂർ പോലെ! നിത്യപരിശുദ്ധനായ ദൈവത്തിന് കാല പരിധിയില്ല! സമയ പരിധിയില്ല! ദൂരപരിധിയില്ല!

*"എന്നാൽ പ്രിയമുള്ളവരേ, കർത്താവിന്നു ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസം പോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്. ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമസിക്കുന്നില്ല.*

*ആരും നശിച്ചുപോകാതെ എല്ലാവരും മാനസാന്ത രപ്പെടുവാൻ അവൻ ഇച്ഛിച്ചു നിങ്ങളോടു ദീർഘ ക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവ സമോ കള്ളനെപ്പോലെ വരും"*

*2 പത്രോസ് 3 : 8 - 10*

സമയം അടുത്തിരിക്കുന്നു. ഈ പുസ്തകത്തിലെ വചന ങ്ങൾ നാം വായിച്ചു കേൾപ്പിക്കണം, വായിച്ച് കേൾക്കണം. മാത്രമല്ല, വചനം പ്രമാണിക്കണം. അവരാണ് ഭാഗ്യവാൻമാർ. നിങ്ങൾക്ക് ഇന്ന് ഈ വചനത്തോട് മധുരം തോന്നുന്നുണ്ടോ? വചനം നമ്മെ അനുഗ്രഹിക്കും. നമ്മുടെ കുടുംബത്തെ അനു ഗ്രഹിക്കും. നമ്മുടെ മക്കളെ അനുഗ്രഹിക്കും. നമ്മുടെ അന ന്തര തലമുറയെ അനുഗ്രഹിക്കും.

വചനത്തിൽ അധിഷ്ഠിതമായ ജീവിതം; വചനത്തിൽ വേരൂന്നിയ ജീവിതം. ആ ജീവിതത്തിലാണ് യേശുക്രിസ്തു വിന്റെ തിരുരക്തം പ്രവർത്തിക്കുന്നത്. യേശുക്രിസ്തുവിന്റെ തിരുരക്തം അത്ഭുതം പ്രവർത്തിക്കും. നമ്മുടെ സ്വഭാവം മാറ്റും. നമ്മുടെ പാപപ്രകൃതി മാറ്റും. പാപത്തിന്റെ പ്രവണത കൾ മാറ്റും. പാപത്തിന്റെ മനോഭാവം മാറ്റും; ആ തിരുരക്തം നമ്മെ രൂപാന്തരപ്പെടുത്തും.

യേശുക്രിസ്തുവിന്റെ തിരുരക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കും. ഇപ്പോൾത്തന്നെ നിങ്ങളുടെ ഹൃദയം നിങ്ങൾ താഴ്ത്തുക. കർത്താവേ, എന്നെ നീ ഒന്നു ശുദ്ധീകരിക്കണമേ. നിന്റെ വചനത്താൽ എന്നെ ഒന്ന് കഴുക ണമേ. നിന്റെ വചനത്താൽ എന്നെ വിശുദ്ധീകരിക്കണമേ. എന്റെ ജീവിതവസ്ത്രം അലക്കിത്തരണമേ. കർത്താവേ, നിന്റെ വചനം ഞാൻ പ്രമാണിക്കും, വചനം ഞാൻ വായിച്ച് കേൾപ്പിക്കും, വചനം ഞാൻ കേൾക്കും. ഞാൻ ഭാഗ്യവാനായി ഈ ഭൂമിയിൽ ജീവിക്കും.

നമുക്ക് സമർപ്പിക്കാം. കർത്താവിന്റെ തിരുരക്തത്തിൽ

ശരണപ്പെടാം. തിരുരക്തത്താലുള്ള വീണ്ടെടുപ്പ് നമുക്കനുഭവിക്കാം. ഒരു പുതിയ സൃഷ്ടിയായി ജീവിക്കാം. നമ്മെത്തന്നെ കർത്താവിന്റെ കരങ്ങളിലേയ്ക്ക് കൊടുക്കാം.

കരുണയുള്ള കർത്താവേ, ഈ മനോഹര സമയത്തിനായി ഞങ്ങൾ നിന്നെ സ്തുതിക്കുന്നു. തിരുവചനങ്ങൾക്കായി സ്തുതിക്കുന്നു. സമയം അടുത്തിരിക്കുന്നു. ഈ ലോക ജീവിതം നിസ്സാരമെന്നെണ്ണിക്കൊണ്ട് അവിടുത്തെ വരവിനായി നോക്കിപ്പാർത്തിരിപ്പാൻ ഞങ്ങൾക്കെല്ലാവർക്കും ഭാഗ്യം നൽകണമേ. നാഥാ! വിട്ടുപോകാത്ത നിത്യസമാധാനംകൊണ്ട് ഞങ്ങളുടെ ഉള്ളങ്ങളെ പൊതിയണമേ. തിരുനാമം മഹത്വപ്പെടുത്തണമേ. യേശുക്രിസ്തുവിന്റെ സ്നേഹം നിറഞ്ഞ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണമേ, ആമ്മേൻ.

## ഒൻപത്

*"ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നതു പ്രമാണിക്കുന്നവരും ഭാഗ്യ വാന്മാർ: സമയം അടുത്തിരിക്കുന്നു."*

*വെളിപ്പാട് 1 : 3*

ഇതേ ആശയമുള്ള വാക്യം വെളിപ്പാടു പുസ്തക ത്തിന്റെ അവസാനഅദ്ധ്യായത്തിലും കാണാം.

*"ഇതാ, ഞാൻ വേഗത്തിൽ വരുന്നു; ഈ പുസ്തക ത്തിലെ പ്രവചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ എന്നു പറഞ്ഞു."* *വെളിപ്പാട് 22 : 7*

1. വചനം കേൾക്കുന്നവൻ ഭാഗ്യവാൻ
2. വചനം പറയുന്നവൻ ഭാഗ്യവാൻ
3. വചനം കേൾപ്പിക്കുന്നവൻ ഭാഗ്യവാൻ
4. വചനത്തിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്ന വനും ഭാഗ്യവാൻ.

വചനത്തിന്റെ പ്രാധാന്യമാണ് ഇവിടെ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമുക്ക് കാണിച്ചുതരുന്നത്. അപ്പൊസ്തല നായ പത്രോസ്, ലേഖനം എഴുതുമ്പോൾ പറയും:

*"ആകയാൽ സകല ദുഷ്ടതയും എല്ലാ ചതിവും വ്യാജഭാവവും അസൂയയും എല്ലാ നുണയും നീക്കിക്കളഞ്ഞ് ഇപ്പോൾ ജനിച്ച ശിശുക്കളെ പ്പോലെ രക്ഷയ്ക്കായി വളരുവാൻ വചനം എന്ന*

*മായമില്ലാത്ത പാൽ കുടിപ്പാൻ വാഞ്ഛിപ്പിൻ"*

*1 പത്രോസ് 2 : 1, 2*

വചനമെന്ന മായമില്ലാത്ത പാൽ കുടിയ്ക്കണം. ദൈവത്തിന്റെ വചനമെന്ന പാൽ എഴുതപ്പെട്ട് കിട്ടിയിട്ടുള്ളതാണ് വിശുദ്ധ വേദപുസ്തകം. ഇതിലെ ഓരോ വാക്കും ജീവനാണ്. ജീവൻ തുടിക്കുന്നവയാണ്. ഈ വചനം പലതും നമുക്ക് മനസ്സിലായില്ലെങ്കിലും അതിൽ ജീവൻ സ്പന്ദിക്കുകയാണ്; ചൈതന്യം പകരുകയാണ്. വചനം വായിക്കുമ്പോൾ നമ്മുടെ ക്ഷീണങ്ങൾ മാറുകയാണ്, മ്ലാനതകൾ മാറുകയാണ്. നമ്മുടെ ദു:ഖങ്ങൾ മാറുകയാണ്, ഹൃദയവിഷാദങ്ങൾ മാറുകയാണ്.

വേദപുസ്തകം വായിച്ച് ശക്തി പ്രാപിച്ച അവസരങ്ങൾ നിങ്ങൾക്ക് പറയുവാൻ കാണും. വേദപുസ്തകത്തിലെ വചനങ്ങൾ ഉരുവിടുമ്പോൾ എവിടെ നിന്നോ ഒരു കൃപ നിങ്ങളിലേക്ക് പകരുന്നത് നിങ്ങൾക്കനുഭവിക്കുവാൻ കഴിയും. നിങ്ങൾ വളരെ തളർന്നോ വിവശരായോ ഇരിക്കുമ്പോൾ വേദപുസ്തകത്തിലെ വാക്യങ്ങൾ കാണാതെ പറഞ്ഞാൽ മതി, പെട്ടെന്ന് ശക്തി പ്രാപിക്കുന്നത് നിങ്ങൾക്കനുഭവിക്കാൻ കഴിയും.

റിച്ചാർഡ് വുംബ്രാൻഡ് എന്ന ഭക്തനായ ഒരു മിഷണറി ഉണ്ടായിരുന്നു. അദ്ദേഹം എഴുതിയ "Tortured for Christ" (ജീവിക്കുന്ന രക്തസാക്ഷികൾ) എന്ന പുസ്തകത്തിൽ അദ്ദേഹത്തിന്റെ ഒരനുഭവം രേഖപ്പെടുത്തിയിട്ടുണ്ട്. പതിമൂന്ന് വർഷം റുമേനിയായിലെ ജയിലിൽ അദ്ദേഹം കിടന്നു. സുവിശേഷം പ്രസംഗിച്ചു എന്നതായിരുന്നു കുറ്റം. ജയിലിൽ കിടന്നപ്പോൾ ഒട്ടേറെ പീഡകൾ സഹിച്ചു.

അദ്ദേഹത്തിന്റെ ജയിൽമുറിയിലെ ചെറിയ പഴുതിൽ കൂടി എലികളെ കടത്തി വിട്ടു. അനേകം എലികൾ വന്ന് അദ്ദേഹത്തിന്റെ ശരീരം കടിച്ചു മുറിച്ചു. അദ്ദേഹം ഒരവസരത്തിൽ ഭാരതത്തിൽ വന്നപ്പോൾ, ശരീരത്തിൽ എലി കടിച്ച പാടുകൾ ഇവിടെയുള്ള ദൈവമക്കളെ കാണിച്ചു കൊടുത്തു.

ഈ വലിയ പീഡയുടെ മദ്ധ്യത്തിൽ അദ്ദേഹത്തെ നില നിർത്തിയത് വചനമാണ്. വേദപുസ്തകത്തിലെ കാണാതെ അറിയാവുന്ന വാക്യങ്ങൾ ഉരുവിട്ടുകൊണ്ട് അദ്ദേഹം ശക്തി പ്രാപിച്ചു, അനുഗ്രഹം പ്രാപിച്ചു. വിശ്വാസം ത്യജിക്കാവുന്ന പല സന്ദർഭങ്ങൾ വന്നു. പക്ഷേ, അദ്ദേഹം വിശ്വാസം ത്യജിച്ചില്ല. കാരണം, അദ്ദേഹത്തിന്റെ ഹൃദയത്തിൽ വചനമുണ്ടായിരുന്നു.

വചനം ഹൃദയത്തിലുണ്ടെങ്കിൽ നമുക്ക് ധൈര്യമുണ്ടാകും, സമാധാനമുണ്ടാകും, സന്തോഷം ഉറന്ന് പൊങ്ങിക്കൊണ്ടിരിക്കും. നമ്മിൽ എപ്പോഴും പ്രസന്നത കളിയാടിക്കൊണ്ടിരിക്കും. വചനം ഹൃദയത്തിൽ വഹിക്കുക എന്നു വച്ചാൽ യേശുക്രിസ്തുവിനെ നാം വഹിക്കുകയാണ്.

നൂറ്റാണ്ടുകൾക്ക് മുമ്പ് യേശുക്രിസ്തു ഹോശന്നാ ദിവസം കഴുതമേൽ വാഹനമേറി പോയതുപോലെ കർത്താവിനെ നമുക്കും വഹിക്കാം. വചനം നാം ഏറ്റുവാങ്ങുമ്പോൾ ക്രിസ്തുവിനെ ലഭിക്കുകയാണ്. നിങ്ങൾ വേദപുസ്തകം ധാരാളം വായിക്കണം. വാക്യങ്ങൾ കാണാതെ പഠിക്കണം. പഠിച്ചത് കാണാതെ ഉരുവിട്ടുകൊണ്ടിരിക്കണം.

ഏതു പ്രതിസന്ധി വരുമ്പോഴും രോഗത്തിന്റെ അശാന്തി വരുമ്പോഴും മനസ്സിൽ ആകുലങ്ങൾ വരുമ്പോഴും ജീവിതം വഴിമുട്ടി പോകുമ്പോഴുമെല്ലാം നിങ്ങൾ ഈ വചനം ഉരുവിടുക. വചനം ഉരുവിടുമ്പോൾ ഒരു ശക്തി നിങ്ങളിലേക്ക് പകരുന്നത് നിങ്ങൾക്ക് തന്നെ അനുഭവമാക്കുവാൻ കഴിയും.

കാലം അടുത്തിരിക്കുന്നു എന്ന വാക്ക് കേൾക്കുമ്പോൾ നാമെപ്പോഴുമോർക്കണം, അതിന്റെ സമയമെപ്പോൾ എന്ന് കർത്താവ് പറയുന്നില്ല. ഈ ഭൂമി അവസാനിക്കാൻ പോകുന്നു എന്നാണ് പറയുന്നത്. ഇവിടെയുള്ളത് എല്ലാം തകർന്ന് തരിപ്പണമാകാൻ പോകുന്നു. എപ്പോഴാണ് സംഭവിക്കുന്നത് എന്ന് നമുക്കറിഞ്ഞുകൂടാ.

*"ആകാശം കൊടുമ്മുഴക്കത്തോടെ ഒഴിഞ്ഞു*

*പോകും; മൂലപദാർത്ഥങ്ങൾ കത്തിയഴികയും ഭൂമിയും അതിലുള്ള പണികളും വെന്തുപോകയും ചെയ്യും.”* *2 പത്രോസ് 3 : 10*

ഓരോ ദിവസം കഴിയുന്തോറും നാം ലോകത്തിന്റെ അവസാനത്തോട് അടുത്തുകൊണ്ടിരിക്കുകയാണെന്ന സത്യം നാം മറക്കരുത്.

*“എന്നാൽ പ്രിയമുള്ളവരേ, കർത്താവിന്നു ഒരു ദിവസം ആയിരം സംവത്സരംപോലെയും ആയിരം സംവത്സരം ഒരു ദിവസംപോലെയും ഇരിക്കുന്നു എന്നീ കാര്യം നിങ്ങൾ മറക്കരുത്.”*
*2 പത്രോസ് 3 : 8*

അഹറോന്റെ ശവസംസ്ക്കാരസമയത്ത് അഹരോന്റെ മൂടിവച്ചിരിക്കുന്ന പെട്ടിയിലേയ്ക്ക് നോക്കിക്കൊണ്ട് മോശ കരഞ്ഞ് പറയുന്ന വാക്കുകളാണ് തൊണ്ണൂറാം സങ്കീർത്തനം.

*“ആയിരം സംവത്സരം നിന്റെ ദൃഷ്ടിയിൽ ഇന്നലെ കഴിഞ്ഞുപോയ ദിവസംപോലെയും രാത്രിയിലെ ഒരു യാമം പോലെയും മാത്രം ഇരിക്കുന്നു.”*
*സങ്കീർത്തനങ്ങൾ 90 : 4*

മോശ ചിന്തിക്കുകയാണ്. എന്തു പെട്ടെന്നാണ് സംവത്സരങ്ങൾ കഴിഞ്ഞു പോയത്. മോശയ്ക്ക് അന്ന് നൂറ്റി ഇരുപത് വയസ്സ് പ്രായമാണ്. അഹരോന് നൂറ്റി ഇരുപത്തിമൂന്ന് വയസ്സും. അഹരോന്റെ ആയുഷ്ക്കാലം ദൈവത്തിന്റെ കണക്കുകൂട്ടലിൽ വളരെ ചെറിയ ഒരു സമയം.

ഒന്ന് ചിന്തിച്ചു നോക്കൂ. ഈ ഭൂമിയിൽ വന്നിട്ട് എത്രയെത്ര പടവുകൾ നാം കടന്നു? എത്രയെത്ര വൈതരണികളെ ചാടിക്കടന്നു? ഏതെല്ലാം പ്രശ്നങ്ങളെ നേരിട്ടിട്ടാണ് നാം ഇവിടം വരെയെത്തിയത്? ദു:ഖത്തിന്റെ സമയമുണ്ടായിരുന്നു, വേദനയുടെ സമയമുണ്ടായിരുന്നു. എതിർപ്പിന്റെയും പോരാട്ടത്തിന്റെയും സമയമുണ്ടായിരുന്നു. ജീവിതമാകെ വിരസമായി

പോയ സമയമുണ്ടായിരുന്നു.

ഓർത്തു നോക്കൂ. കരഞ്ഞ് കരഞ്ഞ് തളർന്ന അവസരങ്ങൾ ഉണ്ടായിരുന്നില്ലേ? മരിച്ചാൽ മതി എന്ന് ചിന്തിച്ച സമയങ്ങൾ ഉണ്ടായിരുന്നില്ലേ? ഈ കാലങ്ങളെല്ലാം കഴിഞ്ഞ്, ഇന്ന് എന്ന ഒരു ദിവസത്തിലേയ്ക്ക് നാം എത്തിച്ചേർന്നിരിക്കുന്നു. നാളെ എന്ത് എന്ന് നമുക്കാർക്കും അറിഞ്ഞുകൂടാ.

നാളെ ഞാൻ ഭൂമിയിൽ ജീവനോടെ ഇരിക്കുമോ? നമുക്കറിഞ്ഞുകൂടാ. നാളെ കർത്താവായ യേശുക്രിസ്തു വീണ്ടും വരുമോ? അതും നമുക്കറിയില്ല. പക്ഷേ, ഒന്നറിയാം. യേശു കൂടെയുള്ളവൻ ഭാഗ്യവാൻ! യേശു കൂടെയുണ്ട് എന്നതിന്റെ തെളിവെന്താണ്? യേശുവിന്റെ വചനം കൂടെയുണ്ട്.

വചനം നമ്മെ നയിക്കുന്നു, പരിപാലിക്കുന്നു, പരിപോഷിപ്പിക്കുന്നു. വചനത്തിന്റെ ശക്തിയുറ്റ അനുഭവങ്ങളിൽക്കൂടെ നാം സഞ്ചരിച്ചുകൊണ്ടിരിക്കുന്നു. നമ്മുടെ ജീവിതത്തെ നിയന്ത്രിക്കുന്നതും ശക്തിപ്പെടുത്തുന്നതും ഈ വചനമാണ്. നമുക്ക് കൃപ തരുന്നത്, ആനന്ദം തരുന്നത്, നമുക്ക് സമാധാനം തരുന്നത് ഈ വചനമാണ്.

ക്രിസ്ത്യൻ റിവൈവൽ ഫെല്ലോഷിപ്പിന്റെ ഗായകസംഘത്തിലെ സാലി എഴുതിയ അനുഗൃഹീതമായ ഗാനമാണ് 'വചനം തിരുവചന'മെന്ന പാട്ട്.

"നിത്യജീവനേകുന്ന വചനം തിരുവചനം
സത്യജീവദായക വചനം ദിവ്യ വചനം
പാപിക്കുനേർവഴികാട്ടും രക്ഷാവചനം
പാതയ്ക്ക് പ്രകാശമായൊരു സത്യവചനം

അഭിഷേകത്തിൻ മഴയായ് പെയ്തിറങ്ങണമെ
അനുതാപികളിൽ ശാപനുകങ്ങൾ മുറിച്ച് മാറ്റണമെ
സുവിശേഷത്തിൽ തീനാവുകളായ് പറന്നിറങ്ങണമെ
ദൈവജനത്തിൻ മലിനത നീക്കാൻ കത്തിപ്പടരണമെ"

വചനത്തിന്റെ അത്ഭുതശക്തി! ഈ വചനം നാം കേൾക്ക

ണം. ഈ വചനം നാം കേൾപ്പിക്കണം. ദൈവത്തിന്റെ വേല ചെയ്യണം.

ഈ ലോകത്തിലെ ഏറ്റവും വലിയ ജോലി, യേശുക്രിസ്തുവിന്റെ വേലയാണ്. നമുക്ക് ഒരു profession ഉണ്ട്. നമ്മുടെ തൊഴിൽ ഏറ്റവും അഭികാമ്യമായ തൊഴിലാണ്. ഏറ്റവും അന്തസ്സുറ്റ തൊഴിലാണ് സ്വർഗ്ഗത്തിലെ രാജാധിരാജാവിന്റെ ഒരു വക്താവായിത്തീരുക എന്നത്. നാം വചനം വായിക്കണം. വചനം കേൾപ്പിക്കണം. വചനം അനേകർ കേൾക്കുവാൻ കഴിവുള്ളതെല്ലാം നാം ചെയ്യണം.

നമ്മുടെ ദൈവമക്കൾ ചിലർ ഓരോ വീടും കയറിയിറങ്ങി സുവിശേഷം കൊടുക്കുന്നു. ഭവനം തോറും അവരുടെ അനുഭവത്തിൽ ചാലിച്ച സുവിശേഷവചനങ്ങൾ കൊടുത്തുകൊണ്ടിരിക്കുന്നു. അത് വലിയൊരു ശുശ്രൂഷയാണ്. ഭവനം തോറും കയറിച്ചെന്ന് അവരിൽ നിന്ന് യാതൊരു പ്രതിഫലവും വാങ്ങാതെ, കൊടുത്തിട്ടുപോലും വാങ്ങാതെ ദൈവത്തിന്റെ കൃപയാൽ ദൈവത്തിന്റെ വചനം നിസ്വാർത്ഥമായി, സൗജന്യമായി കൊടുത്തുകൊണ്ടിരിക്കുന്നു.

ദൈവത്തിന്റെ വേല ചെയ്താൽ ആരോഗ്യം കൂടും. വചനം ദൈവത്തിന്റെ തീയാണ്. വചനം, ദൈവത്തിന്റെ ആത്മാവാണ്. ആത്മാവ് ശരീരത്തിൽകൂടി ഒഴുകുമ്പോൾ സ്വർഗ്ഗത്തിന്റെ ശക്തി ശരീരത്തിൽ കൂടി പകരുകയാണ്. അപ്പോൾ ശരീരത്തിനാവശ്യമുള്ള ശക്തിയും ആരോഗ്യവും കരുത്തും ലഭിക്കുകയാണ്. മനസ്സിന് ശക്തി ലഭിക്കുന്നു. ഓർമ്മശക്തി തെളിയുന്നു. ബുദ്ധിശക്തി ജ്വലിക്കുന്നു. കഴിവുകൾ വർദ്ധിക്കുന്നു. നാം നല്ല പ്രവർത്തന നൈപുണ്യം നേടുന്നു.

ഈ വചനം വായിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ നിങ്ങളുടെ ഉള്ളിൽ ഒരു ചലനം നടക്കുന്നുണ്ട്. ഈ വചനം നിങ്ങളുടെ ശരീരത്തിൽ തൊട്ടുരുമ്മി പോകുമ്പോൾ, യേശുക്രിസ്തു നിങ്ങളുടെ അരികിൽ കൂടി പോകുന്നത്

നിങ്ങൾക്കനുഭവിക്കാൻ സാധിക്കുന്നു. ക്രിസ്തുവിന്റെ തൃക്കരം നിങ്ങളിലേക്ക് നീട്ടുകയാണ്. ക്രിസ്തുവിന്റെ കരങ്ങളിലേക്ക് നിങ്ങളുടെ ജീവിതം വച്ചുകൊടുക്കുകയാണ്. മെനഞ്ഞവന്റെ കൈകളിലേക്ക് സൃഷ്ടി തന്റെ ജീവിതം വച്ചുകൊടുക്കുന്നു. സ്രഷ്ടാവ് കൈനീട്ടി വാങ്ങുന്നു; വാഴ്ത്തുന്നു. സ്രഷ്ടാവ് ശുദ്ധീകരിക്കുന്നു.

അന്ന് രണ്ടായിരത്തിലധികം വർഷംമുമ്പ് ബേത്ത്സയിദയുടെ ചെരിവിൽ കർത്താവ് എല്ലാവരെയും നോക്കി. അയ്യായിരത്തിലധികം പുരുഷന്മാർ തന്നെയുണ്ട്. അതിലേറെ സ്ത്രീകളുണ്ട്. അതിലേറെ കുട്ടികളുമുണ്ട്. വലിയോരു പുരുഷാരം യേശുവിന്റെ അരികിൽ വന്നവർ ആവശ്യക്കാരായി വന്നവരാണ്. സമാധാനത്തിനുവേണ്ടി വന്നവരാണ്. രോഗസൗഖ്യം കിട്ടുന്നതിനായി വന്നവരാണ്.

കർത്താവ് പറഞ്ഞു: ഈ ജനം മൂന്നു ദിവസമായല്ലോ വന്നിട്ട്; ഭക്ഷണം ഒന്നും കഴിച്ചിട്ടില്ല. വചനം കൊടുത്തു, അവർക്ക് തൃപ്തിയായി. പക്ഷേ, ശരീരത്തിനാവശ്യമുള്ള ഭക്ഷണം വേണ്ടേ? കർത്താവ് ഫിലിപ്പോസിനെ വിളിച്ചു: "ഇത് നിന്റെ നാടല്ലേ, ഇവർക്ക് ഭക്ഷിപ്പാൻ കൊടുക്കണമല്ലോ." ഫിലിപ്പോസ് അമ്പരപ്പിലായി: "കർത്താവേ, അത് അസാദ്ധ്യമാണ്. ഇത്രയും പുരുഷാരത്തിന് കൊടുക്കുവാൻ പറഞ്ഞാൽ ഞങ്ങൾ എവിടെ പോയി വാങ്ങും? അത് സാധിക്കുന്ന കാര്യമല്ല, അവരെ പറഞ്ഞു വിട്ടാൽ മതി." ഫിലിപ്പോസിന് പറയാം പക്ഷേ, സ്രഷ്ടാവിന് അത് കേട്ടുകൊണ്ടിരിക്കുവാൻ കഴികയില്ല.

അപ്പോൾ ഒരു കൊച്ചുകുട്ടി അവന്റെ കക്ഷത്തിലുണ്ടായിരുന്ന പൊതി തുറക്കുന്നു. അവൻ ആ പൊതി പതുക്കെ നിവർത്തി. അഞ്ച് അപ്പവും രണ്ട് മീനും അതിലുണ്ട്. നിങ്ങൾ ഇവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ എന്ന് കർത്താവ് പറയുന്നത് അവൻ കേട്ടു. ഇത് കൊടുത്താൽ കർത്താവ് സ്വീകരിക്കുമോ? മറ്റുള്ളവർ പരിഹസിക്കുമോ? അവൻ ആ വിടർത്തിയ പൊതി നിവർത്തി വച്ചുകൊണ്ട് കർത്താവിനെ നോക്കും, ശിഷ്യന്മാരെ

നോക്കും. പിന്നെ ജനത്തെ നോക്കും. പിന്നെ ഒരു ചുവട് മുമ്പോട്ട് വയ്ക്കും. പിന്നെ പുറകോട്ട് വയ്ക്കും. ഇങ്ങനെ വിഷമിച്ച് നിൽക്കുകയാണ്.

കർത്താവിന്റെ ശിഷ്യനായ അന്ത്രയോസ് ഇതു കണ്ടു. അന്ത്രയോസ് ചെന്ന് മോന്റെ തോളിൽ പിടിച്ചു: മോനേ, പേടി ക്കേണ്ട, കർത്താവ് വാങ്ങും. അവൻ വിറയ്ക്കുന്ന കൈയു മായി യേശുവിന്റെ അരികിൽ ചെന്നു. യേശു കൗതുക ത്തോടെ അവനെ നോക്കി. ഈ ബാലന്റെ പ്രസരിപ്പ് കണ്ട്, തന്റെ കൈയിലേയ്ക്ക് തരാനുള്ള അവന്റെ ആഗ്രഹം കണ്ട് കർത്താവ് സന്തോഷത്തോടെ അവനെ നോക്കി. കർത്താവ് കൈനീട്ടി, അവൻ കൈയിലേക്ക് വച്ചുകൊടുത്തു, അഞ്ച് അപ്പവും രണ്ട് മീനും.

കർത്താവ് പറഞ്ഞു: "ആളുകളെ പന്തി പന്തിയായി ഇരു ത്തുവിൻ." ബേത്ത്സയിദയിലെ മലഞ്ചരിവിൽ ജനം പന്തി യായി ഇരിക്കുമ്പോൾ കർത്താവ് തന്റെ തൃക്കരങ്ങളിൽ എടുത്ത് അപ്പം വാഴ്ത്തുന്നു. കർത്താവ് നുറുക്കുന്നു. കർത്താവ് ശിഷ്യന്മാരെ വിളിച്ച് പറഞ്ഞു: ഇവർക്ക് ഇത് വിളമ്പി കൊടുക്കുവിൻ എന്ന്.

എവിടുന്നോ ഒരു പന്ത്രണ്ട് കൊട്ട അവർ കൊണ്ടുവന്നു. ശിഷ്യന്മാർ പന്ത്രണ്ടുപേരും ഓരോ കൊട്ട കൈയിൽ പിടിച്ചു. ഈ അപ്പത്തിന്റെ നുറുക്കുകളും മീനിന്റെ നുറുക്കുകളും അവ യിലേക്ക് പകർന്നു. അവർ അതുമായിട്ട് ഓടി നടക്കുകയാണ്. നമ്മൾ ബുദ്ധികൊണ്ട് അത് വിശകലനം ചെയ്യണ്ട. കാരണം അത്ഭുതങ്ങളുടെ ദൈവം ജീവിക്കുന്നു; ഇന്നും ജീവിക്കുന്നു.

രാവിലെ എഴുന്നേറ്റപ്പോൾ യോഗത്തിന് പോകുവാ നുള്ള പൈസയില്ല. പോകേണ്ട സമയമായി. അപ്പോഴാണ്, ഒട്ടും പ്രതീക്ഷിക്കാതെ ബസ്സിൽ പോകുവാനുള്ള രൂപ അത്രയും വന്നുകഴിഞ്ഞു. എങ്ങനെയോ ആരോ കൊണ്ടുവന്നു. പരീ ക്ഷാഫീസ് അടയ്ക്കേണ്ട ദിവസമായി, ഫീസടക്കാൻ രൂപയില്ല. എവിടുന്നാണ് രൂപ? ഓർത്ത് വിഷമിച്ചിരിക്കയാണ്. ആരോട്

ചോദിച്ചാൽ കിട്ടും? ഒന്നു രണ്ടു പേരോട് ചോദിച്ചു, ഇല്ല രൂപ കിട്ടിയില്ല. എന്താണ് പോംവഴി? അപ്പോഴാണ് ഒട്ടും പ്രതീക്ഷിക്കാത്ത സ്ഥലത്തുനിന്ന് ആരോ കുറച്ച് രൂപ കൊണ്ടുവരുന്നു.

അത്ഭുതങ്ങളുടെ കാലം തീർന്നിട്ടില്ല. ഡോക്ടർ പറഞ്ഞു: ഇനി ആശയ്ക്ക് വകയില്ല. നിങ്ങൾ രോഗിയെ വീട്ടിൽ കൊണ്ടുപൊയ്ക്കോ. അറിയിക്കുവാനുള്ളവരെ എല്ലാം അറിയിച്ചോളൂ. രോഗി തളർന്ന് കിടക്കുകയാണ്. എല്ലാവരുടെയും ആശവിട്ടു. പക്ഷേ, ആശയോടെ, വിശ്വാസത്തോടെ ഒരാൾ വീട്ടിലിരുന്ന് പ്രാർത്ഥിക്കുന്നു. അത്ഭുതം; ഏതോ ഒരു ശക്തി ആ ശരീരത്തിൽകൂടെ പകരുന്നു. ഒരിക്കലും സൗഖ്യമാകുമെന്ന് പ്രതീക്ഷിക്കാത്ത രോഗം പെട്ടെന്നിതാ സൗഖ്യമാകുന്നു.

Appendix വളർന്ന് പഴുത്തു തുടങ്ങി. Appendicitis രോഗം. വേറെ ചികിത്സയൊന്നുമില്ല. ഓപ്പറേഷൻ തന്നെ വേണം. അഡ്മിറ്റ് ചെയ്തു. ഡോക്ടർ പറഞ്ഞു, പഴുപ്പു തുടങ്ങിക്കഴിഞ്ഞു. അതുകൊണ്ട് ഇനി ഒട്ടും വൈകാൻ പാടില്ല. അപ്പോൾ ആ കുഞ്ഞിന്റെ വല്യമ്മയ്ക്കും അമ്മയ്ക്കും തോന്നി ഒന്ന് പ്രാർത്ഥിക്കണമെന്ന്. അവർ കുട്ടിയേയും കൂട്ടി ഹോസ്പിറ്റലിൽനിന്ന് സ്പെഷ്യൽ പെർമിഷൻ വാങ്ങിച്ച് എന്റെയടുക്കൽ വന്നു.

കുട്ടിക്കുവേണ്ടി പ്രാർത്ഥിച്ചു, അത്ഭുതം! കർത്താവ് പ്രവർത്തിച്ചു. പിറ്റേന്ന് ഓപ്പറേഷന് മുമ്പ് ഈ കുട്ടി പറഞ്ഞു: ഇന്നലെ വൈകുന്നേരം മുതൽ വേദനയൊട്ടുമില്ല, ഒന്നുകൂടി സ്കാൻ ചെയ്താലോ? സ്കാൻ ചെയ്തപ്പോൾ അവിടെ യാതൊരസുഖവുമില്ല! അത്ഭുതങ്ങൾ നടക്കുന്നു. അതിശയങ്ങൾ നടക്കുന്നു! അഞ്ചപ്പവും രണ്ടു മീനും കൊണ്ട് പതിനായിരത്തിലധികം പേർ സുഖഭക്ഷണം കഴിച്ചു. വീണ്ടും പന്ത്രണ്ട് കൊട്ട നിറച്ചെടുത്തു.

പ്രിയപ്പെട്ടവരേ, കൊടുക്കാമോ നിങ്ങൾക്ക്? വചനം കേൾപ്പിക്കാമോ? വചനം ഓടി നടന്ന് വിളമ്പാമോ? ആയിര

ങ്ങൾക്ക് ഭക്ഷണമായ ഈ അപ്പം കർത്താവിന്റെ കരങ്ങളിലേയ്ക്ക് കൊടുക്കാമോ? യേശുനാഥൻ ഈ അപ്പമൊന്ന് വാഴ്ത്തട്ടെ. മകനേ, നിന്റെ ജീവിതം യേശുവിന്റെ കരങ്ങളിൽ എടുത്ത് വാഴ്ത്തട്ടെ. ഭാവി ഇരുളടഞ്ഞ ജീവിതം യേശു ഒന്ന് വാഴ്ത്തിത്തരട്ടെ. മരിച്ചാൽ മതി എന്ന് കരുതുന്ന ജീവിതം വാഴ്ത്തിത്തരട്ടെ.

നാളെയെച്ചൊല്ലി മനസ്സ് നൊന്ത് വിങ്ങിയിരിക്കുന്നവരുടെ ഹൃദയത്തിലേയ്ക്ക് ആശ്വാസത്തിന്റെ തെളിനീര് പകരട്ടെ. നിങ്ങളുടെ ജീവിതത്തിൽ അതിശയങ്ങൾ നടക്കട്ടെ. നിങ്ങൾക്ക് എവിടെയാണ് പോരായ്മയുള്ളത്? ദൈവത്തോട് പറയുവിൻ. വിശന്നുപൊരിയുന്നവർ ദൈവത്തോട് പറയുവിൻ. കർത്താവേ, എന്നാലാവത് ഞാൻ ചെയ്തുകൊള്ളാം. അനേകർ ഇന്ന് ദാഹാർത്തരായി വലയുന്നല്ലോ. എന്നെക്കൊണ്ട് എന്താകും? എന്റെ കൈയിൽ കൊടുക്കുവാനുള്ളത് തികച്ചില്ല. അഞ്ച് അപ്പവും രണ്ട് മീനും മാത്രമേയുള്ളൂ. കർത്താവേ, ഞാൻ അത് തന്നുകൊള്ളട്ടെ.

സ്നേഹിതരേ, നിങ്ങൾ യേശുവിനായി കൊടുക്കുവിൻ. ഭാവി യേശുവിനെ ഏൽപ്പിക്കുവിൻ. യേശു എടുക്കട്ടെ, സ്വീകരിക്കട്ടെ, യേശു വാഴ്ത്തട്ടെ. നിങ്ങളുടെ ജീവിതം മൂലം അനേകർ അനുഗ്രഹിക്കപ്പെടട്ടെ. നിങ്ങളുടെ എളിമ മൂലം അനേകർ എളിമ പഠിക്കട്ടെ. നിങ്ങളുടെ സ്നേഹം മൂലം അനേകർ സ്നേഹം എന്താണെന്ന് പഠിക്കട്ടെ. നിങ്ങളുടെ വിശുദ്ധജീവിതത്തിനുള്ള കാംക്ഷ അനേകർ കണ്ട് വിശുദ്ധരാകുവാൻ സമർപ്പിക്കട്ടെ. ജീവിതം സൗഭാഗ്യസമ്പൂർണ്ണമായിത്തീരട്ടെ. അനുഗ്രഹകരമായി തീരട്ടെ. വചനം കേൾപ്പിക്കുക, വചനം കേൾക്കുക, വചനം പ്രമാണിക്കുക, അതാണ് ഭാഗ്യം. ദൈവനാമം മഹത്വപ്പെടട്ടെ.

## പത്ത്

കർത്താവിന്റെ പാദപീഠത്തിൽ ഇരിക്കുന്നത് അനുഗ്രഹ മാണ്. യേശുവിന്റെ വചനം കേൾക്കുന്നത് അനുഗ്രഹമാണ്. യേശുവിന്റെ വചനം കേൾപ്പിക്കുന്നത് അനുഗ്രഹമാണ്. യേശുവിന്റെ വചനം പ്രമാണിക്കുന്നതോ, ഏറ്റവും അനുഗ്രഹ മാണ്. യേശുക്രിസ്തുവിന്റെ വചനം!

> *"ആദിയിൽ വചനം ഉണ്ടായിരുന്നു; വചനം ദൈവ ത്തോടുകൂടെ ആയിരുന്നു; വചനം ദൈവം ആയി രുന്നു."* *യോഹന്നാൻ 1 : 1*

വചനം കൃപയും സത്യവും നിറഞ്ഞവനായി നമ്മുടെ ഇടയിൽ പാർത്തു. നമ്മുടെ ഇടയിൽ പാർത്ത വചനം! ആദി യിൽ ദൈവം ആകാശവും ഭൂമിയും സൃഷ്ടിച്ചു. വചനത്താൽ 'ഉണ്ടാകട്ടെ' എന്നു കൽപിച്ചു, ഉണ്ടായി. 'ഉണ്ടാകട്ടെ' എന്ന ദൈവത്തിന്റെ വചനം, ഉണ്ടാക്കുന്ന വചനമാണ്. സൃഷ്ടി ക്കുന്ന വചനമാണ്, ഉളവാക്കുന്ന വചനമാണ്. ഇല്ലായ്മ യിൽനിന്ന് ഉണ്മയായതിനെ ഉളവാക്കുന്നതാണ് ദൈവത്തിന്റെ വചനം!

ഒരു ഇംഗ്ലീഷ് കവിത ഞാൻ വായിച്ചു. കർത്താവ് ക്രൂശി ക്കപ്പെട്ടതിനുശേഷം സ്വർഗ്ഗത്തിലേക്കു ചെല്ലുന്നതാണ് കവിത യുടെ വിഷയം. ക്രൂശിക്കപ്പെട്ടതിനുശേഷം ഉയിർത്തെഴുന്നേറ്റ് കർത്താവ് സ്വർഗ്ഗമണ്ഡലത്തിലേക്കു പ്രവേശിക്കുന്നു. അപ്പോൾ സ്വർഗ്ഗം മുഴുവൻ ആനന്ദാഘോഷംകൊണ്ട് മുഖരിത മാവുകയാണ്. മാലാഖമാരെല്ലാം ആർപ്പുവിളിക്കുന്നു. സ്വർഗ്ഗീയസേനകൾ സന്തോഷത്തോടെ ദൈവത്തിനു

സ്തുതിയും മഹത്വവും കരേറ്റുന്നു. കർത്താവ്, എല്ലാവരേയും കൗതുകത്തോടെ നോക്കി.

കർത്താവ് തെല്ലങ്ങു നീങ്ങിയപ്പോൾ ഒരു മാലാഖ, കർത്താവിന്റെ മുന്നിൽചെന്ന് കൂപ്പുകൈകളോടെ നിന്നു: "നാഥാ! അവിടുന്ന് ഭൂമിയിലേക്കു പോയി അവിടുത്തെ കാര്യ പരിപാടിയെല്ലാം നിർവ്വഹിച്ചിട്ടാണോ വരുന്നത്?"

കർത്താവു പറഞ്ഞു: "അതിനെന്താ സംശയം? ഞാൻ കുരിശിന്മേൽ കിടന്നു പറഞ്ഞത് നിങ്ങൾ കേട്ടില്ലേ? "നിവൃത്തി യായി", "It is finished'' എന്നു ഞാൻ പറഞ്ഞല്ലോ. അതു പൂർത്തീകരിച്ചിരിക്കുന്നു."

"കേട്ടു, ഞങ്ങൾക്കു സന്തോഷമുണ്ട്, ശരിയാണ്. പക്ഷേ, ആ വേല മനുഷ്യരിൽ എത്തിക്കാൻ ആരുണ്ടവിടെ? മനുഷ്യരുടെയിടയിൽ ആ വേല പകരാൻ, 'നിവൃത്തിയായി' എന്നുള്ള വസ്തുതയറിയിക്കാൻ അവിടെ ആരെങ്കിലു മുണ്ടോ?" കർത്താവ് പുഞ്ചിരിച്ചുകൊണ്ടു പറഞ്ഞു: "എന്റെ ശിഷ്യന്മാരുണ്ടവിടെ, അവരതു ചെയ്തുകൊള്ളും".

ഉടനെ മാലാഖ: "കർത്താവേ, ക്ഷമിക്കണം, ഞാൻ ഒന്നു കൂടെ ചോദിച്ചുകൊള്ളട്ടെ, അവർ വല്ല അറിവുമുള്ളവ രാണോ? വല്ല പഠിപ്പുള്ളവരാണോ? എന്തെങ്കിലും പറയാനോ എന്തെങ്കിലും ചെയ്യാനോ കഴിവുള്ളവരാണോ? കേവലം മീൻ പിടുത്തത്തൊഴിലാളികളായ മുക്കുവന്മാർ - അവരൊക്കെ യല്ലേ നിന്റെ ശിഷ്യന്മാർ?"

കർത്താവ് അല്പം ഉറച്ചശബ്ദത്തിൽ പറഞ്ഞു: ആയിരു ന്നു, പക്ഷേ, അവർ ഇപ്പോൾ മനുഷ്യരെ പിടിക്കുന്നവരാണ്. ജീവനുള്ള മീനെ പിടിച്ചു കൊല്ലുന്നവരായിരുന്നു; പക്ഷേ, ഇപ്പോൾ മരിച്ച മനുഷ്യരെപ്പിടിച്ച് ജീവിപ്പിക്കുന്നവരാണ്. അവർക്ക് അതിനുള്ള ഉയിർപ്പിൻശക്തി പ്രദാനം ചെയ്തിട്ടാണ് ഞാൻ പോന്നത്. അവർക്ക് ഉറപ്പേറിയ വാഗ്ദത്തം കൊടുത്തി ട്ടാണ് ഞാൻ പോന്നത്. "ലോകാവസാനത്തോളം എല്ലാനാളും

ഞാൻ നിങ്ങളോടു കൂടെയുണ്ട്" എന്ന് പറഞ്ഞിട്ടാണ് ഞാൻ പോന്നത്. കർത്താവ്, സന്തോഷത്തോടെ, പ്രാഗത്ഭ്യത്തോടെ പറഞ്ഞു.

മാലാഖ ഒരല്പംകൂടി അടുത്തു നിന്നു: "കർത്താവേ, ക്ഷമിക്കണമേ, ഞാൻ ഒരു വാക്കുകൂടി ചോദിച്ചോട്ടെ. അങ്ങ് ഈ ഏൽപ്പിച്ച വേല അവർ തുടർന്ന് ചെയ്തില്ലെങ്കിൽ പിന്നെ അങ്ങയുടെ പരിപാടി എന്താണ്? വേല നടക്കണമല്ലോ. അങ്ങ് ഏൽപ്പിച്ച വേല അവിടുത്തെ ശിഷ്യന്മാർ ചെയ്തില്ലെങ്കിൽ അവിടുന്ന് എങ്ങനെ വേല നിവർത്തിക്കും?"

അത്രയും നേരം പ്രസന്നവദനനായിരുന്ന കർത്താവിന്റെ മുഖം പെട്ടെന്ന് ഒന്നു ചിന്താകുലമായി. എന്തോ ചിന്തിക്കു ന്നതുപോലെ കുറച്ചുനേരം കർത്താവ് മൗനമായി നിന്നു. പിന്നെ കർത്താവ് അൽപം ശോകസ്വരത്തിൽ പറഞ്ഞു: "അവ രതു ചെയ്തില്ലെങ്കിൽ എനിക്കു വേറെ പരിപാടിയില്ല; വേറൊരു മാർഗ്ഗവുമില്ല."

പ്രിയപ്പെട്ടവരേ, യേശുക്രിസ്തുവിന്റെ വേല വിശ്വാസി കൾ നിർവ്വഹിച്ചില്ലെങ്കിൽ, കർത്താവിന്റെ പ്രിയരായ വിശ്വാസി കൾ യേശുക്രിസ്തുവിന്റെ വേല ചെയ്തില്ലെങ്കിൽ കർത്താ വിന് വേല തുടരാൻ സാധിക്കുകയില്ല. ദൈവത്തിന്റെ വേലയ്ക്കു വേണ്ടി നിങ്ങൾ എന്തു ത്യാഗം സഹിച്ചിട്ടുണ്ട് എന്നു ചിന്തിക്കൂ. ആത്മീയവേല എന്നു പറയുന്നത് അവനവന്റേതു പലതും ത്യജിച്ചുകൊണ്ടുള്ളതാണ്.

സ്ഥാനമാനങ്ങൾ ത്യജിച്ചുകൊണ്ട്, നിങ്ങളുടെ വിലയും നിലയും ത്യജിച്ചുകൊണ്ട്, നിങ്ങൾക്ക് സമൂഹത്തിലുള്ള സ്വാധീനശക്തി ത്യജിച്ചുകൊണ്ട്, നിങ്ങളുടെ ജീവിതത്തിലു ണ്ടായിരുന്ന സൽപ്പേരുകൾ ത്യജിച്ചുകൊണ്ട്, നിങ്ങളുടെ ആഭി ജാത്യവും അഭിമാനവും ത്യജിച്ചുകൊണ്ട് നിങ്ങൾ യേശുവിന്റെ സാക്ഷികളായി ഇറങ്ങുകയാണ്. നിന്ദാവിഷയമായിട്ട്, ആക്ഷേ പവിഷയമായിട്ട്, പരിഹാസവിഷയമായിട്ട് നാം ഇറങ്ങുകയാണ്.

അതാണ് സുവിശേഷവേല.

കുരിശു വഹിച്ചുകൊണ്ടുള്ള വേലയാണ് സുവിശേഷ വേല. കുരിശില്ലാത്ത വേല സുവിശേഷവേലയല്ല. കുരിശില്ലാത്ത ജീവിതം ആത്മീയമല്ല. ജീവിതത്തിൽ കുരിശു വഹിയ്ക്കയാണ്. കുരിശും പേറിക്കൊണ്ടാണ് ജീവിതം! കുരിശിന്റെ നിഴലിലാണ് ജീവിതം! കുരിശിന്റെ തണലിലാണ് ജീവിതം! കുരിശാണ് നമ്മുടെ ആയുധം!

നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ? പാപിയായ എനിക്കുവേണ്ടി കുരിശിൽ പിടഞ്ഞു മരിച്ച്, എന്നെ പാപത്തിന്റെ അഴുക്കുചാലിൽനിന്നു കോരിയെടുത്ത ആ സ്വർഗ്ഗീയസ്നേഹത്തിന്റെ അദമ്യമായ ആവേശമാണ് ഞാൻ കാണുന്നത്. യേശുക്രിസ്തുവിന്റെ കുരിശ്! കുരിശിൽ നിന്ദയുണ്ട്, കുരിശിൽ ആക്ഷേപമുണ്ട്, കുരിശിൽ പരിഹാസമുണ്ട്, കുരിശിൽ അപമാനമുണ്ട്. പക്ഷേ, അതെല്ലാം പുഞ്ചിരിയോടെ ഏറ്റുവാങ്ങുകയാണ്. കുരിശു വഹിച്ചുകൊണ്ടുള്ള യാത്രയാണ്. പാട്ടുകാരൻ പാടുമല്ലോ.

“കുരിശിൻ നിഴലിൽ തല ചായ്ച്ചനുദിനം
വിശ്രമിച്ചിടുന്നടിയാൻ
കുരിശിൻ സ്നേഹത്തണലിൽ
കൃപയിൻ ശീതള നിഴലിൽ
പ്രാണപ്രിയന്റെ തൃക്കഴലിൽ
കാണുന്നഭയം എന്നഴലിൽ”

കുരിശിന്റെ നിഴലിലേക്കു നാം വരണം. കുരിശിൻ നിഴലിലിരുന്ന് നാം തിരുവചനം പഠിക്കണം. കുരിശിന്റെ താഴ്വരയിലിരുന്ന് തിരുവചനം വായിക്കണം. കുരിശിന്റെ തണൽപ്പാടിലിരുന്ന് നാം ദൈവത്തിന്റെ വചനം കേൾക്കണം. കുരിശ്–രക്ഷയുടെ അഭയസങ്കേതം! രക്ഷയുടെ നികേതനം! കുരിശിൽ അഭയം കണ്ടെത്തുക എന്നു പറഞ്ഞാൽ കുരിശിൽ മരിച്ച രക്ഷകന്റെ തിരുവിലാവിൽ ഒളിവിടം കണ്ടെത്തുക. അവിടെ

യുണ്ട് അഭയം. ഏതു പാപിക്കും, ഏതു കൊടുംക്രൂരപാത കിക്കും അവിടെ അഭയമുണ്ട്. എത്ര നിഷ്ഠൂരനായ മനു ഷ്യനും അവിടെ അഭയമുണ്ട്; സങ്കേതമുണ്ട്. വിശ്വസിക്കൂ, നമുക്കു രക്ഷപ്പെടാം.

ഇന്ന് ടിവിയിൽ പ്രസംഗിക്കുന്ന പ്രസംഗകരെല്ലാവരും കുരിശിന്റെ സാക്ഷികളായിട്ട് ഒന്നെഴുന്നേറ്റെങ്കിൽ! അത്ഭുത ങ്ങൾ കാണിക്കുന്നുണ്ട്, പാവപ്പെട്ട ജനം വിഭ്രമിക്കുന്നുണ്ട്. എന്നാൽ എട്ടും പൊട്ടും തിരിച്ചറിയാത്ത ജനത്തിന് കുരി ശിന്റെ രക്ഷാസന്ദേശം ഒന്ന് അറിയിച്ചിരുന്നെങ്കിൽ!

ആരേയും തരംതാഴ്ത്തി കാണിക്കാനല്ല; എല്ലാവരേയും ശ്രേഷ്ഠരായി എണ്ണിക്കൊണ്ട് ഞാൻ പറയുകയാണ്: ഇന്ന് അനേകമനേകം സുവിശേഷകന്മാർ രക്ഷയുടെ മാർഗ്ഗ ത്തിൽനിന്ന് വ്യതിചലിച്ചുകൊണ്ടിരിക്കുകയാണ്. സഭകൾ പലതും സുവിശേഷത്തിന്റെ മാർഗ്ഗത്തിൽനിന്ന് വ്യതിചലിച്ചു കൊണ്ടിരിക്കുകയാണ്. കുരിശിന്റെ രക്ഷാകരമായ സന്ദേശ ത്തിൽനിന്ന് വ്യതിചലിക്കുന്നു.

പ്രിയപ്പെട്ടവരേ, ഇന്ന് ദൈവത്തിന്റെ വചനം പറയുന്നവ രെല്ലാവരും കുരിശ് ചൂണ്ടിക്കാണിച്ചിരുന്നെങ്കിൽ! “ഞങ്ങളോ, ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു” എന്നു പറ ഞ്ഞുകൊണ്ട് ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ ലോകത്തിന് കാണിച്ചു കൊടുത്തിരുന്നെങ്കിൽ! നിന്ദ സഹിച്ചും അപമാനം സഹിച്ചും ആക്ഷേപം സഹിച്ചും യേശുക്രിസ്തുവിന്റെ കുരിശു വഹിക്കുന്ന അത്ഭുതകരമായ ആനന്ദാനുഭവത്തിന്റെ ശ്രേഷ്ഠ പ്രയോക്താക്കളായി മാറിയിരുന്നെങ്കിൽ!

നമുക്കു വേണ്ടേ ഇതെല്ലാം? വചനം വായിച്ചു കേൾപ്പി ക്കുന്നവനും വചനം കേൾക്കുന്നവനും വചനം പ്രമാണിക്കു ന്നവനും ഭാഗ്യവാൻ! ഇന്ന് ഇതു വായിച്ചുകൊണ്ടിരിക്കു മ്പോൾ നിങ്ങൾക്ക് ഒരു കാര്യം ചെയ്യാം. കർത്താവേ, ഞാൻ ഈ വചനം വിശ്വസിക്കുന്നു. ഞാൻ പാപിയാണ് എന്നു ഞാൻ

ഏറ്റുപറയുന്നു. ആ കാര്യം എനിക്കു നല്ല ബോദ്ധ്യമുണ്ട്, കർത്താവേ, ഞാൻ പാപിയാണ്.

ഞാൻ തികഞ്ഞവനായില്ല. സുവിശേഷം പ്രസംഗിക്കുന്നുണ്ട്. പക്ഷേ, ഞാൻ തികഞ്ഞവനായില്ല. ഒട്ടേറെ ഇനിയും മാറേണ്ടതുണ്ട്. ഒട്ടേറെ തിരുത്തലുകൾ ഇനിയും ആവശ്യമുണ്ട്. കർത്താവേ, നിന്റെ പരിശുദ്ധാത്മാവ് എന്നിൽ തുടങ്ങിയ വേല നിവർത്തിക്കേണമേ. നിന്റെ പരിശുദ്ധാത്മാവ് എന്നിൽ തുടങ്ങിയ ശുദ്ധീകരണത്തിന്റെ പ്രക്രിയ തുടരണമേ. സമ്പൂർണ്ണ പരിവർത്തനത്തിന്റെ പ്രക്രിയ, മരണത്തോളം എന്നിൽ തുടർന്നുകൊണ്ടിരിക്കണമേ. മരണത്തോളം തുടരുന്ന പ്രക്രിയ!

പ്രിയപ്പെട്ടവരേ, നമുക്കു പറയാം: ‘കർത്താവേ, എനിക്കൊന്നും അറിഞ്ഞുകൂടാ. ഞാൻ പാപിയാണെന്ന് ഏറ്റുപറയുന്നു. എന്നാൽ അവിടുന്ന് എന്റെ രക്ഷകനാണെന്ന് ഞാൻ വിശ്വസിക്കുന്നു. നീ ക്രൂശിൽ മരിച്ചത് എന്റെ പാപത്തിന്റെ മോചനത്തിനാണെന്ന് ഞാൻ വിശ്വസിക്കുന്നു. പാപത്തിൽ മരിച്ച് ഞാൻ നരകത്തിലേക്കു പോകേണ്ട ആവശ്യമില്ല. യേശുക്രിസ്തു എനിക്കുവേണ്ടി ക്രൂശിൽ മരിച്ചിരിക്കുന്നു. അതുകൊണ്ട് എനിക്ക് രക്ഷയ്ക്ക് ഒരു പോംവഴിയുണ്ടെന്നും, ക്രിസ്തുവാണ് രക്ഷയുടെ മാർഗ്ഗം എന്നും ഞാൻ വിശ്വസിക്കുന്നു.

ക്രിസ്തുവിൽക്കൂടി മാത്രമേ രക്ഷ കിട്ടുകയുള്ളൂ എന്ന് ഞാൻ വിശ്വസിക്കുന്നു. യേശുക്രിസ്തുവിന്റെ തിരുരക്തം മാത്രമാണ് എന്റെ പാപക്കറകൾ കഴുകുന്നതെന്ന് ഞാൻ വിശ്വസിക്കുന്നു. എന്റെ കഴിഞ്ഞകാല ജീവിതത്തിലെ സകല പാപങ്ങളെയും കഴുകി വെടിപ്പാക്കി എന്നെ വിശുദ്ധീകരിക്കുന്ന അത്ഭുതകരമായ ശക്തിയാണ് കുരിശിലെ തിരുരക്തത്തിന്റെ അത്ഭുതകൃപ എന്നു ഞാൻ വിശ്വസിക്കുന്നു.

നിങ്ങളുടെ അടുത്തു നിൽക്കുന്ന കർത്താവിനോടു

നിങ്ങൾ പറയൂ. നിങ്ങളുടെ തൊട്ടടുത്ത് ക്രിസ്തു വന്നിട്ടുണ്ട്. അരികത്തുകൂടി ക്രിസ്തു നടക്കുന്നുണ്ട്. നിങ്ങളുടെ ഹൃദയത്തിലേയ്ക്കു നോക്കുന്നുണ്ട്. ഭാരപ്പെട്ടു വീർപ്പുമുട്ടിയിരിക്കുന്നത്, ഉള്ളുരുകി വലഞ്ഞിരിക്കുന്നത് കർത്താവ് കാണുന്നുണ്ട്. ആവലാതികളിലും ആധികളിലും കുടുങ്ങിയിരിക്കുന്നത്, മുന്നോട്ടുള്ളവഴി മുട്ടിനിൽക്കുന്നത് കർത്താവ് കാണുന്നുണ്ട്. ഭാരങ്ങളും ദു:ഖങ്ങളും നിങ്ങളെ അലട്ടുന്നത് കർത്താവ് കാണുന്നുണ്ട്. ശരീരത്തിലെ രോഗത്തിന്റെ പീഡ, കുടുംബത്തിലെ അലോഹ്യങ്ങൾ, നിങ്ങളുടെ മക്കൾ വഴിതെറ്റിപ്പോകുന്നത്, മക്കളുടെ ഭാവി ശൂന്യമാകുന്നത്, എല്ലാം കർത്താവ് കാണുന്നുണ്ട്.

നിങ്ങളുടെ ജീവിതത്തിലെ ഭാരങ്ങളും പ്രാരബ്ധങ്ങളുമെല്ലാം കാണുന്ന രക്ഷകനായ മിശിഹാ നിങ്ങളുടെ അരികത്തുവന്നു നിൽക്കുകയാണ്. പറയാനുള്ളത് പറയേണ്ട സമയമാണ്. കർത്താവേ, ഇവിടെയിതാ ഒരു ആവശ്യക്കാരനിരിക്കുന്നു. ഇവിടെയിതാ ഒരാവശ്യക്കാരിയിരിക്കുന്നു. എന്നോടു കനിയണമേ. പാപങ്ങളെല്ലാം കഴുകിത്തരണമേ. എന്റെ അകൃത്യങ്ങളൊക്കെയും ക്ഷമിച്ചുതരണമേ. കർത്താവേ, നിന്റെ തിരുരക്തത്താൽ എന്നെ മുദ്രയിട്ട്, എന്നെ നിന്റെ മകനും മകളുമാക്കിത്തീർത്ത്, യേശുവിന്റെ രാജ്യത്തിന്റെ അവകാശിയാക്കിത്തീർത്ത് അനുഗ്രഹിക്കണമേ.

വചനം കേൾപ്പിക്കുന്നു, വചനം കേൾക്കുന്നു. വചനം കേൾപ്പിക്കുന്നവൻ ഭാഗ്യവാൻ, വചനം കേൾക്കുന്നവൻ ഭാഗ്യവാൻ, വചനം പ്രമാണിക്കുന്നവൻ ഭാഗ്യവാൻ. വചനം പറഞ്ഞാൽ പോരാ, പ്രമാണിക്കണം. ‘Practise is better than precept.’ പ്രസംഗത്തേക്കാൾ നല്ലതാണ് ജീവിതാനുഭവം. ‘Practise what you preach.’ എന്തു പ്രസംഗിക്കുന്നുവോ, അത് ജീവിതത്തിൽ വരുത്തുക.

പ്രിയപ്പെട്ടവരേ, നിങ്ങളിൽ പലരും ആകുലങ്ങളിൽ വലഞ്ഞിരിക്കുകയാണ്. കടത്തിന്റെ ഭാരങ്ങളുണ്ട്, മനസ്സിൽ

വീർപ്പുമുട്ടുന്ന പ്രശ്നങ്ങളുണ്ട്. നിങ്ങൾ തനിയെ ഇരുന്നു കൊണ്ട് കർത്താവിനോടു പറയണം: കർത്താവേ, ഒട്ടേറെ പ്രാരബ്ധങ്ങളുണ്ട്, നിനക്കറിയാം. എന്നാൽ ഞാൻ ഇപ്പോൾ എന്റെ രക്ഷകന്റെ അരികിൽവന്ന് നിന്റെ കരുണയ്ക്കുവേണ്ടി യാചിക്കുന്നു. ഞാൻ നിന്നോട് വാക്കുപറയുന്നു. ഇത്രയും കാലം ഞാൻ ബോധമില്ലാത്തവനെപ്പോലെ, സുബോധം കെട്ട വളെപ്പോലെ ജീവിച്ചു. കോപിച്ചു, വഴക്കടിച്ചു, ഞാൻ വീട്ടിൽ ഭിന്നതയുണ്ടാക്കി.

> *"സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ; അവർ ദൈവത്തിന്റെ പുത്രന്മാർ എന്നു വിളിക്കപ്പെടും."* *മത്തായി 5 : 9*

ഇതു ഞാൻ വായിച്ചിട്ടുണ്ടെങ്കിലും കേട്ടിട്ടുണ്ടെങ്കിലും ഞാൻ സമാധാനം ഉണ്ടാക്കിയില്ല. ഞാൻ സമാധാനം കെടുത്തി; ഭർത്താവിന്റെ സ്വൈര്യം കെടുത്തി. എന്റെ ഭർത്താവിനു ഞാൻ അലോസരമുണ്ടാക്കി; എന്റെ ഭാര്യയെ ഞാൻ വേദനിപ്പിച്ചു. അവളുടെ പ്രിയപ്പെട്ടവരെ ഞാൻ ദു:ഖിപ്പിച്ചു, മുറിവേൽപ്പിച്ചു. അവരുടെ ഹൃദയത്തിൽ ഞാൻ മുറിവുണ്ടാക്കി. ഞാൻമൂലം അനേകർക്കു ദു:ഖം വരുവാൻ ഇടയായി.

പലർക്കും ഞാൻ നഷ്ടം വരുത്തി. പലരുടെയും ജീവിതത്തിൽനിന്ന് ചിലതെല്ലാം അപഹരിച്ചെടുത്തു. ചിലരുടെ പൈസ, കൈക്കൂലി മൂലമോ അഴിമതി മൂലമോ ഞാൻ അപഹരിച്ചെടുത്തു. കർത്താവേ, പല തെറ്റുകളും വന്നുപോയി.

ഞാൻ മദ്യത്തിന്റെ അടിമയായിപ്പോയി. ദുശ്ശീലങ്ങളുടെ അടിമയായിപ്പോയി. സുബോധമില്ലാത്തവനെപ്പോലെ, സുബോധമില്ലാത്തവളെപ്പോലെ ഞാൻ ജീവിച്ചു. എന്റെ കണ്ണ് അശുദ്ധ പടങ്ങൾ കാണാൻ ആഗ്രഹിച്ചു, അശുദ്ധ പടങ്ങൾ ഇന്റർനെറ്റിൽ കടന്നു കാണുകയും ചെയ്തു. വേണ്ടായിരുന്നു എന്ന് ഇപ്പോൾ തോന്നുന്നുണ്ട്. ഇതെല്ലാമാണ് എന്റെ കഴിഞ്ഞ കാല ജീവിതാനുഭവങ്ങൾ.

ഇന്ന് തിരുമുമ്പാകെ വന്ന് ഞാൻ നിന്നോട് പറയുകയാണ്: ഞാൻ എന്റെ പാപജീവിതത്തോടു യാത്ര പറയുന്നു. ഇല്ല കർത്താവേ, ഇനി ഇല്ല. പാപത്തിന്റെ അഴുക്കു ചാലുകളിലേയ്ക്ക് ഇനി ഞാൻ തിരിയുകയില്ല. നിന്റെ വചനം അനുഗ്രഹദായകമായി നീ എനിക്കു തന്നു. ഇനി നീ എനിക്കുതന്ന വചനം ഞാൻ പ്രമാണിക്കും. ഞാൻ സത്യസന്ധതയോടെ ജീവിക്കും. വിശ്വസ്തനായി, കറ പുരളാതെ, ചെളി പറ്റാതെ ജീവിക്കും. ജീവിതത്തിൽ അശുദ്ധി പറ്റാതെ ഞാൻ ജീവിക്കും.

ഒരു ചിന്തയിൽപ്പോലും എന്റെ ഹൃദയത്തിലേക്കു പാപം വരാതെവണ്ണം ഞാൻ എന്നെത്തന്നെ വേലികെട്ടി കാക്കും. കർത്താവേ, ഞാൻ ദൃഢനിശ്ചയമെടുക്കുന്നു. യാതൊരു കാരണവശാലും എന്നെ അശുദ്ധമാക്കുകയില്ല എന്ന് ഞാൻ തീരുമാനിക്കുന്നു. കർത്താവേ, ഇത് മരണത്തോളമുള്ള തീരുമാനമാണ്. ഇപ്പോൾ ഞാൻ വിഷമിക്കുന്ന കാര്യം നിനക്കറിയാമല്ലോ. ഇപ്പോൾ നിന്റെ ആ തൃക്കരം നീട്ടി എന്റെ തലമേൽ ഒന്നു വയ്ക്കുമോ?

എന്റെ ഭർത്താവിന്റെ മദ്യപാനം നീ ഒന്നു മാറ്റുമോ? അദ്ദേഹത്തിന് മദ്യപിക്കാത്തപ്പോൾ നല്ല സ്വഭാവമാണ്. എന്നാൽ മദ്യപിച്ചു കഴിയുമ്പോൾ ഭ്രാന്തു പിടിച്ചതുപോലെയാണ്. കർത്താവേ, ഞാൻ എന്നും തല്ലുകൊള്ളുന്നതു നീ കാണുന്നില്ലേ? അദ്ദേഹത്തിന്റെ തലമേൽ നിന്റെ കരം ഒന്നു വയ്ക്കാമോ? എന്റെ കർത്താവേ, എന്നെ ഒന്ന് അനുഗ്രഹിക്കാമോ?

എന്റെ മക്കളെ നീ ഒന്നു തൊടാമോ? അവരെയൊന്നു നേർവഴിക്കു കൊണ്ടുവരാമോ? അവർക്ക് ബുദ്ധി തെളിച്ചു കൊടുക്കാമോ? കർത്താവേ, അവരുടെമേൽ നിന്റെ കരം ഒന്നു വയ്ക്കാമോ? എന്റെ കുഞ്ഞിന്റെ വിവാഹം നടന്നില്ലല്ലോ? കർത്താവേ, ഒരു നല്ല വിവാഹബന്ധത്തിലേക്കു വരാൻ നീ സഹായിക്കാമോ? കർത്താവേ, വിവാഹം കഴിഞ്ഞിട്ട് പല നാളുകളായല്ലോ. ഒരു പൊന്നോമനക്കുഞ്ഞിനെ കിട്ടിയി

ല്ലല്ലോ. ഒരു ഓമനക്കുഞ്ഞിനെ കിട്ടാൻ നിന്റെ കരം ഒന്നു നീട്ടാമോ? നിനക്ക് അസാദ്ധ്യമായി ഒന്നുമില്ലല്ലോ.

പ്രിയപ്പെട്ടവരേ, എന്തെല്ലാമെന്തെല്ലാം ആവശ്യങ്ങൾ! എല്ലാമെല്ലാം നിങ്ങൾക്ക് അരികത്തു നിൽക്കുന്ന ക്രിസ്തുവിനോടു പറയാം. ക്രിസ്തു അരികത്തുണ്ട്. നിങ്ങൾക്കു വിശ്വസിക്കാം. അരികത്തുള്ള ക്രിസ്തുവിനോട് നിങ്ങൾക്കെല്ലാം എണ്ണിയെണ്ണി പറയാം. വചനം കേൾപ്പിക്കുന്നു, വചനം കേൾക്കുന്നു, വചനം പ്രമാണിക്കുന്നു, തീരുമാനമെടുക്കുന്നു, സമർപ്പണമെടുക്കുന്നു, ജീവിതം ക്രിസ്തുവിന്റെ കരങ്ങളിലാകുന്നു. എന്തൊരത്ഭുതം! കർത്താവ് അനുഗ്രഹിക്കുന്നു!

പ്രാർത്ഥനകേൾക്കുന്ന ഒരു ദൈവം ജീവിക്കുന്നുണ്ട്. യേശു പ്രാർത്ഥന കേൾക്കുന്നവനാണ്. നിങ്ങൾ വിശ്വസിക്കൂ, യേശു കണ്ണുനീർ കാണുന്നവനാണ്. കരയുന്നവരുടെ കരച്ചിൽ കണ്ട് കർത്താവ് നോക്കിനിൽക്കുന്നവനല്ല, ഒപ്പം കരയുന്നവനാണ്. അവൻ കണ്ണുനീർ വാർക്കുന്നവനാണ്. യേശുവിന് ഹൃദയമുണ്ട്. യേശുവിന് ഹൃദയത്തിൽ സ്നേഹവികാരമുണ്ട്. യേശുവിന് നിങ്ങളോട് വാത്സല്യമുണ്ട്. യേശുവിന് നിങ്ങളോട് കാരുണ്യമുണ്ട്.

“അവൻ നമ്മുടെ ബലഹീനതകളിൽ സഹതാപം കാണിക്കാൻ കഴിയാത്തവനല്ല.” നമുക്കു ബലഹീനതയുണ്ട് എന്നവനറിയാം. അവനു സഹതാപമുണ്ട്. “പാപമൊഴികെ സകലത്തിലും നമുക്കു തുല്യമായി പരീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളത്. അതുകൊണ്ട് കരുണ ലഭിപ്പാനും തത്സമയത്ത് സഹായത്തിനുള്ള കൃപ പ്രാപിപ്പാനുമായി നാം ധൈര്യത്തോടെ കൃപാസനത്തിന് അടുത്തു ചെല്ലുക.” ധൈര്യത്തോടെ ചെല്ലാം. മടിക്കാതെ ചെല്ലാം. കഴിഞ്ഞകാല ജീവിതത്തിലേക്കു നോക്കി നെടുവീർപ്പിടേണ്ട. നിരാശപ്പെടേണ്ട. മടിക്കാതെ ചെല്ലാം.

നിങ്ങൾ പറയണം: കർത്താവേ, ഇനിമേൽ കോപം വരാതെ ഞാൻ എന്നെത്തന്നെ കാക്കും. ഒരു കാരണവുമി

ല്ലാതെ ചിലപ്പോൾ ഞാൻ കോപിച്ചുപോയിട്ടുണ്ട്. ഇനിമേൽ ഞാൻ കോപിക്കയില്ല. ഇനിമേൽ ഞാൻ വാശിപിടിക്കയില്ല. ആരോടും വൈരാഗ്യം വച്ചുകൊണ്ടിരിക്കയില്ല. ആരോടും പകയും വിദ്വേഷവും മുഷിച്ചിലും വച്ചുകൊണ്ടിരിക്കയില്ല.

എന്റെ ഹൃദയം നിഷ്ക്കളങ്കമായിരിക്കും, നിർമ്മലമായിരിക്കും. എന്റെ കർത്താവേ, അന്യന്റേത് എന്റെ കൈയിലിരിക്കാൻ ഇനി ഞാൻ അനുവദിക്കുകയില്ല. അന്യന്റേത് അവന്റെ അനുമതി കൂടാതെ, അനുവാദം കൂടാതെ ഞാൻ കൈയിൽ വച്ചു പോയതിന് എന്നോടു ക്ഷമിക്കണം. ഞാനെടുത്തുപോയത് എന്നോടു ക്ഷമിക്കണം. കർത്താവേ, ഞാൻ തിരിച്ചുകൊടുത്ത് മാപ്പു ചോദിച്ചുകൊള്ളാം.

പ്രിയപ്പെട്ടവരേ, നിങ്ങൾക്ക് തീരുമാനങ്ങളെടുക്കാം. യേശുവിനോട് നിങ്ങൾക്ക് പറയാം. യേശുവിന്റെ കരങ്ങളിലേയ്ക്ക് നിങ്ങളെ ഏൽപ്പിച്ചുകൊടുക്കാം. നിങ്ങളുടെ ഭാവി മുഴുവൻ യേശുവിന്റെ കരങ്ങളിലേയ്ക്കു കൊടുക്കാം. യേശുവിന്റെ തിരുവിലാവിൽ നിന്നൊഴുകിയ തിരുരക്തത്താലുള്ള കഴുകൽ പ്രാപിക്കാം.

മാത്രമല്ല, യേശുവിന്റെ കൃപയുടെ സാക്ഷ്യം വഹിക്കാം. രക്ഷയുടെ സാക്ഷികളായി നിങ്ങൾക്കെഴുന്നേൽക്കാം. നിങ്ങൾക്കു വചനം കേൾപ്പിക്കാം, വചനം കേൾക്കാം, വചനം പ്രമാണിക്കാം. അങ്ങനെ നിങ്ങൾക്ക് ഭാഗ്യശാലികളായിത്തീരാം.

ഭാഗ്യശാലികളായിത്തീരുക. ദൈവത്തിന്റെ കൃപയിലേയ്ക്ക് നിങ്ങളെ ഏൽപ്പിച്ചു കൊടുക്കുക. ദൈവമേ, അവിടുന്ന് രണ്ടാമതുവരുമ്പോൾ എന്നെക്കൂടി ഓർത്തുകൊള്ളണമേ. യേശു തന്റെ പ്രിയജനത്തെ ചേർക്കാൻ, വിശുദ്ധന്മാരെ ചേർക്കാൻ വീണ്ടും വരുമല്ലോ. അപ്പോൾ യേശുവേ, നിന്റെ സന്നിധിയിലേക്കു പറന്നുയരാൻ എന്നെയും യോഗ്യനാക്കിത്തീർക്കണമേ, എന്നു പ്രാർത്ഥിക്കുക.

നിങ്ങൾ സമർപ്പിക്കൂ. യേശുവിന്റെ കരങ്ങളിലേക്കു കൊടുക്കൂ. തിരുരക്തത്താലുള്ള കഴുകൽ പ്രാപിക്കൂ. അനുഗ്രഹം പ്രാപിക്കൂ. യേശുക്രിസ്തുവിന്റെ കൃപയാൽ ജീവന്റെ പുസ്തകത്തിൽ പേരെഴുതിക്കിട്ടുന്ന മഹാഭാഗ്യം നിങ്ങൾ അനുഭവിക്കൂ. അനുഗൃഹീതരായിത്തീരൂ.

നമുക്ക് പ്രാർത്ഥിക്കാം: കാരുണ്യവാനേ, മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയപിതാവേ, അവിടുത്തെ അനുഗ്രഹങ്ങൾക്കായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. തിരുവചനങ്ങൾക്കായി സ്തോത്രം. കർത്താവേ, നിന്റെ മക്കളെയെല്ലാം തൊടണമേ. എല്ലാവരേയും അനുഗ്രഹിക്കണമേ. ആകുലങ്ങളകറ്റണമേ. ഭാരങ്ങൾ മാറ്റണമേ. കർത്താവേ, നിന്റെ രണ്ടാമത്തെ വരവിനുവേണ്ടി എല്ലാവരേയും ഒരുക്കണമേ. യേശുക്രിസ്തുവിന്റെ രാജകീയനാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണം പിതാവേ, ആമ്മേൻ.

## പതിനൊന്ന്

കർത്താവായ യേശുക്രിസ്തുവിന്റെ രണ്ടാമത്തെ വരവിനെ സംബന്ധിച്ചുള്ള ചില കാര്യങ്ങളാണ് നാം ചിന്തിച്ചുകൊണ്ടിരിക്കുന്നത്. യേശുക്രിസ്തുവിന്റെ പുനരാഗമനം, കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവ്, വളരെ ശ്രദ്ധേയമായ ഒരു വിഷയമാണത്. വളരെയേറെ പഠിക്കാനുള്ള വിഷയമാണ്. ഒപ്പം ഈ കാലയളവിൽ ഏറെ ജാഗരിക്കയും പ്രാർത്ഥിക്കയും ഒരുങ്ങുകയും ചെയ്യേണ്ട കാര്യമാണ്.

കർത്താവായ യേശുവിന്റെ വരവ് എപ്പോഴെന്ന് ആർക്കും അറിഞ്ഞുകൂടാ. യേശു വീണ്ടും വരും. കർത്താവ്, "ഞാൻ വീണ്ടും വരും" എന്നു പറഞ്ഞിട്ടാണ് കടന്നു പോയത്. കർത്താവ് സ്വർഗ്ഗാരോഹണം ചെയ്യുമ്പോൾ മാലാഖമാർ, മേലോട്ടു നോക്കി നിൽക്കുന്ന കർത്താവിന്റെ ശിഷ്യന്മാരോട് പറഞ്ഞു:

> *"ഗലീലാപുരുഷന്മാരേ, നിങ്ങൾ ആകാശത്തിലേയ്ക്കു നോക്കിനിൽക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്കു പോകുന്നവനായി നിങ്ങൾ കണ്ടതുപോലെ തന്നെ അവൻ വീണ്ടും വരും."*
>
> *അപ്പൊ. പ്രവൃത്തികൾ 1 : 11*

കർത്താവിന്റെ അപ്പൊസ്തലന്മാർ എല്ലാവരുംതന്നെ കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനെക്കുറിച്ചു പറഞ്ഞു. അപ്പൊസ്തലനായ പൗലോസ് പറഞ്ഞു:

*"കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാന ദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹള ത്തോടുംകൂടെ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങിവരി കയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെ ഴുന്നേൽക്കയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടൊരുമിച്ച് ആകാശ ത്തിൽ കർത്താവിനെ എതിരേൽപ്പാൻ മേഘങ്ങ ളിൽ എടുക്കപ്പെടും." 1 തെസ്സലൊനിക്യർ 4 : 16,17*

പത്രോസ്ശ്ലീഹാ പറഞ്ഞു:

*"ചിലർ താമസം എന്നു വിചാരിക്കുന്നതുപോലെ കർത്താവ് തന്റെ വാഗ്ദത്തം നിവർത്തിപ്പാൻ താമ സിക്കുന്നില്ല. ആരും നശിച്ചുപോകാതെ എല്ലാ വരും മാനസാന്തരപ്പെടുവാൻ അവൻ ഇച്ഛിച്ച് നിങ്ങളോട് ദീർഘക്ഷമ കാണിക്കുന്നതേയുള്ളൂ. കർത്താവിന്റെ ദിവസമോ കള്ളനെപ്പോലെ വരും." 2 പത്രോസ് 3 : 9, 10*

യൂദാശ്ലീഹാ പറഞ്ഞു:

*"ഇതാ കർത്താവ് എല്ലാവരെയും വിധിപ്പാനും അവർ അഭക്തിയോടെ ചെയ്ത ഭക്തിവിരുദ്ധമായ സകല പ്രവൃത്തികളും നിമിത്തം ഭക്തികെട്ട പാപി കൾ തന്റെ നേരെ പറഞ്ഞ സകലനിഷ്ഠൂരങ്ങളും നിമിത്തവും ഭക്തികെട്ടവരെ ഒക്കെയും ബോധം വരുത്തുവാനും ആയിരമായിരം വിശുദ്ധന്മാരോടു കൂടെ വന്നിരിക്കുന്നു." യൂദ 1:15*

യാക്കോബ് ശ്ലീഹാ പറഞ്ഞു:

*"ഇതാ, ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു."*
*യാക്കോബ് 5 : 9*

എബ്രായലേഖനത്തിൽ അപ്പൊസ്തലനായ പൗലോസ്

വീണ്ടും പറഞ്ഞു:

*"തനിക്കായി കാത്തുനിൽക്കുന്നവരുടെ രക്ഷയ്ക്കായി അവൻ പാപം കൂടാതെ രണ്ടാമതു പ്രത്യക്ഷനാകും"* *എബ്രായർ 9 : 28*

യേശുക്രിസ്തു വീണ്ടും വരും. നാമതു വിശ്വസിക്കുന്നു. നാം അത് നോക്കിപ്പാർത്തിരിക്കുന്നു. ഒരു വിശ്വാസിയുടെ പ്രത്യാശയാണ് കർത്താവ് വീണ്ടും വരും എന്നുള്ളത്. കാരണം,

*"നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സു വിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു."* *റോമർ 8 : 18*

ഈ കാലത്തിൽ കഷ്ടങ്ങളുണ്ട്, ദു:ഖങ്ങളുണ്ട്, ദുരിതങ്ങളുണ്ട്, യാതനകളുണ്ട്. വേദനനിറഞ്ഞ ഈ ലോകത്തിൽ നമുക്കു നല്ല കാലം വരുന്നുണ്ട് എന്നു കേൾക്കുന്നത് ഒരാശ്വാസമാണല്ലോ.

കർത്താവായ യേശു വീണ്ടും വരും.

*"ഞാൻ നിങ്ങൾക്ക് സ്ഥലം ഒരുക്കുവാൻ പോകുന്നു. ഞാൻ പോയി നിങ്ങൾക്ക് സ്ഥലം ഒരുക്കിയാൽ, ഞാൻ ഇരിക്കുന്ന ഇടത്ത് നിങ്ങളും ഇരിക്കേണ്ടതിന്ന് പിന്നെയും വന്നു നിങ്ങളെ എന്റെ അടുക്കൽ ചേർത്തുകൊള്ളും."*

*യോഹന്നാൻ 14 : 2, 3*

കർത്താവ്, ഇന്ന് നമുക്കായി ഭവനം പണിതുകൊണ്ടിരിക്കയാണ്. സ്വർഗ്ഗത്തിൽ നമുക്കുവേണ്ടി ഭവനം പണിതുകൊണ്ടിരിക്കുന്നു. ഈ വാക്യങ്ങളും തിരുവചനത്തിന്റെ മറ്റനേകം ഭാഗങ്ങളും നാം ഗ്രഹിക്കുമ്പോഴാണ് കർത്താവായ യേശുവിന്റെ വരവ് വളരെ ഗൗരവമേറിയ ഒരു വിഷയമാണെന്നും ദൈവമക്കൾ അതിനുവേണ്ടി ഒരുങ്ങിയിരിക്കണമെന്നും മനസ്സിലാകുന്നത്.

യേശുവിന്റെ വരവിങ്കൽ പുനരുത്ഥാനമുണ്ടാകും. യേശുവിന്റെ വരവിങ്കലുണ്ടാകുന്ന ആ പുനരുത്ഥാനം, കർത്താവായ യേശുവിന്റെ വരവിങ്കൽ, മദ്ധ്യാകാശത്തിൽ യേശു വരുമ്പോൾ ഈ ഭൂമിയിൽ നിന്ന് വിശുദ്ധന്മാർ ഉയിർത്തെഴുന്നേൽക്കുന്ന പുനരുത്ഥാനമാണ്. അതിനാണ് ഒന്നാമത്തെ പുനരുത്ഥാനം എന്നു പറയുന്നത്.

> *"ഇത് ഒന്നാമത്തെ പുനരുത്ഥാനം. ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനുമാകുന്നു." വെളിപ്പാട് 20 : 6*

ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കു കിട്ടുന്നത് ഭാഗ്യമാണ്, അത് വിശുദ്ധന്മാർക്കു മാത്രമുള്ളതാണ്. എന്നാൽ അതിനു തൊട്ടു മുമ്പുള്ള വാക്യം വായിക്കുമ്പോൾ കാണാം.

> *"ഞാൻ ന്യായാസനങ്ങളെ കണ്ടു; അവയിൽ ഇരിക്കുന്നവർക്ക് ന്യായവിധിയുടെ അധികാരം കൊടുത്തു; യേശുവിന്റെ സാക്ഷ്യവും ദൈവവചനവും നിമിത്തം തല ഛേദിക്കപ്പെട്ടവരും മൃഗത്തെയോ അതിന്റെ പ്രതിമയെയോ നമസ്ക്കരിക്കാതിരുന്നവരും നെറ്റിയിലും കൈമേലും അതിന്റെ മുദ്ര കൈക്കൊള്ളാതിരുന്നവരുമായവരുടെ ആത്മാക്കളെയും ഞാൻ കണ്ടു; അവർ ജീവിച്ചു ആയിരമാണ്ടു ക്രിസ്തുവിനോടുകൂടി വാണു. മരിച്ചവരിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല." വെളിപ്പാട് 20 : 4, 5*

വിശുദ്ധന്മാർ ജീവിച്ച് സഹസ്രാബ്ദ വാഴ്ചയിൽ കർത്താവിനോടു കൂടെ വാണു. മരിച്ചവരിൽ ശേഷമുള്ളവർക്ക് ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കില്ലാതെപോയി. അവർ ആയിരമാണ്ടു കഴിയുവോളം ജീവിച്ചില്ല. അവർക്കുള്ളത് രണ്ടാമത്തെ പുനരുത്ഥാനമാണ്. അവരും ഉയിർത്തെഴുന്നേൽക്കും, അത് രണ്ടാമത്തെ പുനരുത്ഥാനമാണ്. മരിച്ചവ

രിൽ ശേഷമുള്ളവർ ആയിരം ആണ്ടു കഴിയുവോളം ജീവിച്ചില്ല.

മരിച്ചവരിൽ വിശുദ്ധന്മാർ ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവരാകും. മരിച്ചവരിൽ ക്രിസ്തുവിനായി സമർപ്പിച്ചിട്ടില്ലാത്തവർ, ക്രിസ്തുവിനായി ജീവിതം കൊടുത്തിട്ടില്ലാത്തവർ, മാനസാന്തരപ്പെട്ടിട്ടില്ലാത്തവർ ആയിരമാണ്ടു കഴിയുവോളം ജീവിച്ചില്ല. അവർ ആയിരം വർഷം കഴിഞ്ഞ് ജീവിക്കും, ഉയിർത്തെഴുന്നേൽക്കും. അത് രണ്ടാമത്തെ പുനരുത്ഥാനം.

ഒന്നാമത്തെ പുനരുത്ഥാനത്തിൽ ആർക്കെല്ലാമാണ് പങ്ക് എന്ന് നാം ചിന്തിച്ചു. ഒന്നാമത്തെ പുനരുത്ഥാനത്തിൽ, 'ക്രിസ്തുവിനുള്ളവർ' പങ്കാളികളായിരിക്കും. 'ക്രിസ്തുവിലുള്ളവർ' പങ്കാളികളായിരിക്കും. ക്രിസ്തുവിനായി 'കാത്തിരിക്കുന്നവർ' പങ്കാളികളായിരിക്കും. 'വിശുദ്ധന്മാർ' പങ്കാളികളായിരിക്കും. 'ഒരുങ്ങിയിരിക്കുന്നവർ' പങ്കാളികളായിരിക്കും.

അഞ്ചു കാര്യങ്ങൾ ശ്രദ്ധിക്കുക:

ഒന്ന് - ക്രിസ്തുവിനുള്ളവർ

രണ്ട് - ക്രിസ്തുവിലുള്ളവർ

മൂന്ന് - വിശുദ്ധന്മാർ

നാല് - കാത്തിരിക്കുന്നവർ

അഞ്ച് - ഒരുങ്ങിയിരിക്കുന്നവർ

അവർ ഉയിർത്തെഴുന്നേൽക്കും.

മത്തായിയുടെ സുവിശേഷം ഇരുപത്തിയഞ്ചാം അദ്ധ്യായത്തിന്റെ ആദ്യത്തെ വാക്യങ്ങൾ വായിക്കുമ്പോഴാണ് എങ്ങനെയാണ് ഒരുങ്ങിയിരിക്കേണ്ടത് എന്നു നാം കാണുന്നത്. വിളക്കു തെളിയിച്ച്, ജാഗ്രതയോടുകൂടി, ഉണർവ്വോടുകൂടി ഒരുങ്ങിയിരിക്കണം എന്ന് വേദപുസ്തകം കൃത്യമായി പറഞ്ഞുതരുന്നു. പത്തു കന്യകമാരുടെ ഉപമയിൽ അഞ്ചു കന്യകമാർ ഒരു

ങ്ങിയില്ല. അവർ വെളിയിൽ തള്ളപ്പെട്ടുപോയി. എന്നാൽ പത്തു കന്യകമാരിൽ അഞ്ചുപേർ ഒരുങ്ങി, അവർ സ്വീകരിക്കപ്പെടുകയും ചെയ്തു.

വളരെ കൃത്യമായി കാത്തിരിക്കുന്നവരും ഒരുങ്ങിയിരിക്കുന്നവരും എന്നു ധരിച്ച് പത്തു പേരും ജീവിച്ചു. പക്ഷേ, നിർഭാഗ്യവശാൽ അഞ്ചുപേർ ഒരുങ്ങിയിരിക്കുന്നവരല്ലായിരുന്നു. പക്ഷേ, അവരുടെ ധാരണ അവർ ഒരുങ്ങിയിരിക്കുകയാണെന്നാണ്. അവർക്ക് വിളക്കുണ്ട്, വിളക്കിൽ എണ്ണയുണ്ട്, വിളക്കിൽ തിരിയുണ്ട്, വിളക്ക് കത്തുന്നുണ്ട്.

മറ്റുള്ളവരിൽനിന്ന് വ്യത്യസ്തമായിട്ട് അവർക്ക് കുഴപ്പമൊന്നും കാണുന്നില്ല. എന്നാൽ ദൈവത്തിന്റെ പരിശുദ്ധാത്മാവ് വളരെ വ്യക്തമായി പറഞ്ഞു തരുന്നു, അവർ ബുദ്ധിയില്ലാത്തവരായിരുന്നു എന്ന്. അഞ്ചുപേർ ബുദ്ധിയില്ലാത്തവരായിരുന്നു. ആത്മീയമായ ബുദ്ധി, ആത്മീയമായ വെളിവില്ലാത്തവരായിരുന്നു.

ഇന്ന് അനേകർക്കും ആന്തരികമായ കണ്ണ് തുറന്നിട്ടില്ല. അകത്തെ കണ്ണ് തുറന്നിട്ടില്ല. അകത്തെ കണ്ണ് തുറന്നു കിട്ടുക; അതൊരു മഹാഭാഗ്യമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ അത്ഭുതകൃപയാൽ അകത്തെ കണ്ണു തുറന്നു കിട്ടിയാൽ ആത്മലോകം നമുക്കു തുറന്നു കിട്ടും. നമ്മുടെ ജീവിതമെന്താണെന്ന് കാണാൻ പറ്റും.

എത്രമാത്രം അപകടകരമായ ഒരവസ്ഥയിലാണ് നാം ജീവിക്കുന്നതെന്ന് നമുക്കു മനസ്സിലാകും. ആത്മാവിന്റെ കണ്ണ് തുറന്നു കിട്ടണം. ആത്മീയ രഹസ്യങ്ങൾ നമുക്കു മനസ്സിലാക്കിത്തരും. പരിശുദ്ധാത്മാവ് ആത്മാവിന്റെ കണ്ണു തുറന്നു തരും. നാം ചെയ്യേണ്ടത്, “കർത്താവേ, എനിക്ക് ആന്തരിക കണ്ണുകൾ തുറന്നു തരണമേ” എന്നു പ്രാർത്ഥിക്കുകയാണ്. അതു മാത്രമേ നമുക്കു ചെയ്യാനുള്ളൂ. നമുക്കാർക്കും തുറക്കാൻ പറ്റുകയില്ല. യേശുക്രിസ്തുവിന്റെ അത്ഭുതകൃപയാൽ

മാത്രമേ കണ്ണ് തുറന്ന് കിട്ടുകയുള്ളു. ദൈവത്തിന്റെ കൃപ!

പ്രിയപ്പെട്ടവരേ, നിങ്ങൾ അനേകം പേർ ഈ വചനം വായിക്കുന്നുണ്ടല്ലോ. ഈ വചനം വായിക്കാൻ അവസരമുണ്ടായിട്ടും വായിക്കാത്ത എത്രയോ ആളുകളുണ്ട്. നിർഭാഗ്യവശാൽ, അവർക്ക് വായിക്കണം എന്നുള്ള ആഗ്രഹം വരുന്നില്ല. അതിനുള്ള കൃപ അവർക്ക് കിട്ടുന്നില്ല. എന്തു കൊണ്ടാണെന്ന് നമുക്കറിഞ്ഞുകൂടാ. അവരിൽ നല്ലവരായ ആളുകളുണ്ട്, ജീവിതത്തിൽ നല്ല നിഷ്ഠയുള്ള, ചുമതലാബോധമുള്ള ആളുകളുണ്ട്. ഒരു പക്ഷേ, നമ്മെക്കാൾ നല്ല ആളുകളുണ്ട്. പക്ഷേ, അവർക്ക് വചനത്തിന്റെ വാതിൽ തുറന്നുകിട്ടിയില്ല.

വചനത്തിലേയ്ക്ക് ഒരാകർഷണം കിട്ടിയിട്ടില്ല. വചനം വായിക്കാൻ ആഗ്രഹം വരുന്നില്ല. യേശുക്രിസ്തുവിന്റ അരികത്തു വന്നിരുന്ന്, കർത്താവിന്റെ പാദപീഠത്തിലിരുന്ന് വചനം വായിക്കണമെന്നുള്ള, വചനം കേൾക്കണമെന്നുള്ള ആഗ്രഹം അവർക്കു വരുന്നില്ല. അവരുടെ കണ്ണടഞ്ഞിരിക്കുകയാണ്. ആത്മീയമായ കാര്യങ്ങളിൽ കണ്ണടഞ്ഞിരിക്കുന്നു. അവരുടെ കണ്ണ് ലോകകാര്യങ്ങളിൽ മാത്രം തുറന്നിരിക്കുന്നു. ലോകത്തിന്റെ ഇമ്പങ്ങളിൽ, വെറിക്കൂത്തുകളിൽ, ലോകത്തിന്റെ പാപരാഗമോഹങ്ങളിൽ-അതിലെല്ലാം അവരുടെ കണ്ണ് തുറന്നിരിക്കുന്നു.

ഈ ലോകത്തിലേയ്ക്ക് കണ്ണു തുറന്നിരിക്കുന്നതുകൊണ്ട് ആത്മാവിന്റെ കണ്ണ് തുറക്കാൻ പറ്റുന്നില്ല. ആത്മക്കണ്ണുകൾ തുറന്നു കിട്ടുക! ഈ ലോകത്തിന്റെ ദൈവം - പിശാച് അവിശ്വാസികളുടെ മനസ്സ് കുരുടാക്കുന്നു. പിശാച് അവിശ്വാസികളുടെ മനസ്സ് അന്ധമാക്കുന്നു. ഇന്ന് ഏറ്റവും വലിയ അപകടമതാണ്.

ആത്മീയ കാര്യങ്ങൾ വായിക്കാനും കേൾക്കാനും താൽപ്പര്യമില്ലാതെ വരുന്നു. ആത്മീയമായി ജീവിക്കാൻ താൽപ്പര്യമില്ലാതെ വരുന്നു. അവർ സ്വയം-തൃപ്തരാണ്. അങ്ങ

നെയുള്ളവർ, തങ്ങളുടെ ആത്മീയ നിലവാരത്തെക്കുറിച്ച് തൃപ്തിയുള്ളവരായിട്ടാണിരിക്കുന്നത്. എന്റെ ആത്മീയ നില വാരം കുഴപ്പമില്ല. ഞാൻ കർത്താവിനോടു കൂടെയാണ്, ഞാൻ നമസ്ക്കാരം ചൊല്ലുന്നുണ്ട്, പ്രാർത്ഥിക്കുന്നുണ്ട്, തിരുവചനം വായിക്കുന്നുണ്ട്, പള്ളിയിൽ പോകുന്നുണ്ട് എന്നിങ്ങനെ അവർ ആയിരിക്കുന്നതിൽ സംതൃപ്തരാണ്.

അവരുടെ ആത്മക്കണ്ണ് അടഞ്ഞിരിക്കുന്നു. ആത്മ ലോകം എന്ത് എന്ന് അവരറിയുന്നില്ല. മരണശേഷമുള്ള നിത്യ തയെക്കുറിച്ച് ചിന്തിക്കാൻ അവർക്കു സാധിക്കുന്നില്ല. മരണം എന്നുള്ളത് ഒരു യാഥാർത്ഥ്യമാണെന്ന് അവർക്കറിയാം. പക്ഷേ, അതിനുശേഷമുള്ള നിത്യത, അത് എവിടെയായിരി ക്കും നാം ചെല്ലുക? ആരും ചിന്തിക്കുന്നില്ല.

ഒരു മായാലോകത്തിന്റെ, ഭൗതികമായ ചിന്താഗതികളു ടെ, മായികമായ, ഐന്ദ്രജാലികമായ ഒരു വശീകരണ വിദ്യ യിൽപ്പെട്ട് അവർ കുരുങ്ങിക്കിടക്കുകയാണ്. അവരുടെ ബോധമനസ്സ് കുരുടായിരിക്കുകയാണ്. ഇന്ന് ഈ വാക്കുകൾ വായിക്കുമ്പോൾ നിങ്ങൾ മനസ്സിലാക്കൂ. നിങ്ങൾ അനേകം പേർ ഭാഗ്യശാലികളാണ്. വചനം വായിക്കാൻ തോന്നിയല്ലോ. വചനം കേൾക്കാൻ ഒരാഗ്രഹം വന്നല്ലോ. ഒരാരംഭം കുറി ക്കാൻ സാധിച്ചല്ലോ. നിങ്ങൾ ഇനിയും പ്രാർത്ഥിക്കണം: “കർത്താവേ, എന്റെ അകത്തെ കണ്ണു തുറന്നു തരണമേ.”

## പന്ത്രണ്ട്

പത്തു കന്യകമാരിൽ അഞ്ചുപേർ ബുദ്ധിയുള്ളവരായിരുന്നു, അഞ്ചു പേർ ബുദ്ധിയില്ലാത്തവരായിരുന്നു. അവർ പത്തുപേർക്കും വിളക്കുണ്ട്, വിളക്കിൽ എണ്ണയുണ്ട്, വിളക്കിൽ തിരിയുണ്ട്, വിളക്കു കത്തുന്നുണ്ട്. പത്തു പേർക്കും മണവാളൻ വരുമെന്നറിയാം. മണവാളൻ വരുമ്പോൾ എതിരേൽക്കണമെന്നറിയാം. പത്തുപേരും ഒരുമിച്ച്, ഒരു ടീമായിട്ടാണ്, ഒരു ഗ്രൂപ്പായിട്ടാണ്, ഒരു ഫെല്ലോഷിപ്പായിട്ടാണ്, ഒരു പ്രാർത്ഥനാസംഘമായിട്ടാണ് മുന്നോട്ടുപോകുന്നത്. അവിടെയെല്ലാം ഒരുമിച്ചൊരുമിച്ചു തന്നെയാണ്. പക്ഷേ, അഞ്ചുപേർ ബുദ്ധിയില്ലാത്തവരായിരുന്നു. കാരണം, അവർ പാത്രത്തിൽ എണ്ണ എടുത്തില്ല. വിളക്കിൽ എണ്ണയുണ്ടായിരുന്നു പക്ഷേ, പാത്രത്തിൽക്കൂടി എണ്ണയെടുത്തില്ല.

എന്താണ് ബുദ്ധികേട്? എണ്ണ കുറെ കഴിയുമ്പോൾ വറ്റിപ്പോകും എന്ന അറിവില്ലാതെപോയി. ഇപ്പോൾ എണ്ണയുണ്ട്. പക്ഷേ, കുറേനേരം കഴിയുമ്പോൾ എണ്ണ വറ്റിപ്പോകാൻ സാദ്ധ്യതയുണ്ട്. ഇപ്പോൾ ഒരു മാനസാന്തരമുണ്ട്. ഇപ്പോൾ ദൈവവചനത്തോട് ഒരു താല്പര്യമുണ്ട്. പക്ഷേ, ഈ എണ്ണ നിലനിൽക്കയില്ല. കുറെ നേരം കത്തിക്കത്തി നിൽക്കുമ്പോൾ എണ്ണ വറ്റിപ്പോകും. അപ്പോഴപ്പോൾ പകർന്നു കൊടുക്കാൻ പാത്രത്തിൽക്കൂടി എണ്ണ വേണം. അതാണ് ബുദ്ധി. അഞ്ചു പേർക്ക് ആ ബുദ്ധിയില്ലാതെ പോയി. ബുദ്ധിയുള്ളവർ പാത്രത്തിൽക്കൂടി എണ്ണയെടുത്തു.

പ്രിയപ്പെട്ടവരേ, ഇന്ന് വലിയോരു ആപത്തിലാണ് മനു

ഷ്യൻ നിൽക്കുന്നത്. എണ്ണയുണ്ട്, മാനസാന്തരമുണ്ട്, വചനം കേൾക്കുന്നുണ്ട്, താത്പര്യമുണ്ട്, യോഗങ്ങൾക്കു വരുന്നുണ്ട്. കുഴപ്പമില്ലെന്നാണ് ധാരണ. എന്നാൽ 'മണവാളൻ വരുന്നു' എന്നുള്ള ആർപ്പുവിളി കേൾക്കുമ്പോഴാണ് അമ്പരപ്പിലാകുന്നത്. അയ്യോ! എന്തു ചെയ്യും? അയ്യോ കഷ്ടം! നാം ഇത്രയെല്ലാം ഒരുങ്ങിയിരുന്നവരാണല്ലോ? എന്നിട്ടെന്തു പറ്റി? അയ്യോ കഷ്ടം! നിലവിളിയും മുറവിളിയും മുഴങ്ങുകയാണ്.

'മണവാളൻ വരുന്നു' എന്നുള്ള ആർപ്പുവിളിയുണ്ടായപ്പോൾ എല്ലാവരും ഒരുപോലെതന്നെ ഉറക്കം തെളിഞ്ഞു, എല്ലാവരും വിളക്കെടുത്തു, വിളക്കു തെളിയിച്ചു. പക്ഷേ, അഞ്ചു പേരുടെ വിളക്ക് കെട്ടുപോകുന്നു. എണ്ണ പകരേണ്ടിയിരിക്കുന്നു. അപ്പോൾ എണ്ണ പകർന്നു കൊടുക്കേണ്ട സമയത്ത് എണ്ണയില്ലാതെ പോയി, വിളക്കു കെട്ടുപോയി.

ഇന്ന് അനേകരുടെ വിളക്ക് കെട്ടിരിക്കുകയാണ്. മണവാളൻ വരുമ്പോഴല്ല, ഇന്നുതന്നെ കെട്ടിരിക്കയാണ്. ആ കാര്യം പലരും അറിയുന്നില്ല. വിളക്കു കത്തിയിരിപ്പുണ്ട് എന്നാണ് പലരുടെയും ധാരണ. ചില ചടങ്ങുകളുണ്ട്, ചില ആചാരങ്ങളുണ്ട്, ചില അനുഷ്ഠാനങ്ങളുണ്ട്, പള്ളി ആരാധനയുണ്ട്, പള്ളിയിൽ പോകുന്നുണ്ട്. മാത്രമല്ല, വിശുദ്ധകൂദാശകളിൽ പങ്കെടുക്കുന്നുണ്ട്; ആത്മീയമായ കാര്യങ്ങളിൽ തീക്ഷ്ണതയുണ്ട്; നമസ്ക്കാരങ്ങളെല്ലാം ചൊല്ലി തികയ്ക്കുന്നുണ്ട്, കുമ്പിടുന്നുണ്ട്; ആത്മീയമായ കാര്യങ്ങളിൽ ഉത്സാഹത്തോടെ തന്നെയാണ് പങ്കാളികളാകുന്നത്. സുവിശേഷയോഗങ്ങളുണ്ട്. സുവിശേഷ പ്രസംഗങ്ങളുണ്ട്. എല്ലാം ഉണ്ട് പക്ഷേ, ഇന്ന് വിളക്കു കെട്ടിരിക്കുകയാണ് എന്നറിയുന്നില്ല.

വിളക്കു കെട്ടിരിക്കുന്നു എന്നറിയണമെങ്കിൽ അകക്കണ്ണു തുറക്കണം.

സ്നേഹിതരേ, ഇന്ന് ഭാഗ്യവശാൽ ഈ വചനം നമുക്കു കിട്ടുന്നുണ്ട്. നാളെ ഒരു പക്ഷേ കിട്ടിയില്ലെങ്കിലോ? നാമാരും

അറിയാത്ത സമയത്ത് മണവാളൻ വരും. കർത്താവായ യേശു വീണ്ടും വരും. അന്ന് ഉപേക്ഷിക്കപ്പെട്ടു പോകും. ബഹുഭൂരിപക്ഷം ആളുകളും ഉപേക്ഷിക്കപ്പെട്ടു പോകും.

കൂട്ടായ്മയിൽ വരുന്നവരാണ്. വചനം കേൾക്കുന്നവരാണ്. ദൈവവേലയിൽ പങ്കാളികളാണ്. കർത്താവിനുവേണ്ടി എന്തു ത്യാഗം സഹിക്കാനും തയ്യാറാണ്. കർത്താവിന്റെ വേലയിൽ എങ്ങനെവേണമെങ്കിലും പങ്കാളികളാകാൻ മനസ്സുണ്ട്. പക്ഷേ, ഓർക്കൂ, മണവാളൻ വരുമ്പോഴാണറിയുന്നത്, “അയ്യോ! ഉപേക്ഷിക്കപ്പെട്ടു പോയല്ലോ” എന്ന്. ആ കെടുതി നമുക്കു വരരുത്.

ഇപ്പോൾ തന്നെ നിങ്ങൾ ചിന്തിക്കണം. എന്റെ കർത്താവേ, ഞാൻ തിരുവചനം കേൾക്കുന്നു. എനിക്ക് അനർത്ഥം സംഭവിക്കരുത്. ഞാൻ ഉപേക്ഷിക്കപ്പെട്ടു പോകരുത്. ഇന്ന് സൗജന്യമായി എണ്ണ കിട്ടുന്ന ഈ സമയത്ത് എണ്ണ വാങ്ങുവാൻ ഞാൻ വരുന്നു. പരിശുദ്ധാത്മാവിനെ ലഭിക്കുവാൻ ഞാനിതാ മുഴങ്കാലിൽ ഇഴഞ്ഞു വരുന്നു. പരിശുദ്ധാത്മാവിനെ എനിക്കു വേണം.

പരിശുദ്ധാത്മാവിനുവേണ്ടിയുള്ള ഒരു വാഞ്ഛ നിങ്ങളുടെ ഹൃദയത്തിൽ വരണം. അനേകർ പരിശുദ്ധാത്മാവിന്റെ വചനത്തെ ചോദ്യം ചെയ്യുന്നു; പരിശുദ്ധാത്മാവിന്റെ വേലയെ ചോദ്യം ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ പ്രവൃത്തികളെ, പരിശുദ്ധാത്മാവിന്റെ നീക്കങ്ങളെ ചോദ്യം ചെയ്യുന്നു. പരിശുദ്ധാത്മാവിന്റെ ഗതിക്കൊത്തവണ്ണം നീങ്ങാൻ മനസ്സില്ലാതെ നിൽക്കുന്നു. പരിശുദ്ധാത്മാവിന് എതിരായ മനോഭാവം പുലർത്തുന്നു.

പക്ഷേ, കൂട്ടായ്മയിൽ വരുന്ന ദൈവമക്കൾ പലരും ഇതൊന്നും അറിയുന്നില്ല. ഞാൻ പരിശുദ്ധാത്മാവിന് എതിരാണ്, പരിശുദ്ധാത്മാവിന് എതിരായിട്ടാണ് എന്റെ മനോഭാവം എന്ന് പലരും അറിയുന്നില്ല.

പതിനേഴാമത്തെ വയസ്സിൽ ഞാൻ മാനസാന്തരപ്പെട്ടു. ദൈവത്തിന്റെ വേല ചെയ്തു. നല്ല ഉദ്ദേശത്തോടെ, നിഷ്ക്കള ങ്കമായി ദൈവത്തിന്റെ വേല ചെയ്തു. പക്ഷേ, ഞാനോർക്കു ന്നു, ഞാൻ അറിയാതെയറിയാതെ എന്റെ എണ്ണ വറ്റിപ്പോയിരു ന്നു, വിളക്കു കെട്ടുപോയിരുന്നു. ഞാൻ അറിഞ്ഞില്ല.

സുവിശേഷപ്രസംഗം നടന്നുകൊണ്ടിരുന്നു; സ്കൂളിൽ പഠിപ്പിച്ചു കൊണ്ടിരുന്നു. ഇടവകയിലും മറ്റു സ്ഥലങ്ങ ളിലുമെല്ലാം പോയി പ്രസംഗിച്ചുകൊണ്ടിരുന്നു. പക്ഷേ, എന്റെ വിളക്കു കെട്ടുപോയി. പ്രിയപ്പെട്ടവരേ, അതു വലിയോരു ദുര ന്തമായിപ്പോയി. ഞാൻ മനസ്സിലാക്കാതെ പോയി. അനേകർക്ക് വചനം പറഞ്ഞുകൊടുക്കുന്ന ഞാൻ എന്റെ തന്നെ വിളക്കു കെട്ടുപോയത് അറിയാതെ പോയി.

എന്റെ ഉള്ളിൽ വന്ന നീരസങ്ങളും പകകളും വിദ്വേഷ ങ്ങളും ഇഷ്ടക്കേടുകളും മുഷിച്ചിലുകളുമെല്ലാം പാപമാ ണെന്ന് ഞാൻ ചിന്തിക്കാതെ പോയി. മനസ്സറിഞ്ഞ് വലിയ പാപങ്ങളൊന്നും ചെയ്യുന്നില്ലല്ലോ. പുറമേയുള്ള പാപങ്ങളൊ ന്നുമില്ലല്ലോ. മദ്യപാനമില്ല, വ്യഭിചാരമില്ല, കൊള്ളരുതാത്ത ബന്ധങ്ങളില്ല, അരുതാത്ത ചിന്തകളില്ല, വേണ്ടാതനങ്ങളില്ല, ഒരുവിധം മാനം മര്യാദയായി ജീവിക്കുന്നു, ജോലി ചെയ്യുന്നു, ഉത്സാഹത്തോടെ പ്രവർത്തിക്കുന്നു, സുവിശേഷവേലയിൽ പങ്കാളിയാകുന്നു.

എനിക്ക് ഒരു തൃപ്തിയായിരുന്നു. എന്റെ വേലയെക്കു റിച്ച് ഒരു മതിപ്പായിരുന്നു. പക്ഷേ, തെറ്റിപ്പോയി. ഭാഗ്യവശാൽ എനിക്കു കർത്താവ് സുബോധം തന്നു. എന്റെ ആത്മാവ് കെട്ടി രിക്കുന്നു, ദീപം കെട്ടുപോയി എന്നു മനസ്സിലായി. എന്തുകൊ ണ്ടാണ് ദീപം കെട്ടുപോയത് എന്നു മനസ്സിലാക്കാൻ ശ്രമിക്കു ന്നതിനു മുമ്പ് എനിക്കുതന്നെ മനസ്സിലായി, അകത്തൊരു ചൂടി ല്ല, അകത്തൊരു തീയില്ല. അകത്ത് തീയുള്ള ഒരു കാലമുണ്ടാ യിരുന്നു.

വേലയിൽ തീക്ഷ്ണതയുണ്ട്. കർത്താവിനുവേണ്ടി ത്യാഗം സഹിച്ച് ഓടുന്നുണ്ട്. പക്ഷേ, അതെല്ലാമുണ്ടെങ്കിലും എന്റെയുള്ളിൽ തീ കത്തുന്നില്ല എന്നെനിക്കു മനസ്സിലായി. മറ്റാരും പറഞ്ഞുതന്നതല്ല. ഭാഗ്യവശാൽ, ദൈവത്തിന് എന്നോട് സ്നേഹമുള്ളതുകൊണ്ട് എനിക്കു തന്നെ കർത്താവ് കാണിച്ചുതന്നു. കാരണമെന്തെന്ന് ഞാൻ അന്വേഷിച്ചു. അപ്പോഴാണ് മനസ്സിലായത് തെറ്റുകൾ ഉണ്ട്, മ്ലേച്ഛമായ ആഗ്രഹങ്ങളുണ്ട്, മലിനമായ മോഹങ്ങളുണ്ട്. ചിലരോട് നീരസമുണ്ട്, കയ്പ്പുണ്ട്, നല്ല പരിഭവമുണ്ട്. ജ്വലിക്കുന്ന കോപമുണ്ട്.

ഞാൻ ഇപ്പോൾ ഭയത്തോടെ ഓർക്കുന്നു. എന്റെ അമ്മയോടൊക്കെ ഞാൻ കോപിച്ചു സംസാരിച്ചിട്ടുണ്ട്. അമ്മയെ നല്ല പേടിയായിരുന്നു. അമ്മയെ നല്ല ഭയമുണ്ടായിരുന്നു. അമ്മയെ നല്ല ബഹുമാനമായിരുന്നു, നല്ല സ്നേഹമായിരുന്നു. അപ്പനായിട്ടും അമ്മയായിട്ടും അമ്മ മാത്രമേയുള്ളൂ. അമ്മയെ ഞാൻ വേദനിപ്പിച്ചിട്ടുണ്ട്, കോപിപ്പിച്ചിട്ടുണ്ട്. ഇങ്ങനെ എന്റെ ജീവിതത്തിൽ ചൂടുകുറഞ്ഞുപോയത് ഞാൻ മനസ്സിലാക്കി. ഞാനിരുന്ന് തകരാൻ തുടങ്ങി; പ്രാർത്ഥിക്കാൻ തുടങ്ങി.

ഇന്ന് നിങ്ങൾക്കും വേണമെങ്കിൽ ഒരുങ്ങാം. നിങ്ങളുടെ ജീവിതത്തിൽ ചൂടു കുറഞ്ഞു പോയിട്ടുണ്ടോ? തീക്ഷ്ണത കുറഞ്ഞുപോയിട്ടുണ്ടോ? എരിവു കുറഞ്ഞുപോയിട്ടുണ്ടോ? ദൈവത്തോടുള്ള സ്നേഹം കുറഞ്ഞുപോയിട്ടുണ്ടോ? യേശുക്രിസ്തുവിന്റെ യഥാർത്ഥമായ സാന്നിദ്ധ്യം നിങ്ങൾക്കു ലഭിക്കുന്നില്ല എന്ന് നിങ്ങൾക്കു മനസ്സിലാകുന്നുണ്ടോ? ക്രിസ്തു നിങ്ങളുടെ അരികത്തുണ്ട് എന്ന ഉറപ്പ് കിട്ടുന്നില്ല എന്നു നിങ്ങൾക്കറിയാമോ?

ഇപ്പോൾത്തന്നെ നിങ്ങൾക്കു മനം തിരിയാം. കർത്താവേ; എനിക്ക് ഒരുക്കം തരണമേ. ‘മണവാളൻ വരുന്നു’ എന്നുള്ള ആർപ്പുവിളിയുണ്ടാകുമ്പോൾ, ഞാൻ എഴുന്നേറ്റു വിളക്കു തെളിയിച്ചാലും തെളിയുകയില്ലല്ലോ, വിളക്കു കെട്ടിരിക്കുന്നല്ലോ. എണ്ണ വറ്റിപ്പോയല്ലോ. കർത്താവേ, മനസ്സലിയണമേ,

എണ്ണ പകരണമേ.

എണ്ണ പകർന്ന് ഇന്നു നിങ്ങൾ വാങ്ങിക്കൊണ്ടു പോകണം. എണ്ണ പകരുന്ന വിൽപ്പനശാലയിൽ നിങ്ങളെത്തിയിരിക്കയാണ്. അതാണ് സുവിശേഷത്തിന്റെ കൂട്ടായ്മ. നിർമ്മലമായ ലക്ഷ്യത്തോടെ, നിഷ്ക്കളങ്കമായ ഉദ്ദേശത്തോടെ സുവിശേഷം എവിടെയുണ്ടോ, അവിടെ എണ്ണ പകർന്നു കിട്ടും. വെറുതെ ചില പ്രസംഗങ്ങളോ കോലാഹലങ്ങളോ, അല്ലെങ്കിൽ ആളുകളെ മയക്കുന്ന രീതിയിൽ ഊതിവീഴിക്കലോ തള്ളിവീഴിക്കലോ ഒന്നുമല്ല സുവിശേഷം.

ചില അനുകരണങ്ങളൊന്നുമല്ല സുവിശേഷം. പാവപ്പെട്ടവരെ മയക്കുന്ന ചില തന്ത്രവിദ്യകളല്ല സുവിശേഷം. പാപിയെ വീണ്ടെടുക്കുവാൻ സ്വർഗ്ഗം ചായിച്ച് ഭൂമിയിലേക്കിറങ്ങി വന്ന രക്ഷകനെക്കുറിച്ച് പറയുന്നതാണ് സുവിശേഷം. ഒരേയൊരു നേതാവ്, കർത്താവായ യേശുക്രിസ്തു മാത്രം. ഒരേയൊരു രക്ഷകൻ, കർത്താവായ യേശുക്രിസ്തു മാത്രം.

യേശുക്രിസ്തുവിലുള്ള ആശ്രയം. യേശുക്രിസ്തുവിനെ നിങ്ങൾ വിളിക്കാൻ തുടങ്ങുന്നു. യേശുക്രിസ്തുവിനെ വിളിക്കുമ്പോഴാണ് നിങ്ങളുടെ ഉള്ളം തെളിയാൻ തുടങ്ങുന്നത്. അകത്ത് എണ്ണ ഒഴുകിക്കിട്ടുന്നത് നിങ്ങൾക്ക് അനുഭവിക്കാം. ഓരോ ദിവസവും നിങ്ങൾക്കു വരുന്ന പാപങ്ങൾ എണ്ണിയെണ്ണിയോർത്ത് അനുതാപത്തോടെ കർത്തൃസന്നിധിയിലേക്കു വന്ന് ഒറ്റയ്ക്കിരുന്നു പ്രാർത്ഥിക്കുക.

എന്റെ കർത്താവേ, ജീവിതത്തിൽ പാപം വന്നുപോയി. ലക്ഷ്യം വിട്ടുപോയി. എന്റെ എണ്ണ വറ്റിപ്പോയി. കർത്താവേ, ഞാൻ എണ്ണ പകർന്നു മേടിച്ചില്ല. നാഥാ! ഇന്നു ഞാൻ തിരുമുമ്പാകെ വരുന്നു. കർത്താവേ, നിന്റെ രണ്ടാമത്തെ വരവിൽ ഞാൻ ഉപേക്ഷിക്കപ്പെട്ടു പോകരുത്. പുറന്തള്ളപ്പെട്ടു പോകരുത്. വാതിൽ അടയ്ക്കുമ്പോൾ ഞാൻ പുറത്തായിപ്പോകരുത്.

ഞാനിന്ന് തിരുമുമ്പാകെ വരുന്നു. എന്റെ കർത്താവേ,

എന്റെ ആത്മാവിൽ നിന്റെ വിശുദ്ധ എണ്ണ പകരണമേ. പരിശുദ്ധാത്മാവിനെ പകരണമേ. എന്റെ ഉള്ളത്തിലേയ്ക്ക് നിന്റെ ആത്മാവിനെ പകരണമേ. എന്റെ ഹൃദയത്തിൽ നിന്റെ ആത്മാവ് വസിക്കണമേ. ശുദ്ധമുള്ള റൂഹായുടെ ശുദ്ധമുള്ള കുടിയിരുപ്പ് ഭവനമാക്കി എന്നെ തീർക്കണമേ.

ഈ നിസ്സാരനായ മനുഷ്യന്റെ ശരീരത്തിൽ യേശുക്രിസ്തു വാഴണം. യേശുവിന്റെ പ്രസരിക്കുന്നതായ ശക്തി ഒഴുകി നടക്കണം; അതു നമുക്ക് അനുഭവമാക്കണം. നമ്മുടെ സിരകളിൽ കൂടെ യേശുവിന്റെ സ്നേഹം ഒഴുകണം. യേശുവിന്റെ തിരുരക്തം ഒഴുകണം. യേശുക്രിസ്തുവിന്റെ തിരുരക്തത്താലുള്ള കഴുകൽ നാം പ്രാപിക്കണം.

ഇപ്പോൾ, ഇതു വായിച്ചുകൊണ്ടിരിക്കുമ്പോൾത്തന്നെ നിങ്ങൾക്ക് കഴുകൽ പ്രാപിക്കാം. കർത്താവേ, തെറ്റുകളുണ്ട്. പാപങ്ങളുണ്ട്; കഴുകിത്തരണമേ. വീഴ്ചകൾ വന്നുപോയി, കഴുകിത്തരണമേ. ഈ പാത്രം ഇതാ നാഥാ! നിന്റെ തിരുമുമ്പാകെ തുറന്നു വയ്ക്കുന്നു. നിന്റെ എണ്ണ പാത്രത്തിലേക്കു പകരണമേ.

വറ്റിപ്പോയ എന്റെ ഈ പാത്രത്തിലേയ്ക്ക് നിന്റെ സ്നേഹത്തിന്റെ എണ്ണ പകരണമേ. നിന്റെ വിശുദ്ധിയുടെ എണ്ണ പകരണമേ. കർത്താവേ, നിന്റെ തിരുരക്തം പകരണമേ. തിരുരക്തത്താൽ എന്നെ നവീകരിക്കണമേ. തിരുരക്തത്താൽ എന്നെ ശുദ്ധീകരിക്കണമേ. കഴിഞ്ഞകാല പാപങ്ങളൊന്നും എന്റെമേൽ കണക്കിടരുതേ. നിങ്ങൾ പ്രാർത്ഥിക്കൂ.

എന്റെ സഹോദരീ സഹോദരങ്ങളേ, യേശു നിങ്ങളെ സ്നേഹിക്കുന്നു. യേശു നിങ്ങളെ കരുതുന്നു. യേശു നിങ്ങളെ പേർ ചൊല്ലി വിളിക്കുന്നു. നിങ്ങൾക്കിപ്പോൾ യേശുവിന്റെ അരികിലേക്ക് ഓടി വരാം. ഹൃദയം കൊണ്ട് ഓടി വരാം. മുട്ടിന്മേൽ ഇഴഞ്ഞു വരാം. യേശുവേ, ഞാനിതാ വരുന്നു, എന്നെ നീ സ്വീകരിക്കണമേ. എന്റെ ഹൃദയത്തിലേയ്ക്ക് നീ എഴു

ന്നള്ളി വരണമേ. പരിശുദ്ധറൂഹാ എന്റെ ഹൃദയത്തിൽ വസിക്കണമേ. കർത്താവേ, ഇനി ഞാൻ പാപത്തിലേക്കു പോകയില്ല എന്ന് ഞാൻ നിനക്കു വാക്കു തരികയാണ്. നീ എന്നോടു മനസ്സലിഞ്ഞ് ഇപ്പോൾ എന്റെ ഹൃദയത്തിലേക്കു വരണമേ. നിന്റെ പരിശുദ്ധാത്മാവിനെ എന്റെ ഉള്ളത്തിലേയ്ക്കു പകരണമേ.

നിങ്ങൾ പ്രാർത്ഥിക്കൂ. ദൈവകരങ്ങളിലേയ്ക്ക് നിങ്ങളെ ഏൽപ്പിക്കൂ. നമുക്കു പ്രാർത്ഥിക്കാം.

കരുണ്യവാനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, അവിടുത്തെ മഹത്വമേറിയ വചനങ്ങൾക്കായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. പരിശുദ്ധാത്മാവിന്റെ എണ്ണ പകർന്നു കിട്ടുന്നിടത്ത് ഞങ്ങളെ എത്തിച്ചതിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. പരിശുദ്ധാത്മാവിനെ പ്രാപിച്ചുകൊണ്ട് അവിടുത്തെ രണ്ടാമത്തെ വരവിനുവേണ്ടി ഒരുങ്ങുവാൻ ഞങ്ങൾക്കെല്ലാവർക്കും ഭാഗ്യം നൽകണമേ. ഈ വചനം വായിച്ച എല്ലാവരേയും അനുഗ്രഹിക്കണമേ. യേശുക്രിസ്തുവിന്റെ വിലയേറിയ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണമേ, ആമ്മേൻ.

## പതിമൂന്ന്

*"ഒന്നാമത്തെ പുനരുത്ഥാനത്തിൽ പങ്കുള്ളവൻ ഭാഗ്യവാനും വിശുദ്ധനും ആകുന്നു."*

*വെളിപ്പാട് 20 : 6*

*"എഴുതുക: ഇന്നുമുതൽ കർത്താവിൽ മരിക്കുന്ന മൃതന്മാർ ഭാഗ്യവാന്മാർ."* *വെളിപ്പാട് 14 : 13*

*"ഈ പ്രവചനത്തിന്റെ വാക്കുകളെ വായിച്ചു കേൾപ്പിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയിരിക്കുന്നത് പ്രമാണിക്കുന്നവരും ഭാഗ്യ വാന്മാർ; സമയം അടുത്തിരിക്കുന്നു."*

*വെളിപ്പാട് 1 : 3*

*"ഈ പുസ്തകത്തിലെ പ്രവചനം പ്രമാണിക്കുന്ന വൻ ഭാഗ്യവാൻ എന്നു പറഞ്ഞു."* *വെളിപ്പാട് 22 : 7*

*"ഞാൻ കള്ളനെപ്പോലെ വരും; തന്റെ ലജ്ജ കാണുമാറ് നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പ് സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ഭാഗ്യവാൻ."* *വെളിപ്പാട് 16 : 15*

*"ജീവന്റെ വൃക്ഷത്തിൽ തങ്ങൾക്ക് അധികാരം ഉണ്ടാകേണ്ടതിന്നും ഗോപുരങ്ങളിൽക്കൂടി നഗര ത്തിൽ കടക്കേണ്ടതിന്നും തങ്ങളുടെ വസ്ത്രം അലക്കുന്നവർ ഭാഗ്യവാന്മാർ."* *വെളിപ്പാട് 22 : 14*

*"പിന്നെ അവൻ എന്നോട്: കുഞ്ഞാടിന്റെ കല്യാണ സദ്യക്കു ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ എന്നു*

*എഴുതുക എന്നു പറഞ്ഞു. ഇത് ദൈവത്തിന്റെ സത്യവചനം എന്നും എന്നോടു പറഞ്ഞു."*

*വെളിപ്പാട് 19 : 9*

വളരെ പഠിക്കേണ്ടതും ശ്രദ്ധിക്കപ്പെടേണ്ടതുമായ ഒരു വാക്യമാണ് ഇത്. കുഞ്ഞാടിന്റെ കല്യാണസദ്യ! വേദപുസ്തകത്തിൽ ഈ പറയുന്ന ഭാഗങ്ങൾ ഒരു ആലങ്കാരിക ഭാഷയിൽ പറഞ്ഞിരിക്കയാണ്. അക്ഷരികമായി ഒരു കല്യാണം നടക്കുകയോ, അവിടെ കുഞ്ഞാട് കല്യാണം കഴിക്കുകയോ ഒന്നുമല്ല. 'കുഞ്ഞാട്' എന്നു പറഞ്ഞിരിക്കുന്നത് കർത്താവായ യേശുക്രിസ്തുവിനെയാണ്. അറുക്കപ്പെട്ട കുഞ്ഞാട്! വെളിപ്പാടു പുസ്തകത്തിൽ കുഞ്ഞാടിനെക്കുറിച്ചുള്ള വിവരണങ്ങൾ പലയിടത്തും കാണാം.

ലോകാരംഭത്തിനുമുമ്പെ കുരളറക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാട്! "കുഞ്ഞാടിന്റെ കല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ" എന്ന് ആലങ്കാരികമായി പറഞ്ഞിരിക്കുകയാണ്, അഥവാ symbolic ആയിട്ട്, പ്രതീകാത്മകമായി പറഞ്ഞിരിക്കയാണ്. Mystic meaning അതിനുണ്ട്.

"കുഞ്ഞാടിന്റെ കല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ" എന്നു പറഞ്ഞാൽ എന്താണതിന്റെ അർത്ഥം? അതു മനസ്സിലാക്കണമെങ്കിൽ നാം ഉത്തമഗീതങ്ങളുടെ പുസ്തകം വായിക്കണം. കൊരിന്ത്യർക്കെഴുതിയ രണ്ടാമത്തെ ലേഖനം പതിനൊന്നാം അദ്ധ്യായം രണ്ടാം വാക്യവും വായിക്കണം.

*"ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ എരിവോടെ എരിയുന്നു; ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്ന് നിങ്ങളെ നിർമ്മലകന്യകയായി ഏൽപ്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു."* *2 കൊരിന്ത്യർ 11 : 2*

വിവാഹനിശ്ചയം കഴിഞ്ഞു; വിവാഹം ഉറപ്പിച്ചുകഴിഞ്ഞു.

ക്രിസ്തു എന്ന ഏക പുരുഷന് സഭയെ നിർമ്മലകന്യകയായി ഏൽപ്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. ക്രിസ്തു മണവാളനും സഭ മണവാട്ടിയും. നിത്യതയിൽ, കർത്താവായ യേശുവിന്റെ രണ്ടാമത്തെ വരവിനുശേഷം സഭയും ക്രിസ്തുവും ഒന്നായിത്തീരുന്നു. സഭയും ക്രിസ്തുവും ഒരു ശരീരമായിത്തീരുന്നു.

ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്ന നാം വിശുദ്ധരായി ജീവിച്ചെങ്കിൽ മാത്രമേ അന്ന് ക്രിസ്തുവിനോടുകൂടെ ചേരുകയുള്ളൂ. ക്രിസ്തുവിനോടു ചേരുക. ക്രിസ്തുവിൽ അലിഞ്ഞ് ലയിച്ചു ചേരുക. ക്രിസ്തുവിൽ ഇഴുകിച്ചേരുക. നാമും ക്രിസ്തുവും ഒന്നായിത്തീരുക. ആ ആശയത്തെ മനസ്സിലാക്കാൻ ഉതകുന്ന രീതിയിൽ ലളിതമായി പറഞ്ഞിരിക്കയാണ് - ക്രിസ്തു മണവാളനും സഭ മണവാട്ടിയും.

> *"ഞാൻ ക്രിസ്തു എന്ന ഏകപുരുഷന്ന് നിങ്ങളെ നിർമ്മലകന്യകയായി ഏല്പ്പിപ്പാൻ വിവാഹനിശ്ചയം ചെയ്തിരിക്കുന്നു. എന്നാൽ സർപ്പം ഹവ്വായെ ഉപായത്താൽ ചതിച്ചതുപോലെ നിങ്ങളുടെ മനസ്സ് ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ട് വഷളായിപ്പോകുമോ എന്നു ഞാൻ ഭയപ്പെടുന്നു."* *2 കൊരിന്ത്യർ 11 : 2, 3*

വിവാഹനിശ്ചയം കഴിഞ്ഞു, അതുകൊണ്ട് കാര്യം പൂർത്തിയായില്ല. വിവാഹം നടക്കാതെ പോകുമോ? നിങ്ങൾക്ക് വഷളത്വം വന്നുപോയാൽ, നിങ്ങളുടെ മനസ്സ് വഷളായിപ്പോയാൽ വിവാഹം നടക്കുകയില്ല. കർത്താവായ യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ വീണ്ടെടുക്കപ്പെട്ട സഭ പാപത്തിലേക്കു പോയാൽ കർത്താവുമായുള്ള ബന്ധത്തിൽ നിൽക്കാൻ പറ്റുകയില്ല. യേശുക്രിസ്തുവിന്റെ വിശുദ്ധസഭ പാപത്തിലേക്കു പോയാൽ, ലോകത്തിന്റെ ഇമ്പങ്ങളിലേയ്ക്കു പോയാൽ, വെറിക്കൂത്തിലേക്കു പോയാൽ, അശുദ്ധ സ്വഭാവത്തിലേക്കു പോയാൽ, ക്രിസ്തുവുമായുള്ള ബന്ധം കിട്ടുകയി

ല്ല. ദൈവരാജ്യത്തിലെത്തുകയില്ല.

സഭ മണവാട്ടിയും ക്രിസ്തു മണവാളനും എന്ന ആശയം വ്യക്തമാക്കിത്തരുന്ന പുസ്തകമാണ് ഉത്തമഗീതങ്ങളുടെ പുസ്തകം. ഉത്തമഗീതം മനോഹരമായ ഒരു പുസ്തകമാണ്. വായിക്കുമ്പോൾ പെട്ടെന്ന് അർത്ഥം മനസ്സിലായി എന്നു വരികയില്ല. അതും ഒരു Mystic ഗ്രന്ഥമാണ്. Mystic poetry! ഒരു mystic കാവ്യം! ദൈവവും മനുഷ്യനുമായുള്ള ബന്ധം ചിത്രീകരിക്കുന്ന മനോഹരമായ ഒരു കാവ്യം! ഈ ആശയം സഭ ഉൾക്കൊണ്ടതുകൊണ്ടാണ് വിവാഹകൂദാശയിൽ സഭയെ മണവാട്ടിയായും കർത്താവായ യേശുവിനെ മണവാളനായും ചിത്രീകരിച്ചുകൊണ്ട് അതിലെ പ്രാർത്ഥനകളും ഗീതങ്ങളുമെല്ലാം ക്രമീകരിച്ചിരിക്കുന്നത്.

"ഏദൻതോട്ടം നട്ടോനേ
നീയാണെൻ യുവ മണവാളൻ
നിൻ തോട്ടത്തീന്നെൻ പേർക്കായ്
വീശിച്ചീടുക കുളിർതെന്നൽ

നാഥാ ദൂരെപ്പോകരുതേ
ഈയുള്ളോളെത്തള്ളരുതേ
മാനിപ്പാൻ മടി കാണിച്ചാൽ
ക്ഷീണിച്ചയ്യോ ഞാൻ ചാകും"

സഭ, ഈ മണവാട്ടി പറയുകയാണ്: അയ്യോ! എന്നെ വിട്ടു പോകല്ലേ. ഈയുള്ളോളെ തള്ളല്ലേ. നീയാണെന്റെ യുവമണവാളൻ. നാഥാ! നീയെന്നെ വിട്ടു പോകല്ലേ. ഞാനാരാണ്? നാളുകളും മാസങ്ങളും ആണ്ടുകളും പാപത്തിൽ ജീവിച്ചവളാണ്. പക്ഷേ, പാപത്തിൽ ബോധംകെട്ടുകിടന്ന സമയത്ത് നിന്റെ ജീവധ്വനി ഞാൻ കേട്ടു. നിന്റെ വചനം ഞാൻ കേട്ടു. അപ്പോൾ എന്റെ കണ്ണു തെളിഞ്ഞു. യഥാർത്ഥമായ ആനന്ദം കിട്ടി.

"നാളും മാസവുമാണ്ടും ഞാൻ

പാപപ്പാഴിരുളിൽ പോക്കി
നിൻ ജീവധ്വനി കേട്ടപ്പോൾ
കണ്ണു തെളിഞ്ഞാനന്ദിച്ചേൻ"

ശരിയല്ലേ? നാളുകൾ നാം പാപത്തിന്റെ കൂരിരുട്ടിലായിരുന്നില്ലേ? സുബോധമില്ലാത്തവരെപ്പോലെ ജീവിച്ചില്ലേ? മദ്യത്തിന്റെ അടിമകളായി ജീവിച്ചില്ലേ? കഞ്ചാവോ മയക്കുമരുന്നോ അതല്ലെങ്കിൽ പുകയിലയുടെ സത്തിൽ നിന്നുണ്ടാക്കുന്നതായ സാധനങ്ങളോ എല്ലാം ഉപയോഗിച്ചില്ലേ? പൊടി വലിക്കുക, മദ്യം കുടിക്കുക ഇങ്ങനെയുള്ള ദുശ്ശീലങ്ങൾക്കടിമപ്പെട്ടു പോയില്ലേ? ചിന്തിച്ചുനോക്കൂ. നമ്മുടെ ജീവിതം എന്തായിരുന്നു? സുബോധമില്ലാത്തവരെപ്പോലെ ജീവിക്കുകയായിരുന്നില്ലേ?

പള്ളിയിൽ പോകുന്നു, മദ്ബഹായിൽ ശുശ്രൂഷയ്ക്കു കൂടുന്നു പക്ഷേ, ജീവിതത്തിലെ പാപങ്ങൾ മാറിയിട്ടില്ല, ഹൃദയം വിശുദ്ധമായിട്ടില്ല. തിന്മയിലേയ്ക്ക് നിരന്തരം ഒഴുകിക്കൊണ്ടിരിക്കുന്നു. പാപജീവിതത്തിൽ മുഴുകിക്കഴിയുന്നു. അനേകർ ഇന്ന് സുബോധമില്ലാത്തവരെപ്പോലെ ജീവിക്കുന്നു. നാളും മാസവും ആണ്ടും ഞാൻ പാപത്തിന്റെ പാഴിരുളിൽ പോക്കിപ്പോയ കാലം. നിന്റെ ജീവധ്വനി ഞാൻ ഒരു ദിവസം കേട്ടു. അന്ന് എന്റെ കണ്ണ് തെളിഞ്ഞു. അന്നാണ് ആത്മക്കണ്ണ് തുറന്നത്.

ആത്മക്കണ്ണ് അടഞ്ഞിരിക്കയായിരുന്നു. കണ്ണുതെളിഞ്ഞു. അപ്പോഴാണ് യഥാർത്ഥമായ ആനന്ദം കിട്ടിയത്. സാക്ഷാൽ സമാധാനം കിട്ടിയത് അപ്പോഴാണ്. സമാധാനമില്ലാതെ അഴലുന്ന ഒരു മനുഷ്യനായിരുന്നു ഞാൻ. സന്തോഷമില്ലായിരുന്നു. എന്നും ദുരിതങ്ങളും പ്രശ്നങ്ങളും അനേകം പ്രതിസന്ധികളുമായി വലയുകയായിരുന്നു. എന്നാൽ കർത്താവിന്റെ ജീവധ്വനി കേട്ടപ്പോൾ എന്റെ കണ്ണു തെളിഞ്ഞു എന്നു മാത്രമല്ല, ആനന്ദം കിട്ടി.

പ്രിയപ്പെട്ടവരേ, വളരെ മനോഹരമാണ് വിവാഹകൂദാശ. വിവാഹകൂദാശയിലെ ഗീതങ്ങളും അതിലെ പ്രാർത്ഥനകളുമെല്ലാം നാം നല്ലതുപോലെ ശ്രദ്ധിച്ചാൽ കർത്താവായ യേശുവും സഭയുമായുള്ള ബന്ധത്തിന്റെ വ്യക്തമായ ചിത്രീകരണം നമുക്കു കാണാം. അവിടെ കല്യാണം കഴിക്കാൻ നിർത്തിയിരിക്കുന്ന പെൺകുട്ടിയെക്കുറിച്ചല്ല പറയുന്നത്. കല്യാണം കഴിക്കാൻ നിൽക്കുന്ന മണവാളനെക്കുറിച്ചുമല്ല പറയുന്നത്. കർത്താവായ യേശു മണവാളനും സഭ മണവാട്ടിയും എന്നുള്ള Mystic meaning ഉള്ളിൽ വച്ചുകൊണ്ടാണ് പാടുന്നത്:

"സുന്ദരികളിലതി സുന്ദരി നീ ജാതികളിൻ സൂനു
നൃപതി ശലോമോൻ വിമലസഭേ നിന്നെ ലാളിപ്പൂ
നിന്നധരങ്ങൾ മധു വർഷിക്കുന്നു
വസനസുഗന്ധം നീസാൻ കുസുമസമം
സഭയേ സകലവിധം സുമുഖീ നീ കറ തീണ്ടാത്തോൾ
സ്ലീബായെ വന്ദിപ്പതിനാൽ രാജാവാം മശിഹാ
ഹാലേലുയ്യാ! കാക്കുന്നു നിന്നെ"

എന്തുമനോഹരമായിരിക്കുന്നു! കറ തീണ്ടാത്തവളാണ് സഭ! സഭ എന്നു പറഞ്ഞാൽ യക്കോബായ സഭയോ, ഓർത്തഡോക്സ് സഭയോ, കത്തോലിക്കാ സഭയോ എന്നല്ല; അതെല്ലാം സമുദായങ്ങൾ. ക്രിസ്തുവിന്റെ സഭ! പ്രിയപ്പെട്ടവരേ, നിങ്ങൾ വിശ്വസിക്കൂ. യാക്കോബായ സഭയിൽ വിശുദ്ധന്മാരുണ്ട്, ഓർത്തഡോക്സ് സഭയിൽ വിശുദ്ധന്മാരുണ്ട്, കത്തോലിക്കാസഭയിൽ വിശുദ്ധന്മാരുണ്ട്, മർത്തോമ്മാസഭയിൽ വിശുദ്ധന്മാരുണ്ട്, സി.എസ്.ഐ. സഭയിൽ വിശുദ്ധന്മാരുണ്ട്.

രക്ഷിക്കപ്പെട്ടവർ, കർത്താവായ യേശുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ടവർ. സത്യമണവാട്ടിയായി, വിശുദ്ധ മണവാട്ടിയായി നിൽക്കുന്ന വിശുദ്ധന്മാരുടെ കൂട്ടമാണ് സഭ എന്നു പറയുന്നത്. ഏതു സമുദായത്തിലും യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ കഴുകപ്പെട്ടവർ! പാപം ക്ഷമിക്കപ്പെട്ടവർ! വീണ്ടെടുപ്പു കിട്ടിയവർ! വീണ്ടുംജനനം അനുഭവിച്ചവർ!

യേശുക്രിസ്തുവിന്റെ തിരുരക്തത്താൽ മാനസാന്തരം ലഭിച്ചവരായ ദൈവമക്കൾ!

അവർ പുറമെയുള്ള ഏതു സഭയിലെ അംഗമായാലും കുഴപ്പമില്ല. സഭ മാറണ്ട. എന്നാൽ സഭ മണവാട്ടിയാണ്. സഭയേ, നീ കറ തീണ്ടാത്തവളാണ്. നിന്റെ ചുണ്ട് മധു വർഷിക്കുകയാണ്. അധരങ്ങളിൽനിന്ന്, തേൻ ഒഴുകുന്നു. സഭയുടെ ചുണ്ടിൽനിന്ന് തേനൊഴുകുന്നു എന്നു പറഞ്ഞാൽ എന്താണതിന്റെ അർത്ഥം? മണവാട്ടിയായ സഭ, തേനൂറുന്ന വചനം പറയുന്നു. സഭയിൽനിന്ന് വചനമാണ് പുറപ്പെടുന്നത്. സഭ സംസാരിക്കുന്നത് വചനമാണ്. യേശുക്രിസ്തുവിന്റെ മണവാട്ടി വചനം കൊടുക്കുന്നു. വചനശുശ്രൂഷകൾ നടത്തുന്നു.

പ്രിയപ്പെട്ടവരേ, സഭ മധു വർഷിക്കുന്നു. തേനിലും തേൻകട്ടയിലും മാധുര്യമേറിയ വചനം നൽകുന്നു. മാത്രമല്ല, നിന്റെ വസനത്തിന്റെ (വസ്ത്രത്തിന്റെ) സുഗന്ധം നീസാൻ കുസുമസമമാണ്; ശാരോനിലെ പനിനീർപുഷ്പത്തിനു തുല്യമാണ്.

സഭയുടെ അധരം മധു വർഷിക്കണം. തേനൂറുന്ന വചനം നൽകണം. കണ്ണുകാഴ്ചയില്ലാത്ത പാവപ്പെട്ടവരുണ്ട്; ഇടംകൈയും വലംകൈയും തിരിച്ചറിയാൻ വയ്യാത്ത ജനം. അവർക്കു വചനം കൊടുക്കണം. സഭയുടെ ദൗത്യമാണത്. ക്രിസ്തുവിന്റെ വചനം കൊടുക്കണം. സഭയുടെ ദൗത്യം വലിയ പള്ളിമേടകൾ പണിയുന്നതല്ല; കുരിശിൻ തൊട്ടികൾ പണിതുയർത്തുന്നതല്ല.

സഭയുടെ ദൗത്യം, തിരുവചനം നൽകി ജനത്തെ ഉൽബുദ്ധരാക്കുക, തിരുവചനം നൽകി ജനത്തിന് സുബോധം കൊടുക്കുക, നിത്യതയെക്കുറിച്ചുള്ള ബോധം കൊടുക്കുക, തിരുവചനം നൽകി ജനത്തിന് സുവിശേഷത്തിന്റെ യഥാർത്ഥമായ അർത്ഥമെന്തെന്ന് കാണിച്ചു കൊടുക്കുക, ജനത്തെ യഥാർത്ഥമായ ആനന്ദത്തിലേയ്ക്ക് ആനയിക്കുക എന്നതെല്ലാമാണ്.

സുവിശേഷം നൽകി ജനത്തെ നിത്യതയ്ക്കുവേണ്ടി, നിത്യ സ്വർഗ്ഗത്തിനുവേണ്ടി ഒരുക്കുക.

നീ ജാതികളിൻ സൂനുവാണ്, നീ പുറജാതി പുത്രിയാണ്, സ്വന്തജാതിയല്ല. പക്ഷേ, നിന്നെ ദത്തെടുത്ത് മണവാട്ടിയാക്കി യിരിക്കുകയാണ്. ഭാഗ്യവശാൽ നീ ഈ രക്ഷകന്റെ തിരുരക്ത ത്തിന്റെ സ്പർശംകൊണ്ട് രൂപാന്തരപ്പെട്ട് കറ തീണ്ടാത്തവളാ യിത്തീർന്നു. നിന്റെ അധരങ്ങളിൽനിന്ന് തേൻ പൊഴിയുന്നു. സഭയും ക്രിസ്തുവും തമ്മിലുള്ള ബന്ധമാണ് വിവാഹകൂദാശ യിൽക്കൂടി വ്യക്തമാക്കുന്നത്.

പ്രിയപ്പെട്ടവരേ, ഇന്ന് ക്രിസ്തുവിന്റെ മണവാട്ടിയാകാ നുള്ള യോഗ്യത എനിക്കുണ്ടോ എന്ന് നിങ്ങൾ ചിന്തിക്കുക. യേശുക്രിസ്തുവിന്റെ മണവാട്ടിയാകാനുള്ള യോഗ്യത എനി ക്കുണ്ടോ? മഹാപരിശുദ്ധനായ ക്രിസ്തുവിന്റെ മണവാട്ടി യായി അവന്റെകൂടെ വസിക്കാനുള്ള യോഗ്യത എനി ക്കുണ്ടോ? എന്റെ ജീവിതം ക്രിസ്തുവിനുവേണ്ടി സമ്പൂർണ്ണമായി അർപ്പണം ചെയ്തിരിക്കുന്നുവോ?

ഒരു മണവാട്ടിയുടെ ജീവിതം സമ്പൂർണ്ണമായി മണവാള നുവേണ്ടി അർപ്പണം ചെയ്തിരിക്കുകയാണ്. അവളുടെ ഹൃദയം മുഴുവൻ മണവാളനോടുള്ള സ്നേഹംകൊണ്ടു നിറഞ്ഞിരി ക്കുകയാണ്. മണവാളന്റെ ഹൃദയം മുഴുവൻ ഈ മണവാട്ടി യോടുള്ള സ്നേഹംകൊണ്ടു നിറഞ്ഞിരിക്കുകയാണ്. അവിടെ സ്നേഹമാണ്. യേശുക്രിസ്തുവുമായിട്ടുള്ള സ്നേഹബന്ധമാ ണത്. വിട്ടുപിരിയാൻ പറ്റാത്ത ഒരു സ്നേഹബന്ധം. യേശു ക്രിസ്തു നമ്മുടെ നാഥനായി, അരുമ മണവാളനായി, നമ്മുടെ കർത്താവായി, രക്ഷകനായി, ഉടയവനായി നമ്മുടെ ഹൃദയ ത്തിൽ വസിക്കുന്ന ഭാഗ്യകരമായ ഒരനുഭവമാണത്. ഈ അനു ഭവം നാം പ്രാപിക്കണം.

യേശുക്രിസ്തുവിന്റെ അതേ സ്വഭാവം ഞാൻ പ്രാപി ച്ചുവോ? കറ തീണ്ടാത്തവളായി ഞാൻ നിന്നുവോ? എന്റെ

ജീവിതം ക്രിസ്തുവിന് സമർപ്പിക്കപ്പെട്ടുവോ? ക്രിസ്തുവിന്റെ ഹിതത്തിന് ഞാൻ മുഴുവനായി വിട്ടു കൊടുത്തുവോ? നമ്മുടെ ചില ഹിതങ്ങൾ ഇപ്പോഴും നമ്മുടെയുള്ളത്തിലുണ്ട്. നമ്മുടെ ചില ഇഷ്ടങ്ങൾ, ദൈവത്തിന്റെ ഇഷ്ടത്തിനു നാം വിട്ടുകൊടുക്കാൻ തയ്യാറാണോ?

ദൈവത്തിന്റെ ഇഷ്ടം! ദൈവത്തിന്റെ ആഗ്രഹംപോലെ ജീവിക്കാൻ ഞാൻ തയ്യാറാണോ? വിശുദ്ധിയുടെ തികവിൽ ജീവിക്കാൻ എനിക്കു മനസ്സുണ്ടോ? സ്നേഹത്തിന്റെ നിറവിൽ ജീവിക്കാൻ എനിക്കു മനസ്സുണ്ടോ? ഇന്നനേകരും വാസ്തവത്തിൽ ഇതൊന്നും ചിന്തിക്കാതെ ശാപയോഗ്യമായി ജീവിക്കുകയാണ്.

*"കുഞ്ഞാടിന്റെ കല്യാണസദ്യയ്ക്ക് ക്ഷണിക്കപ്പെട്ടവർ ഭാഗ്യവാന്മാർ."* *വെളിപ്പാട് 19 : 9*

കുഞ്ഞാടിന്റെ കല്യാണസദ്യ! കർത്താവായ യേശുവും വിശുദ്ധസഭയും ഒരുമിച്ചു ചേരുന്ന ആ മഹത്തായ സൗഭാഗ്യ കാലത്തിനുവേണ്ടി കാത്തിരിക്കുക. യേശുക്രിസ്തുവിന്റെ മണവാട്ടിയാണ് നാം. അതുപോലെതന്നെ അനേകരെ യേശുക്രിസ്തുവിനുവേണ്ടി ഒരുക്കുന്നവരുമായിരിക്കണം നാം. കർത്താവായ യേശുക്രിസ്തു വിശുദ്ധനായിരിക്കുന്നതുപോലെ നാമും വിശുദ്ധരാകണം.

"ഞാൻ വിശുദ്ധനായിരിക്കുന്നതുപോലെ നിങ്ങളും വിശുദ്ധരായിരിപ്പിൻ."

എങ്ങനെയാണ് ഈ വിശുദ്ധി പ്രാപിക്കുക? വളരെ ലളിതമാണ്. കരിക്കട്ട തീക്കട്ടയോടു ചേർത്തുവച്ച് ഊതിയാൽ കരിക്കട്ട തീക്കട്ടയായി മാറും. കരിക്കട്ട, തീക്കട്ടയോടു ചേർത്തുവച്ച് ഇളംകാറ്റു വീശുമ്പോൾ കരിക്കട്ടയിൽ അംശം അംശമായി, കുറേശ്ശെക്കുറേശ്ശെയായി തീ പകരുന്നു. തീക്കട്ടയിലെ തീ കരിക്കട്ടയിലേക്കു പകരുന്നു. അൽപംകഴിഞ്ഞു നോക്കുമ്പോൾ കരിക്കട്ടയില്ല, തീക്കട്ട മാത്രം.

നമ്മുടെ ജീവിതം തീക്കനലായി മാറണം. ചൂടുള്ളതായിരിക്കണം. കരുത്തുള്ളതായിരിക്കണം. അനേകരെ ചൂടു പിടിപ്പിക്കുന്നതായിരിക്കണം. അനേകർക്ക് തീ പകരുന്നതായിരിക്കണം. നിങ്ങൾ ഒരു വീട്ടിൽ കാലുകുത്തുമ്പോൾ തീ അവിടെ വരും. നിങ്ങൾ ഒരിടത്തു ചെന്ന് രണ്ടു വാക്കു പറയുമ്പോൾ വാക്കിൽക്കൂടി തീ പകരും. അവരുടെ ജീവിതത്തിൽനിന്ന് ചില ദുരിതങ്ങൾ മാറിപ്പോകും. ചില ശാപങ്ങൾ മാറിപ്പോകും. ആ വീട്ടിലെ ചില പാപങ്ങൾ മാറിപ്പോകും. ആ വീട്ടിലെ ചില കെടുതികൾ മാറിപ്പോകും. കാരണം, തീയാണ് അവിടെച്ചെല്ലുന്നത്.

അങ്ങനെ ഭാഗ്യകരമായ ഒരനുഭവം കിട്ടാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? തീ പേറുവാൻ നിങ്ങൾക്കാഗ്രഹമുണ്ടോ? രക്ഷകനായ യേശുവിന്റെ തീ പേറുന്നവരായിത്തീരാൻ നിങ്ങൾക്കാഗ്രഹമുണ്ടോ?

ഇന്നു ഞാൻ അത്ഭുതത്തോടെ ഓർക്കുന്നു. ഭാഗ്യവശാൽ കർത്താവ് എന്നെ ഈ തീയുടെ അനുഭവത്തിൽക്കൂടി നടത്തുന്നു. ഈ തീയുടെ സന്തോഷം, തീയുടെ ചൂട് എനിക്കു തരുന്നു. എനിക്ക് അർഹതയില്ലാത്തതാണ്; ഒരു പാരമ്പര്യവും പറയാനില്ല. അഭിമാനിക്കാൻ ഒന്നുമില്ല, ആത്മീയ പാരമ്പര്യവുമില്ല. എന്നാൽ വചനത്തിന്റെ മധുരം എനിക്കു ലഭിച്ചു. വചനം കേൾക്കാനിടയായി.

എനിക്കവകാശം പറയാൻ ഒന്നുമില്ല. ആകെയുള്ളത്, ഇതാ ഞാൻ പാപിയായ ഒരു മനുഷ്യൻ. കർത്താവേ, നിന്റെ തീയില്ലെങ്കിൽ ഞാൻ വെറും പൂജ്യം. നിന്റെ തീ എന്നെ തൊട്ടില്ലെങ്കിൽ ഞാൻ വെറും കരിക്കട്ട മാത്രം.

കർത്താവേ, ഈ തീ എന്നെ തൊടണമേ. ഇപ്പോൾ തന്നെ തീ എന്നെ സ്പർശിക്കണമേ. തീയാൽ എന്നെ കത്തു പിടിപ്പിക്കണമേ, എന്റെ പാപങ്ങളെല്ലാം കത്തിപ്പോകണമേ. ദുശ്ശീലങ്ങൾ കത്തിപ്പോകണമേ. എന്റെ വൈരാഗ്യം കത്തിപ്പോക

ണമേ. വിദ്വേഷം കത്തിപ്പോകണമേ. എന്റെ സ്വാർത്ഥതയും ദ്രവ്യാഗ്രഹവും കത്തിപ്പോകണമേ.

തലമുറകളായി എന്റെമേലുള്ള ശാപങ്ങൾ കത്തിപ്പോകണമേ. കുടുംബം കുടുംബമായുള്ള ശാപങ്ങൾ കത്തിപ്പോകണമേ. യേശുവേ, നിന്റെ പരിശുദ്ധാത്മാവിന്റെ തീ എന്റെമേൽ ഒഴുകി വരണമേ. എന്റെ സിരകളിൽക്കൂടി തീ ഒഴുകണമേ. തീയാൽ എന്നെ കഴുകണമേ. തീയാൽ എന്നെ വിശുദ്ധീകരിക്കണമേ. സ്വർഗ്ഗത്തിന്റെ തീ എന്നിലേക്കു പകരണമേ.

യേശുനാഥാ! സ്വർഗ്ഗത്തിന്റെ അഗ്നി എന്നിലൂടെ ഒഴുകണമേ, എന്റെ സിരകളിലൂടെ അഗ്നി പകരുന്നതായ മഹാഭാഗ്യം എനിക്കു നൽകണമേ. തീയുടെ അഭിഷേകം എനിക്കു നൽകണമേ. തീയുടെ ആത്മാവിനാൽ എന്നെ നീ സ്പർശിക്കണമേ. എന്നെ തീക്കട്ടയാക്കി, തീക്കനലാക്കി മാറ്റണമേ. തീയുടെ ചൂട് അനേകർക്ക് പകരുവാൻ തക്കവണ്ണം, തീ അനേകർക്കു കൊടുക്കുവാൻ തക്കവണ്ണം എന്നിൽക്കൂടി നീ പ്രവർത്തിക്കണമേ. എന്റെ ജീവിതം നിന്റെ കൈയിലേക്കു തരുന്നു.

നമുക്കു സമർപ്പിക്കാം. നമുക്കു പ്രാർത്ഥിക്കാം. സ്നേഹവാനേ, മഹാപരിശുദ്ധനായ ഞങ്ങളുടെ സ്വർഗ്ഗീയ പിതാവേ, ഈ മനോഹരമായ സമയത്തിനായി നിന്നെ ഞങ്ങൾ സ്തുതിക്കുന്നു. തിരുവചനങ്ങൾക്കായി സ്തോത്രം. എല്ലാവരേയും അനുഗ്രഹിക്കണമേ. എല്ലാവരേയും കൃപയിൽ കാക്കണമേ, കൃപയിൽ പൊതിയണമേ. അവിടുത്തെ രണ്ടാമത്തെ വരവിനു വേണ്ടി എല്ലാവരേയും ഒരുക്കണമേ. യേശുക്രിസ്തുവിന്റെ രാജകീയ നാമത്തിൽ പ്രാർത്ഥിക്കുന്നു, കൃപയോടെ കേൾക്കണം പിതാവേ, ആമ്മേൻ.

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

1. അമൃതധാര
2. ആന്തരികശാന്തി
3. ശുഭഭാവി
4. ശാന്തിതീരം
5. മധുമൊഴി
6. മുക്തിമാർഗ്ഗം
7. നിത്യവിശ്രാന്തി
8. നിറപറ
9. ജയജീവിതം
10. വിശ്വാസജീവിതം
11. വാടാമലർ
12. ദിവ്യാരാധന
13. എനിക്ക് കുടിപ്പാൻ തരുമോ?
14. നീതിമാനാകുന്നതെങ്ങനെ?
15. തുറന്നവാതിൽ
16. വരവും ചിലവും
17. ദൈവരാജ്യം
18. AMRUTHADHARA
19. ഓർത്തുകൊൾവിൻ
20. ക്രിസ്തുവിൽ
21. പരിശുദ്ധാത്മാവ്
22. പരിശുദ്ധാത്മ വ്യാപാരം
23. പരിശുദ്ധാത്മ ശക്തി
24. ഉത്തമഗീതം
25. സങ്കേത നഗരങ്ങൾ
26 മരുഭൂമിയിലെ നീർപ്പൊയ്ക
27. യോന
28. പച്ചവെള്ളം വീഞ്ഞാക്കി
29. കെരീത്തിന്റെ വക്കിൽ
30. എത്രത്തോളം രണ്ടുതോണിയിൽ?
31. ഏലിയാവിന്റെ ദൈവം എവിടെ?
32. പ്രവാചകനല്ല പ്രവാചകശിഷ്യനുമല്ല
33. മുദ്രാമോതിരമാക്കും
34. എനിക്ക് കാഴ്ച പ്രാപിക്കേണം
35. എനിക്ക് ആശയ്ക്ക് വകയുണ്ടോ?
36. INNER PEACE (English)
37. അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ
38. GLITTERING FUTURE (English)
39. ഏകാന്തതയുടെ അന്ധത
40. STREAMS IN THE DESERT
41. WAY TO LIBERATION
42. നിന്റെ മൃതന്മാർ ജീവിക്കും
43. വന്നു പ്രാതൽ കഴിച്ചുകൊൾവിൻ
44. എന്നെ തൊട്ടതാർ?
45. സൗഖ്യമാകുവാൻ മനസ്സുണ്ടോ?
46. അത് സഹിക്കാകുന്നവൻ ആർ?
47. എന്നെ ആർ വിടുവിക്കും?
48. നന്മയുടെ പാനപാത്രം
49. പ്രത്യാശയുടെ പ്രഭാതം
50. ഇനിയും വൈകണമോ?
51. ARE YOU WILLING TO BE HEALED?
52. കണ്ണീർപ്പാടം - ഭാഗം ഒന്ന്
53. കണ്ണീർപ്പാടം - ഭാഗം രണ്ട്
54. BESIDE CHERITH
55. യഹോവയുടെ ഭുജങ്ങൾ
56. കണ്ണീര് തോരുമോ?
57. കണ്ണീർക്കണങ്ങൾ
58. എല്ലാം നന്മയ്ക്ക്
59. ആശയിൻ പ്രകാശം
60. കഷ്ടങ്ങൾ സാരമില്ല
61. നിന്റെ ഗൃഹകാര്യം ക്രമത്തിലാക്കുക
62. ഞാൻ എങ്ങനെ കണ്ടു സഹിക്കും?
63. ഉത്സവം
64. അത്യുന്നതന്റെ മറവിൽ
65. ഇനിയും തോൽക്കണമോ?
66. മരണാനന്തരാവസ്ഥ
67. മരിക്കാത്ത മനുഷ്യനുണ്ടോ?
68. ചൂളപോലെ കത്തുന്ന ദിവസം
69. ഗിരിനിരകൾ
70. THE CITIES OF REFUGE
71. ഗിരിശൃംഗങ്ങൾ
72. THE BLINDNESS OF LONELINESS
73. യൂദായുടെ ലേഖനം
74. കാറ്റിന്റെ വഴിയേ
75. കയ്പ്പിന്റെ മധുരം
76. തളിരണിയും കാലം
77. ജീവജലത്തിനരികെ
78. BEYOND DEATH
79. ദാഹജലം
80. ആശ്വാസത്തിന്റെ ഉറവ
81. പൂന്തേനരുവി
82. കെണിയും കുടുക്കും
83. അഴിയാക്കുരുക്കുകൾ
84. ഭയപ്പെടേണ്ട
85. ഭീരുത്വം മാറണമോ?
86. പ്രതിസന്ധികളിൽ തളരാതെ
87. നെല്ലും പതിരും
88. ശാപമോക്ഷം
89. അനുഗ്രഹത്തിലേയ്ക്ക്
90. HOW LONG IN TWO BOATS?
91. കണ്ണീരിലെ മഴവില്ല്
92. കിതപ്പും കുതിപ്പും
93. നഷ്ടസൗഭാഗ്യങ്ങൾ തിരികെ കിട്ടുമോ?
94. ശക്തിയെ പുതുക്കണമോ ?
95. ചെറുകുറുക്കന്മാർ
96. കൃപയുടെ ഉറവ
97. കൃപയുടെ നീർച്ചാലുകൾ
98. മടങ്ങി വരുവിൻ
99. കാലേബ്: ധീരനായ വിശ്വാസവീരൻ
100. IS THERE ANYBODY WHO WILL NEVER DIE ?
101. ഭാഗ്യശാലികൾ

# Prof. M.Y. യോഹന്നാൻ
സുവിശേഷസന്ദേശം നൽകുന്നു

| | |
|---|---|
| വെള്ളി രാത്രി 9.30<br>ആത്മീയയാത്ര T.V. | ശനി രാവിലെ 6.30<br>സൂര്യ T.V. |
| ഞായർ രാവിലെ 6.30<br>ജീവൻ T.V. | തിങ്കൾ രാവിലെ 6.30<br>ജയ്ഹിന്ദ് T.V. |
| ചൊവ്വ രാവിലെ 6.30<br>ജയ്ഹിന്ദ് T.V. | ചൊവ്വ ഉച്ചയ്ക്ക് 2.00<br>ആത്മീയയാത്ര T.V. |

ഗാനങ്ങൾക്കും പ്രസംഗങ്ങൾക്കും
www.crfgospel.org
Ph: 9142303096


## CRF - ന്റെ പ്രധാനപ്പെട്ട യോഗങ്ങൾ

**കടയിരുപ്പ്: Prof. M.Y. യോഹന്നാന്റെ** ഭവനം (മേച്ചങ്കര)
കോലഞ്ചേരി - പെരുമ്പാവൂർ റോഡിൽ, വാലേത്തുപടി ബസ് സ്റ്റോപ്പ്
Ph : 0484 -2689489, 9142 303096

--------------------

| | |
|---|---|
| **രണ്ടാം ശനിയാഴ്ച**<br>**സാക്ഷ്യയോഗം** | 9.00am - 2.00pm<br>4.30pm - 9.00pm |
| **രണ്ടാം ശനിയാഴ്ചയോടു ചേർന്നുള്ള** | |
| **രണ്ടാം ഞായറാഴ്ച** | 12.30pm - 5.00pm |
| **മൂന്നാം ഞായറാഴ്ച** | 12.30pm - 5.00pm |
| **എല്ലാ തിങ്കളാഴ്ചയും** | 6.00pm - 8.00pm |
| **എല്ലാ വെള്ളിയാഴ്ചയും**<br>**(ബൈബിൾ ക്ലാസ്സ്)** | 6.00pm - 8.00pm |
| **ഒന്നാം ചൊവ്വാഴ്ച**<br>**(വനിതകളുടെ യോഗം)** | 9.00am - 12.45pm |
| **എല്ലാ ഒന്നും മൂന്നും ബുധനാഴ്ച**<br>**യുവാക്കന്മാരുടെ യോഗം**<br>(15 വയസ് മുതൽ 35 വരെ) | 6.30pm - 9.00pm |